

# ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

വിവ: എൻ. അബ്ദുർറഹീം

# Islamil Bhinnippinte Thudakkam

The book is the Malayalam version of the Urdu work, 'Islam mein Ikhthilafat Ka Aagaaz' (The beginnings of the split in Islam) by Hadrat Mirza Basheeruddeen Mahmood Ahmad(Ra), the second Khaleefa of the Ahmadiyya Movement.

The book deals with the intrigues and conspiracies hatched and executed by the hypocrites during the time of Hadrat Usman(Ra). The author compiles the historical documentation of the early phase of the fissiparous tendencies in Islam irrefufably.

Late N. Abdur Rahim Sahib rendered the work in to Malayalam and is now being published under the banner of Islam International Publications, Kerala.

وَإِذَا الصُّحُفُ نُشِرَتْ

ISLAM INTERNATIONAL PUBLICATIONS, KERALA.

# ഇസ്‌ലാമിൽ
# ഭിന്നിപ്പിന്റെ തുടക്കം

# ഇസ്‌ലാമിൽ
# ഭിന്നിപ്പിന്റെ തുടക്കം

ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്
വിവ: എൻ. അബ്ദുർറഹീം

**രണ്ടാം പതിപ്പ്**
2007

*പ്രസാധകർ*

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള
ഫോർട്ട് റോഡ്, കണ്ണൂർ– 670 001

**ISLAMIL BHINNIPPINTE THUDAKKAM**
(Malayalam Translation of an Urdu Work )
Religious study

*Author* :
Hadhrat Mirza Basheeruddin Mahmood Ahmad(R)

*Translated by*.
N. Abdurrahim

Cover Design & Printed at
BRB Offset Printing Press, Thavakkara, Kannur- 17

Published by:
Islam International Publications, Kerala

2nd Malayalam Edition : 2007

Copies: 2000

Price : 50/-
IIPK/ 5

## പ്രസാധകക്കുറിപ്പ്

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന ഈ വർഷത്തെ അഞ്ചാമത്തെ പുസ്തകമാണ് 'ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം.' ഇതിനുമുമ്പേ ഇസ്‌ലാമിക പാഠാവലി, ഹദ്‌റത്ത് അഹ്‌മദ്(അ), ഇസ്‌ലാം പ്രബുദ്ധതയുടെ മതം, തിരുനബിചരിത്രം എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 'ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' ഉൾപ്പെടെയുള്ള എല്ലാ ഗ്രന്ഥങ്ങളും റിവ്യൂ കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം നാസിർ സാഹിബ് നശ്റോ ഇശാഅത്തിന്റെ അനുവാദത്തോടെയാണ് പ്രസിദ്ധീകരിക്കുന്നത്. പല ഗ്രന്ഥങ്ങളും ഇപ്പോൾ അച്ചടിയിലുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം സഹൃദയസമക്ഷം സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. തുടർന്നും മാന്യവായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.


*സദ്ർ,*
*ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള.*



ഗ്രന്ഥകർത്താവ്

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

ജനനം: 1889 ജനുവരി 12. പിതാവ്: വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ). മാതാവ് ഹദ്റത്ത് നുസ്റത്ത് ജഹാൻ ബീഗം സാഹിബ. 1897 ജൂണിൽ വിശുദ്ധഖുർആൻ ഒന്നാംവട്ടം ഓതിത്തീർത്തു. ഉസ്താദ് ഹാഫിസ് അഹ്മദുല്ലാഹ് സാഹിബ്. വിവാഹം: 1902 ഒക്ടോബർ 2-ന്. വധു: ഡാക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ മകൾ റശീദാബീഗം സാഹിബ. ആദ്യമായി പ്രസംഗിച്ചത് 1906-ൽ. വിഷയം റദ്ദെ ശിർക്ക്. 1914 മാർച്ച് 14-ന് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. വിശുദ്ധഖുർആന്റെ ബൃഹത്ത് വ്യാഖ്യാനമുൾപ്പെടെ 250-ലേറെ ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ദേഹവിയോഗം 1965 നവംബർ ഏഴിനും എട്ടിനും ഇടയ്ക്കുള്ള രാത്രി. പാക്കിസ്ഥാനിലെ റബ്വ പട്ടണത്തിൽ ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നു.




വിവർത്തകൻ

## എൻ. അബ്ദുർറഹീം സാഹിബ്

ജനനം: 1927 ആഗസ്റ്റ് 15. പിതാവ്: എടപ്പകത്ത് ഹംസ സാഹിബ്. മാതാവ്: നടുവിലകത്ത് നഫീസബി സാഹിബ. 1947 മുതൽ 'സത്യദൂതൻ' സഹപത്രാധിപരായി പ്രവർത്തിച്ചു. 1948-ൽ 'പൗര ശക്തി' ദിനപത്രത്തിന്റെ കണ്ണൂർ ലേഖകൻ. 1949-ൽ 'ചന്ദ്രിക'യുടേയും ലേഖകൻ. 1951-ൽ ഖാദിയാൻ യാത്ര. 1958-ൽ 'സത്യദൂതൻ' പത്രാധിപരായി. ചെറിയ ഇടവേളകൾ ഒഴിച്ച് 1997 വരെ 40 കൊല്ലം പത്രാധിപത്യം വഹിച്ചുപോന്നു. ആകാശവാണിയുടെ ആദ്യത്തെ കണ്ണൂർ ജില്ലാ ലേഖകൻ. 1982 വരെ തുടർന്നു. 1969 മാർച്ചിൽ 'മാതൃഭൂമി'യിൽ കണ്ണൂർ ലേഖകനായി ചേർന്നു. 1982-ൽ മാതൃഭൂമി കണ്ണൂർ ബ്യൂറോ ചീഫ്. 1979-ൽ നോബൽ ലോറെയിറ്റ് ഡോ. അബ്ദുസ്സലാം സാഹിബിനെ മാതൃഭൂമിയ്ക്കുവേണ്ടി ബാംഗ്ലൂരിൽവച്ച് ഇന്റർവ്യൂ ചെയ്തു. കേരള അഹ്മദിയ്യാ കേന്ദ്രസമിതിയുടെ സ്ഥാപകാംഗം. സൂബായി ഇമാറത്തിന്റെ സംസ്ഥാന സമിതി അംഗം. ഇസ്‌ലാമിന്റെ പുരോഗതിക്കാധാരമായ നിരവധി ഗ്രന്ഥങ്ങളും വിവർത്തന ഗ്രന്ഥങ്ങളും കൈരളിക്ക് സംഭാവന ചെയ്തിട്ടുണ്ട്. ഭാര്യ ഉമ്മറച്ചിന്റവിട നഫീസ. എട്ട് മക്കളുണ്ട്. 2006 ജൂൺ 24-ന് ദിവംഗതനായി.

# സമർപ്പണം



പരേതനായ ബായൻ അഹ്മദ് സാഹിബ് പഴയങ്ങാടി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ ഒരു സജീവാംഗമായിരുന്നു. സഹൃദയനും വിജ്ഞാനകുതുകിയുമായ അദ്ദേഹം തികഞ്ഞ മനുഷ്യസ്നേഹിയുമായിരുന്നു. നല്ല വായനക്കാരനായ മർഹൂം ബായൻ അഹ്മദ് സാഹിബ്, മർഹൂം എൻ. അബ്ദുർറഹീം സാഹിബ് പരിഭാഷപ്പെടുത്തിയ 'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന പുസ്തകം ഒരൊറ്റ ഇരിപ്പിലാണ് വായിച്ചുതീർത്തത്. ഇസ്ലാമിക ചരിത്രത്തിലെ കരളുരുകുന്ന ഈ ദുരന്തകഥ ഭാഷയുടെ വൈകാരികതകൊണ്ടും ജീവിതത്തിന്റെ മുറിപ്പാടുകൊണ്ടും ശ്രദ്ധേയമായി അദ്ദേഹത്തിന് തോന്നിയിരുന്നു. ഇതൊരു പ്രവാഹംപോലെ- ഞാൻ സർവ്വതും മറന്ന് അതിലലിഞ്ഞുചേർന്ന് വായിച്ചുതീർത്തുവെന്ന് അദ്ദേഹം തന്റെ സഹധർമ്മിണിയോടു പറയുകയും ചെയ്തു.

'ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് മർഹൂം ബായൻ അഹ്മദ് സാഹിബിന്റെ സ്മരണയ്ക്കായി ഞങ്ങൾ സമർപ്പിക്കുന്നു. അതിനാവശ്യമായ സാമ്പത്തിക സഹായം നൽകിയത് ബായൻ അഹ്മദ് സാഹിബിന്റെ പ്രിയതമയും മക്കളുമാണ്. ഇതിൽനിന്ന് കിട്ടുന്ന വരുമാനം ജമാഅത്തിന്റെതന്നെ മറ്റു പുസ്തകങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന് അവർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ കുടുംബത്തോടുള്ള നന്ദി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. അല്ലാഹു ഇവർക്ക് തക്കതായ പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.

# പ്രസ്താവന

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരുടെ വാഗ്ദത്ത പുത്രനും രണ്ടാം ഖലീഫയുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), 1919-ൽ തന്റെ 30-ാം വയസ്സിൽ, ലാഹോർ ഇസ്‌ലാമിയാ കോളേജിലെ 'മാർട്ടിൻ ഹിസ്റ്റോറിക്കൽ സൊസൈറ്റി' യുടെ ആഭിമുഖ്യത്തിൽ ചേർന്ന ഒരു യോഗത്തിൽ ചെയ്ത ഒരു പ്രഭാഷണത്തിന്റെ പരിഭാഷയാണ് പ്രകൃത ഗ്രന്ഥം. പ്രസ്തുത യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നത് ഇസ്‌ലാമിയാ കോളേജിലെ ഹിസ്റ്ററി പ്രൊഫസറും ഒരു വലിയ ഇസ്‌ലാമിക ചരിത്രപണ്ഡിതനുമായിരുന്ന പ്രൊഫസർ സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് എം.എ ആയിരുന്നു. ഈ ഗ്രന്ഥം പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്ത് പതിനായിരക്കണക്കിൽ വിതരണം ചെയ്യണമെന്ന് തനിയ്ക്കുദ്ദേശ്യമുണ്ടായിരുന്നതായി പ്രൊഫസർ അബ്ദുൽഖാദിർ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, ചില തടസ്സങ്ങളും അസൗകര്യങ്ങളും കാരണം അദ്ദേഹത്തിന് സാധിച്ചില്ല. പിന്നീട് 'ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്' എന്ന പേരിൽ ഉർദുവിൽ ഇത് പുസ്തകരൂപത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ പെട്ട ഒരു പ്രസാധകൻ പ്രസിദ്ധപ്പെടുത്തി. ഇതിന്റെ ഇംഗ്ലീഷ് വിവർത്തനം 'റിവ്യൂ ഓഫ് റിലിജ്യൻസ്' എന്ന ഇംഗ്ലീഷ് മാസികയിൽ A Chapter from the Early History of Islam എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ജർമനിയിലെ അഹ്മദിയ്യാ മുബല്ലിഗും വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് പരിഭാഷാ സഹായിയുമായിരുന്ന ഹദ്റത്ത് മൗലാനാ ഗുലാം ഫരീദ് സാഹിബ് മലിക്ക് എച്ച്.എ, എം.എ അവർകളാണ് ഇതിന്റെ ഇംഗ്ലീഷ് വിവർത്തകൻ. ഇത് മലയാളത്തിൽ വിവർത്തനം ചെയ്യാൻ എനിക്ക് ഭാഗ്യം തന്നരുളിയ അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു! ഉർദുമൂലവും ഇംഗ്ലീഷ് വിവർത്തനവും മുമ്പിൽ വെച്ചുകൊണ്ടാണ് ഞാനിത് തർജ്ജമ ചെയ്തിട്ടുള്ളത്.

ഇതിന്റെ പരിഭാഷ നിരൂപണബുദ്ധ്യാ പാരായണം ചെയ്ത് ആവശ്യമായ തിരുത്തുകൾ ചൂണ്ടിക്കാണിക്കുകയും പ്രൂഫ് നോക്കുന്നതിൽ സജീവമായി സഹായിക്കുകയും ചെയ്ത എന്റെ വന്ദ്യമാതുലൻ എൻ. ഹാമിദ് സാഹിബിനോടും ഈ പുസ്തകം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ എനിയ്ക്ക് പ്രേരണയും പ്രചോദനവും നൽകിയ എല്ലാവരോടും ഞാൻ കൃതജ്ഞതയുള്ളവനാണ്.

ഇസ്‌ലാമികചരിത്രത്തിലെ ഏറ്റവും രോമാഞ്ചം കൊള്ളിക്കുന്ന ദുഃഖകരമായ ഒരദ്ധ്യായമാണ് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്. ഇസ്‌ലാമിനോട് സ്നേഹമുള്ള ഏതൊരാളും ഗദ്ഗദത്തോടുകൂടിയല്ലാതെ ഈ പുസ്തകം വായിച്ചവസാനിപ്പിക്കുകയില്ല. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് മുസ്‌ലിം ജനസാമാന്യത്തിന് പൊതുവെ വിവരമില്ലെന്ന് പറഞ്ഞാൽ തെറ്റില്ല. ഹദ്റത്ത് ഇമാം ഹുസൈന്റെ നേരെ യസീദിന്റെ പട്ടാളക്കാർ നടത്തിയ ക്രൂരമായ ചെയ്തികളെപ്പറ്റി ശിയാ ചരിത്രകാരന്മാർ വളരെയേറെ പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും ഖലീഫ ഉസ്മാന്റെ നേരെ നടന്ന ഈ ദാരുണമായ കൊലപാതകത്തിനും ആ മഹാത്മാവിന്റെ വീരമരണത്തിനും സുന്നികൾ അതർഹിക്കുന്ന പ്രചാരവും പ്രാധാന്യവും നൽകുകയോ യഥാർത്ഥ ചരിത്രസംഭവങ്ങൾ ജനങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കുകയോ ഉണ്ടായില്ല. തൽഫലമായി ശിയാ ചരിത്രകാരന്മാർ എഴുതിയ പക്ഷപാതപരവും അബദ്ധജടിലവുമായ വിവരണങ്ങളാണ് ഇന്നും പ്രചാരത്തിലുള്ളത്. പേരുകേട്ട ഇസ്‌ലാമിക ചരിത്രകാരന്മാരിലധികവും ശിയാക്കളുമത്രെ. അവർ ഹദ്റത്ത് അലിയോടുള്ള പക്ഷപാതത്തോടുകൂടിയാണ് ചരിത്രം എഴുതിയിട്ടുള്ളതും. അവരും അവരെ അനുകരിച്ച മറ്റു ചരിത്രകാരന്മാരും ഹദ്റത്ത് ഉസ്മാന്റെ ബലഹീനതകളെയും അപ്രാപ്തിയേയും തെളിയിക്കാനെന്നോണം സംഭവങ്ങളും വസ്തുതകളും പെരുപ്പിച്ചും വളച്ചൊടിച്ചും കാണിക്കാതിരുന്നിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവന്ദ്യ ഇമാമായിരുന്ന ഗ്രന്ഥകർത്താവ് ചരിത്രത്തിന്റെ അഗാധതലങ്ങളിൽ മുങ്ങിത്തപ്പിക്കൊണ്ടാണ് അനുപമവും അതിവിസ്മയനീയവുമായ ഈ ചരിത്രഗവേഷണം സാധിച്ചിരിക്കുന്നത്. ഹദ്റത്ത് ഉസ്മാന്റെ കാലത്തുണ്ടായ ദുഃഖകരമായ സംഭവങ്ങളെ കുറിച്ചുള്ള ചരിത്രങ്ങൾ വായിച്ചിട്ടുള്ളവരെ ഈ ഗവേഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞറിയിക്കേണ്ടതില്ലെന്നാണ് ഞാൻ കരുതുന്നത്.

ഈ പ്രസംഗം ചെയ്തുകഴിഞ്ഞപ്പോൾ അദ്ധ്യക്ഷനായിരുന്ന സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് ഇപ്രകാരമാണ് പറഞ്ഞിരുന്നത്:

"ഞാനും ചരിത്രപുസ്തകങ്ങൾ കുറേയധികം വായിച്ചവനാണ്. ഈ സായാഹ്നത്തിൽ ഞാൻ ഈ ഹാളിൽ വന്നെത്തിയപ്പോഴും ഇസ്‌ലാമികചരിത്രത്തിന്റെ വലിയ ഭാഗം എനിയ്ക്ക് നന്നായറിയാമെന്നും അതുസംബന്ധിച്ച് ആധികാരികമായി സംസാരിക്കാൻ അർഹതയുള്ളവനാണെന്നുമായിരുന്നു എന്റെ വിചാരം. ഇപ്പോൾ ജനാബ് മിർസാ സാഹിബിന്റെ പ്രസംഗം കഴിഞ്ഞതോടെ ഞാനിക്കാര്യത്തിൽ പള്ളിക്കൂടത്തിൽ പഠിക്കുന്ന ഒരു കുട്ടി മാത്രമാണെന്ന് എനിയ്ക്ക് ബോധ്യമായിരിക്കുന്നു. എന്റെ അറിവിന്റെ വെളിച്ചവും ജനാബ് മിർസാ സാഹിബിന്റെ അറിവിന്റെ വെളിച്ചവും തമ്മിൽ ഈ മേശവിളക്കിന്റെ പ്രകാശവും ആ വിദ്യുച്ഛക്തി വിളക്കിന്റെ പ്രകാശവും തമ്മിലുള്ള അന്തരമുണ്ട്."

"ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും വിഷമസങ്കീർണ്ണമായ ഒരു അദ്ധ്യായത്തിലേക്ക് എത്ര വലിയ ചാതുര്യത്തോടും പാണ്ഡിത്യത്തോടും കൂടിയാണോ ജനാബ് മിർസാ സാഹിബ് ഇപ്പോൾ വെളിച്ചം വീശിയിരിക്കുന്നത് അതിന്റെ മുഴുവൻ ക്രെഡിറ്റും അദ്ദേഹത്തിന് മാത്രമുള്ളതാണ്. ഈ കുഴഞ്ഞുമറിഞ്ഞ അദ്ധ്യായം വിവരിക്കാൻ കെല്പുള്ളവർതന്നെ വളരെ വിരളം! എന്റെ അഭിപ്രായം ലാഹോറിൽത്തന്നെയും അത്തരക്കാർ ആരും ഇല്ലെന്നാണ്."

ചുരുക്കത്തിൽ മുസ്‌ലിം ലോകത്തെ ബാധിക്കുന്ന അതിപ്രധാനമായ ചരിത്രവസ്തുതകളെ കുറിച്ചാണ് ഈ പുസ്തകത്തിൽ ഉടനീളം പ്രതിപാദിച്ചിരിക്കുന്നത്. ഈ ചരിത്ര ഗവേഷണ പ്രധാനമായ ഗ്രന്ഥത്തിന് അതർഹിക്കുന്ന സ്വീകാരം സിദ്ധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

വിവർത്തകൻ

കണ്ണൂർ
25.4.1969.

# അവതാരിക

ഈ ലേഖകന്റെ അപേക്ഷപ്രകാരം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് 'മാർട്ടിൻ ഹിസ്റ്റോറിക്കൽ സൊസൈറ്റി'യുടെ ഒരു അസാധാരണയോഗത്തിൽ ചെയ്ത പ്രഭാഷണമാണ് ഇപ്പോൾ നിങ്ങളുടെ കൈയിലിരിക്കുന്ന ഈ ഗ്രന്ഥം. ഇത് അച്ചടിച്ച് ആയിരക്കണക്കിൽ വിതരണം ചെയ്യണമെന്നും അങ്ങനെ മുസ്‌ലിംകൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളെ ശത്രുക്കൾക്ക് ചൂഷണം ചെയ്യാൻ സാധിക്കാതിരിക്കുന്നതിന് അവർ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്ത് നടന്ന ശോചനീയമായ സംഭവത്തിൽനിന്ന് പാഠം സ്വീകരിക്കുമാറാകണമെന്നുമാണ് അന്ന് ഞാൻ അതുവഴി ഉദ്ദേശിച്ചിരുന്നത്. പക്ഷേ, വ്യക്തിപരമായ ചില ക്ലേശങ്ങളും...... കോളേജിലുണ്ടായ ചില അനിഷ്ടസംഭവങ്ങളും കാരണമായി ഈ വിഷയത്തിൽ ചില തടസ്സങ്ങൾ നേരിട്ടുപോയി.

ജ്ഞാനിയായ പിതാവിന്റെ ജ്ഞാനിയായ പുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ പേരുതന്നെ ഈ പ്രഭാഷണത്തിന്റെ വൈജ്ഞാനികതയെ വിളിച്ചോതുന്നുണ്ട്. എനിയ്ക്ക് ഇസ്‌ലാമികചരിത്രത്തിൽ അവഗാഹമുണ്ട്. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്തുണ്ടായ ഭിന്നിപ്പുകളുടെ അത്യന്ത ധാരകളിലോളം കടന്നുചെന്ന് ആ നശീകരണപരമായ ആദ്യത്തെ ഉൽസമരത്തിന്റെ യഥാർത്ഥ കാരണങ്ങളെ കണ്ടുപിടിക്കുന്നതിൽ വിജയിച്ച മുസ്‌ലിം അമുസ്‌ലിം ചരിത്രകാരന്മാർ സുദുർല്ലഭമാണെന്ന് എനിയ്ക്ക് ഖണ്ഡനഭയമന്യേ പറയാൻ കഴിയും. ഹദ്റത്ത് മിർസാ സാഹിബിന് ആ ഉൾപോരാട്ടത്തിന്റെ യഥാർത്ഥ കാരണം കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല, കാര്യകാരണസഹിതം ആ സംഭവങ്ങളെ അദ്ദേഹം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു.

യുദ്ധം കാരണം ഏറെനാൾ ഖിലാഫത്തുതന്നെ കുലുങ്ങിക്കൊണ്ടിരുന്നു. ഇത്രയും യുക്തിയുക്തമായ പ്രഭാഷണം ഇസ്ലാമിക ചരിത്രതല്പരന്മാരുടെ ദൃഷ്ടിയിൽ ഇതിന് മുമ്പൊരിക്കലും വിഷയീഭവിച്ചിട്ടില്ലെന്നാണ് എനിയ്ക്ക് തോന്നുന്നത്. ഹദ്റത്ത് ഉസ്മാൻ (റ)ന്റെ ഖിലാഫത്തിനെ സംബന്ധിച്ചുള്ള ശരിയായ ഇസ്ലാമിക ചരിത്രവസ്തുതകളെ എത്രകണ്ട് ഒരാൾ പഠിക്കാൻ ശ്രമിക്കുന്നുവോ അത്രകണ്ട് ഈ പ്രഭാഷണം അയാൾക്ക് പഠനാർഹമായും അമൂല്യമായും അനുഭവപ്പെടുന്നതാണ്. ഈ ലേഖനത്തിന്റെ രണ്ടാം ഭാഗവും ഇൻശാഅല്ലാഹ് വളരെ വേഗം പ്രസിദ്ധീകരിക്കപ്പെടുമെന്ന് ഞാനാശിക്കട്ടെ. വസ്സലാം!

സയ്യിദ് അബ്ദുൽ ഖാദിർ, എം.എ.

ഇസ്ലാമിയാ കോളേജ്
ലാഹോർ, 1.12.1920

بسم الله الرحمن الرحيم

# ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം

**ച**രിത്രപരമായ വിഷയങ്ങളെക്കുറിച്ച് ചരിത്രപണ്ഡിതന്മാരെക്കൊണ്ട് പ്രഭാഷണങ്ങൾ നടത്തിക്കുന്നതിന്, ലാഹോർ ഇസ്ലാമിയാ കോളേജിൽ ഒരു ഹിസ്റ്റോറിക്കൽ സൊസൈറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ടെന്ന് കുറച്ചു മുമ്പേ ഞാൻ അറിഞ്ഞിട്ടുണ്ടായിരുന്നു. എനിക്കതിൽ അതിയായ സന്തോഷം തോന്നി. ചരിത്രപരിജ്ഞാനം സമുദായപുരോഗതിക്ക് എത്രയും ആവശ്യമായിട്ടുള്ളതത്രെ. സ്വന്തം ഭൂതകാലചരിത്രത്തെക്കുറിച്ച് വേണ്ടത്ര വിവരമില്ലാത്ത ഒരുസമുദായത്തിനും അഭിവൃദ്ധിപ്പെടുവാൻ സാധ്യമല്ല.

നമ്മുടെ പൂർവ്വികന്മാരുടെ ചരിത്രത്തെക്കുറിച്ചുള്ള അറിവ് പല ഉന്നതാദർശങ്ങളിലേക്കും നമ്മെ വഴിനയിക്കുന്നതാണ്.

തങ്ങളുടെ പൂർവ്വപിതാക്കൾക്ക് എന്തുമാത്രം ശ്രമകരമായ ജോലികളാണ് നിർവ്വഹിക്കേണ്ടിയിരുന്നത്, എത്ര വലിയ കരുത്തോടും സ്ഥിരബുദ്ധിയോടും കൂടിയാണ് അവർ പ്രയാസങ്ങളെ നേരിട്ടത്, ആ പൂർവ്വികന്മാർ എത്തരക്കാരായിരുന്നു, അവരുടെ പിൻഗാമികളെന്ന നിലയിൽ തങ്ങളുടെ കർത്തവ്യങ്ങളെന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ കോളേജ് വിദ്യാർത്ഥികളെ ധരിപ്പിക്കുന്നതിനും, ആ പൂർവ്വികന്മാരുടെ മഹത്തായ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും അവരുടെ നിലകളിലേക്ക് ഉയർന്നുവരുന്നതിനുള്ള അഭിനിവേശം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനും ഉതകുന്നവിധം ഇതരചരിത്ര വിഷയങ്ങളോടൊപ്പം ഇസ്ലാമിക ചരിത്രങ്ങളെക്കുറിച്ചും പ്രഭാഷണങ്ങൾ നടക്കുമെന്നറിഞ്ഞപ്പോൾ എനിയ്ക്ക് അത്യധികമായ സന്തോഷമുണ്ടായി. സൊസൈറ്റിയിൽ, ഇസ്ലാമികചരിത്രത്തിന്റെ ഒരു വശത്തെപറ്റി പ്രഭാഷണം നടത്തണമെന്ന് എന്നോടാവശ്യപ്പെട്ടപ്പോൾ, അതുകൊണ്ടുതന്നെ സസ

ന്തോഷം ആ ക്ഷണം സ്വീകരിക്കുകയും ചില ചരിത്രപ്രശ്നങ്ങളെ സംബന്ധിച്ചുള്ള എന്റെ ഗവേഷണങ്ങളെ മുൻനിറുത്തി നിങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്യുന്നതിനുവേണ്ടി എന്റെ യാത്ര നീട്ടിവെക്കാൻ ഞാൻ തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്.

ഇസ്ലാമിക ചരിത്രപരമായ ചില പ്രശ്നങ്ങളെക്കുറിച്ച് പ്രഭാഷണം നടത്താനാണ് എന്നോടാവശ്യപ്പെട്ടിട്ടുള്ളത്. ഇസ്ലാമിക ചരിത്രത്തിലെ അതിപ്രധാനമായ ഘട്ടം, തിരുനബി(സ) ദൈവകല്പനയനുസരിച്ച് ഇസ്ലാമിനെ പ്രബോധനം ചെയ്തുതുടങ്ങുകയും 23 കൊല്ലക്കാലത്തെ കഠിന യത്നങ്ങൾക്കുശേഷം ലക്ഷക്കണക്കിൽ ആളുകളുടെ ഹൃദയത്തിൽ അതിനെ ഉറപ്പിക്കുകയും ചെയ്ത ആ കാലംതന്നെയാണ്. എന്നാൽ, തിരുനബിയുടെ ചരമശേഷം പതിനഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ ഭിന്നിപ്പും ഛിദ്രവും തുടങ്ങുകയും ആ പിളർപ്പ് കൂടുതൽ കൂടുതലായി വളരുകയും ചെയ്തു. ആ ചരിത്രകാലഘട്ടം ഇരുട്ടിൽപെട്ടുപോയിരിക്കുകയാണ്. ഇസ്ലാമിന്റെ ശത്രുക്കളുടെ കണ്ണിൽ അത് ഇസ്ലാമിന് ഒരു കളങ്കമായി. മിത്രങ്ങളെ സംബന്ധിച്ചേടത്തോളം അതൊരു പ്രഹേളികയും! ഇസ്ലാമിക ചരിത്രത്തിലെ ഈ ചളിക്കുണ്ടിൽനിന്ന് സുരക്ഷിതരായി കരപറ്റാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തവർ തുലോം വിരളമാകുന്നു. ആകയാൽ, ഈ സായാഹ്നത്തിലെ എന്റെ പ്രസംഗവിഷയമായി ഞാൻ അതുതന്നെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

ദൈവം എന്നെ ഭരമേല്പിച്ചിരിക്കുന്ന കർത്തവ്യം എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ. അതായത്, അഹ്മദിയ്യാ ജമാഅത്തിന്റെ ശിക്ഷണത്തിന്റേയും അതിന്റെ ആവശ്യകതയുടേയും നടത്തിപ്പും അതിന്റെ അഭിവൃദ്ധിക്കുള്ള ചിന്തയും നോക്കിപ്പാർക്കുകയാണത്. ഇതിന് പല വശങ്ങളുമുണ്ട്. ഈ കർത്തവ്യം നിർവ്വഹിക്കുന്നതിന് ഖിലാഫത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് ശരിക്കും ഞാൻ മനസ്സിലാക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് ഇസ്ലാമിന്റെ ആദ്യകാലചരിത്രത്തെകുറിച്ച് നല്ലവണ്ണം പഠിക്കേണ്ടത് എന്റെ കടമയുമായിരുന്നു. മതകാര്യങ്ങളിൽ ഗവേഷണങ്ങളും താരതമ്യപഠനങ്ങളും വിചിന്തനങ്ങളും നടത്തുകയാണ് ഞങ്ങളുടെ യഥാർത്ഥമായ ജോലിയെങ്കിലും ആ പഠന

ത്തിന്റെ ഫലമായി, ഇസ്ലാമിന്റെ ആദ്യകാലചരിത്രത്തെ സംബ ന്ധിച്ചുള്ള ചില ഗുപ്തവസ്തുതകൾ ദൈവകൃപയാ എനിയ്ക്കറി യുവാൻ കഴിഞ്ഞിരിക്കുന്നു. ഈ വസ്തുതകൾ ഈ കാലത്തുള്ള ഭൂരിപക്ഷം ആളുകളുടേയും അറിവിൽനിന്നതീതമാണ്. ഈ അജ്ഞ തകാരണമായി ചില മുസ്ലിംകൾ സ്വമതത്തോടുതന്നെ വിരക്തി യുള്ളവരായി മാറി. അവരാകട്ടെ, തങ്ങളുടെ ആ ഭൂതകാലചരിത്രം എത്രയും ഭയാനകമായ ഒന്നായി കരുതുന്നു. തങ്ങളുടെ ഭാവി എന്നെങ്കിലും ശോഭനമായിരിക്കുമെന്ന ഒരാശയും അവർക്കില്ലാതാ യി. എന്നാൽ, അവരുടെ ഈ നൈരാശ്യം അടിസ്ഥാനരഹിതവും നിഗമനങ്ങൾ തെറ്റും ആയിരുന്നു. അവർക്ക് ശരിയായ ഇസ്ലാമിക ചരിത്രവസ്തുതകൾ അറിഞ്ഞുകൂടാത്തതിന്റെ ഫലമാണിത്. ഇസ്ലാമിന്റെ ഭൂതകാലം മഹിതവും കളങ്കരഹിതവുമായിരുന്നു. തിരുനബിയുടെ സാമിപ്യസമ്പർക്കങ്ങൾ സിദ്ധിച്ചവരെല്ലാം സൽഗു ണസമ്പന്നരും, മറ്റൊരു നബിയുടെ സഹചാരികളിലും കാണാനാ കാത്തവണ്ണം നിസ്തുല്യരുമായിരുന്നു. തങ്ങളുടെ ഗുരുവര്യന്റെ വിശുദ്ധമായ കാലടിപ്പാടുകളെ പരിപൂർണ്ണമായും പിന്തുടർന്നിരുന്ന അവർ രാഷ്ട്രീയത്തിന്റെ അത്യാപൽക്കരമായ ചുഴിയിൽ പെട്ടുപോ യിട്ടും സത്യസന്ധതയും ദൈവഭയവും കൈവെടിഞ്ഞില്ലെന്ന് പറ യാൻ സാധിക്കുമാറ് ആത്മീയോന്നതി പ്രാപിച്ചവരായിരുന്നു. ഭര ണപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനിടയിലും അവർ ആർജ്ജവവും സത്യസന്ധതയും പാലിച്ചു. ജീവിക്കാൻ നിവൃ ത്തിയില്ലാതെ വിഷമിച്ചുകൊണ്ടിരുന്ന അവർ തിരുനബിയുടെ പള്ളി യിലെ വെറും നിലത്തെ തങ്ങളുടെ ശയ്യാതലവും ബാഹുക്കളെ ഉപധാനവും ആക്കിക്കൊണ്ട് തിരുനബിയുടെ തിരുമൊഴികൾ കേൾക്കുന്നതിനായി അവിടെ കഴിച്ചുകൂട്ടുകയാണ് ചെയ്തിരുന്ന ത്. അവർ തിരുനബിയുടെ വാക്കുകൾ ശ്രദ്ധിച്ചു. ദൈവാരാധനയി ലായിരുന്നു അവരുടെ ആനന്ദമെല്ലാം.

എന്റെ പ്രഭാഷണവിഷയം ഇതിനകം നിങ്ങൾ ഊഹിച്ചുകഴി ഞ്ഞിരിക്കുമല്ലോ. ഹദ്റത്ത് ഉസ്മാന്റേയും ഹദ്റത്ത് അലിയുടേയും ഖിലാഫത്തിനെ കുറിച്ചാണ് ഞാൻ സംസാരിക്കാനുദ്ദേശിക്കുന്നത്. ഇവരിരുവരും ഇസ്ലാമിലെ ആദ്യവിശ്വാസികളായിരുന്നു. ഇവരുടെ സഹചാരികളെല്ലാം ഇസ്ലാമിന്റെ ഉത്തമസന്താനങ്ങളിൽപെട്ടവരു മായിരുന്നു. ഇവരുടെ സത്യസന്ധതയേയും ആർജ്ജവത്തേയും അപലപിക്കുന്നത് ഇസ്ലാമിന്റെ നേരെ ചെളിവാരിയെറിയലത്രെ.

എന്നാൽ, നിഷ്പക്ഷബുദ്ധ്യാ വസ്തുതകൾ പരിശോധിക്കുന്ന ഓരോരുത്തർക്കും മനസ്സിലാക്കാൻ കഴിയും ഇവരെല്ലാം കക്ഷിതാല്പര്യങ്ങൾക്ക് തികച്ചും അതീതരായിരുന്നുവെന്ന്. ഞാനിത്രയും പറയുന്നത് തെളിവുകൾ കൂടാതെയല്ല. ചരിത്രത്തിന്റെ താളുകളിൽ കണ്ണോടിക്കുന്നവർക്ക് ഇത് മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ലതന്നെ.

## അമുസ്‌ലിം ചരിത്രകാരന്മാർ

എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞേടത്തോളം ഇസ്‌ലാമിലെ ഈ പരിശുദ്ധാത്മക്കളേയും അവരുടെ സ്നേഹിതന്മാരേയും കുറിച്ച് കുറ്റാരോപണങ്ങൾ പുറപ്പെടുവിച്ചത് ഇസ്‌ലാമിന്റെ വൈരികളായിരുന്നു. മുസ്‌ലിംകളാണെന്ന് അവകാശപ്പെടുകയും എന്നാൽ, തിരുനബിയുടെ സഹചാരിത്വം ലഭിച്ചിട്ടില്ലാതിരിക്കുകയും ചെയ്തവരും ഈ പരിശുദ്ധാത്മക്കളിൽപെട്ട ചില വ്യക്തികളെപറ്റി കുറ്റാരോപണം നടത്തിയിരുന്നു. എന്നാൽ, സത്യം അവയ്ക്കുപരിയായി തന്നെ നിലകൊണ്ടു. അത് ആർക്കും കാണാൻ കഴിയാത്തവിധം അപ്രത്യക്ഷമായിക്കിടന്നു. തങ്ങളുടെ ചരിത്രത്തേയും മതത്തേയും കുറിച്ച് മുസ്‌ലിംകൾ തികച്ചും അജ്ഞരായിക്കഴിഞ്ഞിട്ടുള്ള ഇക്കാലത്ത് ഇസ്‌ലാമിന്റെ വൈരികൾ ചില ശത്രുക്കളുടെ നിവേദനങ്ങളേയും അഥവാ, സത്യവസ്തുതകളിൽനിന്നുള്ള തെറ്റായ നിഗമനങ്ങളേയും അടിസ്ഥാനമാക്കി ചരിത്രത്തെ വളച്ചൊടിക്കുകയും തിരുസഹാബിമാരുടെമേലും അതുവഴി ഇസ്‌ലാമിന്റെ നേരേയും ചെളിവാരിയെറിയുകയുമാണുണ്ടായത്.

അമുസ്‌ലിം ചരിത്രകാരന്മാരുടെ കാഴ്ചപാടിലൂടെയാണ് ഇക്കാലത്തെ മുസ്‌ലിംകൾ എല്ലാം നോക്കിക്കാണുന്നത്. അതുകൊണ്ട്, ഈ ചരിത്രകാരന്മാർ പറയുന്നതെല്ലാം അവർ അപ്പടി വിശ്വസിക്കാൻ തയ്യാറാകുന്നു. അറബിഭാഷയിലുള്ള ഇസ്‌ലാമിക മൂലചരിത്രഗ്രന്ഥങ്ങൾ വായിക്കാൻ ഇടയായിട്ടുള്ളവർ പാശ്ചാത്യരുടെ നിശിതമായ വിമർശനങ്ങളെ കണ്ടുപേടിക്കുകയും, യൂറോപ്യൻ ഗ്രന്ഥകാരന്മാർ തങ്ങളുടെ വിമർശനങ്ങൾക്ക് ആധാരമായി സ്വീകരിച്ച അസത്യധടിലവും കെട്ടുകഥാപരവുമായ നിവേദനങ്ങളെ സത്യമായി കരുതുകയും മറ്റു നിവേദനങ്ങളെ കളവായി തള്ളുകയുമാണ് ചെയ്തത്. വസ്തുതകളെ അവയുടെ ശരിയായ നിറത്തിലും രൂപത്തിലും നോക്കിക്കാണാൻ തീവ്രശ്രമം ചെയ്യുന്ന ആരും ഇക്കാലത്ത്

അവശേഷിക്കാതായി എന്നുള്ളതാണ് ഇതിന്റെ അനന്തരഫലം.

## പരിശുദ്ധരായ സഹാബിമാർ

ഇസ്ലാമിലുണ്ടായ ഛിദ്രങ്ങൾക്കും ഭിന്നിപ്പുകൾക്കുമെല്ലാം ഉത്തരവാദികൾ നബിതിരുമേനിയുടെ പ്രധാന സഹാബികളിൽ ചില രായിരുന്നു എന്നത് തികച്ചും തെറ്റായ ഒരു സങ്കല്പം മാത്രമാണ്. അവരുടെ പൊതുവായ സ്വഭാവരീതിയെക്കുറിച്ച് പഠിക്കുമ്പോൾ അവർ സ്വാർത്ഥത്തിനുവേണ്ടി ഇസ്ലാമിനെ തുരങ്കംവെക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗഭാക്കായി എന്ന് ഓർക്കാൻകൂടി വയ്യ. ഖേദ കരമായ ആ സംഭവങ്ങൾക്കുള്ള കാരണക്കാരെ തിരുസഹാബി മാരിൽ തിരയുവാൻ ശ്രമിച്ചിട്ടുള്ളവർ ഭയങ്കരമായി തെറ്റുധരിച്ചിരി ക്കുന്നു. കുഴപ്പം തുടങ്ങിയത് മറ്റു ചില കേന്ദ്രങ്ങളിൽ നിന്നായിരു ന്നു. നോട്ടം പിഴച്ചതിനാലാണ് യഥാർത്ഥ കുറ്റക്കാർ ചരിത്രകാര ന്മാരുടെ കണ്ണിൽപെടാതെ പോയത്. അപ്പോൾപിന്നെ തെറ്റായ സങ്ക ല്പങ്ങളിലേ എത്തിച്ചേരൂ. ആ കാലഘട്ടത്തെ സംബന്ധിച്ചിട ത്തോളം പടച്ചുവിടപ്പെട്ട കള്ളക്കഥകളെയെല്ലാം സത്യമെന്ന് നാം കരുതിപ്പോകയാണെങ്കിൽ, ആ കുഴപ്പത്തിൽ പങ്കെടുക്കാതെ അക ന്നുനില്ക്കുകയും സത്യസന്ധതയും ആർജ്ജവവും പ്രദർശിപ്പിച്ചു കൊണ്ട് ധർമ്മപാതയിൽ ഉറച്ചുനില്ക്കുകയും ചെയ്തിട്ടുള്ള ഒരൊറ്റ സഹാബിയേയും ചൂണ്ടിക്കാണിക്കാൻ സാധ്യമാകാതെ വരും. അങ്ങനെ വന്നാൽ, ഇസ്ലാമിന്റെ അസ്തിവാരം തകരുന്നതിനും അതുതന്നെ പോരും. ഫലത്തെനോക്കിയാണ് വൃക്ഷത്തെ അറി യേണ്ടതു എന്നാണല്ലോ ഈസാനബി(അ) പഠിപ്പിച്ചത്. ആ കെട്ടു കഥകളെയെല്ലാം വാസ്തവങ്ങളായി എണ്ണിയാൽപിന്നെ ഇസ്ലാ മികവൃക്ഷം കെട്ടുഫലങ്ങളെയാണ് പ്രദാനം ചെയ്തതെന്ന് നാം തുറന്നുപറയേണ്ടിവരും. ഇസ്ലാമിനുവേണ്ടി ത്യാഗം ചെയ്യാനൊ രുങ്ങുന്നതിനു പകരം ആളുകൾ അതിൽനിന്ന് അകലുകയായിരി ക്കുമല്ലോ അതിന്റെ അനന്തരഗതി. തിരുമേനിയുടെ പവിത്രീകര ണശക്തിയെക്കുറിച്ച് വിമർശനബുദ്ധിയോടെ പഠിച്ചറിഞ്ഞിട്ടുള്ള ഒരാൾക്കുപോലും ഇത് സമ്മതിച്ചുകൊടുക്കാനാവുമോ? ഇല്ല ഒരി ക്കലുമില്ല. കൊല്ലങ്ങളോളം തിരുനബിയുടെ സന്തതസഹചരിത്വം അനുഭവിക്കുകയും തിരുമേനിയുടെ ബന്ധുക്കളിൽ ഉൾപ്പെട്ടിരിക്കു ന്നതിനുള്ള മഹാഭാഗ്യം സിദ്ധിക്കുകയും ചെയ്തിട്ടുള്ളവർകൂടി ഏതാനും കൊല്ലത്തിനുശേഷം സ്വാർത്ഥംഭരികളായി മാറിക്കൊണ്ട്

ഇസ്ലാമിന്റെ അടിത്തറയെത്തന്നെ തകർക്കുന്നതരത്തിൽ തമ്മിൽ തല്ലിയെന്ന് കരുതാൻ നിവൃത്തിയില്ലതന്നെ. ഇസ്ലാമിനു തുരങ്കം വെക്കുമാറുള്ള ഒരു കുഴപ്പത്തിന് തിരുസഹാബിമാരിൽ ചിലർ പ്രേരണ നൽകിയെന്ന് മുസ്ലിംകൾ ആരും തുറന്നുപറയുന്നില്ലെങ്കിലും, പേരിനുമാത്രം മുസ്ലിംകളായ ചിലർ പ്രചരിപ്പിച്ച കഥകളിൽ വിശ്വസിക്കുകയും ഇസ്ലാമിന്റെ ബദ്ധവൈരികളും ഇസ്ലാം നശിച്ചുകാണാൻ ആഗ്രഹിക്കുന്ന ചിലരുടെ വീക്ഷണങ്ങളെ ശരിവെക്കുകയും ചെയ്തുകൊണ്ട്, തിരുനബിയുടെ വിശുദ്ധസഹാബാക്കളെ ആത്മാർത്ഥതയും ആർജ്ജവവും ഇല്ലാത്തവരായിരുന്നുവെന്ന് സങ്കല്പിക്കാൻ ഇടയാക്കുന്ന ചില സംഗതികൾ അവർ വിശ്വസിക്കുന്നു എന്നത് ദൗർഭാഗ്യകരമായ ഒരു പരമാർത്ഥം മാത്രമാണ്.

കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാകുന്നതിനുവേണ്ടി കൊല്ലവും തിയ്യതിയൊന്നും പറയാതെ, ആ ആദ്യകാല ഇസ്ലാമിക ചരിത്രത്തിലെ അതിപ്രധാനമായ ചില സംഭവങ്ങൾ സർവ്വകലാശാലാ വിദ്യാർത്ഥികളെ ധരിപ്പിക്കുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

മൂന്നാം ഖലീഫയുടെ കാലത്താണ് മുസ്ലിംകളുടെ ഇടയിൽ ഭിന്നിപ്പിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷമായിത്തുടങ്ങിയതെന്ന് വിദ്യാസമ്പന്നരായ എല്ലാ മുസ്ലിംകൾക്കുമറിയാം. ഹദ്റത്ത് അബൂബക്കറിന്റേയും ഹദ്റത്ത് ഉസ്മാന്റേയും(റ) കാലങ്ങളിൽ, ഇസ്ലാമിൽ അത്തരമൊരു പിളർപ്പുണ്ടാകുമെന്നും ശത്രുക്കൾക്കോ മിത്രങ്ങൾക്കോ ഊഹിക്കാൻകൂടി നിർവ്വാഹമില്ലാത്തതരത്തിൽ മുസ്ലിംകൾ ഐക്യത്തിൽ വർത്തിച്ചിരുന്നുവല്ലോ. ഇക്കാരണത്താലാണ്, പില്ക്കാലത്തെ ഭിന്നിപ്പിന്നെല്ലാം ഹേതു മൂന്നാം ഖലീഫയുടെ ബലഹീനതയായിരുന്നു എന്ന ആരോപണമുണ്ടായത്. എന്നാൽ, വാസ്തവം അതായിരുന്നില്ല.

## ഹദ്റത്ത് ഉസ്മാൻ(റ) വന്ദ്യവന്ദ്യൻ

ഹദ്റത്ത് ഉമർ(റ) നിര്യാതനായപ്പോൾ, അദ്ദേഹത്തെ പിന്തുടരുവാൻ എല്ലാംകൊണ്ടും പ്രാപ്തനായ ആളെന്ന നിലയിൽ എല്ലാവരുടേയും ദൃഷ്ടികൾ ഹദ്റത്ത് ഉസ്മാന്റെ നേരെയാണ് തിരിഞ്ഞിരുന്നത്. അങ്ങനെ, തിരുനബിയുടെ പ്രധാന സഹാബിമാർ ഒരുമിച്ചുചേർന്നുകൊണ്ട് അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുത്തു.

ഹദ്റത്ത് ഉസ്മാൻ(റ) തിരുനബിയുടെ ഒരു ജാമാതാവായിരുന്നു. തിരുമേനി(സ) തന്റെ രണ്ട് പുത്രിമാരെ ഒന്നിനുപിന്നൊന്നായി അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നു. രണ്ടാമത്തെ പുത്രിയും ചരമമടഞ്ഞപ്പോൾ തനിക്ക് മറ്റൊരു പുത്രി കൂടിയുണ്ടെങ്കിൽ ഹദ്റത്ത് ഉസ്മാനുതന്നെയായിരിക്കും വിവാഹം ചെയ്തുകൊടുക്കുക എന്ന് തിരുനബി(സ) പറയുകയുണ്ടായിട്ടുണ്ട്. നബി തിരുമേനിയുടെ പക്കൽ ഹദ്റത്ത് ഉസ്മാന് എത്ര ഉന്നതമായ സ്ഥാനമാണുണ്ടായിരുന്നതെന്ന് ഇത് തെളിയിച്ചുതരുന്നു. മക്കക്കാരുടെ ഇടയിൽത്തന്നെ സമ്മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്ന ഒരു ധനാഢ്യനായിരുന്നു ഹദ്റത്ത് ഉസ്മാൻ(റ). ഹദ്റത്ത് അബൂബക്കർ(റ) ഇസ്ലാംമതം സ്വീകരിച്ചതിനുശേഷം തന്റെ പ്രബോധനങ്ങൾ ലക്ഷ്യങ്ങളാക്കി സ്വീകരിച്ച ഏതാനും ചലരിൽ ഒരാൾ ഹദ്റത്ത് ഉസ്മാൻ(റ) ആയിരുന്നു. അദ്ദേഹത്തിന്റെ ആശ നിഷ്ഫലമായില്ല. എന്തെന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ഉസ്മാൻ(റ) ഇസ്ലാമതം സ്വീകരിച്ചു. അങ്ങനെ, ഇസ്ലാമിന്റെ ആദ്യത്തെ വിശുദ്ധന്മാരിൽ ഒരാൾ അദ്ദേഹവുമായിത്തീർന്നു. ആ വിശുദ്ധന്മാരെപ്പറ്റി വിശുദ്ധഖുർആൻ തന്നെ പ്രകീർത്തിച്ചിരിക്കുന്നു. അറബികൾക്കിടയിൽ ഹദ്റത്ത് ഉസ്മാന് എത്ര അത്യുന്നതമായ സ്ഥാനമാണുണ്ടായിരുന്നതെന്ന് താഴെ പറയുന്ന സംഗതികളിൽനിന്ന് മനസ്സിലാക്കാം.

ഒരിക്കൽ തിരുനബി(സ) ഒരിടത്ത് കിടക്കുകയായിരുന്നു. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ(റ) വന്നെത്തി. തിരുനബി (സ) അപ്പോൾ അപ്രകാരം തന്നെ കിടന്നു. ഉമർ(റ) വന്നപ്പോഴും തിരുനബി(സ) കിടന്നേടത്തുതന്നെയായിരുന്നു. പിന്നെ ഹദ്റത്ത് ഉസ്മാൻ(റ) വന്നു. അപ്പോൾ തിരുമേനി(സ) തന്റെ വസ്ത്രങ്ങളെല്ലാം ശരിപ്പെടുത്തി അദ്ദേഹത്തെ ബഹുമാനിച്ചു. ഉസ്മാൻ(റ) വിനയവും ഒതുക്കവുമുള്ള ഒരാളാണെന്നും അദ്ദേഹത്തിന്റെ ആ സ്വഭാവത്താലാണ് താൻ അങ്ങനെ ചെയ്യുന്നതെന്നും തിരുനബി(സ) അരുളുകയും ചെയ്തു. ഇസ്ലാമിന്റെ ആവിർഭാവത്തിനുമുമ്പേ തന്നെ വളരെ പരിശുദ്ധമായ ജീവിതം നയിച്ചുവന്നിരുന്ന അപൂർവ്വം ചിലരിൽ ഒരാളായിരുന്നു ഹദ്റത്ത് ഉസ്മാൻ(റ). മദ്യപാനത്തിൽ അഭിമാനം കൊള്ളുകയും വ്യഭിചാരം സർവ്വസാധാരണമായി കരുതപ്പെടുകയും ചെയ്തിരുന്ന അക്കാലത്ത് അറേബ്യയിൽ അത്തരം പരിശുദ്ധജീവിതം അപൂർവ്വം തന്നെയായിരുന്നു. ചുരുക്കത്തിൽ,

ഹദ്റത്ത് ഉസ്മാൻ(റ) ഒരു സാധാരണ വ്യക്തിയായിരുന്നില്ല. ഉന്നതമായ പല ധാർമ്മികഗുണങ്ങളുടെയും വിളനിലമായിരുന്നു അദ്ദേഹം. അറബികൾക്കിടയിൽ അദ്ദേഹത്തിന് ഒരു പ്രത്യേക സ്ഥാനം ലബ്ധമായിരുന്നു. ഇസ്‌ലാമിലെ ആദ്യവിശ്വാസികളിലൊരാളായ അദ്ദേഹം തിരുനബിയുടെ ആദരങ്ങൾക്ക് പാത്രമായിത്തീർന്ന ഒരു ഭാഗ്യാത്മാവ് കൂടിയായിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ അഭിപ്രായ പ്രകാരം, തിരുനബി(സ) തന്റെ അന്ത്യംവരേയും തൃപ്തിപ്പെട്ടിരുന്ന ആറു സഹാബാക്കളിൽ ഒരാളായിരുന്നു ഹദ്റത്ത് ഉസ്മാൻ(റ). സ്വർഗ്ഗപ്രാപ്തിക്കർഹരെന്നു തിരുനബി(സ) സുവാർത്ത നൽകിയ പത്തുപേരിൽ (അശറഃ മുബശ്ശറ) ഒരാളുമായിരുന്നു അദ്ദേഹം.

ഹദ്റത്ത് ഉസ്മാൻ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം 6 കൊല്ലംവരെ ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. ജനങ്ങളെല്ലാം അദ്ദേഹത്തിന്റെ ഭരണത്തിൽ തികച്ചും സന്തുഷ്ടരും സംതൃപ്തരുമായിരുന്നു. പക്ഷേ, ഇതിനുശേഷം പെട്ടെന്ന് ഒരു കുഴപ്പം തലപൊക്കുകയും അത് വളർന്നുവരികയും ചെയ്തു. ഒടുവിൽ അത് നിയന്ത്രണാതീതമായിത്തീരുകയും ഇസ്‌ലാമിന്റെ താൽപര്യങ്ങളെത്തന്നെ അപകടപ്പെടുത്തുന്നതരത്തിൽ വളരുകയും ചെയ്തു. ആ കുഴപ്പങ്ങൾ തുടങ്ങിയിട്ട് ഇപ്പോൾ പതിമൂന്ന് നൂറ്റാണ്ട് കഴിഞ്ഞു. അതിന്റെ പാടുകളാകട്ടെ മുസ്‌ലിംസമുദായ ശരീരത്തിൽ ഇപ്പോഴും കാണപ്പെടുകയും ചെയ്യുന്നു!

എവിടെ നിന്നാണ് ആ കുഴപ്പം തുടങ്ങിയത്? ചിലർ അത് ഹദ്റത്ത് ഉസ്മാന്റെ പേരിലും ചിലർ ഹദ്റത്ത് അലിയുടെ പേരിലും ആരോപിക്കുന്നു. ഉസ്മാൻ(റ) ചില പരിഷ്കരണ പദ്ധതികൾ കൊണ്ടുവന്നുവെന്നും അത് അദ്ദേഹത്തിന്നെതിരിൽ മുസ്‌ലിംകൾ ഇളകിപ്പുറപ്പെടാൻ കാരണമായെന്നും ചിലർ പറയുന്നു. മറ്റുചിലർ പറയുന്നതാകട്ടെ ഹദ്റത്ത് അലി(റ) തനിക്ക് ഖിലാഫത്ത് കിട്ടാൻ വേണ്ടി ഗൂഢാലോചന നടത്തിയെന്നും അതിന്നായി അദ്ദേഹം ഹദ്റത്ത് ഉസ്മാനെ വധിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുവെന്നുമത്രെ. എന്നാൽ, യഥാർത്ഥത്തിൽ ഇവ രണ്ടും കളവാണ്. ഉസ്മാൻ(റ) ഒരു പരിഷ്കരണവും കൊണ്ടുവന്നിരുന്നില്ല. ഹദ്റത്ത് അലി(റ) ഹദ്റത്ത് ഉസ്മാനെ കൊലപ്പെടുത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയോ ഒരു ഗൂഢാലോചനയിൽ പങ്കെടുക്കുകയോ ചെയ്തിട്ടുമില്ല. എല്ലാ കുഴപ്പങ്ങളും മറ്റുചില കാരണ

ങ്ങളിൽനിന്ന് ഉണ്ടായിട്ടുള്ളതത്രെ. ഹദ്റത്ത് ഉസ്മാനും ഹദ്റത്ത് അലിയും അത്തരം അകൃത്യങ്ങളിൽനിന്നെല്ലാം അതീതരായ പരിശുദ്ധാത്മാക്കളായിരുന്നു. ഹദ്റത്ത് ഉസ്മാനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഇസ്ലാമിനുവേണ്ടി ചെയ്തിട്ടുള്ള അപാരമായ സേവനങ്ങളുടെ പേരിൽ ഭാവിയിൽ അദ്ദേഹം എന്തുചെയ്താലും അല്ലാഹു അദ്ദേഹത്തെ ചോദ്യം ചെയ്യില്ലെന്നും നബി(സ) അരുളിയിട്ടുണ്ട്. അത്രയും പരിശുദ്ധനായിരുന്നു അദ്ദേഹം. അദ്ദേഹം ഇസ്ലാമിൽനിന്നുതന്നെ പിന്തിരിഞ്ഞുകളഞ്ഞാലും ചോദ്യം ചെയ്യപ്പെടുമായിരുന്നില്ല എന്ന് ഇതിനർത്ഥമില്ല. അദ്ദേഹം അനേകം സൽഗുണങ്ങളുടെ വിളനിലമായിത്തീർന്നിരുന്നതിനാൽ ദൈവകല്പനയ്ക്കെതിരായ ഒരു ചലനവും അദ്ദേഹത്തിൽനിന്നുണ്ടാകാൻ നിവൃത്തിയില്ലാത്തവിധം നന്മയിൽ പുരോഗതി പ്രാപിച്ച ആളായിരുന്നു എന്നുമാത്രമേ അതിനർത്ഥമുള്ളൂ. അതുകൊണ്ട് ഇസ്ലാമിക ശരീഅത്തിന്നെതിരായ എന്തെങ്കിലും കാര്യങ്ങൾ കൊണ്ടുവരുന്ന ഒരാളല്ല ഹദ്റത്ത് ഉസ്മാൻ(റ). ഉസ്മാനെ പോലുള്ള ഒരാളെ കൊല്ലുവാനുള്ള ഗൂഢാലോചനകളിൽ പങ്കുചേരുന്ന ഒരാളായിരുന്നില്ല ഹദ്റത്ത് അലിയും. എനിക്ക് മനസ്സിലാക്കാൻ സാധിച്ചേടത്തോളം ആ ഭയങ്കരമായ കുഴപ്പത്തിന് നാല് പ്രധാനകാരണങ്ങളുണ്ടായിരുന്നു.

## കുഴപ്പത്തിന്റെ മൂലകാരണങ്ങൾ

**1-** ലൗകികമായ ദുർമ്മോഹങ്ങളിൽനിന്നെല്ലാം ദൈവം പ്രത്യേകനിലയിൽ സംശുദ്ധമാക്കിയിട്ടുള്ള പുണ്യവാന്മാരെ ഒഴിച്ചുനിറുത്തിയാൽ ജനങ്ങൾ പൊതുവെ ധനമാർജ്ജിക്കുവാനും സ്ഥാനമാനങ്ങൾ കരസ്ഥമാക്കുവാനുമുള്ള ആഗ്രഹക്കാരാണ്. സഹാബാക്കൾ നേടിയിരുന്ന ഉത്തുംഗപദവികളിലും അധികാരശക്തികളിലും സത്യവിശ്വാസത്തിൽ ഉറച്ചുകഴിഞ്ഞിട്ടില്ലാത്ത പുതുമുസ്ലിംകൾ അസൂയാലുക്കളായിരുന്നു. സഹാബാക്കൾ ഭരണാധികാരം അവർക്കായി ഒഴിഞ്ഞുകൊടുക്കണമെന്നും ഭരണപാടവം പ്രകടിപ്പിക്കാനുള്ള അവസരം മറ്റുള്ളവർക്കും നല്കണമെന്നും അവർ ആഗ്രഹിച്ചുതുടങ്ങി. ഭരണയന്ത്രം സഹാബാക്കളുടെ ഇഷ്ടത്തിനൊത്ത് തിരിഞ്ഞുകൊണ്ടിരുന്നതിലും അവർക്ക് വലിയ വലിയ വേതനങ്ങൾ നല്കിവന്നതിലും മറ്റുള്ളവർക്ക് പരാതികളും പ്രതിഷേധങ്ങളുമുണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ നീറിത്തുടങ്ങി. ഭരണത്തിന്റെ കടിഞ്ഞാൺ

തങ്ങളുടെ നിയന്ത്രണത്തിൽ ആകുമാറ് ഭരണസംവിധാനത്തിൽ തന്നെ വിപ്ലവപരമായ ഒരു മാറ്റം വന്നുകാണാൻ അവർ ആഗ്രഹിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ഭരണപരമായ കഴിവുകൾ പ്രകടിപ്പിക്കാനും അങ്ങനെ ഭൗതികമായ നേട്ടങ്ങൾ കരസ്ഥമാക്കാനും അതുവഴി സാധിക്കുമെന്നവർ കരുതുകയും ആ അവസരത്തെ കാത്തുകൊണ്ടിരിക്കുകയും ചെയ്തു. ഭൗതികഭരണത്തെ സംബന്ധിച്ചിടത്തോളം ഇത്തരം ആശയാഭിലാഷങ്ങൾ ഒരു അതിർത്തിവരെ പൊറുക്കാവുന്നതും ന്യായീകരിക്കത്തക്കതും തന്നെ. കാരണം പലതാണ്:- ഒന്നാമതായി ഭരണാധികാരം ഭൗതിക വിഭവങ്ങളേയാണ് പൂർണ്ണമായും ആശ്രയിച്ചിരിക്കുന്നത്. പുതിയ പുതിയ ആശയങ്ങളും ആലോചനകളും പ്രയോഗത്തിൽ വരുത്തുകയും ഭരണം വഹിക്കുന്നവരിൽ നവചൈതന്യം നിറയ്ക്കുകയും ചെയ്കയെന്നത് രാഷ്ട്രസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധികളിൽ ഒന്നാണ്. പഴക്കം ചെന്നവർ തങ്ങളുടെ അധികാരസ്ഥാനങ്ങളിൽനിന്ന് സ്വമേധയാ ഒഴിയുകയും പുതിയ പുതിയ ആളുകൾക്ക് അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയും തന്നെയാണ് അതിനുള്ള ഒരേയൊരു വഴി.

**2**- ഭൗതികഭരണത്തിൽ അധികാരത്തിലിരിക്കുന്നവർ ജനപ്രതിനിധികളെന്ന നിലയിലാണ് ഭരണം നടത്തുന്നതെന്നതിനാൽ ബഹുജനാഭിപ്രായത്തെ മാനിക്കാൻ ബാധ്യസ്ഥരാകുന്നു. പൊതുജനാഭിപ്രായത്തിന്റെ വക്താക്കളായിരിക്കുന്നവർക്ക് ഭരണനയങ്ങൾ രൂപീകരിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും ഗണ്യമായ പങ്കുണ്ടായിരിക്കേണ്ടതും ആവശ്യമത്രെ. മതവ്യവസ്ഥയിലാകട്ടെ നേരെ മറിച്ചാണ് നില. അവിടെ മതത്തിന്റെ നിയമങ്ങൾ നിഷ്കൃഷ്ടമായി പാലിക്കപ്പെടുകതന്നെവേണം. ശരീഅത്തിന്റെ മൗലികനിയമങ്ങളിൽ ഉൾപ്പെടാത്ത ശാഖാപരമായ സംഗതികളൊഴിച്ച് വ്യക്തികളുടെ അഭിപ്രായങ്ങൾക്ക് അവിടെ സ്ഥാനമില്ല. ഇതിനുപുറമെ, മതപരമായ വ്യവസ്ഥിതിയിൽ കൈവരുന്ന അധികാരം ദൈവദത്തമായിട്ടുള്ളതുമത്രെ. ജനങ്ങൾ മതത്തിന്റെ തത്ത്വങ്ങളിൽനിന്ന് വ്യതിചലിക്കുമ്പോൾ ആത്മീയഭരണത്തിന്റെ സൂത്രധാരന്മാർക്ക് അതിനെ വിലക്കാതിരിക്കാൻ സാധ്യമല്ല. ബഹുജനാഭിപ്രായത്തിനൊത്ത് നീങ്ങുന്നതിനുപകരം, കാലാനുകാലമായ ആവശ്യങ്ങളനുസരിച്ച് ദൈവം തന്നെ ക്രമപ്പെടുത്തിത്തന്നിട്ടുള്ള നിയമസംഹിതയ്ക്ക് അനുയോജ്യമായി ജനങ്ങളുടെ ചിന്താഗതിയെ രൂപപ്പെടുത്തേണ്ടത് അവ

രുടെ കടമയാകുന്നു.

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ സാരാംശം അറിയാഞ്ഞതിന്റെ ഫലമായിട്ടാണ് ഈ അതൃപ്ത വിഭാഗത്തിൽപെട്ടവരുടെ മനോബലങ്ങളിൽ ഇപ്രകാരമുള്ള ആശയങ്ങൾ ഉടലെടുത്തത്. ഇസ്‌ലാമിക ഖിലാഫത്ത് ഒരു ഭൗതികഭരണമല്ലെന്നും സഹാബാക്കൾ ഇതര ഭരണാധികാരികളെപ്പോലെ അല്ലെന്നും അവർ ചിന്തിച്ചില്ല. ഇസ്‌ലാമിക ഖിലാഫത്ത് മതപരമായ ഒരു സ്ഥാപനമത്രെ. 'സൂറത്തുന്നൂറി'ൽ അടങ്ങിയ ദൈവികവാഗ്ദാനമനുസരിച്ചാണ് അത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. സഹാബാക്കൾ മതത്തിന്റെ തൂണുകളായിരുന്നു. അവരെ അനുസരിക്കൽ മുസ്‌ലിംകളുടെ ആത്മീയോന്നതിക്ക് അനുപേക്ഷണീയവുമത്രെ.

ലൗകികമായ എല്ലാ ക്ഷേമൈശ്വര്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് ദാരിദ്ര്യത്തേയും കഷ്ടപ്പാടുകളേയും സ്വയം വരിക്കുകയും തങ്ങളുടെ ജീവനെ അപകടത്തിൽപെടുത്തുകയും ഉറ്റവരേയും ഉടയവരേയുമെല്ലാം ദീനിനുവേണ്ടി കയ്യൊഴിക്കുകയും തങ്ങളുടെ കുടുംബത്തോട് സലാം ചൊല്ലി പിരിയുകയും തിരുനബിയുടെ സ്നേഹസാമീപ്യം നേടുന്നതിനും തിരുമേനിയെ ആദരിക്കുന്നതിനും വേണ്ടി തങ്ങളുടെ എല്ലാ അഭിപ്രായങ്ങളേയും അഭിലാഷങ്ങളേയും ബലികഴിക്കുകയും ചെയ്തിട്ടുള്ളവരത്രെ സഹാബാക്കൾ. അവരിൽ ചിലരാകട്ടെ, തിരുനബിയോടൊപ്പം കാൽനൂറ്റാണ്ടു കാലം കഴിച്ചുകൂട്ടിയവരുമായിരുന്നു. ഒരു ഗുരുനാഥനിൽനിന്ന് ശിഷ്യൻ പാഠം പഠിക്കുന്നതുപോലെ അവർ തിരുനബിയിൽനിന്ന് ഇസ്‌ലാമതം പഠിക്കുകയും ആ തത്ത്വങ്ങൾ ജീവിതത്തിൽ പകർത്തിക്കാണിക്കുന്നതിൽ മുന്നണിയിൽ നില്ക്കുകയും ചെയ്തിരുന്നു. ഇസ്‌ലാം എന്നാൽ, എന്താണെന്നും അതിന്റെ ഉദ്ദേശ്യവും ലക്ഷ്യവും എന്തെന്നും ഇസ്‌ലാമിക കല്പനകൾ പ്രയോഗത്തിൽ വരുത്തേണ്ടതെങ്ങനെയെന്നും അവ അനുസരിക്കുന്നതുകൊണ്ട് ലഭ്യമാകുന്നത് എന്തെന്നുമെല്ലാം അവർക്ക് നല്ല നിശ്ചയമുണ്ടായിരുന്നു. അതിനാൽ, അവർ ഇതര ഭൗതിക ഭരണാധിപന്മാരെപോലെയായിരുന്നില്ല. പ്രവാചകശ്രേഷ്ഠർ(സ) മുഖേന പ്രദാനം ചെയ്യപ്പെട്ടിട്ടുള്ള അന്തിമ ശരീഅത്തിന്റെ ഗുരുക്കന്മാരായിരുന്നു അവരെല്ലാം. തങ്ങളുടെ വാക്കും പ്രവൃത്തിയും മുഖേന ഇസ്‌ലാമിനെ വ്യാഖ്യാനിക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കേണ്ടത് എങ്ങനെയെന്നും

ജനങ്ങളെ പഠിപ്പിക്കുന്നതിനും അവർ ആജ്ഞാപിക്കപ്പെട്ടിരുന്നു. മതത്തിൽ പരിഷ്കരണവാദങ്ങളെ അവർ പൊറുപ്പിച്ചിരുന്നില്ലെങ്കിലും മതത്തിന്റെ നിയമങ്ങൾ നിഷ്കൃഷ്ടമായി പാലിക്കുന്നതിൽ അവർ മുമ്പന്മാരായിരുന്നു. ഭൗതികലോകത്തിൽ അവർക്ക് യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. കഴിയുമായിരുന്നെങ്കിൽ, അവർ ലൗകികത്തിൽനിന്നെല്ലാം വിരമിച്ച് അവർ ഏകാന്ത ജീവിതം നയിക്കുകയും ദൈവധ്യാനത്തിൽ മുഴുകുകയും ചെയ്യുമായിരുന്നു. എന്നാൽ, അല്ലാഹുവും പ്രവാചകവരേണ്യനും തങ്ങളിൽ അർപ്പിച്ച ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനായിട്ട് അവർ മുസ്‌ലിംലോകത്തിന്റെ ദൈനംദിന പ്രശ്നങ്ങളിൽ ശ്രദ്ധ പതിപ്പിക്കുവാൻ നിർബന്ധിതരായിത്തീർന്നു. അവർ ചെയ്തിട്ടുള്ളതെല്ലാം അവരുടെ ഇഷ്ടമനുസരിച്ചായിരുന്നുവെന്ന് കരുതാൻ നിവൃത്തിയില്ല. ദൈവകല്പനയനുസരിച്ചും തിരുനബിയുടെ നിർദ്ദേശങ്ങൾക്കൊത്തുമാണ് അവർ പ്രവർത്തിച്ചതെല്ലാം. അതുകൊണ്ട്, അവരുടെ കാര്യത്തിൽ അസൂയപ്പെടുകയോ അവരെ സംശയദൃഷ്ട്യാ വീക്ഷിക്കുകയോ ചെയ്യുന്നത് ഗുരുതരമായ ഒരു തെറ്റാകുന്നു.

സഹാബിമാർ വലിയ വലിയ തുകകൾ വേതനമായി സ്വീകരിച്ചുവന്നിരുന്നുവെന്നുള്ള ആക്ഷേപവും അടിസ്ഥാനരഹിതമാണ്. എന്തെന്നാൽ, അവർക്ക് അവകാശപ്പെട്ടത് മാത്രമാണ് നല്കപ്പെട്ടത്. മറ്റുള്ളവരുടെ അവകാശങ്ങളെ അവർ ചൂഷണം ചെയ്യുകയോ കവരുകയോ ചെയ്തിട്ടില്ല. പഴയ ഒരു വിശ്വാസിക്കെന്നപോലെ പുതുമുസ്‌ലിമിനും അവന്റെ ന്യായമായ അവകാശങ്ങൾ ലഭിച്ചുവന്നിരുന്നു. സഹാബാക്കൾ തങ്ങളുടെ പ്രവൃത്തികളിലും പരിശ്രമങ്ങളിലും ത്യാഗങ്ങളിലും മറ്റെല്ലാവരേയും കവച്ചുവെക്കുകയുണ്ടായിട്ടുണ്ടെന്നുള്ളതാണ് പരമാർത്ഥം. അവരുടെ ത്യാഗസുരഭിലവും സേവനബദ്ധവുമായ ആദ്യകാല ജീവിതം അവയ്ക്കെല്ലാം മകുടം ചാർത്തുന്നതുമായിരുന്നു. അവർ ആരുടേയും അവകാശങ്ങളെ കവർന്നിട്ടില്ല. അവർക്ക് കൂടുതൽ കിട്ടിയിരുന്നുവെങ്കിൽ അവർ അതിന് തികച്ചും അർഹരായിരുന്നു. തങ്ങളുടെ ഓഹരി എന്തായിരിക്കുമെന്നു നിശ്ചയിച്ചതും അവരായിരുന്നില്ല. മറിച്ച്, അല്ലാഹുവും അവന്റെ പ്രവാചകനുമാണ് അവരുടെ പങ്ക് നിജപ്പെടുത്തിയിരുന്നത്. അങ്ങനെയല്ലെങ്കിൽ, സഹാബിവര്യന്മാരുടെ അഭിവൃദ്ധികളേയും കീർത്തിപ്രതാപങ്ങളേയും ധനസമ്പത്തിനേയും കുറിച്ച് ഖുർആനിൽ അടങ്ങിയ പ്രവചനങ്ങളും തിരുനബിയുടെ അരുളപ്പാടുകളു

മെല്ലാം പൂർത്തീകരിക്കപ്പെടുമായിരുന്നതെങ്ങനെ? പേർഷ്യൻ സാമ്രാജ്യം തകരുകയും ഹദ്‌റത്ത് ഉമർ(റ)കിസ്‌റായുടെ ഖജാനകൾ വിജയപൂർവ്വം കൈവശപ്പെടുത്തുകയും ചെയ്തശേഷം അദ്ദേഹം സുറാഖത്ത് ബിൻ മാലിക്കിന്റെ കൈകളിൽ സ്വർണ്ണവളകൾ അണിയിക്കുകയുണ്ടായില്ലെങ്കിൽ, സുറാഖത്തിന്റെ കൈകളിൽ കിസ്‌റായുടെ സ്വർണ്ണവളകൾ താൻ കാണുകയുണ്ടായെന്ന തിരുനബിയുടെ പ്രവചനം സാക്ഷാൽക്കരിക്കപ്പെടുന്നതെങ്ങനെ? സ്റ്റേറ്റിനുവേണ്ടി എത്രയും തുച്ഛമായ സേവനമർപ്പിച്ചവർക്കുകൂടി അവന്റേതായ ഓഹരി ലഭിച്ചിരുന്നുവെന്നും തിരുസഹാബിമാർ ആരുടേയും അവകാശങ്ങൾ തട്ടിപ്പറിക്കാൻ ശ്രമിച്ചിട്ടില്ലെന്നും ഓർത്തിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഖലീഫമാർ വളരെയധികം സൂക്ഷ്മത പാലിച്ചിട്ടുണ്ടായിരുന്നു. തിരുസഖാക്കൾക്ക് വലിയ പങ്കു ലഭിച്ചിരുന്നുവെങ്കിൽ അവരുടെ സേവനവും ത്യാഗങ്ങളും അത്ര തന്നെ വലുതായിരുന്നു. അവരിൽ പലരും അക്കാലത്തെ യുദ്ധങ്ങളിൽ പങ്കെടുക്കുകയും 'ഗനീമത്ത്' മുതലിന് അവകാശികളായിത്തീരുകയും ചെയ്തിട്ടുള്ളവരാണുതാനും. ധനം കൂട്ടിവെക്കുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ലെന്നും സ്വാർത്ഥതാൽപര്യങ്ങൾക്കായി ധനം ചെലവിടുന്നതിൽ അവർ അനിഷ്ടം കാണിക്കുന്നുവെന്നുമാണ് ചരിത്രം വ്യക്തമാക്കിത്തരുന്നത്. അവർ തങ്ങളുടെ ഓഹരി സ്വീകരിച്ചതുതന്നെ ദൈവവചനങ്ങളും തിരുനബിയുടെ അരുളപ്പാടും പൂർത്തീകരിക്കാൻ വേണ്ടി മാത്രമായിരുന്നു. ഔദാര്യനിധികളും ദാനശീലരുമായിരുന്ന ആ സഹാബിമാർ സാധുക്കൾക്കും അശരണർക്കും സഹായം നൽകി ആശ്വസിപ്പിക്കുന്നതിനായി തങ്ങളുടെ ധനം ചെലവഴിക്കുന്നതിൽ മടി കാണിച്ചിരുന്നില്ല.

ചുരുക്കത്തിൽ, വിശുദ്ധസഹാബാക്കളെക്കുറിച്ച് ചിലരുടെ ഹൃദയങ്ങളിൽ അടിസ്ഥാനരഹിതങ്ങളായ സംശയങ്ങൾ ഉടലെടുത്തുവെങ്കിൽ അത് അസൂയയിൽ നിന്നുമാത്രമാണ്. ഏതായാലും, **സംശയങ്ങൾ ഉടലെടുത്തതോടുകൂടിതന്നെ ഭിന്നിപ്പിന്റെ ബീജങ്ങൾ വാപം ചെയ്യപ്പെട്ടുവെന്നു പറയാം**. അതിനെ തുടർന്ന് ഒട്ടധികം ആളുകൾ അവരെ ചൂഷകന്മാരുടെ ഒരു സംഘമായി ചിത്രീകരിച്ചു തുടങ്ങുകയും അവരെയെല്ലാം തുടച്ചുനീക്കി രാജ്യത്തിന്റെ ഭരണഭാരം കൈയേൽക്കാനുള്ള അവസരം കാത്തിരിക്കുകയും ചെയ്തു.

ഇസ്‌ലാം വ്യക്തികളെ സമത്വബോധമുള്ളവരാക്കിത്തീർക്കു

കയും ഏറ്റവും ഉയർന്ന തത്ത്വജ്ഞന്മാർകൂടിയും വിഭാവനം ചെയ്തിട്ടില്ലാത്ത തരത്തിലുള്ള ചിന്താസ്വാതന്ത്ര്യത്തിന്റെയും പ്രവർത്തനസ്വാതന്ത്ര്യത്തിന്റെയും ഒരന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിരുന്നുവെന്നുള്ളതാണ് കുഴപ്പത്തിന്റെ രണ്ടാമത്തെ കാരണമായി ഞാൻ കാണുന്നത്. ദേഹത്തിൽ വിഷാംശം കലർന്നിരിക്കുന്ന ഒരാൾക്ക് ഏറ്റവും ഫലപ്രദമായ പോഷാകാഹാരവും അപകടകരമായിത്തീരുന്നതുപോലെയാണ് ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം ഈ ചിന്താസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും. അവർക്ക് അതിന്റെ പരിസീമകളിൽ ഒതുങ്ങിനിൽക്കുവാൻ കഴിഞ്ഞില്ല. ഈ കുഴപ്പം യഥാർത്ഥത്തിൽ നബി(സ)യുടെ കാലത്തുതന്നെ തലപ്പൊക്കിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. പേരിനുമാത്രം മുസ്‌ലിമായ ഒരു ദുർഭഗൻ തിരുനബിയുടെ മുഖത്തുനോക്കിക്കൊണ്ട് “നബിയേ ദൈവത്തെ ഭയപ്പെടുക. ‘ഗനീമത്ത്’ പങ്കിടുന്നതിൽ നിങ്ങൾ അനീതി കാണിച്ചിരിക്കുന്നു’ എന്ന് പറഞ്ഞപ്പോഴാണ് അതുണ്ടായത്. തിരുനബി(സ) അപ്പോൾ ഇങ്ങനെ അരുളുകയുണ്ടായി: “ഈ മനുഷ്യന്റെ സന്താനങ്ങളിൽനിന്ന് ഒരു ജനവിഭാഗം പുറപ്പെട്ടുവരും. അവർ ഖുർആൻ പലപ്പോഴും ഓതുന്നുണ്ടാകാമെങ്കിലും അത് അവരുടെ തൊണ്ടയ്ക്കപ്പുറം കടക്കുകയില്ല. ഒരസ്ത്രം കണക്കെ അവർ മതത്തെ കടന്നുചാടും.” (ബുഖാരി) ഇത്തരം ചിന്താഗതികളുടെ അഗ്നിജ്വാലകൾ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് രണ്ടാമതും ആളിപ്പടർന്നു. ഒരു വലിയ ജനക്കൂട്ടത്തിൽവെച്ച് ഒരാൾ എഴുന്നേറ്റുനിന്നുകൊണ്ട്, മുസ്‌ലിം സമുദായത്തിന്റെ മഹാനായ രക്ഷാധികാരിയും നിസ്വാർത്ഥതയുടെ മൂർത്തിയുമായ ഹദ്റത്ത് ഉമറിനെ നോക്കിക്കൊണ്ട് അദ്ദേഹം ധരിച്ചിരുന്ന മേൽക്കുപ്പായം എവിടെനിന്ന് കിട്ടിയെന്ന് വിശദീകരിപ്പാൻ ആവശ്യപ്പെട്ടപ്പോഴാണതുണ്ടായത്. എന്നാൽ, ഈ രണ്ടവസരങ്ങളിലും കുഴപ്പം ആപൽക്കരമായ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കുകയുണ്ടായില്ല. എന്തെന്നാൽ, സമയവും സന്ദർഭവും അത് വളരുന്നതിനനുകൂലമായി കഴിഞ്ഞിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് സാഹചര്യങ്ങൾ തികച്ചും അനുകൂലമായിത്തീരുകയും ഈ ചെടി– കുഴപ്പത്തിന്റേയും പ്രക്ഷോഭത്തിന്റേയും ചെടി എന്നുതന്നെ പറയട്ടെ– വേരുറയ്ക്കുകയും, ഹദ്റത്ത് അലിയുടെ കാലമായപ്പോഴേക്കും അതിന്റെ ശാഖകൾ നാലുപുറവും പൊട്ടിപ്പടരത്തക്കവിധം ഗണ്യമായി വളരുകയും ചെയ്തു.

ഈ കുഴപ്പത്തിന്റെ പോക്ക് ഹദ്റത്ത് അലി(റ) തക്കസമയത്തു തന്നെ മനസ്സിലാക്കുകയും കഠിനമായ പ്രഹരം നല്കി അതിനെ തകർക്കുകയും ചെയ്തു. കുഴപ്പത്തെ നിർമ്മൂലനം ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ലായിരിക്കാം. എന്നാൽ, അതിന്റെ സ്വാധീനതയെ സീമിതവൃത്തത്തിലൊതുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് തർക്കമറ്റതാണ്.

**3**– പുതുവിശ്വാസികൾക്ക് ആവശ്യമായ ആത്മീയപരിശിക്ഷണം നല്കപ്പെട്ടിട്ടില്ലെന്നതാണ് എന്റെ അഭിപ്രായത്തിൽ ഈ കുഴപ്പങ്ങൾക്കുള്ള മൂന്നാമത്തെ കാരണം. ജനങ്ങളുടെ ജീവിതത്തിൽ ഇസ്‌ലാം അത്ഭുതകരമായ പരിവർത്തനമുണ്ടാക്കിയിട്ടുണ്ടെന്നതിൽ സംശയലേശമില്ല. എന്നാൽ, ആത്മീയപരിശിക്ഷണത്തിന്റെ കുറവ് നികത്തുവാൻ സാധിച്ചിട്ടുണ്ടായിരുന്നില്ല. എന്തെന്നാൽ, ശരിയായ വിധത്തിലുള്ള ശിക്ഷണം ഒരു ശിക്ഷകന്റേയോ അദ്ധ്യാപകന്റേയോ അഭാവത്തിൽ അസാധ്യമത്രെ. ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്‌ലാമതം ആശ്ലേഷിക്കാൻ തുടങ്ങിയതോടെ തിരുനബിയുടെ കാലത്തു തന്നെ, ഈ അപകടഭീഷണി ഇസ്‌ലാമിന്റെ നേരെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു എന്നതാണ് പരമാർത്ഥം.

എന്നാൽ, ഇസ്‌ലാമിന്റെ ആവിർഭാവകാലത്തുള്ള മുസ്‌ലിംകളെഎല്ലാതരം ദുസ്വാധീനങ്ങളിൽനിന്ന് രക്ഷിക്കുമെന്നുള്ളത് തിരുനബിക്ക് അല്ലാഹു നല്കിയ പ്രത്യേക വാഗ്ദാനമായിരുന്നു. ഇതു പ്രകാരംതന്നെ തിരുനബിയുടെ ചരമം സംഭവിച്ച ഉടനെതന്നെ മതപരിത്യാഗത്തിന്റെ ശക്തിയായ ഒരു പ്രവാഹം ആരംഭിച്ചുവെങ്കിലും അത് വളരെ വേഗത്തിൽ നിലയ്ക്കുകയും ഇസ്‌ലാമിന്റെ യഥാർത്ഥമായ പൊരുൾ എന്താണെന്ന് ജനങ്ങൾ ഗ്രഹിച്ചുതുടങ്ങുകയും ചെയ്തതായി നമുക്ക് കാണാവുന്നതാണ്. തിരുനബിയുടെ വേർപാടിനുശേഷം പേർഷ്യ, സിറിയ, ഈജിപ്ത് എന്നീ രാജ്യങ്ങൾ കീഴടക്കപ്പെട്ടതോടെ ഇതര മതങ്ങളുമായി സമ്പർക്കങ്ങളുണ്ടായതിനെ തുടർന്ന് ലഭിച്ച ആത്മീയവിജയങ്ങൾ തന്നെയും ഒടുവിൽ മുസ്‌ലിം രാഷ്ട്രീയശക്തിയെ ബലഹീനമാക്കുവാൻ കാരണമായിത്തീരുകയാണുണ്ടായത്. ദശലക്ഷക്കണക്കിൽ ആളുകൾ ഇസ്‌ലാമതമാശ്ലേഷിക്കുകയും ഇസ്‌ലാമിന്റെ അതിശ്രേഷ്ഠമായ അദ്ധ്യാപനങ്ങൾ ജനഹൃദയങ്ങളെ വശീകരിക്കുകയും ചെയ്തിരുന്നു. ഇസ്‌ലാമിന്റെ മഹത്തായ ലക്ഷ്യത്തിനുവേണ്ടി തങ്ങളുടെ ജീവൻ

ബലികഴിക്കാൻ പോലും അവർ തയ്യാറായിരുന്നു. എന്നാൽ, ശിക്ഷ ണങ്ങൾക്കും അദ്ധ്യാപനങ്ങൾക്കുമുള്ള തൃപ്തികരമായ ഏർപ്പാ ടുകൾ തികച്ചും അസാധ്യമായിത്തീരുമാറ് പുതുവിശ്വാസികളുടെ എണ്ണം അത്രയധികം പെരുത്തിട്ടുണ്ടായിരുന്നു. ആദ്യകാലത്തെ പുതുവിശ്വാസികളുടെ ഹൃദയങ്ങളിൽ നിറഞ്ഞുതുളുമ്പിയിരുന്ന ഇസ്ലാമതാവേശം നിമിത്തം അവർക്ക് ശിക്ഷണം നൽകുകയും മതതത്ത്വങ്ങൾ പഠിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത മുസ്ലിം നേതൃത്വത്തിന് ബോധ്യപ്പെട്ടില്ലെങ്കിൽ അത് സ്വാഭാവിക മാണല്ലോ! മുസ്ലിംകൾ ചെയ്യുന്നതെന്തെന്ന് നോക്കിയാണ് അവർ പ്രവർത്തിച്ചത്. ഇസ്ലാമിന്റെ ഓരോ കല്പനയും സസന്തോഷം അനുസരിക്കപ്പെട്ടിരുന്നു. എന്നാൽ, പുതുമുസ്ലിംകളുടെ ആവേശം ആറിത്തണുത്തപ്പോൾ ആത്മീയശിക്ഷണം ലഭിച്ചിട്ടില്ലാത്ത ആ വിഭാഗങ്ങൾ ഇസ്ലാമിന്റെ കല്പനകൾ വലിയൊരു ഭാരമായിട്ടാണ് കരുതിയിരുന്നത്. അവരുടെ നവാവേശം കെട്ടടങ്ങിയതോടെ പഴ യശീലങ്ങളും സമ്പ്രദായങ്ങളും വീണ്ടും പ്രത്യക്ഷപ്പെട്ടുതുടങ്ങി. തെറ്റു ചെയ്ക മനുഷ്യസ്വഭാവമാണല്ലോ. പാഠം പഠിക്കുന്നത് മെല്ലേ യുമായിരിക്കും. പുതുവിശ്വാസികൾ പാഠം സ്വീകരിക്കാൻ തയ്യാറാ യിരുന്നെങ്കിൽത്തന്നെ അത് കുറച്ചുകാലത്തെ തെറ്റുകളെ തുടർന്നാ വാനേ തരമുള്ളൂ. എന്നാൽ, കാലം മാറിക്കഴിഞ്ഞിരുന്നു. കുറ്റം ചെയ്തുപോയ ആൾ തിരുനബിയുടെ അടുക്കൽ ഹാജരായി അതേറ്റു പറഞ്ഞു നിയമപ്രകാരമുള്ള ശിക്ഷ സസന്തോഷം സ്വീക രിച്ച സംഭവംപോലും തിരുനബിയുടെ കാലത്തുണ്ടായിരുന്നു. ദൈവം മറച്ചുകളഞ്ഞ കുറ്റത്തെ കുറ്റക്കാരൻതന്നെ അങ്ങനെ വെളി പ്പെടുത്തുന്നത് തിരുനബി(സ) ഇഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ, ഇസ്ലാമിക നിയമങ്ങൾ നടപ്പിൽവരുത്തേണ്ടതിന് നല്കപ്പെട്ട നിസ്സാരമായ ശിക്ഷപോലും വ്യക്തിയോടുള്ള അപരാധമായി കണ ക്കാക്കുമാറ് ജനങ്ങളിൽ മാറ്റം വന്നുപോയിരുന്നു. ഇക്കാരണത്താ ലാണ് ഇസ്ലാമിന്റെ യഥാർത്ഥമായ പൊരുൾ എന്തെന്നറിഞ്ഞിട്ടി ല്ലാത്ത ചില ജനവിഭാഗങ്ങൾ നിയമം ലംഘിക്കാൻതന്നെ മുതിർന്നതും അവർക്കെതിരായി ശിക്ഷാനടപടികളെടുത്തപ്പോൾ അമർഷംപൂണ്ട് ഖലീഫയ്ക്കും ഉദ്യോഗസ്ഥന്മാർക്കുമെതിരെ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു തുടങ്ങിയതും. ഒടുവിൽ, അവർക്കെ തിരായി ഈ അതൃപ്തവിഭാഗം പകയും വിദ്വേഷവും വെച്ചുപു ലർത്തുകയും ഭരണകൂടത്തെതന്നെ തകർക്കുന്നതിനുള്ള ഗൂഢാ

ലോചനകൾ നടത്തുകയും ചെയ്തു.

**4**- കുഴപ്പത്തിന്റെ നാലാമത്തെ കാരണം ഇസ്‌ലാമിന്നുണ്ടായ അസാധാരണ പുരോഗതിയാണെന്നാണ് എന്റെ അഭിപ്രയാം. ശത്രുക്കളുടെ എല്ലാ ആലോചനകളേയും അപചയപ്പെടുത്തുന്ന തരത്തിൽ അന്താളിപ്പിക്കുന്ന ദ്രുതപുരോഗതിയാണ് ഇസ്‌ലാമിന് കൈവന്നത്. തിരുനബിക്ക് മക്കാവിജയം സാധിക്കുകയും ഇസ്‌ലാം അറേബ്യയൊട്ടുക്കും വ്യാപിക്കുകയും ചെയ്തപ്പോഴും മക്കക്കാർ തങ്ങളുടെ ശക്തിയിൽ ഊറ്റംകൊള്ളുകയും അവരോട് എതിരിടാൻ തിരുനബിക്കാവില്ലെന്ന് കരുതുകയും ചെയ്തിരുന്നു. അതികായനായ ഒരു ഗുസ്തിക്കാരൻ എഴുന്നേറ്റുനില്ക്കാൻ പാടുപെടുന്ന ഒരു പൈതലിനെ നോക്കിക്കാണുന്നത് എങ്ങനെയോ അങ്ങനെയാണ് ഇസ്‌ലാമിന്റെ വർദ്ധിച്ചുവരുന്ന ശക്തിപ്രതാപങ്ങളെ റോമാ-പേർഷ്യൻ ചക്രവർത്തിമാർ അവജ്ഞാപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നത്. എന്നാൽ, ഇസ്‌ലാമികരാഷ്ട്രത്തിന്റെ ഒരൊറ്റ പ്രഹരത്തിന് ഗ്രീക്ക് പേർഷ്യൻ സാമ്രാജ്യങ്ങൾ തകർന്നുതരിപ്പണമായിപ്പോയി.

ശതകങ്ങളോളം മനുഷ്യകുലത്തെ അടിമകളാക്കിവെച്ചുപോന്ന വമ്പിച്ച സാമ്രാജ്യങ്ങളുമായി മുസ്‌ലിംകൾ യുദ്ധം ചെയ്തുകൊണ്ടിരുന്നപ്പോഴും ഇസ്‌ലാമിന്റെ ശത്രുക്കൾ വിചാരിച്ചത് മുസ്‌ലിംകളുടെ വിജയങ്ങൾ കേവലം താല്ക്കാലികമാണെന്നും കാറ്റ് മറിച്ച് വീശാൻ തുടങ്ങുമെന്നും ഒരു കൊടുങ്കാറ്റെന്നോണം പ്രത്യക്ഷപ്പെട്ട ഈ ജനശക്തി ഒരു ചുഴലിയെപോലെ അപ്രത്യക്ഷമാകുമെന്നുമായിരുന്നു. എന്നാൽ, ഏതാനും കൊല്ലങ്ങൾക്കകംതന്നെ ഇസ്‌ലാമിന്റെ ശത്രുക്കൾ നിശ്ശേഷം നശിക്കുകയും മുസ്‌ലിംകളുടെ വിജയപതാകകൾ എങ്ങുമെങ്ങും പാറിപ്പറക്കുകയും ചെയ്തപ്പോൾ അവരുടെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. ശത്രുവിനെ നടുക്കിക്കളയുകയും ഭയപ്പെടുത്തുകയും ചെയ്ത മഹത്തായ ഒരു വിജയംതന്നെയായിരുന്നു അത്!

തിരുസഹാബാക്കളും അവരുടെ മിത്രങ്ങളും അതിമാനുഷരായിട്ടാണ് ശത്രുക്കൾക്ക് അനുഭവപ്പെട്ടത്. എതിരാളികൾ തികച്ചും നിരാശരായി. എന്നാൽ, കുറച്ചുകാലത്തിനുശേഷം അവരുടെ അത്ഭുതവും അന്ധാളിപ്പുമെല്ലാം കുറഞ്ഞുവരികയും തിരുനബിയുടെ സഖാക്കളുമായി അടുത്തു പെരുമാറിയതിനെ തുടർന്ന് അവരെക്കുറിച്ചുള്ള ഭയാശങ്കകൾ നീങ്ങുകയും ചെയ്തപ്പോൾ, ഇസ്‌ലാ

മിന്റെ മഹത്തായ തത്ത്വങ്ങളെ യുക്തിയുക്തം എതിർക്കുവാനോ ശക്തിയും മർദ്ദനവും മുഖേന- സത്യത്തിന്നെതിരിൽ എക്കാലവും ഉപയോഗപ്പെടുത്തപ്പെട്ട ആയുധം ഇതുതന്നെയാണല്ലോ- അതിനെ നശിപ്പിക്കാനോ അവർക്ക് കഴിയാതെയായി. ഒരൊറ്റ മാർഗ്ഗമേ അവരുടെ മുമ്പിൽ തുറന്നുകിടന്നിരുന്നുള്ളൂ. മിത്രഭാവം നടിച്ച് ഇസ്‌ലാമിന് തുരങ്കം വെക്കുകയും മുസ്‌ലിംകളോട് ഐക്യപ്പെട്ട് അവർക്കിടയിൽ ഭിന്നിപ്പും ഛിദ്രവും ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അത്. അതുകൊണ്ട് ഇസ്‌ലാമിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ അന്ധരായിത്തീർന്ന ചില കടുത്ത ഹൃദയക്കാർ ഇസ്‌ലാമതമാശ്ലേഷിക്കുകയും മുസ്‌ലിമിന്റെ വേഷത്തിൽ ഇസ്‌ലാമിനെ നശിപ്പിക്കാൻ തീർച്ചയാക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ പുരോഗതി ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതാകയാൽ- ഇടയന്റെ കണ്മുമ്പിൽ വെച്ച് ആട്ടിൻപറ്റത്തെ ആക്രമിക്കാൻ ചെന്നായക്കു സാധ്യമല്ലല്ലോ!- ഖിലാഫത്തിനെത്തന്നെ തകർക്കുവാനും അങ്ങനെ മുസ്‌ലിംകളെ കോർത്തിണക്കിയ ആ ചങ്ങല പൊട്ടിച്ചുകൊണ്ട് ഐക്യത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് അവരെ അകറ്റുവാനുമുള്ള ഒരു പദ്ധതി അവർ ആസൂത്രണം ചെയ്തു. കാവൽക്കാരന്റെ അഭാവത്തിൽ എല്ലാ അസത്യമതങ്ങൾക്കും തലയുയർത്താനും വഞ്ചനാപരമായ ഗൂഢാലോചനകൾ ഒളിച്ചുവെക്കാനും സാധ്യമാകുമെന്ന് ശത്രുക്കൾ മനസ്സിലാക്കിയിരുന്നു.

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ഇസ്‌ലാമിന്റെ അടിത്തറയെത്തന്നെ കുലുക്കിക്കളഞ്ഞ ആ വിപ്ലവത്തിന്റെ അടിസ്ഥാന കാരണങ്ങൾ ഞാനിപ്പറഞ്ഞവയാണെന്നാണ് എന്റെ അഭിപ്രായം. ഇസ്‌ലാംമതത്തിന്റെ മനോഹരസൗധം ക്ഷണത്തിൽ തകർന്ന് നിലംപൊത്തുമെന്നും ആ മതം നശിച്ചുനാമാവശേഷമായിപ്പോകുമെന്നുമുള്ള പ്രത്യാശ ശത്രുക്കൾക്ക് വെച്ചുപുലർത്താൻ സാധിക്കുന്ന സംഭവങ്ങളാണ് തുടർന്നുണ്ടായത്. പക്ഷേ, ആ മതത്തിന്റെ മഹത്തായ ഭാവിയെപ്പറ്റി അതുതന്നെ ഇപ്രകാരം ഒരു അവകാശവാദം പുറപ്പെടുവിച്ചിട്ടുണ്ടെന്നത് അവിസ്മരണീയമത്രെ:

''സത്യമായ മതത്തോടും സന്മാർഗ്ഗദർശനത്തോടുംകൂടി അതിനെ മറ്റെല്ലാ മതങ്ങളുടേയുമ്മേൽ വിജയിപ്പിക്കാനായി തന്റെ സത്യദൂതനെ നിയോഗിച്ചയച്ചത് അല്ലാഹുവത്രെ; ശത്രുക്കൾക്ക് അതെത്രതന്നെ അനിഷ്ടകരമായിരുന്നാലും''. (ഖുർആൻ)

## പ്രക്ഷോഭം തലപൊക്കുന്നു

കുഴപ്പത്തിന്റെ യഥാർത്ഥകാരണങ്ങൾ ഞാൻ പ്രസ്താവിച്ചുവല്ലോ. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്തിന്റെ അവസാനഘട്ടത്തിൽ നടന്ന ചരിത്രസംഭവങ്ങളിൽനിന്ന് ഈ നിഗമനങ്ങളിലാണ് ഞാൻ എത്തിച്ചേർന്നിട്ടുള്ളത്. ഇത് ശരിയോ തെറ്റോ എന്ന്, എന്റെ നിഗമനങ്ങൾക്കടിസ്ഥാനമായ വസ്തുതകൾ ഗ്രഹിച്ചറിയുന്നവർക്കും നിർണ്ണയിക്കാൻ പ്രയാസമുണ്ടാകയില്ല. ആ വസ്തുതകൾ വിവരിച്ചുതുടങ്ങുന്നതിനു മുമ്പേ ഈ കുഴപ്പങ്ങൾ ഹദ്റത്ത് ഉസ്മാന്റെ കാലത്ത് പ്രത്യക്ഷപ്പെടാൻ കാരണമെന്തെന്നും അതിനു മുമ്പേ എന്തുകൊണ്ട് അത് പ്രത്യക്ഷപ്പെട്ടില്ല എന്നും ഞാൻ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

ഹദ്റത്ത് ഉമറിന്റെ കാലത്ത് ജനങ്ങൾ അനിയന്ത്രിതമായ തോതിൽ കൂട്ടം കൂട്ടമായി ഇസ്ലാംമതം ആശ്ലേഷിക്കുകയുണ്ടായി. അവരിൽ ഭൂരിഭാഗവും അറബി ഭാഷ അറിഞ്ഞുകൂടാത്തവരായതിനാൽ അറബികളെപ്പോലെ ഇസ്ലാംമത തത്ത്വങ്ങൾ പഠിച്ചറിയുക അവർക്ക് അത്ര എളുപ്പമുള്ളതായിരുന്നില്ല. പേർഷ്യക്കാരും സിറിയക്കാരുമായുള്ള നൂറ്റാണ്ടുകാലത്തെ സമ്പർക്കം നിമിത്തം, അറബിഭാഷ വശമാക്കിയിരുന്നവരിൽത്തന്നെയും പലതരം ദുഷിച്ച ആശയങ്ങളും വിശ്വാസങ്ങളും വേരൂന്നിക്കഴിഞ്ഞിട്ടുണ്ടായിരുന്നു എന്നതും സ്മരണീയമാണ്. വിശുദ്ധ സഹാബാക്കളുടേയും അനുയായികളുടേയും ശേഷിയും ശ്രദ്ധയുമാകട്ടെ, പേർഷ്യക്കാരിൽനിന്നും ക്രിസ്ത്യാനികളിൽനിന്നും തങ്ങളെത്തന്നെ രക്ഷിക്കുന്നതിനുള്ള മഹായത്നങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയുമായിരുന്നു. ഇങ്ങനെ ബാഹ്യശത്രുക്കളുമായുള്ള പോരാട്ടത്തിൽ മുസ്ലിംകൾ ഏർപ്പെട്ടിരുന്നതിനാലും പുതുവിശ്വാസികളിൽ ഭൂരിഭാഗവും അറബിഭാഷ അറിയാത്തവരും ദുഷിച്ച ആശയങ്ങൾ പുലർത്തിപ്പോന്നിരുന്നവരും ആയിരുന്നതിനാലും അവർക്ക് ഇസ്ലാമിന്റെ യഥാർത്ഥമായ തത്ത്വങ്ങൾ വേണ്ടുംവിധം പഠിച്ചറിയാനുള്ള അവസരവും സൗകര്യങ്ങളും ലഭിക്കുകയുണ്ടായില്ല.

ഹദ്റത്ത് ഉമറിന്റെ കാലത്ത് വലിയതോതിലുള്ള യുദ്ധങ്ങൾ നടത്തേണ്ടിവന്നിരുന്നതിനാലും ശത്രുക്കളുടെ ക്രൂരമായ അക്രമങ്ങളുടെ നിരന്തര ഭീഷണികൾക്ക് ജനങ്ങൾ വശംവദരായിരുന്നതിനാലും അവർക്ക് മറ്റു വിഷയങ്ങളിലേക്ക് തങ്ങളുടെ ശ്രദ്ധ തിരി

ക്കാൻ സമയം ലഭിച്ചിരുന്നില്ല. മുസ്‌ലിംകൾക്ക് ശത്രുക്കളെ നേരിടേണ്ടി വന്നിരുന്നപ്പോഴെല്ലാം പുതുവിശ്വാസികൾ തങ്ങളുടെ മതാവേശവും ഭക്തിവിശ്വാസങ്ങളും പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുമുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ മതപരമായ ശിക്ഷണത്തിന്റെ പോരായ്മയെക്കുറിച്ച് വേണ്ടത്ര ഗൗനിക്കപ്പെട്ടതുമില്ല. ഹദ്‌റത്ത് ഉസ്മാൻ (റ) ന്റെ ഖിലാഫത്തിന്റെ ആദ്യകാലങ്ങൾ വരേയും ഇതേനിലതന്നെയാണ് തുടർന്നുപോന്നിരുന്നത്. അക്കാലങ്ങളിൽ ചില യുദ്ധങ്ങൾ നടന്നുകൊണ്ടിരുന്നതിനാൽ ജനങ്ങൾ മുൻനിലയനുസരിച്ചുള്ള ധാരണകൾ പുലർത്തിപ്പോന്നു. എന്നാൽ, സമാധാനനില കുറെയൊക്കെ പുനഃസ്ഥാപിക്കപ്പെടുകയും ജനങ്ങളുടെ ആവേശമെല്ലാം ആറിത്തണുത്തുവരികയും ചെയ്തതോടെ മതപരമായ പരിശിക്ഷണത്തിന്റെ അഭാവം തികച്ചും അനുഭവപ്പെട്ടുതുടങ്ങി. ആതക്കംനോക്കി ഇസ്‌ലാമിന്റെ ശത്രുക്കൾ തങ്ങളുടെ ആസൂത്രണങ്ങൾ നടപ്പിൽ വരുത്താൻ ഒരുങ്ങുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഹദ്‌റത്ത് ഉസ്മാൻ(റ)ന്റെ ഏതെങ്കിലും തെറ്റുകുറ്റം കൊണ്ടോ വീഴ്ചകൾ കാരണമായിട്ടോ ആയിരുന്നില്ല ഈ കുഴപ്പങ്ങൾ തലപൊക്കുമാറായത്. അതേ പരിതസ്ഥിതികളിൽ മറ്റേതൊരു ഖലീഫയുടെ കാലത്തും അതേ സംഭവ വികാസങ്ങൾ ഉടലെടുക്കുമായിരുന്നു. കുഴപ്പങ്ങൾ പ്രത്യക്ഷപ്പെടാനുള്ള പരിതസ്ഥിതികൾ ഒത്തുകൂടിയ ഒരു ഘട്ടത്തിലാണ് ഹദ്‌റത്ത് ഉസ്മാന് ഖലീഫയാകേണ്ടിവന്നത് എന്നത് മാത്രമാണ് അദ്ദേഹത്തിന്റെ കുറ്റം! ഹദ്‌റത്ത് അബൂബക്കറിനേക്കാളും ഹദ്‌റത്ത് ഉമറിനേക്കാളും ഇക്കാര്യത്തിൽ ഹദ്‌റത്ത് ഉസ്മാന് ഉത്തരവാദിത്വമുണ്ടെന്ന് പറഞ്ഞുകൂടാ. ആ സംഭവവികാസങ്ങൾക്ക് മുൻ ഖലീഫമാരിൽ ആരെങ്കിലുമൊരാൾ കുറ്റവാളിയായിരുന്നില്ലെന്ന് എങ്ങനെ ഉറപ്പിച്ചുപറയാം? ഈ സംഭവവികാസങ്ങൾക്കെല്ലാം ഹദ്‌റത്ത് ഉസ്മാന്റെ ബലഹീനതയാണ് കാരണമായതെന്ന് ചിലർ പറയുന്നത് കേൾക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നാറുണ്ട്. ഹദ്‌റത്ത് ഉസ്മാൻ(റ) ഖലീഫയായിത്തീരുമെന്നു ഓർക്കപോലും ചെയ്തിട്ടില്ലായിരുന്നപ്പോൾ ഹദ്‌റത്ത് ഉസ്മാൻ(റ) തന്നെയും, വരാൻ പോകുന്ന വിപത്തുകളെ മുൻകൂട്ടി കണ്ടറിയുകയും അസന്ദിഗ്ദ്ധമായ ഭാഷയിൽ ഒരവസരത്തിൽ ഖുറൈശികളെ താക്കീത് ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. വിശുദ്ധസഹാബാക്കളെ തലസ്ഥാനനഗരി വിട്ടുപോകാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. തലസ്ഥാനം വിട്ട് പുറത്തുപോകുന്നതിന് അവ

രിൽ ചിലർ അനുമതിക്കാവശ്യപ്പെട്ടപ്പോൾ “അല്ലാഹുവിന്റെ റസൂലിനോടൊപ്പം യുദ്ധം ചെയ്തിട്ട് നിങ്ങൾക്ക് തൃപ്തി വന്നില്ലേ?” എന്ന് ഹദ്‌റത്ത് ഉമർ(റ) ചോദിക്കുമായിരുന്നു. രണ്ട് കാരണങ്ങളെ മുൻനിറുത്തി ഹദ്‌റത്ത് ഉമർ(റ) സഹാബാക്കളെ യുദ്ധയാത്രകളിൽ പങ്കെടുപ്പിക്കുകയുണ്ടായില്ല. (1) മദീനയിൽ ഒരു സംഘം മതജ്ഞാപകർ സ്ഥിരമായി ഉണ്ടാകേണ്ടിയിരുന്നു (2) വിശുദ്ധസഹാബാക്കൾക്ക് അവരുടെ ആദ്യകാലത്തെ സേവനങ്ങൾക്കുള്ള പ്രതിഫലമെന്നോണം യുദ്ധഭോഗങ്ങളിൽനിന്ന് സവിശേഷമായ ഒരു പങ്കുമുമ്പേതന്നെ ലഭിച്ചുകഴിഞ്ഞതിനാൽ പിന്നേയും യുദ്ധങ്ങളിൽ ഭാഗഭാക്കുകളാകുന്നതോടെ അവർക്ക് കൈവരുന്ന ഐശ്വര്യവർദ്ധന മറ്റുള്ളവരിൽ അവർക്കുനേരെ അതൃപ്തിയും അസൂയയും ജനിപ്പിക്കാൻ കാരണമാകുമായിരുന്നു. യുദ്ധയാത്രകളിൽ പങ്കെടുക്കുന്നതിൽനിന്ന് വിലക്കപ്പെട്ടതിനെക്കുറിച്ച് തിരുസഹാബാക്കളിൽ ചിലർ ഒരിക്കൽ ആവലാതിപ്പെട്ടപ്പോൾ ഹദ്‌റത്ത് ഉമർ(റ) ഇപ്രകാരമാണ് പറഞ്ഞത്: “ഞാൻ ഇസ്‌ലാമിനെ ഒരൊട്ടകത്തെപ്പോലെ കരുതുന്നു. ഒട്ടകം ജനിച്ചതിനുശേഷം അത് വളർച്ചയെ പ്രാപിച്ചുതുടങ്ങുന്നു. അതിന് രണ്ട് പല്ലുകൾ മുളക്കുന്നു. പിന്നെ അതിന് നാല് പല്ല് വരികയായി. പിന്നീട് പല്ല് ആറെണ്ണമായി തീർന്നു. എല്ലാറ്റിനും ശേഷം അണപ്പല്ലുകളും മുളയ്ക്കുന്നു. ഇവയെല്ലാം പൂർത്തിയായതിൽപ്പിന്നെ ബലഹീനതയും വീഴ്ചയും പ്രതീക്ഷിക്കുവാനെന്ത്? ശ്രദ്ധിക്കുവിൻ! ഇസ്‌ലാം അതിന്റെ ഉച്ചസ്ഥിതിയെ പ്രാപിച്ചിരിക്കുകയാണ്. ഗനീമത്ത് മുതലുകൾ സ്വന്തത്തിൽ പങ്കിട്ടെടുക്കാനും മറ്റാർക്കും ലഭ്യമല്ലാതാക്കുന്നതിനുമാണ് ഖുറൈശികൾ ഇന്ന് പാടുപെടുന്നത്. എന്നാൽ, അവർക്ക് തങ്ങളുടെ കഴിഞ്ഞകാലങ്ങളിലെ സേവനങ്ങൾക്കൊത്തവിധം ഗനീമത്തിന്റെ പങ്ക് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇനിയുമവർ അതെടുക്കുകയാണെങ്കിൽ മറ്റുള്ളവർക്ക് ഒന്നും കിട്ടുകയില്ല. ഹേ, ഖുറൈശികളേ, ഉമർ ബിൻ ഖത്ത്വാബ് ജീവിച്ചിരിക്കുന്നിടത്തോളം കാലം കുഴപ്പത്തിന്റെ തീക്കുണ്ടിൽ ചാടാൻ നിങ്ങൾ അനുവദിക്കപ്പെടുന്നതല്ലെന്ന് ഓർത്തുകൊള്ളുവിൻ!” ഹദ്‌റത്ത് ഉമറിന്റെ ഈ വാക്കുകളിൽനിന്ന് വ്യക്തമാകുന്നത് അദ്ദേഹം തന്റെ കാലത്തുതന്നെ ജനങ്ങളുടെ പ്രവണതകൾ നോക്കിക്കാണുകയും തിരുസഹാബാക്കളുടെ ഐശ്വര്യവർദ്ധനയെപ്പറ്റി ജനങ്ങൾ അന്യഥാ ചിന്തിച്ചുതുടങ്ങിയിട്ടുള്ളതായി മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നത്രെ. ഇക്കാരണ

ത്താലാണ്, വളരെ അത്യാവശ്യമെന്ന് തോന്നിയ ചില സഹാബാക്കളൊഴിച്ച് മറ്റാരേയും പുതിയ യുദ്ധയാത്രകളിൽ പങ്കുചേരാൻ അദ്ദേഹം അനുവദിക്കാതിരുന്നത്. സഹാബാക്കളെ കുറിച്ച് ജനങ്ങളിൽ പിറുപിറുപ്പ് ഒഴിവാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇസ്ലാം അഭിവൃദ്ധിയുടെ ഉച്ചനിലയെ പ്രാപിച്ചുകഴിഞ്ഞിരുന്നതിനാൽ മേലിൽ അത് അധഃപതനത്തിലേക്ക് നീങ്ങിത്തുടങ്ങിയേക്കാമെന്ന് ആ മഹാപുരുഷൻ ഭയപ്പെട്ടിരുന്നിരിക്കാം.

## പണക്കൊതിയന്മാർ രംഗത്ത്

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്തുണ്ടായ ഭിന്നിപ്പിലേക്ക് വെളിച്ചം വീശുന്ന ആ വസ്തുതകൾ ഞാനിനി വിവരിക്കാം:

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്തിന്റെ ആദ്യ ആറ് വർഷത്തിൽ കുഴപ്പത്തിന്റെ യാതൊരു ലക്ഷണവും കാണാനുണ്ടായിരുന്നില്ലെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. നേരെമറിച്ച്, അദ്ദേഹത്തിന്റെ കാലത്ത് ജനങ്ങൾ അദ്ദേഹത്തെ ഹദ്റത്ത് ഉമറിനേക്കാളും* കൂടുതലായി സ്നേഹിച്ചിരുന്നുവെന്നുപോലും പറയേണ്ടിയിരിക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നുവെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ നേരെ അവർക്ക് വലിയ ഭയവും തോന്നിയിരുന്നു. അക്കാലത്തെ ഒരു കവി ഇപ്രകാരമാണ് പാടുകയുണ്ടായത്:

"അല്ലയോ അവിശ്വാസികളേ, ഖലീഫാ ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ജനങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ കൊള്ളയടിക്കരുത്! അഫ്ഫാന്റെ പുത്രനെ നിങ്ങൾ മുമ്പേതന്നെ പരീക്ഷിച്ചുകഴിഞ്ഞിട്ടുണ്ട്. അദ്ദേഹം തട്ടിപ്പറിക്കാർക്കും കൊള്ളക്കാർക്കും ഖുർആന്റെ നിയമപ്രകാരം കൊലശിക്ഷ നല്കുന്നു. അദ്ദേഹം ഖുർആന്റെ കല്പനയനുസരിച്ച് അംഗഛേദം ചെയ്യാനും മടിക്കുകയില്ല."

ഏഴാം വർഷത്തിലാണ്, ഒരു പുതിയ പ്രസ്ഥാനം നാമ്പെടുക്കുന്നതായി നാം കാണുന്നത്. എന്നാലത് ഖലീഫയ്ക്കെതിരായിട്ടായിരുന്നില്ല. തിരുസഹാബാക്കൾക്കോ ഏതാനും ഗവർണ്ണർമാർക്കോ എതിരായിട്ടാണ് ആരംഭിച്ചത്. ജനങ്ങളുടെ അവകാശങ്ങളെ ഹദ്റത്ത് ഉസ്മാൻ(റ) അങ്ങേയറ്റം മാനിച്ചിരുന്നു. എന്നാൽ, ആദ്യകാല സഹാബികൾക്കുണ്ടായിരുന്ന അതേ ബഹുമാനാദരങ്ങൾ ഖലീഫയുടെ സന്നിധിയിൽ മറ്റുള്ളവർക്ക് ലഭിച്ചിരുന്നില്ല. ഉദ്യോഗങ്ങളിലും സ്ഥാനമാനങ്ങളിലും അവരോടൊത്ത പങ്ക്

തങ്ങൾക്ക് ലഭിക്കുന്നില്ലെന്നതായിരുന്നു അവരുടെ പരാതി. അജ്ഞനായ ഒരു മുസ്ലിമിനേയോ സ്വതന്ത്രനാക്കപ്പെട്ട ഒരു ബദ്‌വിയേയോ കണ്ടുമുട്ടിയാൽ ഇക്കൂട്ടർ അത്തരക്കാരോട് തങ്ങളുടെ ഈ പരാതികളും സങ്കടങ്ങളും വിവരിക്കുകയും അങ്ങനെ അവരിൽ ചിലർ വിവരക്കേടിനാലോ ധനക്കൊതി നിമിത്തമോ അത്തരക്കാരോടൊപ്പം ചേരാൻ ഇടയാകുകയും ചെയ്തിരുന്നു. അത്തരക്കാരുടെ എണ്ണം ക്രമത്തിൽ കൂടിക്കൂടിവരികയും പിന്നെ അത് ഗണ്യമായി വർദ്ധിക്കുകയും ചെയ്തു. ഒരു കുഴപ്പം തുടങ്ങിക്കഴിഞ്ഞാൽ അതിനെ ഊതിവീർപ്പിക്കുന്നതിന് വേണ്ടത്ര കാരണങ്ങളുണ്ടാകാമല്ലോ.

കുസൃതിക്കാരായ ഒരുകൂട്ടം ആളുകൾ കാരണം ഒരു ഭാഗത്ത് സഹാബാക്കൾക്കെതിരായി ശക്തിമത്തായ ഒരു പ്രക്ഷോഭം നടന്നുകൊണ്ടിരിക്കെ മറുഭാഗത്ത് പുതുവിശ്വാസികളുടെ ആവേശവും ആത്മവീര്യവും കെട്ടടങ്ങിത്തുടങ്ങുകയായിരുന്നു. എന്തെന്നാൽ, തിരുനബിയുമായും വരിഷ്ഠസഖാക്കളുമായും അടുത്തിടപഴകാനോ അവരുടെ ആത്മീയശക്തിയാൽ പ്രഭാവിതരായിത്തീരാനോ അവർക്ക് ഭാഗ്യം സിദ്ധിച്ചിരുന്നില്ല. 'ബയ്അത്ത്' ചെയ്തതോടെ തങ്ങൾ പഠിക്കേണ്ടതെല്ലാം പഠിച്ചുകഴിഞ്ഞു എന്നായിരുന്നു അവരുടെ വിചാരം. അവരുടെ ആവേശം കുറഞ്ഞുതുടങ്ങിയതോടെ അവരുടെമേൽ ഇസ്ലാമിന്നുണ്ടായിരുന്ന പിടിത്തവും അയഞ്ഞു. അങ്ങനെ, ഏതെല്ലാം അത്യാചാരങ്ങളിൽനിന്നും ഇസ്ലാം അവരെ രക്ഷപ്പെടുത്തിയോ അവയിലേക്ക് അവർ പിന്നേയും വഴുതിവീണു. എന്നാൽ, അതിക്രമങ്ങൾക്കും പോക്കിരിത്തരങ്ങൾക്കും തക്കതായ ശിക്ഷ ലഭിക്കാതിരുന്നില്ല. പക്ഷേ, സ്വന്തംനില ശരിപ്പെടുത്തുന്നതിനു പകരം ഭരണാധികാരികളെത്തന്നെ സംഹരിക്കാനുള്ള ഗൂഢാലോചനകൾ ആസൂത്രണം ചെയ്യാനാണ് അവർ ആരംഭിച്ചത്. ഒടുവിൽ, അത് ഇസ്ലാമിന്റെ ഐക്യബന്ധത്തേയും സാഹോദര്യത്തേയും താറുമാറാക്കുന്ന തരത്തിൽ ഭയങ്കരമായ ഒരു ഛിദ്രത്തിൽ കലാശിക്കുകയും ചെയ്തു.

## കൂഫാ കുഴപ്പങ്ങളുടെ കേന്ദ്രം

ഈ ഗൂഢമായ പ്രചാരവേലയുടെ കേന്ദ്രം കൂഫയായിരുന്നു. എന്നാൽ, തലസ്ഥാന നഗരിയിൽത്തന്നെ ഇസ്ലാമിന്റെ പ്രഥമിക പാഠങ്ങൾ പോലും അറിഞ്ഞുകൂടാത്ത ആളുകൾ ഉണ്ടായിരുന്നു

വെന്ന് മനസ്സിലാക്കാൻ കഴിയുന്ന ഒരു സംഭവം മദീനയിൽ നടക്കുകയുണ്ടായി എന്നത് എത്രയും ആശ്ചര്യാവഹമായിരിക്കുന്നു. പേരിനു മാത്രം മുസ്‌ലിമായ ജംറാൻ ബിൻ അബ്വാൻ എന്നൊരാൾ ഒരു സ്ത്രീയെ അവരുടെ 'ഇദ്ദ' അവസാനിക്കുന്നതിന് മുമ്പേ വിവാഹം ചെയ്യുകയുണ്ടായി. എന്നാൽ, നിയമവിരുദ്ധമായ ഈ വിവാഹത്തെക്കുറിച്ച് ഹദ്റത്ത് ഉസ്മാൻ(റ) അറിഞ്ഞപ്പോൾ അദ്ദേഹം അയാളെ കഠിനമായി ശാസിക്കുകയും വിവാഹബന്ധം ദുർബ്ബലപ്പെടുത്തി അയാളെ ബസ്റയിലേക്കു നാടുകടത്തുകയും ചെയ്തു. ഇസ്‌ലാമിന്റെ തത്ത്വങ്ങളും പാഠങ്ങളും ഒട്ടും മനസ്സിലാക്കാതെ മതജ്ഞാനികളെന്ന നാട്യത്തിലും തങ്ങൾക്കിനിയൊന്നും പഠിക്കാനില്ലെന്ന ധാരണയിലും കഴിഞ്ഞുകൂടുകയും താന്തോന്നികളായി ജീവിക്കുകയും ചെയ്തിരുന്ന ചിലർ ശരീഅത്തിന്റെ കല്പനകളെ അനാവശ്യമായ ഒരു ഭാരമായി കരുതിത്തുടങ്ങിയിട്ടുണ്ടായിരുന്നു എന്നു മേൽസംഭവത്തിൽനിന്ന് നമുക്ക് ഗ്രഹിക്കാൻ കഴിയും. ഇസ്‌ലാമിന്റെ ഉപദേശങ്ങളും തത്ത്വങ്ങളും നല്ലവണ്ണം പഠിച്ചറിഞ്ഞ മദീനാവാസികൾക്കിടയിൽ നടന്ന ഒരു ഒറ്റപ്പെട്ട സംഭവമായി നമുക്കിതിനെ കരുതാമെങ്കിലും മറ്റു ചില നഗരങ്ങളിൽ ജനങ്ങളിലൊരു വിഭാഗം ഭോഗലോലുപവും ധിക്കാരപരവുമായ ജീവിതം നയിച്ചുതുടങ്ങിയിരുന്നു.

കൂഫയിൽ പിടിച്ചുപറിയിൽ ഏർപ്പെട്ട ഒരു കൂട്ടം ചെറുപ്പക്കാരുടെ സംഘം രൂപമെടുത്തിട്ടുണ്ടായിരുന്നു. അവർ രാത്രി അലിയ്യ് ബിൻ ഹൈമിയാന്റെ വീട് കൊള്ള ചെയ്യാൻ പുറപ്പെട്ടു. വീട്ടുടമസ്ഥൻ വിവരമറിഞ്ഞ് പുറത്തേക്കുവന്നെങ്കിലും തെമ്മാടികളുടെ എണ്ണം കണ്ടപ്പോൾ നിസ്സഹായനായി നിലവിളിച്ചുതുടങ്ങി. കൊള്ളക്കാർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും കുത്തിക്കൊല്ലുകയുമുണ്ടായി. സമീപവാസികൾ സംഭവം അറിഞ്ഞ് ഓടിയെത്തുകയും അക്രമികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വധിക്കപ്പെട്ടയാളുടെ ഒരു അയൽവാസിയും ഒരു സഹാബിയുമായിരുന്ന അബൂശുറഅ് (റ) ഈ സംഭവങ്ങളും കൊള്ളക്കാർ അലിയെ വധിക്കുന്നതുമെല്ലാം തന്റെ ഭവനത്തിൽനിന്ന് നേരിട്ട് കാണുകയുണ്ടായി. അദ്ദേഹത്തിന്റെ പുത്രനും ഈ അക്രമത്തിന് ദൃക്സാക്ഷിയായിരുന്നു. ഈ സംഭവം സംബന്ധിച്ച് മുഴുവൻ വിവരങ്ങളും ഖലീഫയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടു. അവരെയെല്ലാം വധിക്കുവാൻ ഖലീഫ കല്പന നൽകിയതിനെ തുടർന്ന് അന്ന് ബസ്റാ ഗവർണ്ണരായിരുന്ന വലീദ് ബിൻ

ഉഖ്ബത്ത് അവരെ നഗരത്തിന്റെ പ്രവേശ ദ്വാരത്തിനടുത്തുള്ള തുറന്ന മൈതാനിയിൽവെച്ച് പരസ്യമായി തൂക്കിക്കൊന്നു. ഇത് തികച്ചും ഒറ്റപ്പെട്ട ഒരു പ്രധാന സംഭവമാണെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. എങ്കിലും അങ്ങനെ കരുതുന്നത് ശരിയാവില്ലെന്ന് അന്നത്തെ സ്ഥിതിഗതികളും സംഭവങ്ങളും സസൂക്ഷ്മം പരിശോധന ചെയ്യുമ്പോൾ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഇസ്‌ലാമിന്റെ അപ്രതിഹതമായ മുന്നേറ്റം കാരണം എല്ലാതരത്തിലുള്ള കുറ്റങ്ങൾക്കും അക്രമപ്രവർത്തനങ്ങൾക്കും അറുതിവരികയും രാജ്യത്തുടനീളം പരിപൂർണ്ണമായ ശാന്തിയും ഭദ്രതയും നടമാടുകയും ചെയ്തിരുന്ന ഒരുകാലമായിരുന്നു അത്. ജനങ്ങളിൽ സുരക്ഷിതബോധം വളർന്നിരുന്നതിനാൽ രാത്രികാലങ്ങളിൽ ഭവനങ്ങൾ അടച്ചുപൂട്ടുവാൻ പോലും ആളുകൾ ശ്രദ്ധിച്ചിരുന്നില്ല.

സങ്കടക്കാർക്കും ആവലാതിക്കാർക്കും ഏതൊരവസരത്തിലും ഗവർണ്ണർമാരെ സമീപിക്കാൻ കഴിയുമാറാകുന്നതിന്, ഗവർണ്ണർമാർ അവരുടെ ഭവനങ്ങൾക്ക് മുമ്പിൽ ഭിത്തി കെട്ടിപ്പൊക്കാതിരിക്കണമെന്ന് ഹദ്റത്ത് ഉമർ(റ) നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ, രാജ്യത്ത് പരിപൂർണ്ണമായ സമാധാനം നടമാടുകയും അങ്ങേയറ്റത്തെ ഭദ്രത നിലനില്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ ഈ കല്പന നടപ്പിൽ വരുത്താൻ സാധിക്കുമായിരുന്നില്ല. സാമൂഹികരംഗത്ത് വലിയ സ്വാധീനശക്തിയുള്ള സമുന്നതവ്യക്തികളുടെ മക്കൾ ഇത്തരം പാതകങ്ങൾക്കും തെമ്മാടിത്തങ്ങൾക്കും ഉപകരണങ്ങളായി വർത്തിച്ചിരുന്നു എന്ന വസ്തുതയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ മുൻപറഞ്ഞ സംഭവത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. ആ സംഭവം സാധാരണ നിലയിലുള്ളതായിരുന്നില്ലെന്നും ഒരു വമ്പിച്ച വിപ്ലവത്തിലേക്ക് വിരൽചൂണ്ടുന്ന അതിപ്രധാനമായ ഒന്നായിരുന്നുവെന്നും വേണം കരുതുവാൻ. അറിവില്ലാത്ത ജനങ്ങളുടെമേൽ ഇസ്‌ലാമിന് നിയന്ത്രണം ചെലുത്താൻ സാധിക്കാതെ വന്നതിനാൽ അവർ ഭോഗലോലുപവും കുത്തഴിഞ്ഞതുമായ ജീവിതം നയിക്കാൻ മടിച്ചിരുന്നില്ല. ദരിദ്രവിഭാഗങ്ങളിൽ കുറ്റവാളികളെ കണ്ടെത്താവുന്നതുപോലെതന്നെ അക്രമപ്രവർത്തനങ്ങളിലൂടെയും ഭീകരമാർഗ്ഗങ്ങളിലൂടെയും നഷ്ടപ്പെട്ട സ്ഥാനമാനങ്ങൾ വീണ്ടെടുക്കാൻ പരിശ്രമിക്കുന്ന കുലീനന്മാരേയും കണ്ടെത്താമായിരുന്നു. ഹദ്റത്ത് അബൂശറഅ്(റ) ഈ സ്ഥിതിവിശേഷം നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നതിനാൽ അദ്ദേഹം

തന്റെ സ്വത്തുക്കളെല്ലാം വിറ്റ ഉടൻതന്നെ മദീനയിലേക്ക് പുറപ്പെട്ടു. അദ്ദേഹം കൂഫയിൽനിന്നും ഒഴിഞ്ഞുപോന്നതിൽനിന്നുതന്നെ ആ സംഭവം അടുത്തഭാവിയിൽ പൊട്ടിപ്പുറപ്പെടുമായിരുന്ന അറുതി വരാത്ത ഒരു അക്രമപരമ്പരകളുടെ ആരംഭം കുറിച്ച അത്യാചാരമായിരുന്നുവെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടായിരുന്നില്ല.

## അബ്ദുല്ലാഹ് ബിൻ സബാ

അക്കാലത്ത് ഒരു പുതിയ കുഴപ്പം രൂപമെടുത്തുതുടങ്ങി. മാതാവിന്റെ പേരിനോടനുബന്ധിച്ച് ഇബ്നു സൗദ എന്ന് വിളിച്ചുവന്നിരുന്ന അബ്ദുല്ലാഹ് ബിൻ സബാ എന്ന് പേരായ ഒരു യഹൂദൻ മുസ്‌ലിംകളിൽ കലഹവും ഛിദ്രവും ഉണ്ടാക്കാനുള്ള ഉദ്ദേശ്യത്തോടെ ഇസ്‌ലാംമതം ആശ്ലേഷിച്ചു. യമൻ നിവാസിയായ ഇയാൾ വലിയൊരു കുഴപ്പക്കാരനായിരുന്നു. അക്കാലത്തുണ്ടായ ലഹളകളുടേയും പ്രക്ഷോഭങ്ങളുടേയുമെല്ലാം പിന്നിൽ ഈ മനുഷ്യനെ കാണാമായിരുന്നു. ഗൂഢാലോചനകളിലും ഗൂഢതന്ത്രങ്ങളിലും അതീവതൽപരനും സമർത്ഥനുമായ ഇയാളുടെ മസ്തിഷ്കത്തിൽ നിന്നും കുസൃതികളും കുയുക്തികളും പുറത്തുവന്നുകൊണ്ടിരുന്നു. ആളുകളെ തിരിച്ചറിയാനും സ്വഭാവമറിഞ്ഞ് പെരുമാറാനും സാധിച്ചിരുന്നതിനാൽത്തന്നെ തന്റെ മനസ്സിനിണങ്ങിയവരെ കണ്ടുപിടിക്കാനും പ്രയാസമുണ്ടായിരുന്നില്ല. തന്റെ താൽപര്യത്തിനൊത്ത് ഇബ്നുസബാ എല്ലാവരുമായി സംസാരിക്കുകയും പുണ്യവാൻ നടിച്ച് എല്ലാവരിലും തിന്മ കുത്തിവെച്ചുകൊണ്ടിരിക്കുകയുമുണ്ടായി. ഇപ്രകാരം ജ്ഞാനികളും വിചാരശീലരുമായ പലരേയും ചതിപ്പെടുത്തുന്നതിൽ അയാൾ വിജയിക്കുകതന്നെ ചെയ്തു. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്തിന്റെ ആദ്യഘട്ടത്തിലാണ് അയാൾ മതപരിവർത്തനം ചെയ്തത്. അയാൾ മുസ്‌ലിം രാജ്യങ്ങളിൽ ഒരു പര്യടനം നടത്തുകയും വിവിധ സ്ഥലങ്ങളിലെ ആളുകളേയും പ്രശ്നങ്ങളേയും പഠിച്ചറിയുകയും തന്റെ ഗൂഢപ്രചാര വേലകൾ നടത്തുന്നതിന് അനുകൂലമായി ഉപയോഗപ്പെടുത്താവുന്ന ദുർബ്ബലവ്യക്തികളേയും കേന്ദ്രങ്ങളേയും വേഗത്തിൽ കണ്ടുപിടിക്കുകയും ചെയ്തു. മദീനയിൽ വിജയം ലഭിക്കുമെന്ന് അയാൾക്ക് പ്രതീക്ഷയുണ്ടായിരുന്നില്ല. മക്കയാകട്ടെ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു കേന്ദ്രവുമല്ല. മദീനയ്ക്ക് പുറമെ ബസ്റാ, കൂഫാ, ദിമിശ്ക്, ഫുത്വാത് മുതലായവ സുപ്രധാന രാഷ്ട്രീയകേന്ദ്രങ്ങളായിരുന്നു. ഇയാൾ ഈ

കേന്ദ്രങ്ങളിലെല്ലാം പര്യടനം നടത്തുകയും ഗവർമ്മെന്റിൽനിന്ന് ശിക്ഷയ്ക്കിരയായി തീർന്നവരും തന്നിമിത്തം ഭരണകർത്താക്കളുടെ നേരെ അനിഷ്ടവും രോഷവും പുലർത്തിയിരുന്നവരുമായ ആളുകളെ കണ്ടുപിടിക്കുകയും അവരോടൊപ്പം വസിക്കുകയും ചെയ്തു. ആദ്യമായി അയാൾ സന്ദർശിച്ചത് ബസ്റയായിരുന്നു. അവിടെ ഗവർമ്മെന്റിന്റെ നോട്ടപ്പുള്ളിയായി കഴിഞ്ഞുവന്നിരുന്ന ഒരു രാഷ്ട്രീയതടവുകാരനായിരുന്ന കലീഫ് ബിൻ ജബലത്തിനോടൊപ്പമാണ് അയാൾ പാർത്തത്. തന്റെ മനസ്സിനിണങ്ങിയവരെയെല്ലാം ഒരുമിച്ച് കൂട്ടിക്കൊണ്ട് അയാൾ ഒരു സംഘം അവിടെ രൂപീകരിച്ചു. തുടക്കത്തിൽത്തന്നെ തന്റെ ആലോചനകളും പരിപാടികളുമെല്ലാം അയാൾ അവരോട് തുറന്നുപറയാൻ മടിച്ചുവെങ്കിലും അവരെ കുഴപ്പങ്ങൾക്ക് പ്രേരിപ്പിക്കാനുള്ള സൂത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്നു. രഹസ്യപ്രചാര വേലയോടൊപ്പം അയാൾ ഉപദേശപ്രസംഗങ്ങളും പ്രഭാഷണങ്ങളും മുറയ്ക്ക് നടത്തിക്കൊണ്ടിരിക്കുകയും സാവകാശം ജനപ്രീതി നേടിത്തുടങ്ങുകയും ചെയ്തു. അയാളുടെ ആപാതമധുരങ്ങളായ ഉദ്ബോധനങ്ങൾക്ക് ജനങ്ങൾ ചെവികൊടുത്തുതുടങ്ങി. അയാളെപ്പറ്റി റിപ്പോർട്ടുകൾ കിട്ടിത്തുടങ്ങിയപ്പോൾ ബസ്റാ ഗവർണ്ണറായ അബ്ദുല്ലാഹ് ബിൻ ആമിർ അയാളെ വിളിപ്പിക്കുകയും ബസ്റയിൽ വരാനുള്ള കാരണങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. താൻ 'അഹ്ലുകിതാബി'ലെ ഒരംഗമായിരുന്നുവെന്നും ഇസ്‌ലാംമതം ആശ്ലേഷിച്ചിരിക്കുകയാണെന്നും ഗവർണ്ണരുടെ രക്ഷയിൽ കഴിയാനാഗ്രഹിക്കുന്നുവെന്നും അയാൾ പറഞ്ഞു. ഗവർണ്ണർക്ക് അയാളുടെ ശരിയായ നിലയും നീക്കങ്ങളും സംബന്ധിച്ച രഹസ്യറിപ്പോർട്ടുകൾ ലഭിച്ചിരുന്നതിനാൽ അയാളുടെ പ്രസ്താവനകളൊന്നും അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ഉപകരിച്ചില്ല. തനിക്ക് ലഭിച്ച വിവരങ്ങൾ മറ്റൊരുതരത്തിലുള്ളതായിരിക്കയാൽ ഉടൻ നഗരംവിട്ട് പൊയ്ക്കൊള്ളേണ്ടതാണെന്ന് ഗവർണ്ണർ അയാളോട് കല്പിച്ചു. അയാൾ ബസ്റ വിട്ട് കൂഫയിലേക്ക് പുറപ്പെട്ടു.എന്നാൽ, കുഴപ്പത്തിന്റേയും പ്രക്ഷോഭത്തിന്റേയും വിപ്ലവത്തിന്റേയും വിത്തുകൾ അയാൾ അവിടെ വിതച്ചുകഴിഞ്ഞിരുന്നു. അത് മെല്ലെ തഴച്ചുവളർന്ന് വലിയൊരു വൃക്ഷമായിത്തീർന്നു. ഗവർണ്ണറുടെ ഈ ചെയ്തി രാഷ്ട്രീയമായ വിഡ്ഢിത്തമായിപ്പോയെന്നാണ് എന്റെ അഭിപ്രായം. അയാളെ നാട് കടത്തുന്നതിനു പകരം അയാൾക്കെതിരായി ക്രിമിനൽ നടപടികൾ എടുക്കുകയും

ഗവർമ്മെന്റിന്നെതിരായി വിദ്വേഷം പരത്തുകയും ജനരോഷം ഇളക്കിവിടുകയും ചെയ്തുവെന്ന കുറ്റം ചുമത്തി ശിക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഈ വിപ്ലവം മുളയിൽത്തന്നെ നുള്ളപ്പെട്ടിരിക്കുമായിരുന്നു. അല്ലെങ്കിൽ കുഴപ്പത്തിനുള്ള സാധ്യത പത്തിന് ഒന്നു കണ്ട് കുറഞ്ഞുപോകുമായിരുന്നു. പ്രക്ഷോഭത്തിന്റെ അഗ്നിജ്വാലകൾ മുസ്ലിംലോകത്താകമാനം അടിച്ചുവീശാനുള്ള ദൃഢനിശ്ചയമെടുത്തുകൊണ്ടാണ് ഇബ്നു സബാ വീട്ടിൽനിന്നു പുറപ്പെട്ടത്. ഗവർണ്ണർ അയാളോട് നാടുവിടാൻ കല്പിച്ചപ്പോൾ അയാളുദ്ദേശിച്ച കാര്യത്തിന് എളുപ്പം കൂടുക മാത്രമാണുണ്ടായത്. കൂഫയിൽ ഇബ്നു സബാ ഊർജ്ജസ്വലമായും അക്ഷീണമായ ആവേശത്തോടുകൂടിയും തന്റെ പ്രവർത്തനം നടത്തി. ഇവടെനിന്നും അയാൾ പുറത്താക്കപ്പെട്ടെങ്കിലും ബസ്റയിലെന്നപോലെ കൂഫയിലേയും മണ്ണ് നാശത്തിന്റേയും ഛിദ്രത്തിന്റേയും വിത്തുകൾ വിതച്ച് വിശാലമാക്കിക്കഴിഞ്ഞിരുന്നു. ഇവിടേയും പഴയ തെറ്റുതന്നെ ആവർത്തിക്കപ്പെട്ടു. കൂഫയിൽനിന്നും ഇയാൾ പിന്നെ സിറിയയിലേക്കാണ് തിരിഞ്ഞത്. എന്നാൽ, ഇവിടെ അയാൾ തികഞ്ഞ നിരാശയിൽപെട്ടു. സിറിയയിൽ ഹദ്റത്ത് മുആവിയ കാര്യങ്ങളെല്ലാം വളരെ പ്രാപ്തമായ നിലയിൽ കയ്യാളിയിരുന്നതിനാൽ അയാളുടെ എല്ലാ പ്രത്യാശകളും മണ്ണടിഞ്ഞുപോകയാണുണ്ടായത്. ഒത്തുചേരാൻ അവിടെ ആളുകളെ കിട്ടിയില്ല. ഫിത്ന പരത്താൻപറ്റിയ രഹസ്യ ഏജന്റുമാരേയും കണ്ടെത്തിയില്ല. ആകയാൽ അയാൾ അങ്ങേയറ്റം പരവശനായ നിലയിൽ ഈജിപ്തിലേക്ക് പുറപ്പെട്ടുവെങ്കിലും സിറിയയിൽനിന്നും പുറപ്പെടുന്നതിനുമുമ്പേ അയാൾ പുതിയൊരു ഫിത്ന സൃഷ്ടിച്ചിരുന്നു.

## അബൂദർ(റ) കെണിയിൽപ്പെടുന്നു!

ഹദ്റത്ത് അബൂദർ ഗഫ്ഫാരി(റ) വൃദ്ധനും അതീവഭക്തനുമായ ഒരു സഹാബിയായിരുന്നു. ഇസ്ലാംമതാശ്ലേഷം തൊട്ട് തിരുനബിയുമായി അദ്ദേഹത്തിനുണ്ടായ ബന്ധവും അടുപ്പവും വർദ്ധിച്ചുകൊണ്ടേപോയി. വളരെക്കാലം അദ്ദേഹം നബിതിരുമേനിയുടെ സാഹചര്യത്തിൽ ജീവിച്ചിരുന്നു. ഭൗതികമായ അത്യാഗ്രഹങ്ങളിൽനിന്നും ദുർമ്മോഹങ്ങളിൽനിന്നും അകന്നിരിക്കാൻ തിരുനബി(സ) തന്റെ സഹചരരെ ഉദ്ബോധിപ്പിക്കുന്നത് പലപ്പോഴും കേട്ടുകൊണ്ടിരുന്ന അദ്ദേഹം ധനം സമ്പാദിക്കുന്നത് പാപമാണെന്നു ധരിച്ചു

വശാകുകയും അധികമുള്ള മുതലെല്ലാം സാധുക്കൾക്ക് നല്കണമെന്ന് ധനവാന്മാരോട് ഉപദേശിച്ചുതുടങ്ങുകയും ചെയ്തു. അബൂദർ(റ) ധനത്തിന്റെ നേരെ ഇപ്രകാരം വിരക്തിയുള്ളയാളാണെന്ന് സിറിയയിലെ താമസക്കാലത്തിനിടയിൽത്തന്നെ ഇബ്നുസബാ മനസ്സിലാക്കുകയും അദ്ദേഹത്തെ തന്റെ ഉദ്ദേശ്യസാധ്യത്തിനായി ഉപയോഗപ്പെടുത്തണമെന്ന് തീർച്ചയാക്കുകയും ചെയ്തു. അയാൾ ഹദ്റത്ത് അബൂദർറിനെ സമീപിച്ചു ഇപ്രകാരം പറഞ്ഞു:- "നോക്കൂ, മുആവിയായുടെ കുസൃതി കണ്ടില്ലേ? പൊതുമുതലിനെ (അം വാലുൽ മുസ്ലിമീൻ) അദ്ദേഹം ദൈവമുതൽ (മാലുല്ലാഹ്) എന്ന് വിശേഷിപ്പിക്കുന്നത് അവ തന്റെ ഇഷ്ടത്തിനൊത്ത് ചെലവാക്കാനായിട്ടാണ്. അല്ലെങ്കിൽപ്പിന്നെ പൊതുമുതലെന്നെന്തു ലോകത്തിലെ ഓരോ അണുകയും ദൈവത്തിന്റേതുതന്നെയല്ലേ?"

സത്യവിശ്വാസികളുടെ യഥാർത്ഥവും നിത്യവുമായ ആവാസകേന്ദ്രം പരലോകമായിരിക്കയാൽ തങ്ങളുടെ ഐഹികസമ്പാദ്യങ്ങളെല്ലാം സാധുക്കളിൽ വിതരണം ചെയ്യേണ്ടതാണെന്ന് ധനവാന്മാരോട് അവിരാമം പ്രസംഗിച്ചുകൊണ്ടിരുന്ന ഹദ്റത്ത് അബൂദർ(റ) ഇബ്നുസബായുടെ ദുരുദ്ദേശ്യങ്ങളേയും ഗൂഢാലോചനകളേയും കുറിച്ച് ഒന്നും അറിയാതെ അയാളുടെ കെണിയിൽ ചെന്നുചാടുകതന്നെ ചെയ്തു. പൊതുമുതലിനെപറ്റി ദൈവമുതൽ എന്ന് പറയുന്നത് തെറ്റാണെന്നും പൊതുമുതൽ അപഹരിക്കപ്പെട്ടുപോകുന്നതിനു അത് വഴിവെക്കുമെന്നും അദ്ദേഹം ഹൃദയപൂർവ്വം വിശ്വസിച്ചിരുന്നു. സിറിയയിൽ തനിക്ക് കാലുറപ്പിക്കാൻ കഴിയാതെ വന്നതിൽ മുആവിയയോടുള്ള പക തീർക്കാൻ ഇബ്നുസബാ അതോടെ നല്ലൊരു അവസരം കണ്ടെത്തി.

പ്രത്യയനിഷ്ഠനായ അബൂദർ ഗഫ്ഫാരി(റ) ഹദ്റത്ത് മുആവിയയുടെ അടുക്കൽ ചെല്ലുകയും അംവാലുൽ മുസ്ലിമീനെ (പൊതുമുതലിനെ) മാലുല്ലാഹ് (ദൈവമുതൽ) ആയി വിവരിക്കുന്നതിൽ പ്രതിഷേധിച്ച് സംസാരിക്കുകയും ചെയ്തു. മുആവിയ ഇപ്രകാരം മറുപടി നൽകി: "അബൂദർ! ദൈവം നിങ്ങൾക്ക് പൊറുത്തുതരട്ടെ. നാമെല്ലാം ദൈവത്തിന്റെ ദാസരല്ലേ? മുതൽ ദൈവത്തിന്റെ മുതലുംതന്നെ. സൃഷ്ടിജാലം മുഴുവനും ദൈവത്തിന്റേതാണല്ലോ. ലോകത്തിന്റെ ഉടമസ്ഥനും വിധികർത്താവും അല്ലാഹു മാത്രമാണെന്നിരിക്കെ, അവൻ നൽകിയനുഗ്രഹിച്ച അവകാശാധികാരങ്ങൾ ജന

ങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അവയെ ചവിട്ടിമെതിക്കാവുന്നതെങ്ങനെ? ആ അവകാശങ്ങൾ അനുഭവിച്ചുകൊള്ളാൻ അനുവദിക്കുകയല്ലേ വേണ്ടത്?"

മറുപടി നൽകപ്പെടേണ്ടതില്ലാത്തവിധം ന്യായയുക്തമായിരുന്നു മുആവിയയുടെ ഈ പ്രത്യുത്തരം. എന്നാൽ, തന്റേതായ തത്ത്വവിചാരങ്ങളിൽ അടിയുറച്ചുപോയിരുന്നതിനു പുറമെ തലയിൽ ഇബ്നുസബാ പല അബദ്ധധാരണകളും അടിച്ചുകയറ്റിയിരുന്നതിനാലും തന്റെ നിലപാടിൽനിന്ന് അത്രവേഗം പിന്മാറാനാകാഞ്ഞ ഹദ്റത്ത് അബൂദർ(റ), ഒരു മുൻകരുതലായിട്ടെങ്കിലും 'മാലുല്ലാഹ്' എന്ന പദം ഉപേക്ഷിച്ചേക്കാൻ മുആവിയയോടുപദേശിച്ചു. പദം തെറ്റായുപയോഗിക്കുകയാണെന്ന കാര്യത്തിൽ തനിയ്ക്ക് ബോധ്യം വന്നിട്ടില്ലെങ്കിലും, മേലിൽ പൊതുമുതലിനെപറ്റി 'മാലുല്ലാഹ്' എന്നതിനു പകരം 'അംവാലുൽമുസ്‌ലിമീൻ' എന്ന് മാറ്റിപ്പറഞ്ഞുകൊള്ളാമെന്ന് മുആവിയ ഏറ്റു.

തന്റെ തന്ത്രം ഫലിക്കുന്നുണ്ടെന്ന് കണ്ടപ്പോൾ തിരുമേനിയുടെ മറ്റു സഹാബികളെയും ഇബ്നുസബാ സമീപിച്ചുതുടങ്ങി. എന്നാൽ, അവരെല്ലാം ഇബ്നുസബായുടെ സ്വഭാവപ്രകൃതികളെ മാത്രമല്ല, അയാളുടെ കുത്തിത്തിരിപ്പുകളെയും കുസൃതികളെയും കുറിച്ചും അറിവുള്ളവരായിരുന്നതിനാൽ കുതന്ത്രങ്ങൾക്കിരയായിത്തീർന്നില്ല. അയാൾ ഹദ്റത്ത് അബൂദർദായെ ഒന്നു പരീക്ഷിച്ചുനോക്കി. അയാളുടെ ഭാഷണങ്ങൾ കേട്ട് മടുത്ത ആ സഹാബി കുപിതനായി ഒരാട്ടുകൊടുത്തിട്ടു പറഞ്ഞു. "കടന്നുപോകൂ, ഇവിടെനിന്ന്, ജൂതപ്പിശാചേ, നിന്റെ സംസാരത്തിൽ ഭയങ്കര ഫിത്നകൾ നാറുന്നുണ്ടല്ലോ!"

ഇബ്നുസബാ അപമാനിതനായി തലയും താഴ്ത്തി തിരുനബിയുടെ ഒരുറ്റ സഹാബിയും അൻസാരികളുടെ നേതാവുമായ ഉബാദത്ത് ബിൻ സ്വാമിത്തിന്റെ അടുക്കൽ ചെന്നെത്തുകയും തന്റെ അഭിപ്രായങ്ങൾ അവിടെ ചെലവാക്കാൻ നോക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ അയാളെ വലിച്ചിഴച്ചു മുആവിയയുടെ സന്നിധിയിൽ ഹാജരാക്കുകയാണ് ചെയ്തത്. എന്നിട്ട് പറഞ്ഞു: "അബൂദർറിനെ അങ്ങയുടെ അടുക്കലേക്ക് തിരിച്ചുവിട്ട പുള്ളി ഇതാ!" സിറിയയിൽ തന്റെ പരിപ്പ് വേവുകയില്ലെന്ന് ശരിയ്ക്കും ബോധ്യപ്പെട്ട ഇബ്നുസബാ ഈജിപ്തിനെ ലക്ഷ്യമാക്കി പുറപ്പെട്ടു.

## ധനികർക്കെതിരിൽ

ഹദ്റത്ത് അബൂദർ(റ) നവാർജ്ജിതമായ ആവേശത്തോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടി തന്റെ തത്ത്വഘോഷണവുമായി മുന്നോട്ടുപോകാതിരുന്നില്ല. ആവശ്യംകഴിച്ചു ബാക്കിയുള്ള എല്ലാം സാധുക്കൾക്ക് പങ്കിടണമെന്ന് അദ്ദേഹം ധനികരോട് ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. ധനസമ്പാദനത്തിന്നെതിരായുള്ള ഹദ്റത്ത് അബൂദർറിന്റെ ഈ പുറപ്പാടിന് വാസ്തവത്തിൽ യാതൊരു നീതീകരണവുമുണ്ടായിരുന്നില്ല. ധനം കൂമ്പാരം കൂട്ടിവെക്കുന്നുവെന്ന് സഹാബികളിൽ ആരെക്കുറിച്ചും ആക്ഷേപിക്കാമായിരുന്നില്ല. എന്തെന്നാൽ, അവരെല്ലാം ദൈവമാർഗ്ഗത്തിൽ നിർല്ലോഭം ചെലവ് ചെയ്തുകൊണ്ടിരുന്നു. അവർ കുബേരന്മാരെന്നു പറയപ്പെടാവുന്ന നിലയിലെത്തിയിരുന്നെങ്കിലും ഒരിക്കലും ധനം കൂമ്പാരം കൂട്ടിവെക്കുന്നവരായിരുന്നില്ല. സാധുക്കളുടെ സംരക്ഷണാർത്ഥം ധനം ചെലവഴിക്കുകയും ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നതിന്നല്ലല്ലോ അന്യായമായ ധനസമ്പാദനമെന്നും ധനം കൂമ്പാരം കൂട്ടലെന്നും പറയുന്നത്?

തിരുനബിയുടെ കാലത്തുതന്നെ ചില സഹാബികൾ കുബേരന്മാരെന്ന് പറയപ്പെടാവുന്നതരത്തിൽ വലിയ പണക്കാരായിരുന്നു. ഹദ്റത്ത് ഉസ്മാൻ(റ)തന്നെ അത്തരക്കാരിലൊരാളായിരുന്നു. തബൂക്ക് യുദ്ധത്തിൽ പങ്കെടുത്ത പത്തായിരം പട്ടാളക്കാരുടെ മുഴുവൻ ചെലവും അദ്ദേഹം ഒറ്റയ്ക്കാണ് വഹിച്ചിരുന്നത്. തന്റെ ഉറ്റ സഖാക്കളിൽ ചിലർ ഇത്രയും വലിയ കുബേരന്മാരാണെന്ന് നല്ലവണ്ണം അറിഞ്ഞിരുന്നിട്ടും തിരുനബി(സ) ഒരിക്കലും വിരോധം പറഞ്ഞില്ല, എന്നുമാത്രമല്ല, അവരിൽ ചിലർ തിരുനബിയുടെ പരമവിശ്വസ്തരായ മിത്രങ്ങളുമായിരുന്നു. ധനികനായിരിക്കുക ഒരു കുറ്റമല്ല. ഖുർആനിലെ ചില പ്രവചനങ്ങളുടെ പുലർച്ചയെന്നോണമാണ് അവർക്കാ ധനസമ്പത്തുകൾ കരസ്ഥമായത്.

ഹദ്റത്ത് അബൂദർ ഗഫ്ഫാരിയുടെ പ്രസ്ഥാനം ന്യായീകരണമില്ലാത്ത ഒന്നായിരുന്നുവെങ്കിലും അദ്ദേഹം അതിൽ അടിയുറച്ചുനിൽക്കുകതന്നെ ചെയ്തു. എന്നാൽ, നിയമം ലംഘിക്കുവാനോ അരാജകത്വം അഴിച്ചുവിടാനോ ഇടയാക്കുന്ന യാതൊന്നും അദ്ദേഹം പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹം തിരുനബിയുടെ ആദർശങ്ങളെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്തത്.

എന്നാൽ, അദ്ദേഹത്തിന്റെ ചുറ്റും കൂടിയവർ അദ്ദേഹത്തിന്റെ ഭയഭക്തിഭാവത്തെയോ സാത്വികതയേയോ നോക്കിക്കാണുന്നവരായിരുന്നില്ല. അവർ അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും ഉൽബോധനങ്ങളേയും തെറ്റുധരിക്കുകയും തെറ്റുധരിപ്പിക്കുകയുമാണ് ചെയ്തത്. തൽഫലമായി അവരിൽപ്പെട്ട ദുർന്നടത്തക്കാർ ധനാഢ്യരെ ആക്രമിക്കാനും അവരുടെ അവകാശങ്ങളുടെമേൽ കൈവെക്കാനും തന്നെ ധൈര്യപ്പെട്ടു. ധനവാന്മാർ ഇവരുടെ പെരുമാറ്റങ്ങളേയും കുചെയ്തികളേയും കുറിച്ച് മുആവിയയ്ക്ക് നിവേദനമയച്ചു. അദ്ദേഹം മുഴുവൻ കാര്യങ്ങളും ഖലീഫ തിരുമനസ്സിലേക്ക് റിപ്പോർട്ട് ചെയ്യുകയാണുണ്ടായത്.

ഹദ്റത്ത് അബൂദർറിനെ ഉടൻതന്നെ സകല ബഹുമാനാദരങ്ങളോടുംകൂടി മദീനയിലേക്ക് പറഞ്ഞയക്കാൻ ഖലീഫാ തിരുമനസ്സുകൊണ്ട് ഉത്തരവിട്ടു. ഇതുപ്രകാരം ഹദ്റത്ത് അബൂദർ മദീനയിലെത്തുകയും ഖലീഫയുടെ മുമ്പിൽ ഹാജരാകുകയും ചെയ്തു. സിറിയക്കാർ അബൂദർറിന്നെതിരായി നിവേദനമയക്കാൻ കാരണമെന്തെന്ന് ഖലീഫ അദ്ദേഹത്തോടാരാഞ്ഞു. 'മാലുല്ലാഹ്' (ദൈവമുതൽ) എന്ന പദം ഉപയോഗിക്കുന്നത് സംബന്ധിച്ചും ധനം കൂമ്പാരം കൂട്ടുന്ന കാര്യത്തെപറ്റിയും മാത്രമാണ് തനിയ്ക്ക് അവരോട് വിയോജിപ്പുള്ളതെന്ന് അദ്ദേഹം ബോധിപ്പിച്ചു. ഹദ്റത്ത് ഉസ്മാൻ(റ) ഇങ്ങനെ പറഞ്ഞു: "അബൂദർ! ദൈവം എനിക്ക് നൽകിയ ഉത്തരവാദിത്തം നിറവേറ്റാൻ ഞാൻ തികച്ചും ബാധ്യസ്ഥനാണ്. ഗവർമ്മെന്റിന്റെ കല്പനകൾ ജനങ്ങളെക്കൊണ്ട് അനുസരിപ്പിക്കേണ്ടതും ഇസ്‌ലാംമതസേവനാർത്ഥം അവരെ സന്നദ്ധരാക്കേണ്ടതും എല്ലാ കാര്യങ്ങളിലും മദ്ധ്യമാർഗ്ഗം അവലംബിക്കാൻ അവരെ ഉദ്ബോധിപ്പിക്കേണ്ടതും എന്റെ ചുമതലയാണ്. എന്നാൽ, നിസ്സംഗജീവിതം നയിച്ചുകൊള്ളണമെന്നും ഭൗതികമായ എല്ലാ കെട്ടുപാടുകളും ഉപേക്ഷിക്കണമെന്നും ജനങ്ങളെ നിർബ്ബന്ധിക്കാൻ ഞാൻ ഒരിക്കലും ബാധ്യസ്ഥനല്ല."

## അബൂദർ(റ) മദീന വിടുന്നു

മദീന തനിയ്ക്ക് പറ്റിയ ആവാസസ്ഥാനമല്ലെന്ന് വന്നപ്പോൾ, അവിടം വിട്ടുപോകാൻ, തന്നെ അനുവദിക്കണമെന്ന് അബൂദർ(റ) ഖലീഫയോടപേക്ഷിച്ചു. മദീനയേക്കാൾ നല്ലൊരു വാസസ്ഥലം ലഭിക്കാനിടയില്ലെന്ന് ഉസ്മാൻ(റ) അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ,

മദീനയിലെ ജനവാസം സിൽഅ് വരെ വ്യാപിച്ചാൽ മദീന വിട്ടു പോയിക്കൊള്ളേണ്ടതാണെന്ന് തിരുനബി(സ) തന്നോട് കല്പിച്ചിട്ടുണ്ടെന്ന് ഹദ്റത്ത് അബദൂർ(റ) മറുപടി നല്കിയപ്പോൾ ഖലീഫ നിശ്ശബ്ദനായി. അങ്ങനെയാണെങ്കിൽ തിരുമേനിയുടെ കല്പന അക്ഷരംപ്രതി പാലിക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് ഖലീഫ അദ്ദേഹത്തിന് ഹൃദ്യമായ ഒരു യാത്രയയപ്പ് നൽകുകയും ഏതാനും ഒട്ടകങ്ങളേയും രണ്ട് അടിമകളേയും സമ്മാനിക്കുകയും ചെയ്തു. മദീനയുമായുള്ള ബന്ധം മുറിച്ചുകളയരുതെന്നും താനുമായി എപ്പോഴും ബന്ധം പുലർത്തിക്കൊണ്ടിരിക്കണമെന്നും നിർദ്ദേശിക്കുകയുമുണ്ടായി. ഈ നിർദ്ദേശം അബൂദർ(റ) അക്ഷരംപ്രതി അനുവർത്തിച്ചിട്ടുമുണ്ട്. എന്നാൽ, അസംതൃപ്തവിഭാഗത്തിന്റെ കൈകളിൽ അബൂദർ(റ) ഒരുപകരണമായി വർത്തിച്ച നാലാമത്തെ സന്ദർഭമായിരുന്നു ഇത്.

ഹദ്റത്ത് അബൂദർ(റ)ന്റെ ആശയങ്ങൾ പ്രക്ഷോഭകാരികളുമായി താദാത്മ്യമുള്ളതായിരുന്നില്ലെന്ന് മാത്രമല്ല, അവരുടെ ദുരുദ്ദേശ്യങ്ങളേയും ഫിത്നകളേയും കുറിച്ച് അദ്ദേഹം യാതൊന്നും അറിഞ്ഞിരുന്നുമില്ല. താനും അധികാരസ്ഥരുമായി വലിയ അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടും നിയമം കൈയിലെടുക്കാൻ അദ്ദേഹം ഒരുങ്ങിയിരുന്നില്ല. നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് അദ്ദേഹം പൂർണ്ണമായും വഴിപ്പെട്ടിരുന്നു. പരിതസ്ഥിതികൾ ഒത്തുവന്നാൽ മദീന വിട്ടുകൊള്ളേണ്ടതാണെന്നു തിരുനബി(സ) തന്നോട് കല്പിച്ചിരുന്നിട്ടും തിരുമേനിയുടെ ആ നിർദ്ദേശം ഖലീഫയുടെ വ്യക്തമായ സമ്മതം വാങ്ങിയശേഷം മാത്രമേ നടപ്പിൽ വരുത്താൻ അദ്ദേഹം തുനിഞ്ഞുള്ളൂ. മദീനയ്ക്ക് പകരം റബ്സ അദ്ദേഹം വാസകേന്ദ്രമായി തിരഞ്ഞെടുത്തു. അവിടുത്തെ മുസ്ലിം ഭരണാധികാരി അദ്ദേഹത്തോട് നമസ്കാരത്തിൽ ഇമാമത്ത് വഹിക്കാൻ അപേക്ഷിച്ചപ്പോൾ താനല്ല അതിന് അധികാരപ്പെട്ടയാളെന്ന് പറഞ്ഞ് ഒഴിയുകയാണ് ചെയ്തത്. അധികാരസ്ഥന്മാരുടെ കല്പനകളോട് അദ്ദേഹത്തിന് അനാദരം ഉണ്ടായിരുന്നില്ലെന്നും അരാജകത്വം നിലനിന്നുകാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ലെന്നും ഉള്ളതിലേക്ക് ഇതുതന്നെ മതിയായ തെളിവത്രെ. 'അംവാലുൽ മുസ്ലിമീൻ' എന്നതിനുപകരം 'മാലുല്ലാഹ്' എന്ന പദം ഉപയോഗിക്കുന്നതിനെതിരായി അദ്ദേഹം ശബ്ദമുയർത്തുകയും മുആവിയക്കെതിരായി ഖലീഫയുടെ മുന്നിൽ ആക്ഷേപം ബോധിപ്പിക്കുകയും ചെയ്തുവെങ്കിലും

അദ്ദേഹം തന്നെ നിത്യേന അതേപദം കൂടെക്കൂടെ ഉപയോഗിച്ചു കൊണ്ടിരുന്നു എന്ന പരമാർത്ഥം അദ്ദേഹം ഇബ്നുസബായാൽ വഞ്ചിക്കപ്പെട്ട ഒരു ശുദ്ധാത്മാവായിരുന്നു എന്നാണ് വ്യക്തമാക്കിത്തരുന്നത്.

അദ്ദേഹം റബ്സയിൽ താമസിച്ചുകൊണ്ടിരിക്കവെ, ഒരു കച്ചവടസംഘം യാദൃശ്ചികമായി അവിടെ തങ്ങുവാൻ ഇടവന്നു. തന്റെ സഹപ്രവർത്തകരും സഖാക്കളുമെല്ലാം ഐശ്വര്യപൂർണ്ണമായ ജീവിതം നയിച്ചുകൊണ്ടിരിക്കെ താൻ എന്തുകൊണ്ടാണ് ദരിദ്രനായി ഒറ്റപ്പെട്ടു ജീവിക്കുന്നതെന്ന് ചില വണിക്കുകൾ അദ്ദേഹത്തോട് ചോദിച്ചപ്പോൾ, ദൈവമുതലിൽ (മാലുല്ലാഹ്) തനിക്കുള്ളതുപോലൊരു പങ്കുമാത്രമേ അവർക്കും അവകാശപ്പെട്ടിരിക്കുന്നുള്ളൂ എന്ന് അദ്ദേഹം ഉത്തരം പറയുകയുണ്ടായി. അതുപോലെ തന്നെ അവിടുത്തെ ഗവർണ്ണറുടെ ഒരു ഈജിപ്ഷ്യൻ അടിമയ്ക്ക് 'റഖീഖുമ്മിൻ മാലില്ലാഹ്' (ദൈവമുതലിൽപെട്ട ഒരടിമ) എന്ന് അബൂദർ(റ) തന്നെ പേർ നല്കിയിട്ടുമുണ്ട്. മാലുല്ലാഹ് എന്ന പദപ്രയോഗത്തിന്നെതിരായി ശക്തിമത്തായ ഒരു പ്രസ്ഥാനം നടത്തിക്കൊണ്ടിരിക്കവെ അദ്ദേഹം തന്നെയും ആ പദം നിരന്തരമായി ഉപയോഗിച്ചുവന്നിരുന്നു എന്നാണല്ലോ ഇതെല്ലം തെളിയിക്കുന്നത്. ആ പദം സഹാബാക്കൾ പൊതുവെ ഉപയോഗിച്ചുവന്നിരുന്ന ഒന്നാണെന്നത്രെ പരമാർത്ഥം. എന്നാൽ, ഇബ്നു സബാ മനസ്സിലുളവാക്കിയ സംശയങ്ങൾ കാരണം അദ്ദേഹം അക്കാര്യത്തെപ്പറ്റി ചിന്തിച്ചതേയില്ല.

ഇക്കാലത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോട് ഏറെക്കുറേ സാദൃശ്യമുണ്ടായിരുന്ന ആ പ്രസ്ഥാനത്തിന് മുആവിയയുടെ രാജതന്ത്രജ്ഞതയും സൽഭരണവും കാരണം സിറിയയിൽ വേരുറക്കാൻ സാധ്യമായില്ലെങ്കിലും വിവിധ ദേശങ്ങളിൽ വിവിധ രൂപങ്ങളിൽ അത് പ്രത്യക്ഷപ്പെടുകയും പ്രചരിക്കുകയും ചെയ്യുകയാൽ ഇബ്നു സബായുടെ സംരംഭം തുലോം പ്രയാസരഹിതമായിത്തീർന്നു.

## ഈജിപ്ത് അട്ടിമറി കേന്ദ്രം

സിറിയയിൽനിന്നും നിഷ്കാസിതനായ ഇബ്നുസബാ, തന്റെ പ്രചാരവേലയുടെ കേന്ദ്രമായി കണ്ടുവെച്ച ഈജിപ്തിലേക്ക് യാത്ര തിരിച്ചു. ഈജിപ്ത് തലസ്ഥാനനഗരിയിൽനിന്നും വളരെ അകലെ

യായിരുന്നതിനാലും സഹാബാക്കളുമായുള്ള സാഹചര്യങ്ങളും സമ്പർക്കങ്ങളുംകൊണ്ട് ഈജിപ്തുകാർ അനുഗൃഹീതരല്ലാതിരുന്നതിനാലും അവർ മതബോധം കുറഞ്ഞവരും കുറ്റകൃത്യങ്ങളിൽ പ്രവണതയുള്ളവരുമായിരുന്നു.

ഇബ്നുസബായുടെ പാർശ്വവർത്തിയായ ഒരു കൂഫക്കാരൻ മേൽസംഭവങ്ങൾക്ക് അടുത്തായിട്ട് നാടുകടത്തപ്പെട്ടു. മുആവിയ (റ) അയാളെ ചോദ്യംചെയ്യുകയുണ്ടായി. പുതിയ പാർട്ടിയുമായി ബന്ധപ്പെട്ട വിവിധ ദേശക്കാരായ ആളുകളുടെ സ്വഭാവസ്ഥിതികളെപ്പറ്റി അയാൾ പ്രകടിപ്പിച്ച അഭിപ്രായം ഇപ്രകാരമായിരുന്നു:-

“അവർ ഞാനുമായി ബന്ധം പുലർത്തിപ്പോരുന്നുണ്ട്. എനിക്ക് നൽകാവുന്ന ഏറ്റവും നല്ല ഉപദേശങ്ങൾ ഞാനവർക്ക് നല്കിയിരിക്കുന്നു. അവർ എനിക്ക് ഉപദേശമൊന്നും തന്നിട്ടില്ല. മദീനക്കാർ പ്രക്ഷോഭത്തിന് ആഗ്രഹിക്കുന്നവരാണെങ്കിലും അവർ അതിന് കൊള്ളുന്നവരല്ല. കൂഫക്കാർ നിസ്സാരകാര്യങ്ങളെക്കുറിച്ചുപോലും വിമർശിക്കുന്നവരാണ്; ഏത് കൊടുംപാതകവും പ്രവർത്തിക്കാൻ അറപ്പില്ലാത്തവരാണവർ. ബസ്റക്കാർ സർവ്വശക്തിയുമുപയോഗിച്ച് ആക്രമണം നടത്തുമെങ്കിലും എല്ലാം കുട്ടിച്ചോറാക്കി ഓടിക്കളയും. ഈജപ്തുകാർ വിപ്ലവാശയങ്ങളുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നവരാണെങ്കിലും വേഗത്തിൽ പശ്ചാത്താപം പ്രകടിപ്പിക്കുകയെന്ന ഒരു ദോഷം അവരിൽ കാണുന്നു. സിറിയക്കാർ തങ്ങളുടെ നേതാക്കന്മാരോട് വലിയ കൂറും അനുസരണവും പുലർത്തുന്നവരാണ്. അവരെ വഴിപിഴപ്പിക്കാൻ ശ്രമിക്കുന്നവരെ അവർ ഒരിക്കലും അനുസരിക്കുകയുമില്ല.”

ഇബ്നുസബായുടെ പാർട്ടിയിൽപെട്ട ഒരു വലിയ ശക്തിദുർഗ്ഗമെന്ന് വിശേഷിപ്പിക്കാവുന്ന ഇബ്നുൽകവായുടെ അഭിപ്രായമാണിത്. അട്ടിമറി പ്രവർത്തനങ്ങൾക്ക് ഏറ്റവും പറ്റിയ കേന്ദ്രമാണ് ഈജിപ്ത്. എന്നിവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. കുശാഗ്രബുദ്ധിയും സൂക്ഷ്മഗ്രാഹിയുമായ ഇബ്നുസബാ ഈജിപ്തിന്റെ ഈ ബലഹീനതയെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ട്, അയാൾ ഈജിപ്തിനെ തന്റെ പ്രവർത്തനകേന്ദ്രമാക്കുകയും താമസംവിനാ, ഒരു വിഭാഗം ആളുകളെ തന്റെ ചുറ്റും ഒരുമിച്ചുകൂട്ടുകയും ചെയ്തു.

## ഒരുകൂട്ടം അരാജകവാദികൾ

ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രചാര വലയങ്ങളും ചാരകേന്ദ്രങ്ങളും സ്ഥാപിച്ചുകൊണ്ട് ഇബ്നുസബാ ശിക്ഷിക്കപ്പെട്ട വ്യക്തികളേയും അവരുടെ ബന്ധുക്കളേയും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ അസംതൃപ്തരായി കഴിഞ്ഞുപോന്ന എല്ലാവരേയും ഒരുമിച്ചുകൂട്ടുകയും വളരെ സൂത്ര ശാലിത്വത്തോടും കരുതലോടുംകൂടി അവരെ തന്റെ പാർശ്വവർത്തി കളും സിൽബന്തികളുമാക്കി തീർക്കുകയും ചെയ്തു. ഓരോ ആളു ടേയും ഹിതത്തിനും അഭിരുചിക്കും ഒത്ത് അയാൾ സംസാരിക്കു കയും അവരുടെ അഭിപ്രായങ്ങളുമായി യോജിച്ചുകൊണ്ട് തന്റെ ലക്ഷ്യങ്ങളെ വിവരിക്കുകയും ചെയ്തു. മദീന തികച്ചും സുരക്ഷി തമായിരുന്നു. സിറിയയിൽ യാതൊരു തകരാറുമുണ്ടായിരുന്നില്ല. ബസ്റ, കൂഫാ, ഈജിപ്ത് എന്നീ സ്ഥലങ്ങളാണ് പ്രക്ഷോഭക്കാ രുടെ കേന്ദ്രങ്ങൾ. അവയിൽ ഈജിപ്തായിരുന്നു സിരാകേന്ദ്രം. ഇവിടെയാണ് അട്ടിമറി പ്രവർത്തനങ്ങളുടെ എല്ലാ കരുക്കളും ഒരു ക്കപ്പെട്ടുകൊണ്ടിരുന്നത്. പ്രായോഗികമതികളും പ്രത്യയശാസ്ത്ര പടുക്കളുമായ ആധുനിക അരാജകവാദികളെ(Anarchists) പോലെ ഇബ്നുസബാ തിരശ്ശീലയ്ക്ക് പിന്നിൽ ഒരു ബുദ്ധിരാക്ഷസനായി പ്രവർത്തിച്ചുപോന്നു. വിപ്ലവത്തിന്റെ ഉടലും ഉയിരും അയാളായി രുന്നു. മറ്റുള്ളവരെല്ലാം അയാളുടെ കളിപ്പാവകളും! തലസ്ഥാനന ഗരിക്ക് അടുത്തുള്ളവരാകയാലും രാഷ്ട്രീയമായ അടിയൊഴുക്കുക ളുടെ സ്വാധീനങ്ങൾ കാരണമായും കൂഫക്കാരും ബസ്റക്കാരും വിപ്ലവാശയങ്ങൾക്കടിപ്പെട്ടിരുന്നുവെങ്കിലും ചരിത്രത്തിന്റെ താളു കളിൽ സൂക്ഷ്മപരിശോധന നടത്തുമ്പോൾ മനസ്സിലാക്കാൻ കഴി യുന്നത് ഈജിപ്തിലിരുന്നുകൊണ്ട് ഇബ്നുസബായാണ് ഈ ശിഥി ലീകരണ പ്രവർത്തനങ്ങളെ സമർത്ഥമായി ആസൂത്രണം ചെയ്തു കൊണ്ടിരുന്നതെന്നത്രെ.

## പ്രക്ഷോഭക്കാർ ഗവർണ്ണർക്കെതിരിൽ

കൂഫയിൽ അലിയ്യ് ബിൻ ഹൈമിയായുടെ വീട്ടിൽ ഒരു സംഘം കൊള്ളക്കാർ ആക്രമണം നടത്തുകയും അദ്ദേഹത്തെ കൊല്ലുകയും ചെയ്ത സംഭവം ഞാൻ ആദ്യമേ വിവരിച്ചുവല്ലോ. കൊള്ളത്തലവ ന്മാർ നഗരത്തിന് വെളിയിൽ തുറന്നസ്ഥലത്തുവെച്ച് തൂക്കിലിടപ്പെ ട്ടു. വധശിക്ഷയ്ക്കിരയായ ആ തെമ്മാടികളുടെ പിതാക്കന്മാർ തങ്ങ

ളുടെ മക്കളെ അപ്രകാരം ശിക്ഷിച്ചതിൽ അമർഷം പൂണ്ടിരുന്നു. ഗവർണ്ണറായ വലീദ് ബിൻ ഉഖ്ബത്തിനോട് പ്രതികാരം ചെയ്യാനുള്ള ദുർവിചാരം അവരിൽ അങ്കുരിച്ചു. ജനങ്ങൾ പ്രക്ഷോഭകാരികളുടെ താളത്തിനൊത്ത് തുള്ളാൻ മടിച്ചിരുന്നില്ല. പ്രക്ഷോഭകാരികൾ ജനങ്ങളുടെ വികാരങ്ങളെ ശരിക്കും ചൂഷണം ചെയ്തുകൊണ്ടിരുന്നു. വലീദിന്റെ കുറ്റങ്ങളും കുറവുകളും നോക്കിപ്പാർക്കുന്നതിനായി അട്ടിമറിക്കാർ രഹസ്യാന്വേഷകരെ നിയോഗിച്ചു. പ്രതികാരത്തിനുള്ള തക്കംപാർത്തിരിക്കുകയായിരുന്നു അവർ. വലീദ് തന്റെ സ്നേഹിതനും ക്രിസ്തുമതത്തിൽനിന്നുള്ള ഒരു പുതുവിശ്വാസിയുമായ അബൂസുബയ്റിനോടൊപ്പം മദ്യപാനം ചെയ്യുന്നത് തങ്ങൾ കണ്ടുവെന്ന് ഒരിക്കൽ ഇവർ ഒരു വാർത്ത പടച്ചുണ്ടാക്കി. ഈ കറ്റുകെട്ട് പട്ടണത്തിലാകെ പ്രചരിപ്പിച്ചുകൊണ്ട് അവർ ആക്രോശിച്ചു: “ഗവർണ്ണർ നശിക്കട്ടെ! ചങ്ങാതിമാരോടൊത്ത് രഹസ്യത്തിൽ കുടിച്ചുകൂത്താടുന്ന ഗവർണ്ണറെ നമുക്ക് വേണ്ട!”

ക്ഷോഭിച്ചിളകിയ ഒരു ജനക്കൂട്ടത്തെ പെട്ടെന്നു നിയന്ത്രിക്കുക എളുപ്പമല്ല. ഒരു സംഘമാളുകൾ ഗവർണ്ണറുടെ വീട് വളയുകയും ഗവർണ്ണർക്ക് പള്ളിയിലേക്ക് പ്രവേശിക്കുവാനുള്ള വാതിലുകൾ തകർത്തുകൊണ്ട് വീടിനകത്തേക്ക് തള്ളിക്കടക്കുകയും ചെയ്തു. തികച്ചും അപ്രതീക്ഷിതമായി, രോഷാകുലരായ ഒരുവിഭാഗം ആളുകൾ തന്റെ മുമ്പിൽവന്ന് ബഹളം കൂട്ടുന്നത് കണ്ടപ്പോൾ ഗവർണ്ണർ അമ്പരന്നുപോയി. ആളുകൾ തള്ളിക്കയറുന്നതിനിടയിൽ ഗവർണ്ണർ പരിഭ്രമത്തോടെ കട്ടിലിന്നടിയിലേക്ക് എന്തോ തള്ളിമാറ്റുന്നതായി കാണപ്പെട്ടു. രഹസ്യം കണ്ടുപിടിക്കപ്പെട്ടു എന്നും കുറ്റക്കാരനെ തങ്ങൾ കൈയോടെ പിടികൂടിയെന്നും ബഹളക്കാർ കരുതി. ആൾക്കൂട്ടത്തിൽനിന്നൊരാൾ കട്ടിലിന്നടിയിലേക്ക് കൈനീട്ടി സാധനം പുറത്തെടുക്കാൻ മടിച്ചില്ല. ഗവർണ്ണർക്കുള്ള ആഹാരവും മുന്തിരിക്കുലകളും വിളമ്പിവെച്ച ഒരു ഭക്ഷണത്തളികയായിരുന്നു അതെന്നവർ കണ്ടു! സമ്പൽസമൃദ്ധമായ ഒരു സ്റ്റേറ്റിലെ ഗവർണ്ണർക്ക് അനുയോജ്യമായ തരത്തിലുള്ള വിശിഷ്ട ഭക്ഷണങ്ങൾക്കു പകരം എത്രയും ലളിതവും സാധാരണമട്ടിലുള്ളതുമായ തന്റെ ആഹാരം മറ്റാരും കാണരുതെന്ന് കരുതി വിനയബുദ്ധിയോടെ അദ്ദേഹം അത് മറച്ചുവെക്കാൻ ശ്രമിച്ചതായിരുന്നു! തങ്ങളുടെ അമളി മനസ്സിലാക്കിയ ലഹളക്കാർ കുറ്റബോധത്തോടെ പിൻവാങ്ങി. ദുർബുദ്ധികളായ ചിലരുടെ കുസൃതിത്തരങ്ങൾക്ക് വശ

ഗരായി ഇസ്‌ലാമിന്റെ തത്ത്വോപദേശങ്ങൾ പാടെ മറന്നുകൊണ്ട് എത്രയും നിന്ദ്യമായ ഒരു മഹാപരാധത്തിന് തങ്ങൾ ഒരുങ്ങിപ്പുറപ്പെട്ടതിനെ ചൊല്ലി, സ്വയം പഴിക്കുകയും അന്യോന്യം കുറ്റപ്പെടുത്തുകയും ചെയ്തുകൊണ്ട് അവർ പിരിഞ്ഞുപോകുകയും ചെയ്തു.

വിനയാന്വിതനും ലജ്ജാശീലനുമായ ഗവർണ്ണർ ഈ സംഭവം ഖലീഫയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്നാണ് തീരുമാനിച്ചത്. എന്നാൽ, അനർഹരായ ഒരു വിഭാഗത്തിന്റെ നേരെ പ്രദർശിപ്പിച്ച ഈ അസ്ഥാനകാരുണ്യം ഗവർണ്ണർ വലീദിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും അത്യന്തം ആപൽക്കരമായ സ്ഥിതിവിപര്യയം സൃഷ്ടിക്കുവാൻ കാരണമാകാതിരുന്നില്ല. തങ്ങളോട് കാണിച്ച ഔദാര്യത്തിന് ഗവർണ്ണരോട് നന്ദിയുള്ളവരായിരിക്കുന്നതിന് പകരം, വലീദിനെ അപകീർത്തിപ്പെടുത്താനുള്ള തങ്ങളുടെ ശ്രമം വിഫലപ്പെട്ടുപോയതിനെ തുടർന്ന് സ്വയം അപമാനിതരായിത്തീർന്ന ലഹളക്കാർ വലീദിനെ തേജോവധം ചെയ്യുന്നതിന് കച്ചകെട്ടി പുറപ്പെടുകയും അദ്ദേഹത്തെ ഗവർണ്ണർ സ്ഥാനത്തുനിന്ന് നീക്കുവാൻ ഖലീഫാ തിരുമനസ്സിലേക്ക് നിവേദനം നടത്തുന്നതിനായി ഒരു ഡെപ്യൂട്ടേഷനെ മദീനയിലേക്ക് അയക്കാൻ തീരുമാനിക്കുകയുമാണ് ചെയ്തത്!

## ഗവർണ്ണറുടെ മോതിരം കക്കുന്നു

എന്നാൽ, ഗവർണ്ണർക്കെതിരായി നടപടി എടുക്കുന്നതിന് തക്കതായ യാതൊരു കാരണവും തെളിയിക്കാൻ നിവേദകർക്ക് സാധിക്കാഞ്ഞതിനാൽ ഖലീഫ അവരുടെ ആക്ഷേപങ്ങളെ തള്ളിക്കളയുകതന്നെ ചെയ്തു. തങ്ങളുടെ തന്ത്രങ്ങളെല്ലാം തകർന്നുപോയപ്പോൾ, ഏതുവിധേനയും വലീദിനെ മറിച്ചിടാനുള്ള വഴികൾ ആലോചിക്കുന്നതിൽ അസന്തുഷ്ടരായ എല്ലാ വിഭാഗക്കാരേയും സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു രഹസ്യയോഗം പ്രക്ഷോഭക്കാർ വിളിച്ചുകൂട്ടി. അബൂസയ്നബ്, അബൂമുവർറഅ് എന്നിവരാണ് ഇക്കാര്യത്തിൽ മുൻനിന്ന് പ്രവർത്തിച്ചത്. അവർ ഈ ഉദ്ദേശ്യം മനസ്സിൽവെച്ചുകൊണ്ട് ഗവർണ്ണറെ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരുന്നു. നിർഭാഗ്യവശാൽ ഒരു ദിവസം വലീദ് തന്റെ ഭവനത്തിൽ വെളിപ്പുറത്ത് ഒന്നു മയങ്ങിപ്പോയി. അകത്തളവും സന്ദർശകമുറിയും തമ്മിൽ ഒരു തിരശ്ശീലകൊണ്ടാണ് വേർതിരിക്കപ്പെട്ടിരുന്നത്. ഗവർണ്ണർ ഉറങ്ങുകയായിരുന്ന തക്കംനോക്കി ലഹളക്കാരിൽപെട്ട ഗൂഢചാരികൾ

അദ്ദേഹത്തിന്റെ മോതിരം വിരലിൽനിന്ന് സൂത്രത്തിൽ തട്ടിയെടുത്തു.

ഈ മോഷ്ടിച്ച മോതിരവുമായി ലഹളക്കാർ നേരെ മദീനയിലേക്ക് കുതിച്ചു. ഖലീഫയുടെ അടുക്കൽ ചെന്ന് ഇപ്രകാരം ബോധിപ്പിച്ചു. 'വലീദിനെ കുടിച്ചുമത്തനായ നിലയിൽ ഞങ്ങൾ കണ്ടു. ഞങ്ങൾ പറയുന്നത് സത്യമാണെന്നതിലേക്ക് ഈ മോതിരം തെളിവാണ്. അദ്ദേഹം ബോധമറ്റു കിടക്കവെ ഞങ്ങൾ ഊരിയെടുത്തതാണ് ഈ മോതിരം.' വലീദ് മദ്യപാനം ചെയ്യുന്നത് സ്വന്തം കണ്ണുകൾകൊണ്ട് കണ്ടുവോ? എന്ന് ഖലീഫ നിവേദകരോട് വീണ്ടും വീണ്ടും ചോദിച്ചുവെങ്കിലും തങ്ങളും കുറ്റത്തിൽ പങ്കാളികളായി കരുതപ്പെട്ടേക്കുമെന്ന് പേടിച്ച് അവർ അതിനുത്തരം നൽകിയില്ല. മദ്യം ഛർദ്ദിക്കുന്നത് മാത്രമാണ് ഞങ്ങൾ കണ്ടതെന്ന് മാത്രമാണ് അവർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞത്. ഗവർണ്ണറുടെമേൽ കുറ്റം സ്ഥാപിക്കാൻ മോതിരം തക്കതായ തെളിവായിരുന്നു. പോരെങ്കിൽ രണ്ട് സാക്ഷികളുമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ അവരുടെ പ്രസ്താവനയെ ശക്തിപ്പെടുത്തുമാറ് മറ്റു ചിലരും ഗവർണ്ണർക്കെതിരിൽ കൂറേക്കൂടി ദൂഷണങ്ങൾ പറഞ്ഞുഫലിപ്പിച്ചു. ഖലീഫ ഉടനെ സഹാബാക്കളെയെല്ലാം വിളിച്ചുവരുത്തി അഭിപ്രായമാരാഞ്ഞു. വലീദ് കുറ്റക്കാരനാണെന്ന് കണ്ടു. നിയമം അനുശാസിക്കുന്ന ശിക്ഷ ഗവർണ്ണർക്ക് നൽകുവാൻ ഖലീഫ ഉത്തരവിട്ടു.

## ഗവർണ്ണർക്ക് അടിശിക്ഷ

നിർഭാഗ്യവാനായ ഗവർണ്ണർ ഖലീഫയുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു. മദ്യപാനം ചെയ്തതിനു ഗവർണ്ണർക്ക് അടിശിക്ഷയാണ് വിധിച്ചത്. താൻ തികച്ചും നരിപരാധിയാണെന്ന് ഗവർണ്ണർ ബോധിപ്പിച്ചുവെങ്കിലും നിയമത്തിനു മുമ്പിൽ അത് ശ്രദ്ധിക്കപ്പെട്ടില്ല. പ്രക്ഷോഭകാരികളുടെ വിദ്രോഹപ്രവർത്തനങ്ങളേയും കുസൃതികളേയും കുറിച്ച് ഹദ്റത്ത് ഉസ്മാനെ ബോധ്യപ്പെടുത്താൻ ഗവർണ്ണർ നടത്തിയ ശ്രമങ്ങളെല്ലാം വിഫലമായി. നിയമമനുശാസിക്കുന്നവിധം രണ്ട് സാക്ഷികൾ ഹാജരാക്കപ്പെട്ടിരിക്കെ, എന്തെങ്കിലും വിട്ടുവീഴ്ചയോ ആനുകൂല്യമോ ചെയ്യുവാൻ തനിക്ക് ഒരുവിധത്തിലും പാടുള്ളതല്ലെന്ന നിലപാടിൽനിന്ന് അണുകിട വ്യതിചലിക്കുവാൻ ഖലീഫ ഒരുങ്ങിയില്ല. ഗവർണ്ണർക്കെതിരായി അപരാധം ചുമത്തുകയും കള്ളത്തെളിവുകളുണ്ടാക്കുകയും ചെയ്തതാണെന്ന് വരികിൽ, എല്ലാ രഹസ്യങ്ങളും നോക്കിപ്പാർക്കുന്ന ദൈവം അതനുസ

രിച്ച് കുറ്റക്കാരുടെമേൽ വിധി നടത്തിക്കൊള്ളുമെന്ന് സമാധാനിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്.

അങ്ങനെ, വലീദ് ഗവർണ്ണർ സ്ഥാനത്തുനിന്നും നീക്കപ്പെട്ടു. ആസൂത്രിതമായ ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് അദ്ദേഹം നിഷ്കാസിതനായത്. അടിസ്ഥാനരഹിതമായ ഒരു കുറ്റാരോപണത്തിന് അദ്ദേഹം പാത്രീഭൂതനായി. സഹാബിവര്യന്മാരുടെ അഭിപ്രായങ്ങളും രണ്ട് സാക്ഷികളുടെ സാന്നിധ്യവും മറ്റ് സാഹചര്യത്തെളിവുകളുമെല്ലാം എതിരായി ഒത്തുചേർന്നപ്പോൾ നിയമപ്രകാരമുള്ള ശിക്ഷ ഗവർണ്ണർക്ക് നല്കുകയല്ലാതെ ഖലീഫക്ക് നിവൃത്തിയുണ്ടായിരുന്നില്ല.

## ധിക്കാരികളുടെ അഴിഞ്ഞാട്ടം

വലീദിന്റെ പിൻഗാമിയായിരുന്ന സഈദ് ബിൻ ആസ് കൂഫയിലെ സ്ഥിതിഗതികൾ കണ്ട് അമ്പരക്കാതിരുന്നില്ല. മതബോധമില്ലാത്തവരും നിരുത്തരവാദികളുമായ ആളുകൾ അവിടെ സ്വാധീനമുള്ള സ്ഥാനങ്ങൾ അലങ്കരിച്ചിരിക്കുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. അല്ല, യഥാർത്ഥത്തിൽ അവർ നഗരത്തിലെ യജമാനന്മാരായി വാഴുകയായിരുന്നു. എങ്ങും സ്ഥാനമില്ലാതെ കുലീനത ഏകാന്തത്തടവിൽ കഴിയുകയായിരുന്നു! സ്ഥിതിഗതികളെ കുറിച്ച് പുതിയ ഗവർണ്ണർ, ഖലീഫ ഉസ്മാനു റിപ്പോർട്ട് ചെയ്തു. ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ വമ്പിച്ച ത്യാഗങ്ങൾ സഹിക്കുകയും ദുരിതങ്ങളനുഭവിക്കുകയും ചെയ്ത സത്യവിശ്വാസികളോടെല്ലാം അർഹമായ ആദരം കാണിക്കണമെന്നും എങ്കിലും ഇസ്‌ലാമിന്റെ കല്പനകളുടെനേരെ അശ്രദ്ധ ഭാവിക്കുകയാണെങ്കിൽ അത്തരക്കാരെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽനിന്ന് നീക്കി പകരം മതബോധവും സാമർത്ഥ്യവും ഉള്ളവരെ പ്രതിഷ്ഠിക്കണമെന്നും ഖലീഫ തിരുമനസ്സുകൊണ്ട് ഉത്തരവായി.

കൂഫാപട്ടണം ഒരു വമ്പിച്ച വിപത്തിന്റെ വക്കത്തെത്തിയിരിക്കെ ബസറാ കലങ്ങിമറിയുകയായിരുന്നു. ഇബ്നുസബായുടെ അവതാരമെടുത്ത ഹക്കീം ബിൻ ജബലത് ബിൻ സ്സൗദാഉം കൂലിക്കു വാങ്ങിയ തെമ്മാടിക്കൂട്ടവും ഗവർണ്ണർക്കെതിരായും ഖലീഫയുടെ പ്രതിനിധികൾക്കെതിരായും അശ്ലീലങ്ങളും ആഭാസങ്ങളുമായ ആരോപണങ്ങൾ മുറക്ക് പ്രചരിപ്പിച്ചുകൊണ്ടിരുന്നു.

## ഇബ്നുസബാ ആലിം വേഷത്തിൽ

എല്ലാ കുതന്ത്രങ്ങളുടേയും കൂത്തരങ്ങായ ഈജിപ്ത് ഭയങ്കര മായ ഒരു വിപ്ലവത്തിന്റെ തീച്ചൂളയായി മാറി. അബ്ദുല്ലാഹ് ബിൻ സബാ അവിടെ ഒരു രാഷ്ട്രീയപ്രക്ഷോഭം അഴിച്ചുവിട്ടുവെന്നു മാത്ര മല്ല, മതംകൊണ്ട് പന്താടാനും തുങ്ങി. ഈജിപ്തുകാരായ സാധാ രണക്കാരാകട്ടെ, അയാളെ വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും മൂർത്തിയായിക്കരുതി. അത്രയും കൗശലത്തോടും സൂത്രത്തോടും കൂടിയാണ് അയാളതൊക്കെ ചെയ്തത്.

അയാൾ പറയാൻ തുടങ്ങി: ''ഇതെന്തൊരത്ഭുതം! മസീഹിന്റെ രണ്ടാംവരവിൽ മുസൽമാന്മാർ വിശ്വസിക്കുന്നു. നബിതിരുമേനിയെ പറ്റി അവരങ്ങനെ വിശ്വസിക്കുന്നുമില്ല. എന്നാലോ, തിരുനബിയുടെ മടങ്ങിവരവിനെ പറ്റി ഖുർആൻ വ്യക്തമായി പ്രവചിച്ചിട്ടുണ്ടുതാനും. إِنَّ الَّذِي فَرَضَ عَلَيْكَ الْقُرْآنَ لَرَادُّكَ إِلَىٰ مَعَادٍ ''ഖുർആനെ നിനക്ക് കല്പിച്ചരുളിയ ദൈവംതന്നെ നിശ്ചയമായും നിന്നെ ലക്ഷ്യത്തി ലേക്ക് തിരിച്ചെത്തിക്കും.''*

ഈ പ്രചാരവേലയിലൂടെ അയാൾ അനേകം പുതുവിശ്വാസി കളെ തന്റെ നവീന മതപ്രമാണങ്ങളിലേക്ക് ആകർഷിക്കുകയുണ്ടാ യി. തിരുനബി(സ) വീണ്ടും വരുമെന്ന് അനേകർ വിശ്വസിച്ചുതുട ങ്ങുകയും ചെയ്തു.

മരിച്ചവരാരും മടങ്ങിവരികയില്ലെന്ന് വിശുദ്ധഖുർആൻ ശക്തി യുക്തം ഘോഷിക്കുന്നുണ്ട്. എന്നാൽ, മരിച്ചുപോയ ഏതെങ്കിലും മഹാത്മാവിന്റെ നാമത്തെ സുപ്രകാശിതമാക്കാനായി അദ്ദേഹ ത്തിന്റെ സ്വഭാവഗുണത്തോടുകൂടിയ ആരെയെങ്കിലും അല്ലാഹു എഴുന്നേല്പിക്കുന്നു എങ്കിൽ അത് ഖുർആന്റെ പ്രസ്തുത പാഠ ത്തിന് എതിരാവില്ല. പക്ഷേ, ഹിന്ദുക്കളുടെ പുനർജ്ജന്മസിദ്ധാന്ത ത്തോടു ഇതിന് യാതൊരു താരതമ്യവുമില്ലെന്ന് കൂട്ടത്തിൽ ചൂണ്ടി ക്കാണിക്കേണ്ടിയിരിക്കുന്നു.

തിരുനബിയുടെ മടങ്ങിവരവിനെക്കുറിച്ചുള്ള അപൂർവ്വശ്രുത മായ ഈ സിദ്ധാന്തം പ്രചരിപ്പിച്ചതിന് പുറമെ ദ്രോഹിയായ ഇബ്നു

---

*ഈ പ്രവചനം തിരുനബി(സ) മക്കയിൽ പ്രവേശിച്ചതോടെ പൂർത്തിയായിക്കഴി ഞ്ഞിരുന്നു. എന്നാൽ, ഇബ്നുസബാ ഈ വാക്യത്തെ വ്യാഖ്യാനത്തിരിപ്പിലൂടെ തന്റെ ഉദ്ദേശ്യസാധ്യാർത്ഥം സമർത്ഥമായി ഉപയോഗപ്പെടുത്തുകയാണുണ്ടായത്.

സബാ വേറൊരു തത്ത്വവുംകൂടി സാധാരണക്കാർക്കിടയിൽ പ്രബലപ്പെടുത്തി. ഈ ലോകത്ത് കഴിഞ്ഞുകടന്ന ആയിരക്കണക്കായ പ്രവാചകന്മാരിൽ ഓരോരുത്തർക്കും ഓരോ 'വസ്വീ' (മരിക്കുന്ന പ്രവാചകൻ തന്റെ പ്രതിനിധിയായി നാമനിർദ്ദേശം ചെയ്യുന്ന ആൾ) ഉണ്ടായിരുന്നുവെന്നും തിരുനബിയുടെ 'വസ്വീ' അലി ആണെന്നും ഉള്ളതായിരുന്നു അത്!

അയാൾ പറഞ്ഞു: "തിരുനബി(സ) അവസാനത്തെ പ്രവാചകനാണ്. അലിയാണ് അവസാനത്തെ 'വസ്വീ'. ആ അവകാശം അദ്ദേഹത്തിൽനിന്ന് തട്ടിപ്പറിക്കാൻ ശ്രമിക്കുന്നവനേക്കാൾ ക്രൂരനും ദ്രോഹിയും മറ്റാര്?"

ചുരുക്കത്തിൽ രാഷ്ട്രീയ ഗൂഢതന്ത്രങ്ങൾക്കെല്ലാം പുറമെ, മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി, അയാൾ മതപരമായ ഭിന്നതയുടേയും വിത്തുപാകുകയും ജനങ്ങളുടെ മതവിശ്വാസങ്ങളെ കുഴപ്പത്തിലാക്കാൻ കൊണ്ടുപിടിച്ചു ശ്രമിക്കുകയും ചെയ്തുപോന്നു. എന്നാൽ, താനൊരു യഥാർത്ഥ മുസ്‌ലിം തന്നെയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻവേണ്ട എല്ലാ സൂത്രവിദ്യകളും അയാൾ പ്രയോഗിച്ചുകൊണ്ടിരുന്നു.

## ഹദ്റത്ത് അബൂബക്കറിന്റെ മകൻ ഖലീഫയ്ക്കെതിരിൽ

കൊല്ലം മൂന്നു കഴിഞ്ഞു. ഇക്കാലമത്രയും പ്രക്ഷോഭകാരികൾ വെറുതെയിരിക്കയായിരുന്നില്ല. തങ്ങളുടെ രഹസ്യമായ കുത്തിത്തിരിപ്പുകൾ അക്ഷതവീര്യത്തോടെ അവർ തുടർന്നുകൊണ്ടിരുന്നു. ദിനംപ്രതി അത്തരക്കാരുടെ എണ്ണം പെരുകി. മദീനാ വാസികളായ രണ്ടു യുവാക്കൾ, ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ മകൻ മുഹമ്മദും, ഹുദൈഫാ(റ)ന്റെ മകൻ മുഹമ്മദും കലഹപ്പാർട്ടിക്കാരുടെ കൂട്ടത്തിൽ ചേർന്നു എന്നതൊഴിച്ചാൽ എടുത്തുപറയത്തക്കയാതൊന്നും ഈ കാലത്തിന്നിടയിൽ ഉണ്ടായിട്ടില്ല. ഹദ്റത്ത് അബൂബക്കറിന്റെ പുത്രൻ എന്നൊരു പ്രത്യേകതയല്ലാതെ ആദ്യം പറഞ്ഞയാൾക്ക് മറ്റൊരു നിലയും വിലയും ഇല്ലായിരുന്നു. മറ്റേയാളാകട്ടെ, ഹദ്റത്ത് ഉസ്മാന്റെ പോറ്റുമകനായ ഒരു യത്തീമും. ഹദ്റത്ത് അബൂബക്കറിന്റെ പുത്രൻ ഖലീഫ ഉസ്മാന് എതിരായ പ്രക്ഷോഭത്തിൽ സജീവമായ പങ്കു വഹിച്ചു. ഇതൊരു കടംകഥയാണ്! യുക്ത

സ്ഥാനത്ത് നമുക്കിതിന്റെ ഉത്തരം കണ്ടെത്താം. നാലാം കൊല്ലമായപ്പോൾ പ്രക്ഷോഭം അതിന്റെ വിഭീഷണമായ വിശ്വരൂപം കാട്ടിത്തുടങ്ങി. തങ്ങളുടെ ആശയങ്ങൾക്കും വീക്ഷണങ്ങൾക്കും വിപുലപ്രചാരം കൊടുക്കേണ്ട ഘട്ടമെത്തിയെന്നു കലാപകാരികൾ മനസ്സിലാക്കി. ഗവർമ്മെന്റിന്റെ അന്തസ്സിന് മാരകമായ ഒരു പ്രചാരം നൽകാനുള്ള മുഹൂർത്തം അവർ പാഴാക്കുകയില്ലായിരുന്നു. കൂഫാ നഗരം ഇക്കാര്യത്തിലും നേതൃത്വം നൽകി.

സഈദ് ബിൻ ആസ് ആണ് വലീദ് ബിൻ ഉഖ്ബത്തിന്റെ പിൻഗാമിയായി കൂഫാ ഗവർണ്ണർസ്ഥാനത്ത് നിയുക്തനായതെന്ന് ഞാൻ പറഞ്ഞുവല്ലോ. അദ്ദേഹം നഗരത്തിലെ മാന്യന്മാരെ മാത്രമേ തന്നെ സമീപിക്കാൻ അനുവദിച്ചിരുന്നുള്ളൂ. ചിലപ്പോൾ എല്ലാവർക്കും തന്നെ കാണാൻ തരപ്പെടുമാറ് പൊതുദർബാറുകൾ വിളിച്ചുകൂട്ടുകയും ചെയ്തിരുന്നു.

ഈ സമ്മേളനങ്ങളിലൊന്നിൽവെച്ച്, ഏതോ ഒരാൾ, ഒരിക്കൽ ഹദ്റത്ത് ത്വൽഹായുടെ മഹാമനസ്കതയെ വാഴ്ത്തിപ്പറയുകയുണ്ടായി. തദവസരത്തിൽ, ത്വൽഹായുടെ മഹാമനസ്കതയ്ക്ക് കാരണം അദ്ദേഹത്തിന്റെ ഐശ്വര്യമാണെന്നും അദ്ദേഹത്തെപോലെ ഒരു ഐശ്വര്യവാനാണെങ്കിൽ താനും അപ്രകാരംതന്നെ ഉദാരനായിരിക്കുമെന്നും ഗവർണ്ണർ കല്പിച്ചുകൂട്ടിയല്ലാതെ, അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു. ഇതുകേട്ട മാത്രയിൽ ഒരു യുവാവ് എഴുന്നേറ്റ് ഇപ്രകാരം ചോദിച്ചു: 'പോകട്ടെ! മുസ്‌ലിംകൾക്ക് പൊതുവായി അവകാശപ്പെട്ട ആ സ്വത്ത് അങ്ങയുടെ അധീനത്തിലല്ലയോ?' അടക്കിപ്പിടിച്ച വികാരങ്ങൾ വെളിപ്പെടുത്താനവസരം പാർത്തിരുന്ന കുഴപ്പക്കാർ ന്യായസ്ഥന്മാരുടെ മട്ടിൽ ഈ യുവാവിന്റെ അഭിപ്രായപ്രകടനത്തിൽ നീരസം ഭാവിക്കുകയും അതോടൊപ്പംതന്നെ ഗവർണ്ണറെ പഴിക്കുകയും ചെയ്തു. പൊതുമുതൽ കയ്യടക്കാനുള്ള സാഹചര്യമൊരുക്കാനാഗ്രഹിക്കുന്ന ഗവർണ്ണറുടെ നിർദ്ദേശമനുസരിച്ചുതന്നെയാണ് പ്രസ്തുത യുവാവ് അപ്രകാരം പറയാൻ മുതിർന്നതെന്നത്രെ അവർ കുറ്റപ്പെടുത്തിയത്. അവർ അവനെ ഗവർണ്ണരുടെ മുമ്പിൽവെച്ചുതന്നെ മർദ്ദിക്കുകയും ചെയ്തു. അവന്റെ പിതാവ് സഹായിക്കാനെത്തിയെങ്കിലും അയാളും മർദ്ദിച്ചവശനാക്കപ്പെട്ടു. ഗവർണ്ണർ സഈദ് ഇടപെടാൻ ശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. പിതാവും പുത്രനും മർദ്ദനങ്ങളേറ്റു ബോധരഹി

തരായി. തെമ്മാടികളുടെ ഈ അഴിഞ്ഞാട്ടത്തെക്കുറിച്ച് അറിയാനിടയായപ്പോൾ അവരുടെ ഈ ധാർഷ്ട്യത്തിന് തക്ക ശിക്ഷ നൽകാനെന്നോണം ജനങ്ങൾ ആയുധധാരികളായി ഗവർണ്ണറുടെ വീട്ടുമുറ്റത്ത് തടിച്ചുകൂടി. ജനശാപം തങ്ങളുടെ തലയ്ക്കുമീതെ വീഴുമെന്ന് വന്നപ്പോൾ തെമ്മാടികൾ പശ്ചാത്താപം പ്രകടിപ്പിക്കാൻ വൈകിയില്ല. അവർ സഈദിനോട് മാപ്പിരക്കുകയും ജനരോഷത്തിൽ നിന്നും അഭയം നൽകാൻ കെഞ്ചിയപേക്ഷിക്കുകയും ചെയ്തു. മഹാമനസ്കതയ്ക്ക് പുകൾപെറ്റ ഖുറൈശി കുലജാതനായ സഈദിനെപ്പോലെയുള്ള ഉദാരനായ ഒരറബി, ബദ്ധശത്രുവിനുപോലും അഭയം നൽകാൻ വിസമ്മതം കാണിക്കുമായിരുന്നില്ലല്ലൊ. കുപിതരായ ജനക്കൂട്ടത്തെ അദ്ദേഹം പറഞ്ഞൊതുക്കി. കടുത്തൊരു വാക്സമരത്തോടെ ആ സംഭവം അവസാനിച്ചുവെന്നു പറയാം. എന്നാൽ, കുഴപ്പക്കാരായ ഈ തെമ്മാടിക്കൂട്ടം യഥാർത്ഥത്തിൽ പശ്ചാത്തപിച്ചിട്ടില്ലെന്നു ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങി. ആപത്തൊഴിഞ്ഞെന്ന് കരുതിയ ഗവർണ്ണർ സഈദ്, അവരെ മടക്കി അയച്ചു. ഈ ദൗർഭാഗ്യകരമായ സംഭവത്തെപ്പറ്റി പറഞ്ഞു പരത്തരുതെന്നും അത് തനിയ്ക്കുതന്നെയും അപശ്രുതികരമാണെന്നും ഗവർണ്ണർ ആഭേദ്യം ചെയ്യപ്പെട്ട യുവാവിനോടും പിതാവിനോടും അഭ്യർത്ഥിക്കുകയും മേലിൽ ഇത്തരക്കാർക്ക് തന്നെ സമീപിക്കാനവസരമുണ്ടാക്കുന്നതല്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

## ഗൂഢതന്ത്രക്കാർ സിറിയയിൽ

കുഴപ്പക്കാർ തങ്ങളുടെ ലക്ഷ്യം നേടിക്കഴിഞ്ഞിരുന്നു. മുസ്‌ലിം സാമ്രാജ്യത്തിന്റെ ഐക്യത്തെ താറുമാറാക്കുന്നതരത്തിൽ ഭിന്നതയുടെ ബീജവിതരണമായിരുന്നു അവരുടെ ഉദ്ദേശ്യം. ഇപ്പോൾ അവർ ഖലീഫ ഉസ്മാന്റേയും ഗവർണ്ണർ സഈദിന്റേയും കുറ്റങ്ങൾ കണ്ടെത്താൻ തുടങ്ങി. തങ്ങളുടെ അത്യാദരപാത്രമായ ഖലീഫാ തിരുമനസ്സിനേയും പ്രിയപ്പെട്ട ഗവർണ്ണരേയും അവഹേളിക്കുന്നത് ജനങ്ങൾക്ക് പൊറുക്കാനാവാത്ത നിലയായി. മുസ്‌ലിം ഐക്യത്തിനു കനത്ത പ്രഹരങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ഈ ദുർഗ്ഗതിക്ക് പരിഹാരമുണ്ടാക്കാൻ അവർ ഗവർണ്ണരോടപേക്ഷിച്ചു. സ്ഥിതിഗതികളെക്കുറിച്ച് ഖലീഫയ്ക്ക് നേരിട്ട് നിവേദനം ചെയ്യുവാൻ ഗവർണ്ണർ ഉപദേശിക്കുകയും മദീനയിൽനിന്ന് ലഭിക്കുന്ന ഏത് നിർദ്ദേശവും ഉത്തരക്ഷണം നടപ്പിൽ വരുത്തുന്നതാണെന്ന് ഉറപ്പുനൽകുകയും

ചെയ്തു. നഗരനേതാക്കന്മാർ സംഘടിതമായി ഹദ്റത്ത് ഉസ്മാനെ സമീപിച്ചു നിവേദനം നടത്തി. അസംതൃപ്തവിഭാഗങ്ങളുടെ ധിക്കാരവും ഗവർണ്ണരോടുള്ള അനാദരവും പൊറുത്തുകൂടാത്തതായിട്ടുണ്ടെന്ന് അവർ ഖലീഫയെ അറിയിച്ചു. ആവശ്യമാണെന്ന് കാണുന്നപക്ഷം കുഴപ്പക്കാരെയെല്ലാം സിറിയയിലേക്ക് നാടുകടത്താമെന്നും എന്നാൽ, അർഹിക്കുന്നവിധത്തിൽതന്നെ സുശക്തമായ അകമ്പടിയോടെ അവരെ മുആവിയയുടെ അടുക്കലേക്കയക്കണമെന്നും ഖലീഫ ഗവർണ്ണർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തു. അതോടൊപ്പംതന്നെ അദ്ദേഹം മുആവിയക്ക് ഇപ്രകാരം ഒരു എഴുത്തയക്കുകയുമുണ്ടായി:

"രാജ്യത്തിലെ സമാധാനജീവിതത്തേയും രാഷ്ട്രത്തിന്റെ ഐക്യത്തേയും ഭീഷണിപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടെ ചില കുഴപ്പങ്ങൾ പരസ്യമായിത്തന്നെ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. കൂഫക്കാരായ അവരെ താങ്കളുടെ അടുക്കലേക്ക് അയക്കുകയാണ്. അവർക്ക് താമസത്തിനും പിഴപ്പിനുമുള്ള വകയൊരുക്കുകയും തങ്ങളുടെ തെറ്റായ നടപടികളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും ചെയ്യുക. തങ്ങളുടെ നിലപാടിൽനിന്ന് അവർ പിന്തിരിയുകയും പശ്ചാത്തപിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെനേരെ ഉദാരമായും വിട്ടുവീഴ്ചയോടുകൂടിയും പെരുമാറുകയും പൂർവ്വകുറ്റങ്ങളെല്ലാം മാപ്പ് ചെയ്തുകൊടുക്കുകയും വേണം. എന്നാലവർ പിന്തിരിയാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവരോട് യാതൊരു കരുണയും കാട്ടാതെ തക്കശിക്ഷ നൽകേണ്ടതാണ്."

ഹദ്റത്ത് ഉസ്മാന്റെ രാഷ്ട്രീയമായ ഈ ദീർഘദർശിത്വം ചോദ്യം ചെയ്യപ്പെട്ടുകൂടാത്തതാണ്. കുഴപ്പക്കാരെ നാടുകടത്തുകയല്ലാതെ മറ്റൊരു പോംവഴിയും ഇല്ലായിരുന്നു.

കൂഫക്കാരായ കുതന്ത്രക്കാരുടെ സാന്നിധ്യം ഒരുഭാഗത്ത് ജനരോഷത്തെ ഇളക്കിവിടാൻ പര്യാപ്തമായിരുന്നു. ഗൂഢാലോചനക്കാരുടെ നീക്കങ്ങളും ദുരുദ്ദേശ്യങ്ങളും സിറിയക്കാർക്ക് നന്നായറിവുണ്ടായിരുന്നതിനാൽ അവരുടെ നേരെ കയ്യേറ്റം നടത്താൻ പോലും ജനങ്ങൾ മടിക്കുമായിരുന്നില്ല. മറുഭാഗത്ത്, ഗൂഢാലോചനക്കാർക്ക് തങ്ങളുടെ വൃത്തങ്ങളിൽ നല്ല സ്വാധീനമുണ്ടായിരുന്നതിനാൽ ബഹുജനങ്ങളുടെ കൂറും വിശ്വാസവും അപകടത്തിലാ

കാനും സാധ്യതയുണ്ടായിരുന്നു.

നിർഭാഗ്യമെന്നേ പറയേണ്ടു, മേൽകല്പന അല്പം വൈകിയാണ് പുറപ്പെടുവിക്കപ്പെട്ടത്. ബസ്റ ഗവർണ്ണറായ ഇബ്നുആമിർ, ഇബ്നുസബായുടെ കാര്യത്തിൽ ഹദ്റത്ത് ഉസ്മാനുമായി തക്ക സമയത്ത് നേരിട്ട് കൂടിയാലോചിക്കുകയും അയാളെ നാടുകടത്താനുള്ള കല്പന സമ്പാദിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഏറ്റവും ദാരുണവും ഹൃദയഭേദകവുമായ ഇസ്‌ലാമിക ഖിലാഫത്തിന്റെ ചരിത്രം മറ്റൊരുതരത്തിലാണാകുമായിരുന്നത്! ഖലീഫ ഉസ്മാന്റെ ദാരുണമായ വധത്തെതുടർന്ന് ഛിന്നഭിന്നമായിത്തീർന്ന ഇസ്‌ലാമിന്റെ ഐക്യസാമ്രാജ്യം സുരക്ഷിതമായി സ്ഥിതി ചെയ്യാൻ അത് സഹായകമായിരുന്നു.

എന്നാൽ, ദൈവത്തിന്റെ വിധിയാണെന്നുതന്നെ പറയാം. സംഭവങ്ങൾ നിയതവും നിയന്ത്രണാതീതവുമായ നിലയിൽ അതിന്റെ സ്വാഭാവികമാർഗ്ഗങ്ങളിലേക്ക് നീങ്ങുകയായിരുന്നു!

## വിപ്ലവകാരികൾ മുആവിയയുടെ പിടിയിൽ

ഇബ്നുസബായുടെ പാർട്ടിയുടെ തൂണുകളായി പ്രവർത്തിച്ചിരുന്ന നാടുകടത്തപ്പെട്ട വിപ്ലവകാരികൾ പത്തുപേരായിരുന്നു. (ഇവരുടെ എണ്ണം എത്രയാണെന്നതിൽ പക്ഷാന്തരമുണ്ട്).

ഇവരിൽ മാനസാന്തരം വരുത്തുന്നതിനുള്ള ആദ്യപടിയെന്ന നിലയിൽ ഇവർക്ക് അന്തസ്സാർന്നതും സൗഹാർദ്ദപരവുമായ ഒരു സ്വീകരണമാണ് മുആവിയ നൽകിയത്. അദ്ദേഹം അവരോടൊപ്പം ആഹാരം കഴിക്കുകയും ഒഴിവുസമയങ്ങൾ അവരോടൊത്ത് വർത്തമാനങ്ങൾ പറഞ്ഞും പ്രധാന നാട്ടുകാര്യങ്ങൾ ചർച്ചചെയ്തും കഴിച്ചുകൂട്ടുകയും ചെയ്തു. തന്റെ മുമ്പിൽ അവർ തികച്ചും നിർഭയരായിത്തീർന്നപ്പോൾ ഒരു ദിവസം അദ്ദേഹം വളരെ സ്നേഹനിലയിൽ ഇപ്രകാരം പറഞ്ഞു. “നിങ്ങളൊക്കെ ഖുറൈശികൾക്കെതിരിൽ വെറുപ്പ് പരത്തുന്നുണ്ടെന്ന് കേട്ടു. അങ്ങനെ ചെയ്യാതിരിക്കുന്നതാണ് നല്ലത്. അറബികൾ അധഃപതനത്തിന്റേയും എളിമത്തത്തിന്റേയും അടിത്തട്ടിൽ ആപതിച്ചുകിടന്നപ്പോൾ അവരെ മഹിമയുടെ കൊടുമുടിയിലേയ്ക്കുയർത്താനായി അല്ലാഹു ഒരു പ്രവാചകനെ ഖുറൈശികൾക്കിടയിലാണയച്ചത്. അറേബ്യാനാട്ടിന്റെ അഭിനവപു

രോഗതിയും ലോകം മുഴുവനും അതിന് സിദ്ധിച്ചിരിക്കുന്ന ആദരങ്ങളും ഖുറൈശികൾ മുഖേനയാണ് കൈവന്നത്. നിങ്ങളുടെ ഭരണാധികാരികൾ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് നിങ്ങളെ തടുക്കാനുള്ള പരിചകളത്രെ. നിങ്ങൾക്ക് സംതൃപ്തിയും സമാധാനവും കൈവരുത്തുന്നതിനുവേണ്ടി അവർ എല്ലാവിധത്തിലുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നു. അവർ എന്നും നിങ്ങളുടെ ക്ഷേമവും സുഖവുമാണ് കാംക്ഷിക്കുന്നത്. നിങ്ങൾ അവരോട് കൃതഘ്നത കാണിക്കുന്നപക്ഷം മനുഷ്യത്വമില്ലാത്തവരും മർദ്ദകരുമായ ഉഗ്രശാസകന്മാരെ ദൈവം നിങ്ങളുടെ ഭരണാധികാരികളാക്കുന്നതായിരിക്കും. അവരാകട്ടെ, നിങ്ങളെ ചവിട്ടിയരക്കുകയും നരകയാതനകൾ അനുഭവിപ്പിക്കുകയും നിങ്ങളുടെ ക്ഷമയേയും സഹനശക്തിയേയും പരമാവധി പരീക്ഷിച്ചശേഷം നിങ്ങളെ നിത്യദുരിതങ്ങൾക്കിരയാക്കുകയും ചെയ്യും. ശിക്ഷ അവിടംകൊണ്ടവസാനിക്കുകയുമില്ല. അത് പരലോകത്തും തുടരുന്നതുമാണ്. നിങ്ങളുടെ ആ ഭരണകർത്താക്കളുടെ കുറ്റങ്ങൾക്കുള്ള ശിക്ഷയിൽ നിങ്ങളും പങ്കാളികളായിരിക്കും. കാരണം അവരെയാ ഉന്നതപദവികളിലെത്തിക്കുന്നതുതന്നെ നന്ദികേടിന് നിങ്ങളെ ശിക്ഷിക്കാൻ വേണ്ടിയായിരിക്കും."

എന്നാൽ, മുആവിയയുടെ നീണ്ട ഉപദേശപ്രസംഗങ്ങൾ ബധിരങ്ങളായ കാതുകളിൽ യാതൊരു ഫലവും ചെയ്തില്ല. അവർ നൽകിയ മറുപടി ഇതായിരുന്നു: "ഖുറൈശികളെപറ്റി ഒന്നും പറയേണ്ട. ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പേയും പിമ്പേയും അവരുടെ എണ്ണം വളരെ തുച്ഛമാണ്. പിന്നെ, ആ പരിചയുണ്ടല്ലോ, അത് ഖുറൈശികളിൽനിന്ന് എടുക്കപ്പെട്ടാൽ ഞങ്ങളുടെ കൈകളിലാണ് വന്നുചേരുക!"

മുആവിയ പറഞ്ഞു: "നിങ്ങൾ ധിക്കാരികളാണ്. നിങ്ങളെന്നോട് വിലപേശുകയാണോ? ഞാൻ നിങ്ങളോട് ഇസ്‌ലാമിന്റെ അനുഗ്രഹങ്ങളെക്കുറിച്ചാണ് പറയുന്നത്. നിങ്ങളാകട്ടെ, ഇരുണ്ട അജ്ഞാനകാലത്തെക്കുറിച്ച് എന്നെ അനുസ്മരിപ്പിക്കുന്നു. ഖുറൈശികളുടെ എണ്ണമല്ല കാര്യം അവരുടെ ചുമലുകളിൽ ദൈവമർപ്പിച്ച കർത്തവ്യഭാരമാണ്. ഖുറൈശികൾ വളരെ കുറഞ്ഞവർ തന്നെയെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ, തിരുനബി(സ) അവർക്കിടയിലാണ് ജനിച്ചതെന്നതിനാലും തിരുനബിയെ താലോലിച്ചു വളർത്തുകയും

ഇസ്ലാമിനെ തൊട്ടിലാട്ടുകയും ചെയ്ത മക്കാനഗരത്തിന്റെ മഹത്വം കാരണമായും ദൈവം അവരെ കാത്തുപോരുമ്പോൾ, ദൈവത്തിന്റെ അനുഗ്രഹവായ്പിനെ ചോദ്യം ചെയ്യാൻ ആർക്കു കഴിയും? ദൈവ നിഷേധികളായിരുന്നപ്പോഴും ദൈവത്തിന്റെ മഹത്വത്തെ ചോദ്യം ചെയ്തിരുന്ന കാലത്തും ഖുറൈശികളെ അവർ വരിഷ്ഠനഗരമായ മക്കായിലെ നിവാസികളാണെന്ന ഏകകാരണത്താൽ ദൈവം സംര ക്ഷിച്ചുവന്നിട്ടുണ്ടല്ലോ. എന്നിട്ടിപ്പോളവർ ഇസ്ലാമിനെ ആശ്ലേഷി ക്കുകയും ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി തിരു നബിയ്ക്കു ചുറ്റും അണിനിരക്കുകയും ചെയ്തിരിക്കെ ദൈവം അവരെ കൈയ്യൊഴിക്കുകയും നശിപ്പിച്ചുകളയുകയും ചെയ്യുമോ? ഇസ്ലാമിന്റെ മുന്നേറ്റം കണ്ടമ്പരന്നിട്ടാണ് നിങ്ങളെല്ലാം മുസ്ലിം കളായത്. നിങ്ങളിന്ന് ഇസ്ലാമിനെ പിഴുതെറിയാൻ പണിപ്പെടുന്ന പൈശാചികശക്തികളുടെ ചട്ടുകങ്ങളായി വർത്തിച്ചുതുടങ്ങിയിരി ക്കുകയാണ്. മതത്തിൽ ഭിന്നിപ്പുണ്ടാക്കാനാണോ നിങ്ങൾ ശ്രമിക്കു ന്നത്? നിങ്ങളിപ്പോൾ ആരംഭിച്ചിട്ടുള്ളതിലും വലിയ കുഴപ്പങ്ങളിൽ തീർച്ചയായും നിങ്ങൾ ചെന്നകപ്പെടുന്നതാണ്. നിങ്ങളെ ഞാൻ ഒട്ടും ഭയപ്പെടുന്നില്ല. ഇസ്ലാമിന് ഒരു ദോഷവും വരുത്തിവെക്കാൻ നിങ്ങൾക്കാവുകയില്ല. നിങ്ങളെക്കൊണ്ട് എന്തെങ്കിലും നേട്ടം ഉണ്ടാ കുമെന്നാശിക്കുന്നതും ഉച്ചക്കിറുക്കാണ്."

## മുആവിയയുടെ നേരെ

സദുപദേശങ്ങളും ഉദ്ബോധനങ്ങളും ഫലിക്കുന്നതിനു പകരം പരിഹാസങ്ങളെയും ശകാരങ്ങളെയും ക്ഷണിച്ചുവരുത്തുകയാണു ണ്ടായത്. വിപ്ലവകാരികളാകട്ടെ, കൂടുതൽ ധിക്കാരഭാവത്തോടെയും ശാസനാരൂപത്തിലും ഗവർണ്ണർപദവി രാജിവെക്കാൻ മുആവിയ യോട് ആവശ്യപ്പെടുവാനാണ് ധൃഷ്ടരായത്. മുആവിയ ഉത്തരമരു ളി. "ഭരണകൂടവും മുസ്ലിംനേതാക്കളും ഞാൻ അധികാരമൊഴി യണമെന്നാഗ്രഹിക്കുകയാണെങ്കിൽ, അവരുടെ അഭീഷ്ടത്തിന് വഴ ങ്ങുന്നതിൽ ഞാൻ തെല്ലും വൈമനസ്യം കാണിക്കുകയില്ല. എന്നാൽ, ഭരണകാര്യങ്ങളിലിടപെടാൻ നിങ്ങളാര്? മറ്റുള്ളവരുടെ കീശതപ്പുന്ന പണി നിറുത്തി മേലിൽ സദ്വൃത്തന്മാരായിത്തീരാൻ നിങ്ങളോടുപദേശിക്കുന്നു. ദൈവത്തിന് അവന്റെ ജോലി നടത്താൻ നിങ്ങളുടെ സഹായം ആവശ്യമില്ല. നിങ്ങളുടെ ഉപദേശമനുസരിച്ച് പ്രവർത്തിച്ചാൽ മുസ്ലിംകൾ നാശഗർത്തത്തിൽ പതിക്കുകയേയു

ള്ളൂ. ഇസ്ലാമിനോട് നിങ്ങൾക്ക് മടുത്തിരിക്കുന്നു. നിങ്ങളുടെ ഹൃദയവികാരങ്ങളാണ് ചുണ്ടത്ത് ബഹിർസ്ഫുരിക്കുന്നത്. നിങ്ങളുടെ ഗൂഢാലോചനകളും ദുരുദ്ദേശ്യങ്ങളും ഒരുനാൾ ദൈവം പുറത്തു വരുത്താതിരിക്കുകയില്ല."

വിപ്ലവകാരികളുടെ മനസ്സിൽനിന്ന് അനിസ്ലാമികാശയങ്ങളെ നിർമ്മൂലനം ചെയ്യുന്നതിന് ഹദ്റത്ത് മുആവിയ(റ) കഴിയുന്നതൊക്കെ ചെയ്തുനോക്കി. അവരുടെ വിശ്വാസപ്രഖ്യാപനത്തിന്റെ പൊള്ളത്തരം വെളിപ്പെടുത്താൻ മുആവിയ(റ) ശ്രമിക്കുകയും തങ്ങളുടെ നിലയ്ക്കൊരു മാറ്റം വരുത്താൻ അവരോട് ഉപദേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. എന്നാലവർ കൂടുതൽ ധിക്കാരികളായി മാറുകയാണുണ്ടായത്. ഒടുവിൽ ഹദ്റത്ത് മുആവിയയെ കയ്യേറ്റം ചെയ്യാൻപോലും അവർ ധൃഷ്ടരായെന്നു പറഞ്ഞാൽ മതിയല്ലോ.

ഹദ്റത്ത് മുആവിയ(റ) അവരെ താക്കീത് ചെയ്തു. സിറിയ, കൂഫയല്ലെന്നും കൂഫക്കാരെപ്പോലെ തങ്ങളുടെ ഗവർണ്ണരെ അവഹേളിക്കുന്നതു നോക്കിനിൽക്കാൻ സിറിയക്കാർ തയ്യാറാകുന്നതല്ലെന്നും അവർ വിപ്ലവക്കാരുടെ ശരീരം ചീന്തിക്കളയുമെന്ന് ഓർത്തുകൊള്ളേണ്ടതാണെന്നും അദ്ദേഹം അവരോട് പറഞ്ഞു.

മുആവിയ വിപ്ലവകാരികളെയെല്ലാം താക്കീത് ചെയ്തു വിട്ടയച്ചതിനെ തുടർന്ന് അവർ കൂഫയിലേക്ക് തിരിച്ചു. വിപ്ലവസംഘത്തിലെ അംഗങ്ങൾ ബുദ്ധിശൂന്യരാണെന്നും അവരുടെ ആക്ഷേപങ്ങളും ആവലാതികളും ഗൗനിക്കപ്പെടേണ്ടതില്ലെന്നും ഖലീഫാ തിരുമനസ്സിലേക്ക് ഗവർണ്ണർ മുആവിയ എഴുതി. അതോടൊപ്പം തന്നെ കൂഫാഗവർണ്ണരായ സഈദിന് അദ്ദേഹമയച്ച മറ്റൊരു കത്തിൽ, ഗൂഢസംഘക്കാർ നിർമ്മതന്മാരും ഇസ്ലാമിനോട് അവജ്ഞ പുലർത്തുന്നവരും തങ്ങളുടെ രക്ഷാധികാരികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കാൻ ഉദ്ദേശിക്കുന്നവരുമാണെന്നും കുഴപ്പങ്ങൾ സൃഷ്ടിക്കുകയാണവരുടെ സ്വഭാവമെന്നും പുറത്തുനിന്നുള്ള സഹായം ഇല്ലാതെ അവർക്ക് യാതൊരുപദ്രവവും ഏല്പിക്കാൻ സാധിക്കുകയില്ലെന്നും പ്രസ്താവിക്കുകയുണ്ടായി.

മുആവിയയുടെ ഈ നിഗമനം തികച്ചും ശരിയായിരുന്നു. എന്നാൽ, തന്റെ അധികാരപരിധിയ്ക്കപ്പുറം ഈജിപ്തിലാണ് വിപ്ലവകാരികളുടെ പ്രവർത്തനങ്ങളെ സമർത്ഥമായി നിയന്ത്രിക്കുന്ന

ബുദ്ധിയന്ത്രം ചലിച്ചുകൊണ്ടിരുന്നതെന്നും അയാളുടെ ഉപകരണങ്ങൾ മാത്രമാണിവരെല്ലാമെന്നും ഇവരുടെ പോക്കിരിത്തരവും ബുദ്ധിശൂന്യതയും അയാളുടെ ലക്ഷ്യപ്രാപ്തിയ്ക്ക് സഹായകമായിത്തീരുകയായിരുന്നുവെന്നും മുആവിയ അറിഞ്ഞിരുന്നേയില്ല!

## ഗൂഢസംഘം ജസീറയിൽ

ദിമഷ്കിൽനിന്ന് നിഷ്കാസിതരായ വിപ്ലവസംഘം കൂഫയിലേക്കാണ് യാത്രതിരിച്ചതെങ്കിലും തങ്ങളുടെ എല്ലാ അട്ടിമറിപ്രവർത്തനങ്ങളും കൂഫക്കാർക്ക് സുപരിചിതമായിരുന്നതിനാലും കൂഫക്കാരുടെ സൗമനസ്യം നേടാൻ സാധ്യമല്ലെന്നു മനസ്സിലാക്കിയതിനാലും അവരുടനെ ജസീറയിലേക്ക് നീങ്ങി. അവിടെ അബ്ദുർറഹ്മാൻ ബിൻ ഖാലിദ് ബിൻ വലിദ് ആയിരുന്നു ഗവർണ്ണർ. സുപ്രസിദ്ധ പടനായകനും ഏതു പ്രതികൂല സാഹചര്യത്തേയും ഉൾക്കരുത്തോടെ നേരിടുന്ന ധീരപരാക്രമിയും ഇസ്‌ലാമിന്റെ അഭിമാനസ്തംഭവും ആയിരുന്ന ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ പുത്രനായിരുന്നു അദ്ദേഹം. വിപ്ലവകാരികൾ ജസീറയിൽ കാലുകുത്തിയിട്ടുണ്ടെന്നറിഞ്ഞ ഉടനെ അദ്ദേഹം അവരെ ആളയച്ചുവരുത്തുകയും അവരോടിപ്രകാരം പറയുകയും ചെയ്തു: “നിങ്ങളെപറ്റി ഞാൻ പലതും കേട്ടിട്ടുണ്ട്. നിങ്ങൾ ഇവിടെ അസ്വാസ്ഥ്യങ്ങളുണ്ടാക്കുന്നതായ വല്ല സൂചനയും കിട്ടുന്നപക്ഷം നിങ്ങളെ ഞാൻ മാതൃകാപരമായി ശിക്ഷിക്കാതെ വിടുകയില്ല. മൂർത്തദ്ദുകളായ പ്രതിവിപ്ലവക്കാരെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചമർത്തിയ ആ മഹാനായ വീരസേനാനിയുടെ പുത്രനാണ് ഞാൻ എന്നോർത്തുകൊൾവിൻ. മുആവിയയുടെയും സഈദിന്റെയും മുമ്പിൽ നിങ്ങൾ കാണിച്ച ധിക്കാരവും മര്യാദകേടും എനിയ്ക്കൊന്നു കാണണം! നിങ്ങൾ പഴയപടി ദ്രോഹകൃത്യങ്ങളിലേർപ്പെടുകയാണെങ്കിൽ ജീവിതത്തിലൊരിക്കലും മറക്കാനാവാത്തവിധം നിങ്ങളെ ശിക്ഷിക്കുവാൻ ഞാൻ മടിക്കുന്നതല്ല.”

ഗവർണ്ണർ വിപ്ലവസംഘാംഗങ്ങൾക്ക് പൂർണ്ണമായ വിലക്ക് നിയമങ്ങൾ പാസ്സാക്കി. സമ്മതംകൂടാതെ തന്റെ സന്നിധിയിൽനിന്ന് തെറ്റരുതെന്ന് അവരോടു കല്പിച്ചു. ഗവർണ്ണർ സർക്കീറ്റിനു പോകുമ്പോൾ അവരേയും ഒപ്പം നടത്തിച്ചുകൊണ്ടുപോകുമായിരുന്നു. ചിലപ്പോൾ ഗവർണ്ണർ അവരോടു കർക്കശത്തിൽ പെരുമാറാനും മടിച്ചില്ല. ദാക്ഷിണ്യംകൊണ്ട് സംസ്കരിച്ചെടുക്കാനാവാത്ത ദുർവൃത്ത

ന്മാർ ചൂരലിന്റെ ചൂടറിയുകതന്നെവേണം. ഖാലിദ് ബിൻ വലീദിന്റെ പുത്രന്റെ ഉരുക്കുമുഷ്ടിയിലമർന്ന ഗൂഢസംഘക്കാരെല്ലാം പശ്ചാത്താപത്തിനും ക്ഷമായാചനത്തിനും തയ്യാറായി. അവരുടെ പശ്ചാത്താപം ആത്മാർത്ഥവും ക്ഷമാപണം ഹൃദയപൂർവ്വവുമാണെന്ന് ഗവർണ്ണർ അബ്ദുർറഹ്മാന് കുറേയൊക്കെ ബോധ്യംവന്നപ്പോൾ അവരിൽപ്പെട്ട മാലിക്ക് എന്നൊരാളെ വിളിച്ചുവരുത്തുകയും മദീനയിൽ ഖലീഫത്തുൽ മുസ്ലിമീൻ ഹദ്റത്ത് ഉസ്മാന്റെ അടുക്കൽ ചെന്ന് മാപ്പുചോദിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ അയാൾ മദീനയിൽ ഖലീഫ ഉസ്മാന്റെ സന്നിധിയിൽ ഹാജരായി തന്റെ എല്ലാ മുൻകുറ്റങ്ങളും ഏറ്റുപറയുകയും തനിയ്ക്കും തന്റെ കൂട്ടാളികൾക്കും മാപ്പുചെയ്യണമെന്നു മുട്ടുകുത്തിയപേക്ഷിക്കുകയുണ്ടായി. ഹദ്റത്ത് ഉസ്മാൻ(റ) പൊറുത്തുകൊടുക്കുവാൻ എപ്പോഴും തയ്യാറുള്ള ദാക്ഷിണ്യമൂർത്തിയായിരുന്നു. എവിടെ താമസിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് ഖലീഫ അന്വേഷിച്ചപ്പോൾ ഗവർണ്ണർ അബ്ദുർറഹ്മാന്റെ കീഴിൽ തങ്ങൾ സംതൃപ്തരാണെന്നും ജസീറയിൽതന്നെ താമസിക്കാനാണ് ഇഷ്ടപ്പെടുന്നതെന്നും മാലിക്ക് അറിയിച്ചു. അപ്രകാരം ചെയ്തുകൊള്ളുവാൻ ഖലീഫ അനുമതി നൽകിയതനുസരിച്ച് അയാൾ ജസീറയിലേക്ക് മടങ്ങി.

ഒരുപ്രകാരത്തിലുള്ള കുസൃതിത്തരവും പൊറുപ്പിക്കാൻ തയ്യാറില്ലാതിരുന്ന അബ്ദുർറഹ്മാന്റെ ഭരണത്തിൽ താമസിച്ചുകൊള്ളാമെന്ന് ഏറ്റുപറഞ്ഞപ്പോൾ, വിപ്ലവകാരികളെക്കുറിച്ച് ഒട്ടും സംശയിക്കാനുണ്ടായിരുന്നില്ല. എന്നാൽ, അവരുടെ ആ കുറ്റസമ്മതം അങ്ങേയറ്റം വഞ്ചനാപരവും താൽക്കാലികരക്ഷയെ ഉദ്ദേശിച്ചുള്ളതുമായിരുന്നുവെന്നും, ഇവർ ഏതോ രഹസ്യശക്തികളുടെ ചട്ടുകങ്ങൾ മാത്രമായിരുന്നുവെന്നുമുള്ള ഹദ്റത്ത് മുആവിയയുടെ നിഗമനംതന്നെയാണ് ശരിയായിരുന്നതെന്ന് സംഭവങ്ങൾ തെളിയിച്ചു.

## അട്ടിമറിക്ക് കളമൊരുക്കുന്നു

ഈ സമയം വിപ്ലവനേതാവായിരുന്ന അബ്ദുല്ലാഹ് ബിൻ സബാ വെറുതെയിരിക്കയായിരുന്നില്ല. തന്റെ തത്ത്വങ്ങൾ പ്രചരിപ്പിക്കാനായി അയാൾ നാനാനഗരങ്ങളിലും ഏജന്റുമാരെ നിയോഗിച്ചയച്ചു. അയാൾ അനിതരസാധാരണമായ ബുദ്ധിവൈഭവമുള്ള ഒരു തന്ത്രശാലിയായിരുന്നുവെന്ന് സമ്മതിച്ചേതീരൂ. തന്റെ ഏജന്റുമാർക്ക് അയാൾ നൽകിയ നിർദ്ദേശങ്ങളിൽനിന്നുതന്നെ ഈ വസ്തുത മന

സ്സിലാക്കാം. അയാളയച്ച ഒരു സർക്കുലറിൽ ഇപ്രകാരം പറഞ്ഞിരുന്നു:

"തുടക്കത്തിൽത്തന്നെ നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളതെല്ലാം തുറന്നുപറയരുത്. ഗവർമ്മെന്റിന്റെ നിയമങ്ങളും മതകല്പനകളും അനുസരിച്ച് നടക്കാൻ ജനങ്ങളെ ഉപദേശിക്കണം. നല്ലത് ചെയ്യാനും തിന്മയെ വിട്ടകലാനും ഉദ്ബോധിപ്പിക്കുകയും വേണം. വിത്തിറക്കാൻ പറ്റിയവിധം മണ്ണെല്ലാം പാകമാക്കുകയും ജനങ്ങളുടെ പൂർണ്ണമായ വിശ്വാസം നേടുകയും ചെയ്തുകഴിഞ്ഞാൽ നിങ്ങൾ അവർക്ക് നിങ്ങളുടെ ഗൂഢമായ ദൗത്യം വെളിപ്പെടുത്തിക്കൊടുക്കുക. അപ്പോൾ അവർ നിങ്ങളുടെ വാക്കുകൾ കേൾക്കുകയും അവയെ പിന്താങ്ങുകയും ചെയ്യുന്നതാണ്. ഹദ്റത്ത് ഉസ്മാനിൽ പഴിചാരാൻ നിങ്ങൾ തുനിയുകയേ അരുത്. എന്നാൽ, ഗവർണ്ണർമാർക്കെതിരായുള്ള ജനവികാരങ്ങളെ ശരിക്കും ചൂഷണം ചെയ്യുകതന്നെ വേണം."

ഖലീഫയോടു മുസ്‌ലിംകൾക്കുള്ള ബന്ധം വളരെ ശക്തിമത്തായിട്ടുള്ളതാണെന്നും ഖലീഫയ്ക്കെതിരായിട്ട് ജനങ്ങളിൽ പ്രചാരണം ചെയ്യുന്നത് ആപൽക്കരമാണെന്നും അത്തരം അപവാദങ്ങൾ കേൾക്കുമ്പോൾത്തന്നെ ജനങ്ങൾ രോഷാകുലരായിത്തീരുമെന്നും ഇബ്നുസബാ തന്റെ ആൾക്കാരെ പ്രത്യേകം ഉണർത്താതിരുന്നില്ല. എന്നാൽ, ഖലീഫയുടെ പ്രതിപുരുഷന്മാർക്കെതിരായുള്ള ഏത് ആരോപണവും വിശ്വസിച്ചുകൊള്ളേണ്ടതാണെന്നും ഖലീഫയുടെ പ്രതിനിധികളും ദൂതന്മാരും ഗവർണ്ണർമാർക്കനുകൂലമായി വിധി പറയുമ്പോൾ അവരെ ഖലീഫയ്ക്കെതിരാക്കിത്തീർക്കാൻ എളുപ്പമുണ്ടായിരിക്കുമെന്നും അയാൾ അനുയായികളെ ഉപദേശിച്ചിരുന്നു.

### ഭയങ്കരമായ ഒരു തന്ത്രം

ഖലീഫയുടെ പ്രതിനിധികളെ കുറിച്ചുള്ള അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ വിശ്വസിക്കാൻ ബുദ്ധിമാന്മാരും മാന്യന്മാരുമായ ആളുകൾ കൂട്ടാക്കാതിരിക്കുകയും അവർ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ അവയെല്ലാം അടിസ്ഥാനരഹിതങ്ങളായിക്കരുതിത്തള്ളുകയും ഈ പ്രവർത്തനങ്ങളൊന്നുംതന്നെ രാജ്യത്തിലെ പൊതുസമാധാനത്തെ ഒരുവിധത്തിലും അപകടപ്പെടുത്തി

ട്ടിയില്ലെന്ന് വെളിപ്പെടുകയും ചെയ്തപ്പോൾ അയാൾ അത്യധികം ആപൽക്കരവും എന്നാൽ, തികച്ചും ഫലപ്രദവുമായ മറ്റൊരു മാർഗ്ഗം അവലംബിച്ചു. മറ്റു സംസ്ഥാനങ്ങളിലെ ഗവർണ്ണർമാർക്കെതിരായി തങ്ങൾ പ്രവർത്തിക്കുന്ന സംസ്ഥാനത്തിലെ ജനങ്ങളിൽ വെറുപ്പുളവാക്കിത്തീർക്കാൻ അയാൾ തന്റെ ഏജന്റുമാർക്ക് നിർദ്ദേശം നൽകി. ഇതര സംസ്ഥാനങ്ങളിലെ സ്ഥിതിഗതികളെക്കുറിച്ച് തികച്ചും അജ്ഞരായ ജനങ്ങൾ അത്തരം റിപ്പോർട്ടുകൾ വിശ്വസിച്ചുതുടങ്ങുമെന്ന് ഇബ്നുസബാ അവരെ ബോധ്യപ്പെടുത്തി. ഈ നിർദ്ദേശങ്ങൾക്കനുസരിച്ച് ഗവർണ്ണർമാരുടെ കൈരാതികമായ മർദ്ദന ഭരണത്തേയും ജനങ്ങളുടെ ദുരിതങ്ങളേയും കുറിച്ചുള്ള കഥകളും വാർത്തകളും ഭാവനാവിലാസംപോലെ പടച്ചുണ്ടാക്കുകയും ശുദ്ധഗതിക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി ഏജന്റുമാർക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

ഇപ്രകാരം കറ്റുകെട്ടും ദുരാരോപണങ്ങളും അടങ്ങിയ റിപ്പോർട്ടുകളാൽ വഞ്ചിതരും ദുർന്നീതരുമായ സാധുമുസ്ലിംകൾ അവയെല്ലാം അപ്പടി വിശ്വസിച്ചുതുടങ്ങുകയും മറ്റു പ്രദേശങ്ങളിലുള്ള തങ്ങളുടെ സഹോദരന്മാർ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങളും കഷ്ടപ്പാടുകളുമോർത്തു മനസ്താപപ്പെടുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുകയുണ്ടായി. അതേ അവസരത്തിൽത്തന്നെ ദീനദയാലുവും മഹാമനസ്കനുമായ ഒരു ഗവർണ്ണരെ തങ്ങൾക്ക് കിട്ടിയതിൽ അവർ സംതൃപ്തിപ്പെടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ, അവരുടെ ദുരവസ്ഥയെ ചൊല്ലി മറ്റൊരു പ്രദേശത്തെ ജനങ്ങൾ സഹതപിച്ചു കണ്ണീരൊഴുക്കുകയും താരതമ്യേന ക്ഷേമപൂർണ്ണമായ തങ്ങളുടെ നിലയോർത്തു ദൈവത്തെ സ്തുതിക്കുകയും ചെയ്യുകയായിരുന്നു എന്ന വസ്തുത അവരറിഞ്ഞതേയില്ല. തലസ്ഥാനമായ മദീനത്താകട്ടെ, നാനാപ്രദേശങ്ങളിൽനിന്നും പ്രവഹിച്ചുകൊണ്ടിരുന്ന കള്ളവാർത്തകളും റിപ്പോർട്ടുകളും അമ്പരപ്പുളവാക്കുകയും ഗവർണ്ണർമാരുടെ ദുർഭരണവും മനുഷ്യത്വരഹിതമായ മർദ്ദനങ്ങളും കാരണം മുസ്ലിം ലോകത്തെങ്ങും അസ്വാസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെട്ടിരിക്കയാണെന്ന ധാരണ പരക്കാനിടയാവുകയും ചെയ്തിരുന്നു.

അബ്ദുല്ലാഹ് ബിൻ സബായുടെ ഗൂഢതന്ത്രം ഇപ്രകാരം ഫലി

ച്ചുകൊണ്ടിരിക്കുകയും മുസ്ലിംലോകത്തെങ്ങും അനുകൂലികളെ നേടിയെടുക്കാൻ അയാൾക്കതുവഴി സാധിക്കുകയും ചെയ്തു. മറ്റൊരു പ്രകാരത്തിലും ഇതയാൾക്ക് കഴിയുമായിരുന്നില്ലതന്നെ.

## അന്വേഷണത്തിന്റെ ഉത്തരവ്

ഈ അസംതൃപ്തി അതിരുകടന്നപ്പോൾ ഗവർണ്ണർമാരുടെ ദുർഭരണത്തേയും മർദ്ദനങ്ങളേയും കുറിച്ചുള്ള കള്ളക്കഥകളും ജനങ്ങളുടെ ദുരിതങ്ങളും വിവരിച്ചുകൊണ്ടുള്ള കത്തുകൾ നാനാഭാഗങ്ങളിൽനിന്നും സഹാബികൾക്കും കിട്ടിത്തുടങ്ങി. അവർ തങ്ങൾക്ക് കിട്ടിയ കത്തുകളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉസ്മാന് നിവേദനം സമർപ്പിച്ചു. ഖലീഫയാകട്ടെ, പ്രസ്തുത റിപ്പോർട്ടുകളിൽ അത്ഭുതം പ്രദർശിപ്പിക്കുകയും മുസ്ലിംലോകത്തെങ്ങും പരിപൂർണ്ണമായ സമാധാനവും സംതൃപ്തിയും നടമാടുന്നതായുള്ള കത്തുകളാണ് തനിയ്ക്ക് കിട്ടിക്കൊണ്ടിരുന്നിട്ടുള്ളതെന്ന് അവരെ അറിയിക്കുകയുമാണുണ്ടായിട്ടുള്ളത്. ആകയാൽ, രോഗത്തിന് സമൂലമായ ഒരു ചികിത്സ നടത്താൻ കഴിയുമാറ് പൂർണ്ണമായ ഒരന്വേഷണം ആവശ്യമാണെന്ന് സഹാബികൾ അഭിപ്രായപ്പെട്ടു. കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം ഉസ്വാമത്ത് ബിൻ സൈദിനെ ബസറയിലേക്കും മുഹമ്മദ് ബിൻ മുസ്ലിമിനെ കൂഫയിലേക്കും അബ്ദുല്ലാഹ് ബിൻ ഉമറിനെ സിറിയയിലേക്കും അമ്മാർ ബിൻ യാസിറിനെ ഈജിപ്തിലേക്കും അന്വേഷണങ്ങൾ നടത്താൻ ഖലീഫ നിയോഗിച്ചയച്ചു. മറ്റു ചിലരെ വേറെ ചില പ്രദേശങ്ങളിലേക്കും അയക്കുകയുണ്ടായി. ജനങ്ങളുടെ ധാർമ്മികനിലവാരം താണിട്ടുണ്ടോ? അവരുടെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുന്നുണ്ടോ? മർദ്ദനഭരണം നടക്കുന്നുണ്ടോ? എന്നിങ്ങനെയുള്ള കാര്യങ്ങൾ അന്വേഷിക്കാനായിരുന്നു കമ്മീഷൻ നിയോഗിക്കപ്പെട്ടിരുന്നത്.

ഈ അന്വേഷണ ഉദ്യോഗസ്ഥന്മാർ അതത് പ്രദേശങ്ങളിൽ ചെന്ന് അവിടങ്ങളിലെല്ലാം തികഞ്ഞ സംതൃപ്തിയും സമാധാനവും നടമാടുന്നതായിട്ടാണ് ഖലീഫയ്ക്ക് റിപ്പോർട്ട് ചെയ്തത്. മുസ്ലിംകൾ എവിടെയും സുരക്ഷിതരും തങ്ങളുടെ ഭരണകർത്താക്കളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും സംതൃപ്തരും ആണെന്നും അവർ ഖലീഫയെ അറിയിച്ചു. എന്നാൽ, ഈജിപ്തിൽ നിയുക്തനായ അമ്മാർ ബിൻ യാസിർ തന്റെ റിപ്പോർട്ടയക്കാൻ വിളംബം വരുത്തി.

ഈ വിളംബത്തിനുള്ള കാരണം യഥാസ്ഥാനത്ത് ഞാൻ വിവരിച്ചുകൊള്ളാം. എന്നാൽ, അന്വേഷണക്കമ്മീഷനിലെ മെമ്പർമാർക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനത്തെയും അന്വേഷണത്തിന്റെ പ്രാധാന്യത്തെയും കുറിച്ച് ഇവിടെ അല്പം പ്രതിപാദിക്കാം. ഫിത്നയുടെ ശരിയായ നില പൂർണ്ണമായി മനസ്സിലാക്കുന്നതിന് അന്വേഷണത്തിന്റെ പൊതുരൂപവും അന്വേഷണക്കമ്മീഷൻ അംഗങ്ങളുടെ യഥാർത്ഥസ്ഥിതിയും ശരിയായി അറിഞ്ഞിരിക്കേണ്ടതുണ്ട്.

## അന്വേഷണക്കമ്മീഷൻ

അന്വേഷണക്കമ്മീഷനിലെ അംഗങ്ങൾ ഏത് ഗണത്തിൽ പെടുന്നവരായിരുന്നു എന്ന് നമുക്കിനി നോക്കാം. സമുദായത്തിൽ അവർക്കുള്ള ഉന്നതസ്ഥാനംതന്നെ അവർക്കേൽപിച്ച കർത്തവ്യത്തിന്റെ പ്രാധാന്യവും വലുപ്പവും വ്യക്തമാക്കുന്നു. ഭീഷണികൾക്കോ പ്രലോഭനങ്ങൾക്കോ വശംവദരായിത്തീരത്തക്കവണ്ണം പരോപജീവികളും സ്തുതിപാഠകന്മാരും കുബേരപക്ഷപാതികളും സാമൂഹികമണ്ഡലത്തിൽ സമുന്നതസ്ഥാനവും മതരംഗത്ത് ബഹുമാന്യതയും നേടിയിട്ടില്ലാത്തവരും ആയിരുന്നു അവരെങ്കിൽ വെറുപ്പിനെ പേടിച്ചു സത്യം വെളിച്ചത്തുകൊണ്ടുവരാൻ അവർ മടിച്ചുവെന്നും യാഥാർത്ഥ്യങ്ങൾ മൂടിവെച്ചുവെന്നും ശങ്കിക്കാമായിരുന്നു!

എന്നാൽ, ഭാഗ്യവശാൽ, മേൽപറഞ്ഞ എല്ലാ കുറ്റങ്ങളിൽനിന്നും തികച്ചും അതീതരായിരുന്നു അവരെല്ലാം. ഇത്രയും പ്രഭാവശാലികളായ വ്യക്തികളെ ഈ കർത്തവ്യനിർവ്വഹണാർത്ഥം തിരഞ്ഞെടുത്തതുതന്നെ ഹദ്റത്ത് ഉസ്മാന്റെ ആർജ്ജവത്തേയും ആത്മാർത്ഥതയേയും ഉദ്ദേശ്യശുദ്ധിയേയും ആണ് വെളിപ്പെടുത്തുന്നത്. ബസറയിലേക്കയ്ക്കപ്പെട്ട ഉസാമഃ ഒന്നാമത്തെ സത്യവിശ്വാസിയായ ഹദ്റത്ത് സൈദിന്റെ പുത്രനും തിരുനബി(സ) ഏറ്റവുമധികം അടുത്തിടപെടുകയും സ്നേഹിക്കുകയും ചെയ്തിട്ടുള്ളയാളുമത്രെ. തിരുനബി(സ) ചരമശയ്യയിൽ കിടക്കുന്നേരം തയ്യാറാക്കിയ വമ്പിച്ച സൈന്യവ്യൂഹത്തിന്റെ നായകത്വം ഉസാമക്കാണ് നൽകിയിരുന്നത്. ആ സൈന്യവ്യൂഹത്തിലാണെങ്കിൽ ഹദ്റത്ത് ഉമറിനെപ്പോലുള്ള അത്യാദൃത വ്യക്തികളും സഹാബിവര്യന്മാരുംകൂടി കീഴപടയാളികൾ മാത്രമായിരുന്നു. ഈ നിയമനം മനോവിശാലതയെ കാണിക്കുന്ന ഒരു നടപടി മാത്രമായിരുന്നില്ല. താൻ അത്രയും ഉന്നതമായ കർത്തവ്യങ്ങളേൽക്കാൻ തികച്ചും പ്രാപ്തൻ തന്നെയെന്ന്

ഉസാമഃ(റ) തെളിയിച്ചു കാട്ടുകയും ചെയ്തിട്ടുണ്ട്. തിരുനബി(സ) തന്റെ പേരക്കുട്ടിയായ ഹദ്റത്ത് ഇമാം ഹസനേയോ ഉസാമയേയോ ആരെയാണ് ഏറെ സ്നേഹിച്ചിരുന്നതെന്ന് ആർക്കും തിട്ടമായിപ്പറയാനാകാത്തവിധം ഉസാമയോടും വർദ്ധിച്ച വാത്സല്യം കാണിച്ചുപോന്നിരുന്നു. കൂഫയിലേക്ക് അയക്കപ്പെട്ട മുഹമ്മദ് ബിൻ മുസ്‌ലിമും എണ്ണപ്പെട്ട സഹാബിമാരിൽ ഒരാളായിരുന്നു. അദ്ദേഹം വലിയ സ്വാധീനമുള്ള വ്യക്തിയും ആയിരുന്നു. സിറിയയിലേക്ക് നിയുക്തനായ അബ്ദുല്ലാഹ് ബിൻ ഉമർ(റ) പരിചയപ്പെടുത്തേണ്ടതില്ലാത്തവിധം സുവിദിതനത്രെ. തിരുനബിയുടെ ആദ്യകാലസഖാക്കളിൽ ഒരാളായിരുന്ന ഇദ്ദേഹം ദൈവഭക്തിയും സമർപ്പണമനോഭാവവും കാരണം ഉന്നത സഹാബിമാർക്കിടയിൽപോലും ആദരിക്കപ്പെട്ടുപോന്ന ഒരു മഹാനുഭാവനായിരുന്നു. ഹദ്റത്ത് അലി(റ) ചരമമടഞ്ഞപ്പോൾ ഖിലാഫത്ത് പദത്തിലേക്കു ഏറ്റവും യോഗ്യനെന്നനിലയിൽ ഇദ്ദേഹത്തിന്റെ പേരും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെങ്കിലും ലൗകിക വ്യവഹാരങ്ങളിൽ തീരെ പ്രതിപത്തിയില്ലായിരുന്ന അദ്ദേഹം അതിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയത്രെ ചെയ്തത്. മതകാര്യങ്ങളിൽ തനിയ്ക്കുണ്ടായിരുന്ന അത്യധികമായ അഭിമാനബോധവും ഒട്ടിപ്പിടിത്തവും കാരണം ചിലപ്പോൾ സ്വപിതാവായ ഹദ്റത്ത് ഉമറിനോടുപോലും തുറന്ന വാഗ്സമരം നടത്താൻ അദ്ദേഹം മടിച്ചിരുന്നില്ല. സത്യം തുറന്നുപറയുന്ന കാര്യത്തിൽ അദ്ദേഹം ഊരിപ്പിടിച്ച വാളായിരുന്നുവെന്ന് പറയാം. സിറിയയെ സംബന്ധിച്ചിടത്തോളം അന്വേഷണ ഉദ്യോഗസ്ഥനാക്കാൻ ഏറ്റവും പറ്റിയ ആൾ അദ്ദേഹമല്ലാതെ മറ്റാരുമായിരുന്നില്ല. ഹദ്റത്ത് മുആവിയ, സിറിയയിലെ ഭരണകാര്യങ്ങൾ ഏറ്റവും പ്രാപ്തമായ നിലയിൽ നടത്തിവന്ന ഒരു ഉന്നത രാജ്യതന്ത്രജ്ഞനായിരുന്നതിനാൽ സിറിയക്കാർക്ക് അദ്ദേഹത്തോട് വലിയ മതിപ്പും ബഹുമാനവുമായിരുന്നു. അതുകൊണ്ട്, അദ്ദേഹത്തിന്റെ ഭരണവൈകല്യങ്ങളേയും ദുർബ്ബലവശങ്ങളേയും കണ്ടുപിടിച്ച് ഖലീഫയ്ക്ക് ധീരമായും സത്യസന്ധമായും റിപ്പോർട്ട് ചെയ്യാനും ജനങ്ങളുടെ സംശയങ്ങളകറ്റുവാനും അബ്ദുല്ലാഹ് ബിൻ ഉമറിനെപ്പോലുള്ള ഒരാൾക്കല്ലാതെ കഴിയുമായിരുന്നില്ല. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ വിശ്വാസാവേശവും ഇസ്‌ലാമികാഭിമാനവും സ്വതന്ത്രബുദ്ധിയും സർവ്വോപരി ദൈവഭക്തിയും കാരണം മുആവിയക്ക് അദ്ദേഹത്തിന്റെ മുമ്പിൽ അനങ്ങുവാനാകുമായിരുന്നില്ല. ഇത്തരമൊരാളുടെ സാന്നി

ധ്യത്തിൽ മുആവിയയുടെ സകല പ്രതാപപ്രഭാവങ്ങളും നിഷ്പ്രഭ ങ്ങളാകാനേ തരമുണ്ടായിരുന്നുള്ളൂ.

## ധീരവും നിഷ്പക്ഷവുമായ അന്വേഷണം

ചുരുക്കത്തിൽ, അന്വേഷണക്കമ്മീഷനിലെ അംഗങ്ങളെല്ലാം സമുന്നതസ്ഥാനീയരും വ്യക്തിപ്രഭാവമുള്ളവരുമായിരുന്നു. തികച്ചും നിഷ്പക്ഷരായിരുന്ന അവർ നടത്തിയ അന്വേഷണങ്ങൾ എല്ലാ വിമർശനങ്ങൾക്കും അതീതമായിരുന്നു. അന്വേഷണക്കമ്മീഷനിലെ ഈ മൂന്ന് മെമ്പർമാരും മറ്റിടങ്ങളിലയച്ച വേറെ ചിലരും അതാത് രാജ്യങ്ങളിൽ തികഞ്ഞ സമാധാനവും സംതൃപ്തിയും നടമാടുന്നുണ്ടെന്നും ഗവർണ്ണർമാർ യാതൊരു മർദ്ദനവും അത്യാചാരവും നടത്തിയിട്ടില്ലെന്നും ഭരണാധിപന്മാർ നീതിയും ന്യായവും പുലർത്തിപ്പോന്നിട്ടുണ്ടെന്നും എല്ലാവരും ശരീഅത്തിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കണമെന്ന് നിർബന്ധിക്കുന്നതായുള്ള ആവലാതികൾ മാത്രമേ ഉയർന്നിട്ടുള്ളൂവെന്നും ഏകകണ്ഠമായി റിപ്പോർട്ട് ചെയ്യുകയാണുണ്ടായത്. അതിനാൽ, ഈ എല്ലാ കുഴപ്പങ്ങളും ഏതാനും ദുർബുദ്ധികളുടെ ഗൂഢതന്ത്രങ്ങളുടെ ഫലം മാത്രമാണെന്നതിൽ സംശയിക്കാനുണ്ടായിരുന്നില്ല. അബ്ദുല്ലാഹ് ബിൻ സബായാണ് ഈ ഗൂഢാലോചനകളുടെ ആസൂത്രകനെന്നും ഹദ്റത്ത് ഉസ്മാനും അദ്ദേഹത്തിന്റെ ഗവർണ്ണർമാരും എല്ലാത്തരം ദുരാരോപണങ്ങളിൽനിന്നും പരിശുദ്ധന്മാരും തങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഏതെന്നുപോലും അറിഞ്ഞിട്ടില്ലാത്തവരുമായിരുന്നുവെന്നും വ്യക്തമായിരുന്നു.

വിപ്ലവത്തിന്റെ പിന്നിൽ യഥാർത്ഥത്തിൽ യഹൂദികളാണ് ഗൂഢാലോചന നടത്തിക്കൊണ്ടിരുന്നത്. ദീനുമായി ബന്ധമില്ലാത്തവരും ഭൗതികസുഖങ്ങൾക്കായി എന്തും ചെയ്യാൻ മടിയില്ലാത്തവരുമായ ഒരു പിടി നാമമാത്ര മുസ്‌ലിംകളും അവരോടൊപ്പം ചേർന്നിരുന്നു. അമീറന്മാർ തികച്ചും നിരപരാധികളായിരുന്നു. ഹദ്റത്ത് ഉസ്മാൻ (റ) ഭരമേല്പിച്ച കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റാൻ ശ്രമിച്ചത് മാത്രമാണവരുടെ കുറ്റം! ഹദ്റത്ത് ഉസ്മാന്റെ കുറ്റമാകട്ടെ, താൻ ഏറ്റെടുത്ത ഉത്തരവാദിത്വത്തിൽനിന്ന് പിന്മാറാതെ, ബലക്ഷയത്തേയും വാർദ്ധക്യത്തേയും അഗണ്യമാക്കിക്കൊണ്ട് ഇസ്‌ലാമിന്റെ ഐക്യത്തെ നിലനിറുത്താനും തന്റെ ചുമതലകൾ

നിർവിഘ്നം നിറവേറ്റാനും പാടുപെട്ടുവെന്നതുമായിരുന്നു. ഇസ്ലാമികശരീഅത്ത് നിഷ്കൃഷ്ടമായി പാലിക്കപ്പെടണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. ദീൻതെറ്റി നടക്കുന്നവർക്കും അക്രമികൾക്കും യഥേഷ്ടം ദുർബ്ബലരേയും സാധുക്കളേയും ദ്രോഹിക്കാനും പിഴിയാനും അവസരം നൽകാതെ അത്തരക്കാർക്കെതിരിൽ അദ്ദേഹം കർശനനടപടികൾ സ്വീകരിച്ചിരുന്നു. വിപ്ലവത്തെ ശക്തിപ്പെടുത്താനുള്ള ആലോചനകൾ നടത്താൻ വേണ്ടി ഈ പൈശാചികശക്തികളുടെ കിങ്കരന്മാർ കൂഫയിൽ സമ്മേളനം ചേർന്നപ്പോൾ അവർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടത് ഭരണകൂടത്തിന്റെ തലപ്പത്ത് ഉസ്മാൻ ഇരിക്കുന്ന കാലത്തോളം ഒരാൾക്കും തലപൊക്കാൻ സാധ്യമല്ല എന്നായിരുന്നു എന്നറിയുമ്പോൾ, മുകളിൽ പ്രകടിപ്പിച്ച അഭിപ്രായം സാധൂകരിക്കപ്പെടുന്നേയുള്ളൂ. തങ്ങളുടെ ഹിതം നടത്തുന്നതിൽ ഒരേയൊരു വിലങ്ങുതടിയായി വിപ്ലവകാരികൾ കണ്ടത് ഉസ്മാനെയായിരുന്നു. അതുകൊണ്ട്, എങ്ങനെയെങ്കിലും ഹദ്റത്ത് ഉസ്മാന്റെ കഥ കഴിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

## കമ്മീഷനംഗം വിപ്ലവക്കാരുടെ വലയിൽ

ഈജിപ്തിലെ സ്ഥിതിഗതികളന്വേഷിക്കാൻ നിയുക്തനായ അമ്മാർ ബിൻ യാസിറിൽനിന്ന് വളരെ നാളോളം റിപ്പോർട്ടുണ്ടായില്ലെന്ന് മുമ്പേ പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ യാതൊരു വിവരവും ലഭിക്കായ്കയാൽ അദ്ദേഹം കൊല്ലപ്പെട്ടുപോയിരിക്കുമെന്നു തന്നെ എല്ലാവരും കരുതി. എന്നാൽ, തന്റെ ശുദ്ധഗതിയും നയവൈകല്യവും കാരണമായി അദ്ദേഹം അബ്ദുല്ലാഹ് ബിൻ സബായുടെ സൂത്രശാലികളായ അനുയായികളുടെ വലയിൽ കുടുങ്ങിപ്പോകുകയാണുണ്ടായത്. അവർ അദ്ദേഹത്തിന്റെ പരിചയക്കുറവിനേയും ആർജ്ജവത്തേയും തികച്ചും ചൂഷണം ചെയ്യുകതന്നെ ചെയ്തു. അന്നാളുകളിൽ അബ്ദുല്ലാഹ് ബിൻ സബാ ഈജിപ്തിൽ തന്നെയുണ്ടായിരുന്നു. അന്വേഷണക്കമ്മീഷനിലെ അംഗങ്ങൾ സാമ്രാജ്യത്തിലെല്ലായിടത്തും സമാധാനവും ഭദ്രതയും കളിയാടുന്നുണ്ടെന്ന് ഏകകണ്ഠമായി റിപ്പോർട്ട് ചെയ്യുന്നപക്ഷം തന്റെ എല്ലാ പ്ലാനുകളും അവതാളത്തിലാകുമെന്നും അയാൾ മനസ്സിലാക്കാതിരുന്നില്ല. എന്നാൽ, കമ്മീഷനെ നിയോഗിച്ചത് പെട്ടെന്നും തീരെ പ്രതീക്ഷിച്ചിട്ടില്ലാത്തവിധത്തിലും ആയതിനാൽ, മറ്റു സംസ്ഥാന

കേന്ദ്രങ്ങളിൽ കമ്മീഷനംഗങ്ങളെ സമീപിക്കാനോ തന്ത്രപരമായ നീക്കങ്ങൾക്ക് നേതൃത്വം നൽകാനോ തനിയ്ക്ക് സാധ്യമല്ലാതെ വന്നപ്പോൾ അബ്ദുല്ലാഹ് തെല്ലൊന്നമ്പരക്കുകതന്നെ ചെയ്തു. എങ്കിലും, തന്റെ തലസ്ഥാനം ഈജിപ്ത് തന്നെയായിരുന്നതിനാൽ, തന്ത്രങ്ങൾ അവിടെ പ്രാവർത്തികമാക്കാൻ അയാളുറച്ചു. അമ്മാർ ബിൻ യാസിർ ഈജിപ്തിൽ കാലുകുത്തിയ ഉടൻ അദ്ദേഹത്തിന് അബ്ദുല്ലാഹ് ബിൻ സബാ ഒരു ഹൃദ്യമായ സ്വീകരണം നൽകുകയും ഗവർണ്ണറുടെ മർദ്ദനഭരണത്തെക്കുറിച്ച് ഒരു നിവേദനം സമർപ്പിക്കുകയും ചെയ്തു. അയാളുടെ മധുരവാക്കുകൾ ഉദ്ദേശിച്ച ഫലം ഉളവാക്കാതിരുന്നില്ല. അമ്മാർ ബിൻ യാസിർ, അബ്ദുല്ലായുടെ മിരട്ടിൽ അകപ്പെട്ടുവെന്നു പറഞ്ഞാൽ മതിയല്ലോ. നിഷ്പക്ഷമായ ഒരന്വേഷണം നടത്തുന്നതിനുപകരം അദ്ദേഹം അബ്ദുല്ലായുടെ പാർട്ടിയിൽ ചേർന്ന് ഗവർണ്ണരെ വിമർശിക്കാനും പഴിചാരാനുമാണ് തുനിഞ്ഞത്.

സൂത്രജ്ഞനായ അബ്ദുല്ലാഹ് ബിൻ സബായുടെ അനുയായികളുടെ കൈകളിൽ കരുവായിത്തീർന്ന ഒരേയൊരു സഹാബിയാണ് അമ്മാർ ബിൻ യാസിർ എന്നോർക്കേണ്ടതാണ്. ഈ പ്രസ്ഥാനവുമായി മറ്റേതെങ്കിലും ഒരു പ്രധാന സഹാബി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടതായുള്ള വിശ്വാസ്യമായ ഒരൊറ്റ തെളിവും ഇല്ല. അങ്ങനെ ബന്ധപ്പെട്ടിട്ടുള്ളതായി വരുത്തുന്ന നിവേദനങ്ങളെല്ലാം സംശയഗ്രസ്തങ്ങളും കെട്ടിച്ചമച്ചവയുമാകയാൽ പല നിവേദകന്മാരും തള്ളിക്കളയുകയാണുണ്ടായത്. അമ്മാർ ബിൻ യാസിർ ഇക്കൂട്ടരുടെ വലയിൽ കുരുങ്ങിയതുതന്നെ ചില പ്രത്യേക സാഹചര്യങ്ങൾ ഒത്തുകൂടിയതിനാലുമായിരുന്നു. ഈജിപ്തിൽ കാലുകുത്തിയ ഉടനെ അമ്മാറിനെ സ്വീകരിച്ചത് വളരെയേറെ ഭക്തിഭാവങ്ങളും വാക്ചാതുരിയും പ്രകടിപ്പിച്ച ഒരുകൂട്ടം യോഗ്യന്മാരായിരുന്നു. അവർ തദ്ദേശ ഗവർണ്ണറെപ്പറ്റി തങ്ങളുടെ സങ്കടങ്ങളും ആവലാതികളും അദ്ദേഹത്തിന്റെ മുന്നിൽ നിരത്തിവെച്ചു. നിർഭാഗ്യവശാൽ ഈജിപ്തിലെ ഗവർണ്ണർ, മക്കാവിജയത്തിനു മുമ്പേ തിരുനബിയുടെ കഠിശത്രുവായിരുന്ന ഒരാളായിരുന്നു. പൊതുമാപ്പിൽനിന്ന് ഒഴിച്ചുനിറുത്തപ്പെട്ടിരുന്ന ഇദ്ദേഹത്തെ കഅ്ബയിൽ രക്ഷപ്രാപിച്ചു കണ്ടാൽപോലും കൊന്നുകളയേണ്ടതാണെന്ന് തിരുനബി(സ) ഒരിക്കൽ വിധിച്ചിട്ടുണ്ടായിരുന്നു. പിന്നീട് അദ്ദേഹത്തിന് മാപ്പ് നൽകിയെങ്കിലും ഏതാനും ചിലരുടെ മനസ്സിൽനിന്ന് അദ്ദേ

ഹത്തെപ്പറ്റിയുള്ള ദുസ്മരണകൾ വിട്ടുപോയിട്ടുണ്ടായിരുന്നില്ല. ഈ നിലയ്ക്ക് ഗവർണ്ണറെപ്പറ്റിയുള്ള ആരോപണങ്ങളെല്ലാം അദ്ദേഹം വളരെ ശ്രദ്ധിച്ചുകേൾക്കുകയും അവയപ്പടി വേദവാക്യങ്ങളെന്നോണം വിശ്വസിക്കുകയും ചെയ്തതിൽ അത്ഭുതത്തിന്നവകാശമില്ല. അബ്ദുല്ലായുടെ കൂട്ടുകാർ അമ്മാറിന്റെ ഈ ശത്രുതാപരമായ വീക്ഷണങ്ങളേയും പ്രവണതകളേയും ശരിക്കും ചൂഷണം ചെയ്തുകൊണ്ട് ഗവർണ്ണറെപ്പറ്റിയുള്ള ദുഷ്ടാരോപണങ്ങളും ഏഷണികളുമെല്ലാം അദ്ദേഹത്തിന്റെ കാതുകളിൽ കുത്തിനിറച്ചു. ഗവർണ്ണർ മുർത്തദ്ദാണെന്നുവരെ അവർ പറഞ്ഞൊപ്പിച്ചു. ഹദ്റത്ത് ഉസ്മാന്റെ ആർജ്ജവവും ജനങ്ങളുടെ ആവലാതികൾക്കൊരു പരിഹാരമുണ്ടാക്കണമെന്ന ആത്മാർത്ഥമായ അഭിലാഷവും, അദ്ദേഹം അമ്മാറിന്റെ റിപ്പോർട്ടിന് നൽകിയ അധികപ്രാധാന്യത്തിൽനിന്നു മനസ്സിലാക്കാം. ഗവർണ്ണർമാരെ എല്ലാ ദുരാരോപണങ്ങളിൽനിന്നും ശുദ്ധപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു മറ്റു മൂന്നുപേരുടേയും റിപ്പോർട്ടുകളെങ്കിലും അമ്മാറിന്റെ റിപ്പോർട്ടിനെ കണക്കിലെടുത്ത് ഖലീഫ തിരുമനസ്സുകൊണ്ട് ഒരു രാജകീയ വിളംബരം പുറപ്പെടുവിച്ചു.

**ഖലീഫയുടെ വിളംബരം**

ഖലീഫയുടെ പ്രസ്തുത വിളംബരത്തിന്റെ ഉള്ളടക്കം ഇതായിരുന്നു: “ഖിലാഫത്ത് പദവിയിൽ അവരോധിക്കപ്പെട്ട മുതൽക്കുതന്നെ നന്മ ചെയ്യാനും തിന്മയെ വിട്ടുമാറാനും ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചുപോന്നിട്ടുണ്ട്. മറ്റു മുസ്ലിംകൾക്കില്ലാത്ത പ്രത്യേകാധികാരാവകാശങ്ങളൊന്നും ഞാൻ എന്റെ ബന്ധുക്കൾക്കാർക്കും നൽകിയിട്ടില്ല. എന്നാൽ, അധികാരസ്ഥന്മാർ ജനങ്ങളെ മർദ്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതായി മദീനയിലുള്ള മുസ്ലിംകളിൽനിന്നു എനിക്ക് നിവേദനം ലഭിച്ചിരിക്കുന്നു. അതുകൊണ്ട്, അങ്ങനെ അറിയപ്പെടാത്തവിധം അന്യായത്തിനും മർദ്ദനങ്ങൾക്കും ഇരയായിത്തീർന്നിട്ടുള്ളവർ അടുത്ത ഹജ്ജുവേളയിൽ തങ്ങളുടെ ആവലാതികൾ ഉന്നയിക്കുകയും, എന്നിൽനിന്നോ എന്റെ ഗവർണ്ണർമാരിൽനിന്നോ തക്കതായ നഷ്ടപരിഹാരം സ്വീകരിക്കുകയും അഥവാ അവർ പൊറുക്കുകയോ മറക്കുകയോ ചെയ്യുകയും- പൊറുക്കുന്നവർക്ക് അല്ലാഹുവത്രെ പ്രതിഫലം നൽകുന്നവൻ- വേണ്ടതാണെന്ന് ഈ വിളംബരം മുഖേന ഞാൻ എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.”

എല്ലാ സംസ്ഥാനങ്ങളിലേയും മിമ്പറുകളിൽനിന്ന് ഖലീഫാ തിരുമനസ്സിലെ ഈ സന്ദേശം വായിച്ചുകേട്ടപ്പോൾ മുസ്‌ലിം സാമ്രാജ്യത്തിലുടനീളം വമ്പിച്ച വികാരത്തള്ളിച്ച പ്രകടിതമായി. അനേകം സ്ഥലങ്ങളിൽ ജനങ്ങൾ പൊട്ടിക്കരയുകയും ഖലീഫയുടെമേൽ അനുഗ്രഹം വർഷിക്കാനുള്ള പ്രാർത്ഥനകൾ നടത്തുകയും അവാസ്തവങ്ങളായ ആരോപണങ്ങളും കള്ളറിപ്പോർട്ടുകളും അയച്ച് കുഴപ്പങ്ങളുണ്ടാക്കുന്ന കുസൃതിവിഭാഗത്തിന്റെ നീചോദ്ദേശ്യങ്ങളേയും കുചെയ്തികളേയും കുറിച്ച് ജനങ്ങൾ കഠിനമായ അമർഷം പ്രകടിപ്പിച്ചുതുടങ്ങുകയുമുണ്ടായി. ഇസ്‌ലാമിക ലോകത്താകെ ക്ഷേമവും സുരക്ഷിതത്വവും കൈവരുത്താൻവേണ്ടി കനത്ത ഉത്തരവാദിത്തങ്ങളേറ്റ് ഞെരുങ്ങിഞെരുങ്ങിക്കൊണ്ടിരുന്ന ഖലീഫാതിരുമനസ്സിനെപ്പറ്റി ഏഷണികളും ദൂഷണങ്ങളും പറഞ്ഞുപരത്തുന്നവരോട് പരക്കെ വെറുപ്പും പ്രകടിപ്പിക്കപ്പെട്ടു. (തബ്‌രി, ലണ്ടൻ, പേ-2944)

## ഗവർണ്ണർമാരുടെ സമ്മേളനം

ഇതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരിക്കാതെ, ഗവർണ്ണർമാർ തങ്ങളുടെ പേരിലുള്ള ആരോപണങ്ങളുടെ യഥാർത്ഥനില തന്റെ മുമ്പാകെ വന്നു ബോധിപ്പിക്കേണ്ടതാണെന്നും ഖലീഫ ഉത്തരവിട്ടു. ഗവർണ്ണർമാർ സമ്മേളിച്ചപ്പോൾ, ജനങ്ങൾ ഇവരിൽ അതൃപ്തി പ്രകടിപ്പിക്കാനുണ്ടായ ശരിയായ കാരണം ഹദ്റത്ത് ഉസ്മാൻ(റ) ആരായുകയുണ്ടായി. ആരോപണങ്ങൾക്ക് അടിസ്ഥാനമുണ്ടെന്ന് താൻ ഭയപ്പെടുന്നുവെന്നും ഖലീഫ വ്യക്തമാക്കിയിരുന്നു. ഗവർണ്ണർമാർ ഇപ്രകാരം ഉത്തരമരുളി:

"അങ്ങ് ഏറ്റവും വിശ്വസ്തരായ വ്യക്തികളെയാണ് അന്വേഷണാർത്ഥം പ്രേഷണം ചെയ്തത്. ഗവർണ്ണർമാർ ജനങ്ങളെ മർദ്ദിക്കുകയുണ്ടായിട്ടില്ലെന്ന് അവരിൽനിന്നു റിപ്പോർട്ടു കിട്ടുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്‌ലിംകൾ എല്ലായിടത്തും സുരക്ഷിതരായിക്കഴിയുന്നുവെന്നും ആരുടെയും അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെട്ടിട്ടില്ലെന്നും നിയമം അക്ഷരംപ്രതി നിഷ്കൃഷ്ടമായി പാലിക്കപ്പെടുന്നുവെന്നും ആണ് അവർ അങ്ങയെ അറിയിച്ചത്. അതൃപ്തരായ ആരുംതന്നെ കമ്മീഷൻ മുമ്പാകെ വന്ന് ആവലാതി ബോധിപ്പിക്കുകയുണ്ടായില്ലെന്ന വസ്തുതതന്നെ എല്ലാ

സംശയങ്ങളേയും അകറ്റാൻ മതിയായിട്ടുള്ളതത്രെ. ഈ പൈശാചിക ശക്തികൾ സത്യത്തേയും ദൈവത്തേയും കയ്യൊഴിച്ചിട്ടുള്ളവരാകുന്നു. ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതങ്ങളാണെന്ന് തെളിഞ്ഞിരിക്കുന്നു. ദുർബ്ബലമായ ഇത്തരം കാരണങ്ങളെ മുൻനിറുത്തി ഒരു പ്രതിയെ ശിക്ഷിക്കാൻ നിയമം അനുവദിക്കുന്നില്ല.”

പ്രക്ഷോഭത്തെ നേരിടേണ്ടതെങ്ങനെയെന്ന് ഖലീഫ ഉസ്മാൻ (റ) ഗവർണ്ണർമാരോടഭിപ്രായമാരാഞ്ഞു. ആവശ്യം വരുമ്പോൾ കർക്കശമായിത്തന്നെ പെരുമാറണമെന്നും കുഴപ്പക്കാർക്കെതിരിൽ ശിക്ഷായന്ത്രം പ്രവർത്തിച്ചുതുടങ്ങണമെന്നും ധിക്കാരവും താന്തോന്നിത്തവും പൊറുപ്പിക്കുകയും വളർത്തുകയും ചെയ്യുന്നമട്ടിൽ അത്തരക്കാർക്ക് അവസരം നീട്ടിക്കൊടുക്കരുതെന്നും വഴങ്ങാത്ത പ്രകൃതിക്കാർക്ക് ശിക്ഷ നൽകുന്നതിൽ ദാക്ഷിണ്യം തീരെ കാട്ടരുതെന്നും അർഹിക്കുന്നവർക്കും സ്വയം സംസ്ക്കരണത്തിന്നൊരുങ്ങുന്നവർക്കുമല്ലാതെ മാപ്പ് കൊടുക്കാൻ പാടില്ലെന്നും മറ്റും അവർ അഭിപ്രായപ്പെട്ടു. എന്നാൽ, ജനങ്ങൾക്കെതിരെ കർശനനയം കൈക്കൊള്ളുന്ന കാര്യത്തിൽ തങ്ങളുടെ അഭിപ്രായത്തോടു ഖലീഫയെ അനുകൂലിയാക്കിത്തീർക്കാൻ ഗവർണ്ണർമാർക്ക് കഴിഞ്ഞില്ല. ഖലീഫ തിരുമനസ്സുകൊണ്ട് ഇപ്രകാരമാണ് ഉദീരണം ചെയ്തത്.

“കർശന നടപടികളുടെ കാര്യത്തിൽ ഞാൻ യോജിക്കുന്നില്ല. തിരുനബി(സ) പ്രവചിച്ചിട്ടുള്ളതെല്ലാം വന്നു പുലർന്നേതീരൂ. കൂടിയാലോചനകൾ കൊണ്ടെല്ലാം, പ്രവചിക്കപ്പെട്ട ദുരന്തത്തെ പിറകോട്ട് നീട്ടിവെക്കാമെന്നേയുള്ളൂ. ദൈവികകല്പനകളെ പരസ്യമായി ധിക്കരിക്കുകയും നിരാകരിക്കുകയും ചെയ്യാത്തേടത്തോളം, എന്റെ നേരെ ശത്രുതാവികാരങ്ങൾ വച്ചുപുലർത്താത്തേടത്തോളം, ഞാൻ ആരോടും ദയാദാക്ഷിണ്യം കാട്ടുകതന്നെ ചെയ്യും. ജനങ്ങൾക്ക് നന്മയും ക്ഷേമവും കൈവരുത്തുന്നകാര്യത്തിൽ ഞാൻ എന്റെ കഴിവിന്റെ പരമാവധി വിനിയോഗിക്കുന്നു എന്ന കാര്യം അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ. ദുരന്തങ്ങളുടേയും ദൗർഭാഗ്യങ്ങളുടേയും ആ കാലം മുസ്ലിംകളിൽ വന്നെത്തുന്നതിനു മുമ്പേതന്നെ മരിച്ചുപോയെങ്കിൽ ഹാ! ഉസ്മാൻ എത്ര അനുഗൃഹീതൻ! നിങ്ങളെല്ലാം അവരവരുടെ സംസ്ഥാനങ്ങളിലേക്ക് പൊയ്ക്കൊൾവിൻ! ജനങ്ങളോട് ഉദാരമായും ദയാദാക്ഷിണ്യത്തോ

ടുകൂടിയും പെരുമാറുവിൻ. ജനങ്ങളുടെ അവകാശം അവർക്ക് നിഷേധിക്കരുത്. അവരുടെ ചെറിയ ചെറിയ തെറ്റുകുറ്റങ്ങളുടെ നേരെ കണ്ണടക്കുകയും ചെയ്തുകൊൾവിൻ. എന്നാൽ, ദൈവ ത്തിന്റെ കല്പനകൾ ലംഘിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന വരെ ശിക്ഷിക്കാതെ വിടരുതെന്നും ഞാൻ അനുശാസിച്ചുകൊള്ളു ന്നു."

## മുആവിയ പൊട്ടിക്കരയുന്നു!

ഹജ്ജ് കഴിഞ്ഞശേഷം ഹദ്റത്ത് മുആവിയ, ഖലീഫാ തിരുമ നസ്സിനെ മദീനയിലോളം അനുഗമിച്ചു. മദീനയിൽനിന്ന് വിട്ടുപിരി യുന്നതിന് മുമ്പേ അദ്ദേഹം ഖലീഫയുമായി ഒരു രഹസ്യസംഭാ ഷണം നടത്തി.

ഹദ്റത്ത് മുആവിയ ഇപ്രകാരം പറഞ്ഞു: ''സ്ഥിതിഗതികൾ ഏറ്റവും ആപൽക്കരമായ പതനത്തിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കു ന്നു. ഛിദ്രപ്രവർത്തനങ്ങൾ രാജ്യദ്രോഹത്തിന്റെ രൂപം കൊള്ളുക യാണ്. കൂറില്ലായ്മയുടേയും വിപ്ലവത്തിന്റേയും അന്തരീക്ഷമാണ് സർവ്വത്ര വ്യാപിച്ചുകാണുന്നത്. അതിനാൽ, തിരുമനസ്സുകൊണ്ട് എന്നോടൊപ്പം സിറിയയിൽ വന്നുപാർക്കണമെന്ന് ഞാനപേക്ഷി ക്കുന്നു. അവിടെ അങ്ങ് എല്ലാതരത്തിലുള്ള കുഴപ്പങ്ങളിൽനിന്നും സുരക്ഷിതനായിരിക്കും. കുഴപ്പം പെട്ടെന്ന് അനിയന്ത്രിതരൂപം പ്രാപിക്കാനിടയുണ്ടെന്നാണ് എന്റെ ഭയം."

"എന്റെ ശരീരമാകെ പറിച്ചു ചീന്തപ്പെട്ടാലും നബിതിരുമേനി യുടെ പരിപാവനമായ ഈ സ്ഥാനത്തുനിന്നു തെറ്റുവാൻ ഞാൻ ഒരുക്കമില്ല." ഹദ്റത്ത് ഉസ്മാൻ(റ) മറുപടി നൽകി.

ഹദ്റത്ത് മുആവിയ വീണ്ടുമപേക്ഷിച്ചു. ''എന്നാൽ, സിറിയൻ സേനയിൽനിന്ന് എനിക്ക് ഏറ്റവും വിശ്വാസമുള്ള ഒരു വിഭാഗത്തെ അങ്ങയുടെ രക്ഷയ്ക്കായി മദീനയിൽ നിറുത്തുവാനും അങ്ങനെ പ്രക്ഷോഭണം പൊട്ടിപ്പുറപ്പെടുന്നതിനെ തടയുവാനും അവിടന്ന് അനുവാദം നൽകിയാലും."

"ഇല്ല! ഞാനത് ഒരിക്കലും ചെയ്യുകയില്ല. എന്റെ സ്വന്തം ദേഹ രക്ഷയ്ക്കുവേണ്ടി ഖജനാവിലെ പണം ദുരുപയോഗപ്പെടുത്താൻ ഞാനനുവദിക്കുകയില്ല. തിരുനബിയുടെ വിശുദ്ധഗേഹത്തിനു ചുറ്റും പാർത്തുവരുന്നവർക്കൊപ്പം സായുധഭടന്മാരെ താമസിപ്പിക്കുന്നത്

എനിക്ക് സമ്മതമേയല്ല.” ഖലീഫാതിരുമനസ്സുകൊണ്ട് ഉറച്ചസ്വരത്തിൽ പ്രസ്താവിച്ചു.

തന്റെ രണ്ടപേക്ഷയും ഖലീഫ തിരസ്കരിക്കയാൽ അത്യന്ത ദുഃഖവും ഖേദവും നിറഞ്ഞ ഹൃദയത്തോടുകൂടി അദ്ദേഹം പിന്നെയപേക്ഷിച്ചതു വിശുദ്ധ സഹാബാക്കളെ സാമ്രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള സുരക്ഷിതസ്ഥാനങ്ങളിൽ കൊണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നായിരുന്നു. ഉസ്മാന്റെ തിരോധാനത്തിനുശേഷവും ആ സ്ഥാനം കയ്യേൽക്കാൻ പ്രാപ്തരായ വേറെയും ആളുകളുണ്ടെന്ന് പ്രക്ഷോഭക്കാർ കാണുന്നുണ്ടെന്നും അദ്ദേഹം ഉണർത്തിച്ചു.

ഇതിന് ഹദ്റത്ത് ഉസ്മാൻ(റ) നൽകിയ ഉത്തരം ഇതായിരുന്നു: “അല്ലാഹുവിന്റെ പ്രവാചകൻ ഒരുമിച്ചുകൂട്ടിയവരെ പറഞ്ഞയക്കാൻ അഫ്ഫാന്റെ പുത്രന് എന്തധികാരം?”

കവിളുകളിൽ കണ്ണീരൊലിപ്പിച്ചുകൊണ്ട് ഹദ്റത്ത് മുആവിയ പിന്നെയും സവിനയമപേക്ഷിച്ചു. “എന്റെ നിർദ്ദേശങ്ങളൊന്നും അങ്ങേയ്ക്ക് സ്വീകാര്യമായിരിക്കുന്നില്ലെങ്കിൽ അവസാനമായി ഒരു കാര്യമെങ്കിലും ചെയ്താലും! അങ്ങയുടെമേൽ വല്ല ആക്രമണവും നടക്കുകയാണെങ്കിൽ, മുആവിയ അവരോട് പകരം ചോദിക്കാനുണ്ടാകുമെന്ന് സാമ്രാജ്യം മുഴുവനും വിളംബരപ്പെടുത്തുക. അങ്ങനെയാണെങ്കിൽ കുഴപ്പക്കാർ അങ്ങയുടെ തിരുമെയ്യിൽ കൈവെക്കാൻ ധൈര്യപ്പെടുകയില്ലെന്ന് ഞാൻ കരുതുന്നു.”

“എനിക്കതിനോടും യോജിക്കാൻ വയ്യ” ഖലീഫ തിരുമനസ്സുകൊണ്ട് ഉറപ്പിച്ചുപറഞ്ഞു. “താങ്കൾ ഒരു കടുംപിടിത്തക്കാരനും പരുഷമായി പെരുമാറുന്നയാളുമത്രെ. നിയന്ത്രണമില്ലാതെ വിടുന്നപക്ഷം മുസ്ലിംകളുടെനേരെ താങ്കൾ അത്യാചാരങ്ങൾ അഴിച്ചുവിടും!”

തന്റെ എല്ലാ അപേക്ഷകളും ഖലീഫ തിരുമനസ്സിന്റെ മുമ്പിൽ വിഫലങ്ങളായിക്കലാശിച്ചപ്പോൾ ഹദ്റത്ത് മുആവിയ പൊട്ടിക്കരഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: “ഇത് നമ്മൾ തമ്മിലുള്ള ഒടുക്കത്തെ കൂടിക്കാഴ്ചയായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.”

സിറിയയിലേക്ക് മടങ്ങുന്നതിന് മുമ്പേ മുആവിയ(റ) സഹാ

ബികളെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു:

"ഇസ്ലാമിന്റെ ഭാവി ഇനി നിങ്ങളുടെ കൈകളിലാണ് സ്ഥിതി ചെയ്യുന്നത്. ഖലീഫ തിരുമനസ്സുകൊണ്ട് പ്രായാധിക്യം നിമിത്തം ബലഹീനനായിരിക്കുന്നു. ഞാൻ അദ്ദേഹത്തെ നിങ്ങളുടെ സംരക്ഷണയിൽ വിടുകയാണ്."

ഗവർണ്ണർമാരുടെ അഭാവത്തിൽ തനിക്ക് ലഭിച്ച സുവർണ്ണാവസരം അബ്ദുല്ലാഹ് ബിൻ സബാ പാഴാക്കിക്കളഞ്ഞില്ല. വിവിധ സംസ്ഥാനങ്ങളിൽ ഖലീഫക്ക് അനുകൂലമായി പ്രവർത്തിക്കുന്ന പ്രധാന വ്യക്തികളെ ആക്രമിക്കാൻ ഒരു പ്രത്യേക സമയം നിർദ്ദേശിച്ചുകൊണ്ട് വിവിധ കേന്ദ്രങ്ങളിലുള്ള തന്റെ സഹപ്രവർത്തകന്മാർക്ക് അയാൾ കത്തുകളയച്ചു. ഗൂഢാലോചന ഫലത്തിൽ വരുത്താൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞിരുന്നു. എന്നാൽ, ഗവർണ്ണർമാർ പെട്ടെന്ന് കേന്ദ്രങ്ങളിൽ തിരിച്ചെത്തുകയാൽ അവർക്കത് ഫലപ്രദമായി നടപ്പിൽവരുത്താൻ കഴിഞ്ഞില്ല. അങ്ങനെയവർ നിരാശരായി. എന്നാൽ, രാജ്യദ്രോഹപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിപ്പോന്ന കൂഫക്കാർ ഈ അവസരം ഉപയോഗപ്പെടുത്തുകതന്നെ ചെയ്തു.

## ഖലീഫയ്ക്കെതിരിൽ

വിപ്ലവകക്ഷിയിലെ പ്രമുഖാംഗമായ യസീദ് ബിൻ ഖൈസ് കൂഫാപള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടുകയും ഹദ്റത്ത് ഉസ്മാനെ ഖലീഫാസ്ഥാനത്തുനിന്ന് ഭ്രഷ്ഠനാക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂഫാ കന്റോൺമെന്റിലെ മിലിറ്ററി ആഫീസർ ആയിരുന്ന ഖഅ്ഖാഅ് ബിൻ ഉമർ(റ) ഈ പ്രമേയത്തെക്കുറിച്ചറിഞ്ഞപ്പോൾ യസീദിനെ അറസ്റ്റ് ചെയ്യാൻ ആജ്ഞ പുറപ്പെടുവിച്ചു. എന്നാൽ, ഖലീഫയോടുള്ള കൂറിൽനിന്ന് താൻ അണുകിട വ്യതിചലിച്ചിട്ടില്ലെന്നും സ്ഥലത്തെ ഗവർണ്ണറായ സഈദ് ബിൻ ആസ്വിനെ പിരിച്ചുവിട്ടു പകരം ഉത്തമനായ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിച്ചു കിട്ടണമെന്ന ആവശ്യം ഉന്നയിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂവെന്നും പറഞ്ഞുകൊണ്ട് യസീദ് ഒഴിഞ്ഞുമാറി. തുറന്ന സ്ഥലത്തുവെച്ച് ഇത്തരം യോഗങ്ങൾ ചേരുന്നതുകൊണ്ടു ഒരു ഗുണവും കിട്ടാൻ പോകുന്നില്ലെന്നും ഗവർണ്ണറെക്കുറിച്ചുള്ള പ്രതിഷേധം വേണ്ടവിധത്തിൽ അറിയിക്കുകയും ഖലീഫാ തിരുമനസ്സി

ലേക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുമാണ് വേണ്ടിയിരുന്ന തെന്നും ഖഅ്ഖാഅ്(റ) യസ്വീദ് ബിൻ ഖൈസിനോട് പറഞ്ഞു. ഗവർണ്ണർക്കെതിരായുള്ള വസ്തുനിഷ്ഠമായ ആക്ഷേപങ്ങളുടെ വെളിച്ചത്തിൽ ഖലീഫമാർ ഗവർണ്ണരെ സ്ഥലമാറ്റം ചെയ്തിട്ടുണ്ടാ യിരുന്നതിനെ അടിസ്ഥാനമാക്കിയാണ് ഖഅ്ഖാഅ്(റ) ഈ നിർദ്ദേ ശമുന്നയിച്ചത്. ഇതുകേട്ടപ്പോൾ വിപ്ലവക്കാരെല്ലാം തൽക്കാലം പിരി ഞ്ഞുപോയെങ്കിലും അവർ ഗൂഢാലോചനകൾ മുറയ്ക്ക് നടത്തി ക്കൊണ്ടിരിക്കുകതന്നെ ചെയ്തു. കൂഫയിലെ 'സബായി'കളുടെ (ഇബ്നുസബാ പക്ഷക്കാരുടെ) നേതാവായിരുന്ന യസീദ് ബിൻ ഖൈസ് ഒരു എഴുത്തുമായി ഹുംസ്വിലേക്ക് ഒരു ദൂതനെ അയച്ചു. ഹുംസ്വിലേക്ക് നാടുകടത്തപ്പെട്ട കൂഫക്കാരായ വിപ്ലവകാരികളെ കൂഫയിലേക്ക് ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്. ഈജിപ്തുകാർ തങ്ങളുടെ പക്ഷത്ത് ചേർന്നിട്ടുണ്ടെന്നും അവസരം നഷ്ടപ്പെടുത്താതെ കത്തുകിട്ടിയ ഉടനെ കൂഫയിലേക്ക് മടങ്ങിക്കൊ ള്ളണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം.

നമസ്കാരങ്ങളിൽ വിമുഖരും ഇസ്ലാമിന്റെ സുപ്രധാനങ്ങളായ കല്പനകളെ അഗണ്യമാക്കുന്നവരുമാണ് തിരുനബിയുടെ ഇഷ്ടസ ഖാക്കളിലൊരാളും ജാമാതാവുമായ ഖലീഫ ഉസ്മാന്നെതിരായ പ്രക്ഷോഭത്തിന്നുത്തരവാദികളെന്നത് തുറന്ന ഒരു പരമാർത്ഥമാ യിരുന്നു. ഇസ്ലാമിന്റെ അന്തസ്സ് രക്ഷിക്കാൻ നിർമ്മതരും നിരീശ്വ രരുമായിരുന്ന ഇവർക്കെന്തിത്ര വ്യഗ്രത? ഹദ്റത്ത് ഉസ്മാന്റെ ഭര ണത്തിൽ അത്രയേറെ കുഴപ്പങ്ങളും തകരാറുകളുമുണ്ടായിരുന്നെ ങ്കിൽ, നിയമം ലംഘിക്കപ്പെടുകയും അഗണ്യമാക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ പൊതുവെ നടമാടിയിരുന്നുവെങ്കിൽ, അലി, ത്വൽഹ, സുബൈർ, സഅ്ദ് ബിൻ വഖാസ്, അബ്ദുല്ലാഹ് ബിൻ ഉമർ, ഉസ്വാമത്ത് ബിൻ സൈദ്, അബ്ദുല്ലാഹ് ബിൻ അബ്ബാസ്, അബൂ മൂസാ അശ്അരി, ഹുദൈഫത്ത് ബിൻ യമാൻ, അബൂഹുറയ്റ, അബ്ദുല്ലാഹ് ബിൻ സലാം, ഉബാദത്ത് ബിൻ സ്വാമിത്, മുഹമ്മദ് ബിൻ മസ്ലമ (റിസ്വാനുല്ലാഹി അലൈഹിം) എന്നിവരായിരുന്നു, യസീദ് ബിൻ ഖൈസും അശ്തറും ആയിരുന്നില്ല എതിർനേതാ ക്കളാകേണ്ടിയിരുന്നത്.

കത്തുമായി പുറപ്പെട്ട ദൂതൻ ജസീറയിലെത്തുകയും നാടുക ടത്തപ്പെട്ട കൂഫക്കാർക്ക് അത് നൽകുകയും ചെയ്തു. അവർ ആ

കത്ത് വായിച്ചപ്പോൾ അശ്തർ ഒഴികെ മറ്റെല്ലാവരും അതിന്റെ നേരെ അതൃപ്തി പ്രകടിപ്പിക്കുകയാണുണ്ടായത്. എന്തെന്നാൽ, അവരെല്ലാം അബ്ദുർറഹ്മാൻ ബിൻ ഖാലിദിന്റെ ഭരണത്തിന്റെ സ്വാദ് അറിഞ്ഞവരായിരുന്നു. മദീനത്തുപോയി ഖലീഫ ഉസ്മാനിൽനിന്ന് മാപ്പ് ചോദിച്ചുവന്നിരുന്ന അശ്തർ തന്റെ തൗബ മറന്നു പ്രലോഭനത്തിന്നിരയായി ഉടൻ കൂഫയിലേക്ക് ഒളിച്ചോടി. അശ്തർ ഒളിച്ചോടിയപ്പോൾ തങ്ങൾക്കിനി രക്ഷയില്ലെന്നും ഗവർണ്ണർ അബ്ദുർറഹ്മാൻ തങ്ങളെയൊരിക്കലും വിശ്വസിക്കുകയില്ലെന്നും തങ്ങൾക്കും ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് കരുതുമെന്നും വിചാരിച്ച് ബാക്കിയുള്ളവരും ഓടിപ്പോയി. അബ്ദുർറഹ്മാൻ ഈ വിവരമറിഞ്ഞപ്പോൾ അവരെപ്പിടിക്കാൻ തന്റെ ആൾക്കാരെ അയച്ചുവെങ്കിലും പിടികിട്ടിയില്ല. മാലിക്ക് അൽ- അശ്തർ പലേടത്തും തങ്ങിത്തങ്ങി ഒടുവിൽ കൂഫയിലെത്തിച്ചേർന്നു. എത്തിയത് ഒരു ജുമുഅ ദിവസമാകയാൽ അന്ന് പള്ളിയിൽ എല്ലാവരും ഒരുമിച്ചു ചേർന്നിട്ടുണ്ടായിരുന്നു. ജനങ്ങളെ ഇളക്കിവിടുന്ന എന്തെങ്കിലും പുത്തൻ വാർത്തയുമായിട്ടായിരിക്കണം നഗരത്തിൽ കടക്കുന്നതെന്ന് നിനച്ചുറച്ച അശ്തർ താൻ മദീനയിൽനിന്നാണ് വരുന്നതെന്നും ഗവർണ്ണർ സഈദ് ബിൻ ആസ്വിനെ വിട്ടുപിരിഞ്ഞിട്ടേയുള്ളൂവെന്നും താൻ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യുകയുണ്ടായെന്നും തട്ടിവിട്ടു. കൂഫയിലെ കുലീനസ്ത്രീകളെ മാനഭംഗപ്പെടുത്തുമെന്നും കൂഫയിലെ മുതലുകളെല്ലാം ഖുറൈശികൾക്ക് അവകാശപ്പെട്ടതാണെന്നും അദ്ദേഹം പ്രസ്താവിച്ചതായും അയാൾ പറഞ്ഞു. മാത്രമല്ല,

തരുണിമാർക്കഹോ, നരകമാണിനി
തനുബലത്തിലും ഭയങ്കരനിവൻ!

എന്നർത്ഥം വരുന്ന ഒരു അറബിപദ്യശകലം അദ്ദേഹം പാടിക്കേൾപ്പിച്ചതായും അയാൾ കൂട്ടിച്ചേർത്തു.

### ഭ്രാന്ത് പിടിച്ച ജനക്കൂട്ടം

മാലിക്ക് അൽ അശ്തറിന്റെ വിദ്വേഷജനകവും അത്യന്തം വിദ്രോഹപരവുമായ വാക്കുകൾ കൂഫക്കാരെ ചൂടുപിടിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. വികാരാവേശം നിമിത്തം അനിയന്ത്രിതരായിക്കഴിഞ്ഞ അവർക്ക് വിവേചനശക്തിയും നശിച്ചുപോയിരുന്നു. അവർ അശ്തറിന്റെ വാക്കുകളിൽ കണ്ണടച്ച് വിശ്വസിക്കുകയാണു

ണ്ടായത്. അശ്തർ കുഴിച്ച കുണ്ടിൽ വീഴരുതെന്ന് ബുദ്ധിയുള്ള ചിലർ ജനങ്ങളെ താക്കീത് ചെയ്തു നോക്കിയെങ്കിലും ഫലിച്ചില്ല. ഇളകിപ്പുറപ്പെട്ട ഒരു ജനക്കൂട്ടത്തെ ആർക്ക് നിയന്ത്രിക്കാനാകും? അവരുടെ ഉപദേശങ്ങളെ ആരും ചെവിക്കൊണ്ടില്ല. പ്രക്ഷോഭകാരികളിൽ ഒരുത്തൻ എണിറ്റു പറഞ്ഞു. കൂഫാഗവർണ്ണരായ വലീദ് ബിൻ ആസ്വിനെ മടക്കിവിളിക്കാനും മറ്റൊരാളെ നിശ്ചയിക്കാനും ആവശ്യപ്പെടുന്നവർ യസീദ് ബിൻ ഖൈസിന്റെ കൂടെ ചേർന്നുകൊള്ളേണ്ടതാണ്. ഇതുകേട്ടപ്പോൾ ജനങ്ങൾ എല്ലാവരും പുറത്തിറങ്ങി. നഗരത്തിലെ പ്രധാനികളും ചില മാന്യന്മാരും ബുദ്ധിജീവികളായ മറ്റു ചിലരും മാത്രമെ പള്ളിക്കകത്ത് അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. സഈദിന്റെ അഭാവത്തിൽ അംറ് ബിൻ അൽ ജരീദ് ആയിരുന്നു ആക്ടിങ്ങ് ഗവർണ്ണർ. അദ്ദേഹം പള്ളിയിൽ കൂടിയവരെ സംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: “അല്ലയോ ജനങ്ങളേ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചോർക്കുവിൻ! നാം പരസ്പരം ശത്രുക്കളായിരുന്നു. അല്ലാഹു നമ്മുടെ ഹൃദയങ്ങളെ സൗഭ്രാത്രത്തിലൂടെ ഇണക്കിച്ചേർത്തു. അവൻ നമ്മെ സഹോദരന്മാരാക്കി. നിങ്ങൾ നാശഗർത്തത്തിന്നടുത്തോളം എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. അതിൽ വീഴാതെ അല്ലാഹു രക്ഷിച്ചു. അതിനാൽ, അല്ലാഹു നിങ്ങളെ ഏതൊരു കുണ്ടിൽനിന്ന് രക്ഷപ്പെടുത്തിയോ ആ വിപത്തിലേക്ക് സ്വയം ചെന്നുചാടരുത്. ഇസ്‌ലാമും ദൈവിക മാർഗ്ഗദർശനവും നബിയുടെ സുന്നത്തും നിങ്ങളിൽ അല്ലാഹു അനുഗ്രഹിച്ചരുളിയിട്ടും നിങ്ങൾക്ക് സത്യത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നോ? സത്യത്തിന്റേയും സാത്വികതയുടേയും വാതിലിന്നരികെ വരാൻ നിങ്ങൾ തയ്യാറില്ലെന്നോ?

ഇത്രയും പറഞ്ഞപ്പോൾ പട്ടാളമേധാവിയായ ഖഅ്ഖാഅ്ബിൻ അംറു(റ) എഴുന്നേറ്റ് ഇപ്രകാരം പ്രസ്താവിച്ചു. “ഉപദേശപ്രസംഗങ്ങൾകൊണ്ട് ഈ ഫിത്നയെ നേരിടാമെന്ന് താങ്കൾ കരുതുന്നുണ്ടോ? അത് പ്രതീക്ഷിക്കേണ്ട. ഈ കലാപകാരികളെ അമർത്താൻ വാളുകൊണ്ടല്ലാതെ ഒക്കുകയില്ല. ഇവരുടെ നേർക്ക് വാളുകൾ വീഴുന്ന നാളുകൾ വരുന്നുണ്ട്; അല്ല അതടുത്തെത്തിപ്പോയി! അന്ന്, ഈ സമാധാനദിനങ്ങൾ തിരിച്ചുവരുന്നതിന്നായി ഇവർതന്നെ കുഞ്ഞാടുകളെപ്പോലെ കരയുമാറാകും. എന്നാലീ അനുഗൃഹീത നാളുകൾ അവർക്കുവേണ്ടി ഒരിക്കലും തിരിച്ചുവരികയുണ്ടാവില്ല!

## ഗവർണ്ണർ സഈദ്, ഗോബാക്ക്!

ജനക്കൂട്ടം നഗരത്തിന് പുറത്ത് മദീനയിലേക്കുള്ള മാർഗ്ഗത്തിൽ ഗവർണ്ണർ സഈദിനേയും കാത്തിരിപ്പായി! അദ്ദേഹം അടുത്തെത്തിയപ്പോൾ അദ്ദേഹത്തെ തങ്ങൾക്ക് ഗവർണ്ണരായി ആവശ്യമില്ലെന്നും തിരിച്ചുപൊയ്ക്കൊള്ളേണ്ടതാണെന്നും ജനങ്ങൾ ആർത്തുവിളിച്ചുതുടങ്ങി. ഒരാളെ തടഞ്ഞുനിറുത്താനായി ആയിരക്കണക്കിൽ ആളുകൾ ഇപ്രകാരം വഴിമദ്ധ്യേ സംഘംചേർന്നു നില്ക്കുന്നത് എന്തു ബുദ്ധിയാണെന്ന് സഈദ് അവരോട് ചോദിച്ചു. ഖലീഫയുടേയും തന്റേയും അടുക്കലേക്ക് ഓരോ ആളെ അയച്ചാൽത്തന്നെ ഗവർണ്ണരെ മാറ്റിക്കിട്ടുമായിരുന്നുവല്ലോ, എന്നുമദ്ദേഹം പറഞ്ഞു. ഉടൻതന്നെ അദ്ദേഹം തന്റെ കുതിരയെ തിരിച്ചുനിറുത്തി കുതിമുള്ളടിച്ചു. കൂഫയിലെ പ്രക്ഷുബ്ധാവസ്ഥയെക്കുറിച്ച് ഖലീഫ തിരുമനസ്സിലേക്ക് റിപ്പോർട്ട് ചെയ്യാനായി മദീനയിലേക്ക് തന്നെയാണദ്ദേഹം കുതിച്ചത്. നാടകീയമായ സംഭവങ്ങൾക്കിടയിൽ ഗവർണ്ണർ സഈദ് തങ്ങളുടെ പിടിയിൽനിന്ന് രക്ഷപ്പെട്ടതോർത്ത് ആ തെമ്മാടിക്കൂട്ടം കൈകടിച്ചു. ക്ഷുഭിതമായ ജനക്കൂട്ടം സഈദിന്റെ ഭൃത്യരിലൊരുവനെ പിടികൂടി. അയാളെയവർ പച്ചയിൽ തല്ലിക്കൊന്നു!

സഈദ് മദീനയിലെത്തി ഖലീഫാതിരുമനസ്സിന്റെ അടുക്കൽ ഹാജരായി ഫിത്നയുടെ ശരിയായ രൂപം അദ്ദേഹത്തെ ധരിപ്പിച്ചു.

''കൂഫാനിവാസികൾ എനിയ്ക്കെതിരായി തിരിഞ്ഞിരിക്കയാണോ?" എന്ന് ഖലീഫ ഉസ്മാൻ(റ) ചോദിച്ചു.

"പക്ഷേ, പുറമെ അവർ പറയുന്നത് ഗവർണ്ണരെ മാറ്റിക്കിട്ടണമെന്നാണ്" എന്ന് സഈദ് മറുപടി നൽകി. അപ്പോൾ ഖലീഫ ആരാഞ്ഞു:

"അവർക്ക് ആരെയാണ് വേണ്ടത്?"

''അവർ അബൂമൂസാ അശ്അരിയെയാണ് ഇഷ്ടപ്പെടുന്നത്" എന്ന് സഈദ് വ്യക്തമാക്കി. ഉടൻ ഖലീഫ ഉത്തരവ് പുറപ്പെടുവിച്ചു:

''അങ്ങനെയാണെങ്കിൽ ഞാൻ അബൂമൂസാ അശ്അരിയെ കൂഫാഗവർണ്ണരായി നിയമിച്ചിരിക്കുന്നു."

ഖലീഫ ഉസ്മാൻ(റ) തുടർന്നു. "അല്ലാഹുവാണ! ഈ കൂട്ടർക്ക് ആക്ഷേപിക്കാൻ ഞാനൊരു പഴുതും ഉണ്ടാക്കുകയില്ല. രാജ്യദ്രോഹത്തിന് മറപിടിക്കാൻ അവരെ അനുവദിക്കുകയുമില്ല. അവരുടെ കാര്യത്തിൽ തിരുനബിയുടെ കല്പനപ്രകാരം ഞാൻ അങ്ങേയറ്റം ക്ഷമ കൈക്കൊള്ളും; അവർ ആഗ്രഹിക്കുന്ന ആ നാളുകൾ വന്നെത്തുന്നതുവരേക്കും." (ഹദ്റത്ത് ഉസ്മാൻ(റ)നെ ഖിലാഫത്ത് സ്ഥാനത്തുനിന്ന് അകറ്റുവാനായിരുന്നു അവർ യഥാർത്ഥത്തിൽ ആഗ്രഹിച്ചിരുന്നത്.)

## അസ്വാസ്ഥ്യത്തിന്റെ അടിവേരുകൾ

തങ്ങളുടെ കാര്യസാധ്യാർത്ഥം എത്ര കളവുകൾ പറയാനും എന്തു കറ്റുകെട്ടും പ്രചരിപ്പക്കാനും മടിയില്ലാത്തവരായിരുന്നു ഈ പ്രക്ഷോഭകാരികളെന്ന് മേൽസംഭവത്തിൽനിന്ന് വ്യക്തമാകുന്നുണ്ടല്ലോ. ജസീറയിൽനിന്ന് ഒളിച്ചോടിപ്പോന്നതിനെ മദീനയിൽനിന്നുള്ള വരവായി ചിത്രീകരിച്ചതും സഈദിനെപ്പറ്റി അടിസ്ഥാനരഹിതങ്ങളായ ആക്ഷേപങ്ങൾ പരത്തിയതും പറയാൻകൊള്ളാത്ത ആരോപണങ്ങൾ കെട്ടിച്ചമച്ചതുംതന്നെ അവരുടെ ദുരുദ്ദേശ്യങ്ങളെ വെളിപ്പെടുത്താൻ പോന്നതായിരുന്നു. ഇതിന്നുപുറമെ ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ ഭയങ്കരമായ അജ്ഞത അവർ പ്രകടിപ്പിക്കുകയുണ്ടായി. കള്ളം പറയുന്നതിനെ ഇസ്‌ലാം അനുകൂലിക്കുന്നില്ല. ചതിയും കറ്റുകെട്ടും അതനുവദിക്കുന്നില്ല. അപകീർത്തിവ്യവസായം അതിന്റെ കണ്ണിൽ വൻകുറ്റമാണ്. എന്നാൽ, കള്ളം പറയുന്നതിലും നിരപരാധികളും നിഷ്കളങ്കരുമായ വ്യക്തികളുടെമേൽ എന്ത് ദൂഷ്യാരോപണവും ചെയ്യുന്നതിലും മനഃസാക്ഷിക്കുത്തില്ലാത്ത ആളുകളാണ് ഈ കപടഭക്തിക്കാരുടെ കൂടെ ചേർന്നിരുന്നത്. ഇത്തരം ആളുകൾ ഹദ്റത്ത് ഉസ്മാന് എതിരായി അണിനിരന്നതുതന്നെ, ന്യായമായ എന്തെങ്കിലും കുറവ് ഭരണത്തിന്നുള്ളതുകൊണ്ടായിരുന്നില്ലെന്നതിലേക്ക് മതിയായ തെളിവാണല്ലോ.

മേൽസംഭവത്തിൽനിന്ന് മനസ്സിലാകുന്ന മറ്റൊരു കാര്യം ഈ അതൃപ്തവിഭാഗത്തിന് വസ്തുനിഷ്ഠമായ യാതൊരാവലാതിയും പറയാനുണ്ടായിരുന്നില്ലെന്നതത്രെ. അല്ലെങ്കിൽ, കള്ളക്കഥകൾ, പടച്ചുവിടാൻ മാത്രം അവർ അധഃപതിക്കേണ്ടതുണ്ടായിരുന്നില്ല. അശ്തർ വരുന്നതിനു മുമ്പേ യസീദ് വിളിച്ചുകൂട്ടിയിരുന്ന യോഗത്തിൽ വളരെ കുറഞ്ഞവർ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. ഖഅ്

ഖാഅ്(റ) യോഗസ്ഥലത്ത് സമയോചിതം എത്തിച്ചേരുകയാൽ അവർ ഭയവിഹ്വലരായിത്തീരുകയും രാജ്യദ്രോഹപരമായ യോഗങ്ങൾ സംഘടിപ്പിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, അതേസമയംതന്നെ, അശ്തറിന്റെ കള്ളത്തരത്തിൽ വിശ്വസിച്ചതുകാരണം കൂഫയിലെ ബഹുജനങ്ങൾ അവരോടൊപ്പം ചേർന്ന് ഗവർണ്ണർ സഈദിനെ ഘെരാവോ ചെയ്യാനും മറ്റൊരു ഗവർണ്ണരെ നിയമിച്ചുകിട്ടുന്നതിന്നാവശ്യപ്പെടാനും ഒരുങ്ങിപ്പുറപ്പെടുകയുണ്ടായി. ആദ്യം യസീദിന്റെ വാക്കുകൾ ആരും ശ്രദ്ധിച്ചിരുന്നില്ല. അതിനു കാരണം അവരെ ഹരം പിടിപ്പിക്കുന്ന ഒന്നും ഉണ്ടായിരുന്നില്ലെന്നതാണ്. അശ്തർ കള്ളവാർത്തയുമായി പുറപ്പെട്ടുകൊണ്ട് അത്തരം ഒരു സാഹചര്യം സൃഷ്ടിച്ചപ്പോൾ ജനങ്ങളുടെ ആവേശം തിളച്ചുപൊങ്ങുകയും ബഹുജനങ്ങളിലൊരു വിഭാഗം ആ കൊടുംവഞ്ചനയിലകപ്പെടുകയും ചെയ്തു.

വിപ്ലവകാരികളുടെ യഥാർത്ഥമായ ഉന്നം ഹദ്റത്ത് ഉസ്മാൻ(റ) തന്നെയായിരുന്നുവെന്നും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരായിരുന്നില്ലെന്നുമുള്ളതാണ് മേൽസംഭവത്തിൽനിന്ന് മനസ്സിലാക്കാവുന്ന മറ്റൊരു കാര്യം. തുടക്കത്തിൽ ഇവർ ഖലീഫയ്ക്കെതിരായിട്ടുതന്നെയാണ് ജനങ്ങളെ ഇളക്കിവിടാൻ നോക്കിയത്. എന്നാൽ, ബഹുജനങ്ങളെ അനുകൂലമായി കിട്ടുകയില്ലെന്നും അവർ തിരിഞ്ഞേക്കുമെന്നും കണ്ടപ്പോൾ ഗവർണ്ണർമാർക്കെതിരായി ജനരോഷം തിരിച്ചുവിടുകയാണ് ചെയ്തത്. മദീനത്തേക്ക് ഒരു ജാഥയായി പോകുവാനുള്ള അവരുടെ പരിപാടിതന്നെ ഖലീഫയ്ക്കെതിരായുള്ളവരുടെ ഉദ്ദേശ്യങ്ങൾ നന്നായിരുന്നില്ലെന്ന് തെളിയിക്കുന്നുണ്ടായിരുന്നു. സഈദ് ബിൻ ആസ്വിന്റെ സ്വതന്ത്രനായ അടിമയെ അവർ യാതൊരു കാരണവും കൂടാതെ നിർദ്ദാക്ഷിണ്യം അടിച്ചുകൊന്നതിൽനിന്ന്, ലക്ഷ്യത്തിനുവേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കാൻ അവർ തയ്യാറായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ടല്ലോ.

സമയം പാഴാക്കുകയാണെങ്കിൽ ഒരു സുവർണ്ണാവസരം നഷ്ടപ്പെടുമെന്നും ഇതിനിടയിൽ രാഷ്ട്രം മുഴുവനും തങ്ങളുടെ ആസൂത്രണങ്ങളേയും ഗൂഢാലോചനകളേയും കുറിച്ചെല്ലാം അറിഞ്ഞുപോകുമെന്നും വിപ്ലവകാരികൾ മനസ്സിലാക്കിയിട്ടുണ്ടായിരുന്നുവെന്നാണ് തോന്നുന്നത്. അതിനാൽ പരിപാടി ഉടൻ നടപ്പിലാക്കുവാൻ അവർ ബദ്ധപ്പെട്ടു. എന്നാൽ, ഹദ്റത്ത് ഉസ്മാന്റെ തന്ത്രപരമായ

പുതിയ നീക്കം കാരണമായി അവർ പരുങ്ങലിലായിത്തീർന്നു. ഹദ്റത്ത് അബൂമൂസാ അശ്അരിയെ ഗവർണ്ണറായി നിയമിച്ചിരിക്കുന്നുവെന്ന് ഖലീഫ അവരെ അറിയിക്കുകയാണ് ചെയ്തത്. സഈദ് ബിൻ ആസ് പ്രക്ഷോഭക്കാരുടെ പിടിയിൽനിന്ന് രക്ഷപ്പെട്ടതും വിപ്ലവക്കാരുടെ ദുരുദ്ദേശ്യങ്ങളെക്കുറിച്ച് മദീനവാസികളെ ഉണർത്തിയതും കാരണം, പെട്ടെന്ന് മദീന ആക്രമിച്ചു കയ്യടക്കാനുള്ള അവരുടെ പ്ലാൻ പൊളിഞ്ഞുപോകുകയും അവർക്ക് പിന്തിരിയേണ്ടിവരികയും ചെയ്തു. അബൂമൂസായെ ഗവർണ്ണരാക്കാൻ അവർ ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടുകൊണ്ടിരുന്നതിനാൽ ആ നിയമനം മറ്റൊരാവലാതിക്ക് ഇടം നൽകിയിരുന്നില്ല.

## അബൂമൂസാ(റ) ഗവർണ്ണർ പദവിയിൽ

കൂഫാ ഗവർണ്ണറായി നിയമിതനായിരിക്കുന്നുവെന്നറിഞ്ഞപ്പോൾ ഹദ്റത്ത് അബൂമൂസാ അശ്അരി(റ) കൂഫക്കാരെ പള്ളിയിൽ വിളിച്ചുകൂട്ടി ഇപ്രകാരം പറഞ്ഞു: “അല്ലയോ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ പഴയ നിലപാട് ഇനി ആവർത്തിക്കരുതേ. ഖലീഫയോടും മുസ്‌ലിംസമുദായത്തോടും നിങ്ങളൊട്ടിനിൽക്കുക. നിങ്ങൾ സഹനബുദ്ധികളായിരിക്കുകയും അസ്വാസ്ഥ്യങ്ങളുണ്ടാകുന്നതിനെ കരുതിയിരിക്കുകയും ചെയ്യുവിൻ. നിങ്ങളുടെമേൽ ഇപ്പോൾ ഒരു അമീർ നിയമിതനായിരിക്കുന്നുവെന്ന് നിങ്ങൾ ഓർത്തിരിക്കേണ്ടതാണ്.”

നമസ്കാരത്തിൽ തങ്ങളുടെ ഇമാമത്ത് വഹിക്കുവാൻ കൂഫാനിവാസികൾ തദവസരം പുതിയ ഗവർണ്ണറോട് അപേക്ഷിച്ചുവെങ്കിലും അദ്ദേഹം അത് നിരസിക്കുകയാണ് ചെയ്തത്. ഖലീഫയോട് നിരുപാധികമായ അനുസരണവും കൂറും പ്രതിജ്ഞ ചെയ്യുന്നതുവരെ താൻ ഇമാമത്ത് വഹിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ അവർ കൂറു പ്രതിജ്ഞ ചെയ്യുകയും പിന്നീട് അബൂമൂസാ അശ്അരി(റ) അവരുടെ ഇമാമായി നമസ്കരിക്കുകയും ചെയ്തു. പ്രാർത്ഥന കഴിഞ്ഞപ്പോൾ അദ്ദേഹം അവരോടായി വീണ്ടും ഇപ്രകാരം പറഞ്ഞു:

“ഒരു ഇമാമിന്റെ കീഴിൽ മുസ്‌ലിംകൾ സമാധാനപരമായി ജീവിച്ചുകഴിയവെ അവർക്കിടയിൽ ഛിദ്രമുണ്ടാക്കാൻ ശ്രമിക്കുകയും കുഴപ്പങ്ങളഴിച്ചുവിടുകയും ചെയ്യുന്ന ആളിനെ നിഗ്രഹിക്കേണ്ടതാണെന്ന്

തിരുനബി(സ) സഹാബികളോട് പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഇമാം നീതിമാനായിരിക്കേണ്ടതാണെന്ന ഉപാധിയൊന്നും തിരുമേനി അപ്പോൾ പറഞ്ഞിരുന്നില്ല. അതുകൊണ്ട് ഉസ്മാൻ(റ) നീതിമാനല്ലെന്ന് നിങ്ങൾക്കാക്ഷേപിക്കാൻ കഴിയുകയില്ല. വാദത്തിനുവേണ്ടി അദ്ദേഹം നീതിമാനല്ലെന്ന് സമ്മതിച്ചാലും നിങ്ങളുടെ അത്തരം പ്രവർത്തനങ്ങൾക്ക് ന്യായീകരണമില്ല. ജനങ്ങൾക്ക് ഒരു ഭരണാധികാരി ഉണ്ടായിരിക്കണമെന്നും ആ അമീറിനെ അനുസരിക്കേണ്ടതാണെന്നുമല്ലാതെ, നീതിമാനാണെങ്കിലേ അയാളെ അനുസരിക്കേണ്ടതുള്ളൂ എന്നൊന്നും തിരുനബി(സ) പറഞ്ഞിരുന്നില്ല."

ജീവിതം മുഴുവനും ഇസ്ലാമിനുവേണ്ടി ഉഴിഞ്ഞുവെക്കുകയും തിരുനബിയുടെ തിരുമുഖത്തുനിന്ന്തന്നെ ഇസ്ലാമിനെക്കുറിച്ച് കേട്ടുപഠിക്കുകയും ചെയ്തിട്ടുണ്ടായിരുന്നവരുടെ വിചാരഗതികളും പ്രതികരണങ്ങളുമാണിതെന്നറിയേണ്ടതാണ്. ശ്ലാഘനീയമായ കർമ്മണ്യജീവിതത്തിന്റെ പേരിൽ ദിവ്യമായ സർട്ടിഫിക്കറ്റുകൾ ലഭിച്ചിരിക്കുന്നവരത്രെ അവർ. ഈ പ്രക്ഷോഭക്കാരുടെ പിന്നിൽ നിന്ന് നമസ്കരിക്കുന്നതോ പോകട്ടെ, അവരുടെ ഇമാമായിരിക്കാൻകൂടി ആ പുണ്യപുരുഷന്മാർ കൂട്ടാക്കിയിരുന്നില്ല; അവരക്കൂട്ടരെ വധാർഹമായി കരുതുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള ധന്യാത്മാക്കൾക്ക് ഹദ്റത്ത് ഉസ്മാനെതിരായുള്ള ഒരു വിപ്ലവത്തിൽ പങ്കുണ്ടായിരുന്നുവെന്ന് എങ്ങനെ കരുതും? ഹദ്റത്ത് ഉസ്മാനും സിൽബന്തികളും ജനങ്ങളുടെ അവകാശങ്ങളെ കവർന്നുവെന്നോ, ഈ ശുദ്ധാത്മക്കളുടെ ഇംഗിതമനുസരിച്ചാണ് പ്രക്ഷോഭകാരികൾ കുഴപ്പങ്ങളുണ്ടാക്കാൻ മുതിർന്നതെന്നോ പറയാൻ പറ്റുമോ? ഒരിക്കലുമില്ല! സഹാബാക്കൾക്ക് കുറകൂറുകയും അവരോട് അസൂയ പുലർത്തുകയും ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ് യഥാർത്ഥത്തിൽ ഈ കുഴപ്പക്കാർ ചെയ്തുകൊണ്ടിരുന്നത്. ഇസ്ലാമിക ഗവർമ്മെന്റിനെ തകിടം മറിക്കുകയായിരുന്നു അവരുടെ യഥാർത്ഥമായ ഉന്നം. എന്നാൽ, ഹദ്റത്ത് ഉസ്മാനെ വധിച്ചല്ലാതെ ഈ ലക്ഷ്യം സാധിക്കുകയില്ലെന്നവർക്കറിയാമായിരുന്നു. ജാഹിലീങ്ങളും മതബോധമില്ലാത്തവരുമായ ചില മുസ്ലിംകളാണ് അവരുടെ വഞ്ചനകൾ മനസ്സിലാക്കാതെ, സ്വാർത്ഥോദ്ദേശ്യത്തിനോ ശുദ്ധഗതിയാലോ അവരോടൊപ്പം ചേർന്നിട്ടുണ്ടായിരുന്നത്.

## ഖലീഫയെ വധിക്കാൻ

അബൂമൂസാ അശ്അരിയെ കൂഫാഗവർണ്ണരായി നിയമിച്ചു കൊണ്ട് പ്രക്ഷോഭക്കാരുടെ ആവലാതികൾക്ക് ഹദ്റത്ത് ഉസ്മാൻ (റ) അവസാന പരിഹാരമുണ്ടാക്കിയെങ്കിലും പ്രശ്നം അവിടംകൊണ്ടവസാനിപ്പിക്കാൻ കുഴപ്പക്കാർ തയ്യാറില്ലായിരുന്നു. ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അടിത്തറയിളക്കാനുള്ള തങ്ങളുടെ ഗൂഢാലോചനകൾ പൊളിഞ്ഞുപോകുന്നത് കാണാൻ പ്രക്ഷോഭത്തിന്റെ സൂത്രധാരന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല. വിവിധ കേന്ദ്രങ്ങളിലെ പ്രക്ഷോഭനായകന്മാർ തമ്മിൽ എഴുത്തുകുത്തുകൾ ആരംഭിച്ചു. വിവിധ സംസ്ഥാനങ്ങളിലേയും നഗരങ്ങളിലേയും പ്രതിനിധികളടങ്ങുന്ന ഒരു നിവേദകസംഘം മദീനയിലേക്ക് പുറപ്പെടണമെന്നും അവർ അവിടെവച്ചു കൂടിയാലോചിച്ചു ഭാവി പ്രവർത്തനപരിപാടികൾക്ക് രൂപം നൽകണമെന്നും ഖലീഫ ഉസ്മാന് സമർപ്പിക്കാനായി ഒരു കൂട്ടം ചോദ്യങ്ങൾ തയ്യാറാക്കണമെന്നുമെല്ലാം അവർ തീരുമാനിച്ചു. ഹദ്റത്ത് ഉസ്മാനും അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർക്കും എതിരായുള്ള ആരോപണങ്ങൾ തെളിഞ്ഞുകഴിഞ്ഞതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണെന്നും അവർ തീർച്ചപ്പെടുത്തി. അങ്ങനെ, അവർ മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു.

അവർ മദീനക്കടുത്തെത്തിയപ്പോൾ തലസ്ഥാനത്ത് അവരെ സംബന്ധിച്ച വിവരം ലഭിച്ചു. അവരുടെ യഥാർത്ഥനില ആരാഞ്ഞറിയുന്നതിനായി ഖലീഫ ഉസ്മാൻ(റ) രണ്ട് രഹസ്യ ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചയച്ചു. ഇവർ പുറപ്പെട്ട് മദീനയ്ക്ക് പുറത്തുവെച്ച് നിവേദകസംഘത്തെ കണ്ടുമുട്ടി അപസർപ്പകമായി വിവരങ്ങൾ അന്വേഷിച്ചറിഞ്ഞു. മദീനക്കാരിൽ തങ്ങളുടെ അനുകൂലികളായി മൂന്നുപേർ ഉണ്ടെന്നും നാലാമതൊരാൾ ഇല്ലെന്നും നിവേദകസംഘത്തിലെ അംഗങ്ങൾ വെളിപ്പെടുത്തി. മദീനത്തുചെന്ന് ഖലീഫ ഉസ്മാനെ കണ്ട് ചില പ്രധാന പ്രശ്നങ്ങളെപറ്റി തങ്ങൾ സംഭാഷണം നടത്തിയശേഷം നാട്ടിലേക്ക് തിരിക്കുമെന്നും അവർ പറഞ്ഞു. തങ്ങൾ ഖലീഫ ഉസ്മാനെക്കുറിച്ച് അനേകം ആരോപണങ്ങൾ ഉന്നയിക്കുകയും ആ ആരോപണങ്ങളെല്ലാം തെളിയിച്ചുകാട്ടുകയും ചെയ്തുവെങ്കിലും അദ്ദേഹം തെറ്റുകളിൽ ഒട്ടിപ്പിടിക്കുകയും തൗബാ ചെയ്യാൻ വിസമ്മതിക്കുകയുമാണുണ്ടായതെന്ന് ജനങ്ങളോട് ചെന്ന് പറയുമെന്നും പിന്നീട് ഹജ്ജ് ചെയ്യാനെന്ന

ഭാവേന മദീനത്ത് ചെന്ന് ഖലീഫയെ വളഞ്ഞുവെക്കുമെന്നും ഖിലാഫത്ത് പദവി ഒഴിയുവാൻ നിർബ്ബന്ധിക്കുമെന്നുമെല്ലാം അവർ പറയുകയുണ്ടായി. ഖിലാഫത്ത് സ്ഥാനം ഒഴിഞ്ഞെങ്കിൽ എല്ലാം ശുഭമായിരിക്കുമെന്നും അല്ലാത്തപക്ഷം ഖലീഫയെ കൊന്നുകളയുന്നതാണെന്നും കൂടി അവർ വ്യക്തമാക്കിയിരുന്നു.

## വിപ്ലവക്കാർ ഖലീഫയുടെ മുമ്പിൽ

രഹസ്യാന്വേഷകന്മാർ ഇരുവരും ഖലീഫയ്ക്ക് വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്തു. റിപ്പോർട്ടുകൾ കേട്ടപ്പോൾ ഹദ്‌റത്ത് ഉസ്മാൻ പൊട്ടിച്ചിരിക്കുകയാണ് ചെയ്തത്. പിന്നീടദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: “അല്ലാഹുവേ! ഈ കൂട്ടരെ നീ വഴികേടിൽനിന്ന് അകറ്റേണമേ, നീ അവരെ രക്ഷിക്കുന്നില്ലെങ്കിൽ ഇവർ നശിച്ചുപോകുമെന്നത് തീർച്ചയാണല്ലോ!” കുഴപ്പക്കാരുടെ കൂട്ടുകാരായി മദീനയിലുള്ള മൂന്നുപേരെപറ്റി ഖലീഫ പിന്നീട് അഭിപ്രായം പ്രകടിപ്പിച്ചു. അമ്മാറിനെ സംബന്ധിച്ചുപറയുകയാണെങ്കിൽ, അബ്ബാസ് ബിൻ ഉത്ബത് ബിൻ അബീലഹ്ബിന്റെനേരെ അദ്ദേഹം നടത്തിയ അന്യായമായ ആക്രമണത്തിന് ശിക്ഷ കിട്ടിയതുകാരണം അദ്ദേഹത്തിന് വിരോധമുണ്ട്. മുഹമ്മദ് ബിൻ അബൂബക്കർ (ഒന്നാം ഖലീഫയുടെ പുത്രൻ) വലിയ അഹങ്കാരിയായിത്തീർന്നിരിക്കുന്നു. നിയമങ്ങളൊന്നും തനിക്ക് ബാധകമല്ലെന്നാണ് പുള്ളി കരുതുന്നത്. മുഹമ്മദ് ബിൻ ഹുദൈഫയാകട്ടെ, വെറുതെ ആപത്തിൽചെന്ന് വീഴുകയാണ്.

ഖലീഫ ഉസ്മാൻ(റ) വിപ്ലവക്കാരെ വിളിച്ചുവരുത്തി. ഒരു യോഗത്തിന് ഏർപ്പാട് ചെയ്തു സഹാബാക്കളെയും അതിലേക്ക് ക്ഷണിച്ചു, പ്രക്ഷോഭക്കാരുടെ ഗൂഢാലോചനകളെയും ഗൂഢപ്രവർത്തനങ്ങളെയും കുറിച്ചെല്ലാം ഖലീഫ പ്രസ്തുത യോഗത്തിൽ വിവരിച്ചു. രണ്ട് രഹസ്യഉദ്യോഗസ്ഥന്മാരേയും തദവസരത്തിൽ സാക്ഷികളായി നിറുത്തിയിട്ടുണ്ടായിരുന്നു. ഈ കുഴപ്പക്കാരെ വധിക്കണമെന്ന് സഹാബാക്കളെല്ലാം ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. ഒരു ഇമാം നിലവിലുണ്ടായിരിക്കെ അദ്ദേഹത്തിന്നെതിരിൽ മറ്റൊരാളോട് കൂറും അനുസരണവും പുലർത്തുകയും ജനങ്ങളെ അതിന്നായി പ്രേരിപ്പിക്കുകയും ചെയ്യുന്നവരുടെമേൽ ശാപമുണ്ടാകട്ടെ എന്നും അത്തരമൊരാളെ ആരായാലും കൊന്നുകളയേണ്ടതാണെന്നും തിരുനബി(സ) അരുളിയത് തങ്ങൾ കേട്ടിട്ടുണ്ടെന്ന് അവരെല്ലാം പറ

ഞ്ഞു. എന്നാൽ, താനറിയാത്ത നിലയിൽ ആരുടേയുംമേൽ വധശിക്ഷ നടത്താൻ പാടില്ലെന്ന് ഹദ്റത്ത് ഉമർ(റ)പറഞ്ഞതും അവർ അനുസ്മരിപ്പിച്ചു. എന്നുവെച്ചാൽ, ഒരാളെ വധിക്കുവാനുള്ള അധികാരം സ്റ്റേറ്റിനു മാത്രമേയുള്ളൂവെന്നും ജനങ്ങൾ നിയമം കയ്യിലെടുക്കാൻ പാടില്ലെന്നുംതന്നെ. ഹദ്റത്ത് ഉസ്മാൻ(റ) സഹാബികളുടെ ഈ ഏകകണ്ഠമായ അഭിപ്രായപ്രകടനങ്ങൾ കേട്ടശേഷം പറഞ്ഞു: "അല്ല! ഞാൻ അവർക്ക് മാപ്പുകൊടുക്കുന്നു. അവരുടെ ആവശ്യങ്ങളെല്ലാം വകവച്ചുകൊടുക്കുകയും ചെയ്യും. ഞാൻ എല്ലാ വിധത്തിലും അവരെ നേർവഴിക്കാക്കാൻ ശ്രമിക്കും. അവർ ശരീഅത്തിന്റെ വിധിവിലക്കുകളെ ലംഘിക്കുകയോ മതഭ്രഷ്ടരായിത്തീരുകയോ ചെയ്യുവോളം ഞാനവരെ വെറുക്കുന്നതുമല്ല."

## ആരോപണങ്ങൾ നിഷേധിക്കപ്പെടുന്നു

പിന്നീട് ഏത് വിശാലഹൃദയനേയും അലിയിപ്പിക്കുമാറ് ഖലീഫ ഉസ്മാൻ(റ) തുടർന്നു: "ഈ കൂട്ടർ പറഞ്ഞതെന്താണെന്ന് നിങ്ങളെല്ലാം കേട്ടുവല്ലോ! തെളിവുകളും ന്യായങ്ങളും നിരത്തിവെച്ച് എന്നെ നിശ്ശബ്ദനാക്കിക്കളഞ്ഞുവെന്ന് ജനങ്ങളിൽ പറഞ്ഞുപരത്താൻവേണ്ടി എന്നെ കണ്ട് ഒരു സംഭാഷണം നടത്താനവസരം കിട്ടണമെന്നവർ ആഗ്രഹിക്കുന്നു. റസൂൽകരീം(സ) യാത്രയിൽ നമസ്കാരം ഖസ്ർ ചെയ്യാൻ അനുവദിച്ചിട്ടുണ്ടെന്നിരിക്കിലും ഞാൻ മുഴുവൻ റക്അത്തും നമസ്കരിച്ചുകൊണ്ട് ചട്ടം തെറ്റിച്ചിരിക്കുന്നുവെന്നിവർ ആക്ഷേപിക്കുന്നു. എന്നാൽ, ഞാൻ മിനായിൽവെച്ച് മാത്രമേ ഖസ്ർ ആക്കാതിരുന്നിട്ടുള്ളൂ. അതിന് കാരണവുമുണ്ട്. ഒന്നാമതായി, എനിക്കവിടെ സ്വത്തുക്കളുള്ളതിനു പുറമെ ഞാനവിടെ വിവാഹം ചെയ്തിട്ടുമുണ്ട്. രണ്ടാമതായി, നാനാഭാഗങ്ങളിൽ നിന്നും ഹജ്ജ് ചെയ്യാൻ വന്നെത്തിയിരുന്ന ജനങ്ങളിൽ ഭൂരിഭാഗവും വിവരം കുറഞ്ഞവരും ഇസ്‌ലാമിന്റെ തത്ത്വങ്ങൾ ശരിക്കും മനസ്സിലാക്കിയിട്ടില്ലാത്തവരുമാകയാൽ, ഖലീഫ രണ്ട് റക്അത്ത് മാത്രം നമസ്കരിക്കുന്നതു കണ്ടിട്ട്, നമസ്കാരം രണ്ട് റക്അത്താക്കി ചുരുക്കിയിരിക്കയാണെന്ന് തെറ്റുധരിക്കാനിടയാകുമെന്ന് ഞാൻ ഭയപ്പെട്ടിരുന്നു. ഞാൻ ഈ ചെയ്തത് ശരിയോ തെറ്റോ എന്ന് നിങ്ങൾ പറയേണ്ടതാണ്!"

ഖലീഫ ചെയ്തത് തികച്ചും ശരിയാണെന്ന് സഹാബാക്കൾ

സമ്മതിച്ചുപറഞ്ഞു.

അദ്ദേഹം തുടർന്നു: ''രണ്ടാമതായി എന്നെക്കുറിച്ചിവർ പറഞ്ഞു പരത്തുന്നത് ഞാൻ മേച്ചിൽസ്ഥലം നിശ്ചയിച്ചുകൊണ്ട് ഒരു ബിദ്അത്ത് (അനാചാരം) ഉണ്ടാക്കിയെന്നത്രെ. എന്നാൽ, ഇത് ബിദ്അത്താണെങ്കിൽ എനിയ്ക്ക് മുമ്പേതന്നെ ഉള്ളതുമാത്രമാണ്. എന്തെന്നാൽ, അതേർപ്പെടുത്തിയത് ഞാനല്ല, ഹദ്റത്ത് ഉമർ ബിൻ അൽ- ഖത്വാബ്(റ) ആണ്. ഞാൻ ആ സ്ഥലം അല്പം വിസ്താരപ്പെടുത്തിയിട്ടുണ്ടെന്നേയുള്ളൂ. അതിന് കാരണം സ്റ്റേറ്റുവക ഒട്ടകങ്ങളും കുതിരകളും വർദ്ധിച്ചതാണ് താനും. കൂട്ടിച്ചേർത്ത സ്ഥലം ഒരു സ്വകാര്യവ്യക്തിയുടേയും സ്വത്തല്ല. പുറംപോക്കാണ്. അത് വികസിപ്പിച്ചതുകൊണ്ട് എനിയ്ക്ക് പ്രത്യേകിച്ചൊന്നും കിട്ടാനില്ല. രണ്ട് ഒട്ടകം മാത്രമെ എനിയ്ക്കിപ്പോഴുള്ളു എന്ന് നിങ്ങൾക്കറിയാമല്ലോ! ഞാൻ ഖലീഫ ആകുന്ന അന്ന് മുഴുവൻ അറബ്‌രാജ്യത്തേക്കുംവെച്ച് വലിയ ധനാഢ്യൻ ഞാനായിരുന്നു. ഇപ്പോൾ എന്റെ അധീനത്തിലുള്ള രണ്ട് ഒട്ടകം ഹജ്ജ് ആവശ്യാർത്ഥം ഞാനുപയോഗിക്കുന്നതാണ്. ഞാനിപ്പറഞ്ഞത് മുഴുവനും ശരിയല്ലേ?''

തികച്ചും ശരിയാണെന്ന് സഹാബാക്കൾ ഏറ്റുപറഞ്ഞു.

ഖലീഫ ഉസ്മാൻ(റ) വീണ്ടും പറഞ്ഞു: "വേറൊരു ആക്ഷേപം ഞാൻ ചെറുപ്പക്കാരേയും പരിചയം കുറഞ്ഞവരേയും ഗവർണ്ണർ ഉദ്യോഗത്തിലും മറ്റും നിയമിക്കുന്നുവെന്നത്രെ. ഞാൻ സദ്‌വൃത്തന്മാരെയും പോരുന്നവരേയും മാത്രമേ നിയമിച്ചിട്ടുള്ളൂ എന്നതാണ് വാസ്തവം. എന്റെ മുൻഗാമികളാകട്ടെ ഞാൻ ഗവർണ്ണറാക്കി നിശ്ചയിച്ചവരെക്കാളും വയസ്സ് കുറഞ്ഞവരെ ഗവർണ്ണറാക്കിയിട്ടുണ്ട്. റസൂൽ കരീം(സ) തിരുമേനി ഉസാമത്ത് ബിൻ സൈദിനെ സൈന്യാധിപനാക്കിയപ്പോൾ ഇതിലുമധികം ആക്ഷേപങ്ങളുയർന്നിട്ടുണ്ടായിരുന്നില്ലേ?"

പരമാർത്ഥം തന്നെയെന്ന് എല്ലാ സഹാബിമാരും തലകുലുക്കി സമ്മതിച്ചു.

ഖലീഫ തുടർന്നു: ''യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ചും കറ്റുകെട്ടുകൾ പ്രചരിപ്പിച്ചും ജനങ്ങളെ തെറ്റുധരിപ്പിക്കാനും സുസ്ഥാപിത ഗവർമ്മെന്റിന്നെതിരായി ബഹുജനങ്ങളിൽ വെറുപ്പും വിരോധവും വളർത്താനുമാണ് ഇവർ ശ്രമിക്കുന്നത്."

ഹദ്റത്ത് ഉസ്മാൻ(റ) ഇപ്രകാരം മുഴുവൻ ആരോപണങ്ങളും എടുത്തുനിരത്തുകയും അവയോരോന്നായി ഖണ്ഡിക്കുകയും ചെയ്തു. ഈ വിപ്ലവകാരികളെയെല്ലാം തൂക്കിലിടണമെന്ന് സഹാബാക്കൾ ഒന്നടങ്കം നിർബന്ധിച്ചു പറഞ്ഞുവെങ്കിലും ഖലീഫ ഉസ്മാൻ അവരോട് യോജിക്കുവാൻ കൂട്ടാക്കിയില്ല. ഇതുസംബന്ധിച്ച് ചരിത്രകാരനായ തബരി രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്: "എല്ലാ മുസ്ലിംകളും അവരെ വധിച്ചുകളയണമെന്നു തറപ്പിച്ചു പറഞ്ഞു. എന്നാൽ ഉസ്മാൻ(റ) അവരെ വിട്ടയക്കണമെന്നതിൽ ഉറച്ചുനിന്നു."

## കാരുണ്യമൂർത്തിയായ ഉസ്മാൻ

കുഴപ്പക്കാർ ഏതെല്ലാം വിധത്തിലുള്ള ചതിയും വഞ്ചനയുമാണ് പ്രയോഗിച്ചിരുന്നതെന്നും അച്ചടിപോലുള്ള ആധുനിക വാർത്താവിനിമയോപാധികളൊന്നുമില്ലാതിരുന്ന അക്കാലത്ത് അവർ എത്ര എളുപ്പത്തിലാണ് ജനസാമാന്യത്തെ വഴിതെറ്റിച്ചുകൊണ്ടിരുന്നതെന്നും മേൽസംഭവങ്ങളിൽനിന്ന് ഗ്രഹിക്കാമല്ലൊ. ഒരു പ്രക്ഷോഭത്തിനുള്ള യാതൊരു ന്യായീകരണവും ഉണ്ടായിരുന്നില്ല. അവരുടെ പക്കൽ സത്യം ഉണ്ടായിരുന്നില്ല. അവർ സത്യത്തിന്റെ ഭാഗത്തുമല്ലായിരുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളുടെയും ആശ്രയം കള്ളവും അസത്യവും മാത്രം. ഹദ്റത്ത് ഉസ്മാന്റെ കൃപാകടാക്ഷം ഒന്നു മാത്രമാണ് അവർക്കുണ്ടായിരുന്ന ഏക രക്ഷാകവചം. അല്ലെങ്കിൽ ജനങ്ങൾ അവരെ പിച്ചിച്ചീന്തിക്കളഞ്ഞിരിക്കുമായിരുന്നു. ജീവൻ കൊടുത്തും തങ്ങൾ പടുത്തുയർത്തിയ സമാധാനാന്തരീക്ഷം ഏതാനും വികൃതികളുടെ വേലത്തരങ്ങളാൽ താറുമാറായിത്തീരുന്നത് അവർ പൊറുക്കുകയില്ലായിരുന്നു. അത്തരക്കാരെ നല്ല പാഠം പഠിപ്പിച്ചില്ലെങ്കിൽ ഇസ്ലാമികഭരണം അട്ടിമറിയുമെന്നും അവർ മനസ്സിലാക്കാതിരുന്നില്ല. എന്നാൽ, ഖലീഫ ഉസ്മാൻ(റ) കാരുണ്യമൂർത്തിയായിരുന്നു. കഴിയുന്നിടത്തോളം കുഴപ്പക്കാരെ വഴികേടിൽനിന്നു രക്ഷപ്പെടുത്തണമെന്നും അവർ അവിശ്വാസത്തിൽ മരണപ്പെടുന്നതിനിടയാവരുതെന്നും ആണ് അദ്ദേഹം ആഗ്രഹിച്ചത്. അവരുടെ വ്യക്തമായ അട്ടിമറി പ്രവർത്തനങ്ങളേയും രാജ്യദ്രോഹത്തേയും അദ്ദേഹം മയപ്പെടുത്തിക്കൊണ്ടിരിക്കുകയും രാജ്യദ്രോഹത്തിനുള്ള നീക്കമായി അതിനെ വ്യാഖ്യാനിക്കുകയും ചെയ്തത് അതുകൊണ്ടായിരുന്നു.

## പുതിയ നീക്കം

സഹാബാക്കൾ ഈ വിപ്ലവക്കാരെ നിന്ദാദൃഷ്ടിയോടെയാണ് വീക്ഷിച്ചിരുന്നതെന്നും അവരുടെ പ്രവർത്തനങ്ങളോട് യാതൊര നുഭാവവും കാണിച്ചിരുന്നില്ലെന്നും മേൽവസ്തുതകളിൽനിന്ന് വ്യക്തമാണല്ലോ. മദീനയിൽ തങ്ങളുടെ അനുകൂലികളായി മൂന്നു പേർ മാത്രമേയുള്ളൂവെന്നും അവരുടെ പ്രവർത്തനങ്ങളെ സഹാ ബാക്കൾ കഠിനമായി വെറുത്തിരുന്നുവെന്നും സമാധാനത്തേയും ഭദ്രതയേയും ഭീഷണിപ്പെടുത്തുകയും സ്ഥാപിതഗവർമ്മെന്റിനെ അട്ടിമറിക്കുകയും ചെയ്യാൻ ശ്രമിച്ചുപോന്ന ഈ വിപ്ലവകാരികൾക്ക് വധശിക്ഷ നൽകേണ്ടതാണെന്ന് സഹാബിമാർ അഭിപ്രായപ്പെട്ടിരു ന്നുവെന്നും തെളിഞ്ഞിട്ടുമുണ്ട്. സഹാബിമാർ വിപ്ലവകാരികളെ അനുകൂലിക്കുകയോ മദീനാവാസികൾ ഒളിഞ്ഞോ തെളിഞ്ഞോ അവരെ സഹായിക്കുകയോ കുറഞ്ഞപക്ഷം അവർ സംഭവഗതിക ളുടെനേരെ അലംഭാവം കാണിക്കുകയെങ്കിലുമോ ചെയ്തിരുന്നെ ങ്കിൽ, അവർക്ക് ആ തക്കത്തിൽതന്നെ ഹദ്റത്ത് ഉസ്മാനെ വധി ക്കുവാനും മറ്റാരെയെങ്കിലും തൽസ്ഥാനത്ത് വാഴിക്കുവാനും സാധി ച്ചേനേ! എന്നാൽ, ഹദ്റത്ത് ഉസ്മാനെ വധിക്കുന്നതിനുപകരം അവർ സ്വയം ആപത്തിലകപ്പെടുകയാണുണ്ടായത്. എന്നുമാത്രമ ല്ല, ഏതൊരു മഹാപുരുഷനെ നിഗ്രഹിക്കാൻ അവർ കച്ചകെട്ടിപ്പു റപ്പെട്ടുവോ ആ കാരുണ്യമൂർത്തിയുടെ ദയാവായ്പുകൊണ്ട് മാത്ര മാണ് അവർക്ക് രക്ഷയോടെ തിരിച്ചുപോകാൻതന്നെ സാധിക്കു മാറായത്.

എന്നാൽ, ഈ സംഭവത്തിൽനിന്നും വിപ്ലവകാരികൾ യാതൊരു പാഠവും സ്വീകരിച്ചില്ല! എത്രമാത്രം നന്ദികെട്ടവരാണവർ! അവരുടെ ഓരോ ആരോപണത്തിനും തക്കതായ മറുപടി നൽകപ്പെടുകയും എല്ലാ ആക്ഷേപങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്ന് തെളിയി ക്കപ്പെടുകയും ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ദയാവായ്പ് അവർ നേരിട്ട് കണ്ടറിയുകയും ചെയ്തു. അത്രയും വിശാലഹൃദയനും കാരുണ്യ മൂർത്തിയുമായ വേറൊരു മഹാപുരുഷനെ തങ്ങൾക്കന്ന് ലോകത്തെ വിടെയും കണ്ടെത്താമായിരുന്നില്ലെന്ന് അവരോരോരുത്തരും സാക്ഷ്യം വഹിക്കുമായിരുന്നു. എന്നിട്ടും, സ്വയം പശ്ചാത്തപിക്കു കയും കുറ്റകൃത്യങ്ങളിൽനിന്നെല്ലാം വിട്ടുമാറുകയും ചെയ്യുന്നതി നുപകരം അവർ ഖലീഫയ്ക്കെതിരായ പ്രവർത്തനങ്ങളിൽ ഒരടി

കൂടി മുമ്പോട്ടു പോകുകയാണുണ്ടായത്. അവർ തങ്ങളുടെ മാന ഹാനിയും ആപന്മോചനവുമെല്ലാം മറച്ചുവെക്കുകയും സ്വന്തം ബുദ്ധിശക്തിയിലും സൂത്രശാലിത്വത്തിലും ഊറ്റംകൊള്ളുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ തങ്ങളുടെ ഗൂഢാലോചനയുടെ ബാക്കിഭാഗം നടപ്പിൽ വരുത്താനുള്ള നിശ്ചയത്തോടെയാണവർ മടങ്ങിയത്.

വിപ്ലവകാരികൾ സ്വന്തം സ്ഥലങ്ങളിലേക്ക് മടങ്ങിപ്പോയശേഷം കത്തിടപാടുകൾ തുടർന്നുകൊണ്ടിരുന്നു. മുൻപ്ലാനനുസരിച്ച് മക്ക യിലേക്ക് ഹജ്ജ് കർമ്മത്തിനെന്ന വ്യാജേന പുറപ്പെടുവാനും തല സ്ഥാനത്തെ അമ്പരപ്പിച്ചുകൊണ്ട് നഗരത്തെ തങ്ങളുടെ നിയന്ത്ര ണത്തിലാക്കുവാനും അവർ നിശ്ചയിച്ചുറച്ചിരുന്നു. അങ്ങനെ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തിന്റെ പന്ത്രണ്ടാംവർഷം- ഹിജ്റ 36-ൽ- ഒരു ശവ്വാൽമാസത്തിൽ വിപ്ലവകാരികൾ മദീനയെ ലക്ഷ്യ മാക്കി പുറപ്പെട്ടു. മൂന്ന് വ്യത്യസ്ത കേന്ദ്രങ്ങളിൽനിന്നാണ് അവർ യാത്ര പുറപ്പെട്ടത്; കൂഫയിൽനിന്നും ബസ്റയിൽനിന്നും ഈജിപ്തിൽനിന്നും. ആദ്യത്തെ ശ്രമം വിഫലമായതിനെ തുടർന്ന് ഇത്തവണ അത് പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിനുദ്ദേശിച്ച് ഈജിപ്തിൽനിന്നുള്ള സംഘത്തെ വിപ്ലവത്തിന്റെ ബുദ്ധികേന്ദ്ര മായ അബ്ദുല്ലാഹ് ബിൻ സബാ തന്നെയാണ് നയിച്ചിരുന്നത്. ഇബ്നു സബാ തന്നെ മദീനയ്ക്ക് പുറപ്പെട്ടത് ഗൂഢാലോചന ഒരുവി ധത്തിലും പരാജയപ്പെട്ടുപോകരുതെന്ന ദൃഢനിശ്ചയത്തെയാണ് വെളിപ്പെടുത്തിത്തരുന്നത്. തങ്ങൾ ഹജ്ജിനായിട്ട് പുറപ്പെടുകയാ ണെന്ന് അതാതിടങ്ങളിൽ ഇവർ വിളംബരപ്പെടുത്തിയിരുന്നതിനാൽ മറ്റു ചില മുസ്ലിംസംഘങ്ങളും ഇവരോടൊപ്പം ചേരാതിരുന്നില്ല. വിപ്ലവകാരികളുടെ യഥാർത്ഥലക്ഷ്യം മുസ്ലിംബഹുജനങ്ങ ളിൽനിന്നും തികച്ചും ഗോപ്യമായിരുന്നു. ഈ ഗൂഢാലോചനയെ കുറിച്ച് അധികൃതന്മാർക്ക് കുറേയൊക്കെ വിവരം ലഭിച്ചിരുന്നതി നാൽ, ഈജിപ്തിൽനിന്ന് പുറപ്പെടുന്ന തീർത്ഥാടകസംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അന്നവിടെ ഗവർണ്ണറായിരുന്ന ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ സർഹ്(റ) വിശ്വസ്തദൂതന്മാർ മുഖേന ഖലീഫ തിരുമനസ്സിലേക്ക് വിവരമെത്തിച്ചു കഴിഞ്ഞിരുന്നു.

## ഒരു ചോദ്യവും മറുപടിയും

ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടേക്കാം. വിപ്ലവക്കാരുടെ

ഗൂഢോദ്ദേശ്യങ്ങൾ മദീനവാസികൾക്ക് പൊതുവെയും സഹാബിമാർക്ക് പ്രത്യേകിച്ചും നല്ലവണ്ണം അറിയാമെന്നും, വിപ്ലവകാരികളെയെല്ലാം തൂക്കിലിടണമെന്ന് സഹാബാക്കൾ നിഷ്കർഷിച്ചു പറഞ്ഞിരുന്നുവെന്നും, ഹജ്ജിനെന്ന വ്യാജേന മദീനത്തുവന്നു കുഴപ്പമുണ്ടാക്കലാണ് അവരുടെ ഗൂഢോദ്ദേശ്യമെന്നു ഖലീഫയ്ക്ക് വ്യക്തമായും അറിയാമായിരുന്നുവെന്നും ഉള്ളപ്പോൾ വിപ്ലവകാരികൾ മറ്റൊരു വഴിയ്ക്ക് ചലിക്കാതെ ആദ്യത്തെ പ്ലാൻതന്നെ നടപ്പാക്കാനുറച്ചത് മദീനത്തുകാർ തങ്ങൾക്കനുകൂലമാണെന്ന് അവർക്ക് ബോധ്യമുള്ളതിനാൽ തികച്ചും നിർഭീതരായിരുന്നതുകൊണ്ടല്ലേ?

ഇതിനുള്ള മറുപടിയിതാണ്: തങ്ങളുടെ വിജയത്തിൽ വിപ്ലവകാരികൾക്ക് പൂർണ്ണവിശ്വാസമുണ്ടായിരുന്നുവെന്നുതന്നെയാണ് അവരുടെ ധാർഷ്ട്യം വെളിപ്പെടുത്തിത്തരുന്നത്. എന്നാൽ, തിരുസഹാബിമാരും മദീനാവാസികളും തങ്ങൾക്കനുകൂലമാണെന്നും അവർ തങ്ങളുടെ അനുകൂലികളാണെന്നും വിപ്ലവക്കാർ ധരിച്ചിരുന്നില്ല. അതിനുള്ള കാരണം, മദീനത്ത് തങ്ങളുടെ അനുകൂലികളായി മൂന്നുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് അവരുടെ പ്രസ്താവനകൊണ്ടുതന്നെ തെളിഞ്ഞിട്ടുണ്ടല്ലോ. സഹാബിമാരും മദീനാവാസികളും വിപ്ലവക്കാരുടെ പ്രവർത്തനങ്ങളിൽ അത്യധികം ഉത്കണ്ഠാകുലരായിത്തീർന്നിരുന്നുവെന്നതും വ്യക്തമായിരുന്നു. അവരുടെ ധൈര്യത്തിനുള്ള പ്രഥമവും പ്രധാനവുമായ അടിസ്ഥാനം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ദയാവായ്പിൽ അവർക്കുണ്ടായിരുന്ന ഉറച്ചവിശ്വാസം തന്നെയായിരുന്നു. തങ്ങളുടെ ശ്രമം വിജയിച്ചുവെങ്കിൽ ലക്ഷ്യം പൂർത്തിയായിയെന്നും അഥവാ പരാജയപ്പെട്ടുവെങ്കിൽ ഖലീഫയോട് മാപ്പ് പറഞ്ഞ് ദയയ്ക്കപേക്ഷിക്കാമെന്നും അങ്ങനെ ഒരിക്കൽകൂടി ശിക്ഷയിൽനിന്ന് രക്ഷപ്പെടാമെന്നുമാണവർ കരുതിയത്. രണ്ടാമത്തെ കാരണം ഇതാണ്: സഹാബാക്കളുടെയും മദീനാവാസികളുടേയും പ്രവർത്തനമാർഗ്ഗം കഴിഞ്ഞ തവണ വിപ്ലവകാരികൾ മനസ്സിലാക്കിയിരുന്നതാണ്. ഖലീഫ ഉസ്മാന് തങ്ങളുടെ നീക്കം സംബന്ധിച്ചറിവുണ്ടെങ്കിലും ഉദാരമനസ്കനായ അദ്ദേഹം തങ്ങൾക്കെതിരായി ഒരു സൈന്യത്തെ അയക്കാനൊരുങ്ങുകയില്ലെന്ന് അവർ ഉറപ്പിച്ചിരുന്നു. സഹാബാക്കൾ തങ്ങളെ എതിർക്കാൻ വരികയില്ലെന്നും അവർ വിശ്വസിച്ചു. സഹാബാക്കൾ ഖലീഫ തിരുമനസ്സിനോട് പുറമെ കൂറും ഭക്തിയും പ്രകടിപ്പിക്കുന്നുണ്ടെങ്കിലും

യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ നാശത്തെയാണ് ആഗ്രഹിക്കുന്ന തെന്നും അവർ സ്വയം ചിന്തിച്ചു ആത്മസംതൃപ്തി പൂണ്ടിരുന്നു. അവരങ്ങനെ ചിന്തിക്കാൻ കാരണമില്ലാതെയല്ല. സഹാബാക്കളുടെ അവകാശങ്ങളെ സംരക്ഷിക്കാനാണ് തങ്ങൾ പൊരുതുന്നതെന്ന് വിപ്ലവക്കാർ പറഞ്ഞുപരത്തിയിരുന്നതിനാൽ സഹാബാക്കൾ സ്വാഭാവികമായും തങ്ങൾക്കനുകൂലികളായിരിക്കുമെന്നാണ് അവർ കണക്കുകൂട്ടിയത്!

## വിപ്ലവസേന മദീനയിലേക്ക്

വിപ്ലവസേന മദീനയ്ക്കടുത്തെത്തിയ വിവരം ലഭിച്ചപ്പോൾ നഗരത്തിന് വെളിയിൽ അങ്ങുമിങ്ങും ആയിരുന്ന തിരുസഹാബാക്കളും മദീനാവാസികളും വേഗത്തിൽ ഒരുമിച്ചുചേരാൻ തുടങ്ങി. അവർ രണ്ട് സേനാവിഭാഗങ്ങളായിത്തിരിഞ്ഞു. ഒരു വിഭാഗം മദീനയ്ക്ക് പുറത്ത് വിപ്ലവകാരികളെ നേരിടാനും മറ്റേവിഭാഗം നഗരത്തിനുള്ളിൽ ഖലീഫയെ രക്ഷിക്കാനും നിയോഗിക്കപ്പെട്ടു. വിപ്ലവസംഘത്തിലെ മൂന്ന് ഖാഫിലകളും മദീനക്കടുത്തെത്തി. ബസ്റക്കാർ ദാഖശ്ബിലും കൂഫക്കാർ അഅ്വസ്വിലും ഈജിപ്തുകാർ ദുൽമർവത്തിലും തമ്പടിച്ചു. തങ്ങൾ ഇനിയെന്താണ് ചെയ്യേണ്ടതെന്ന് അവർ പൊതുവായ ഒരു രഹസ്യഗൂഢാലോചന നടത്തി. വിപ്ലവസേനയിൽ 1800 മുതൽ 3000വരെ ആളുകളുണ്ടായിരുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. (ഹജ്ജിൽ പങ്കുകൊള്ളാൻ അവരോടൊപ്പം ചേർന്നിരുന്ന മറ്റു മുസ്ലിംകൾ ഈ ഗണത്തിൽപെടുന്നില്ല). എങ്കിലും, ഇസ്ലാമിന്റെ വീരപോരാളികളുമായി തങ്ങൾക്ക് ഏറ്റുമുട്ടേണ്ടിവന്നുവെങ്കിൽ, എളുപ്പത്തിലൊന്നും കാര്യം തീരുകയില്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് മദീനയിൽ പ്രവേശിക്കുന്നതിനുമുമ്പേ, മദീനാവാസികളുടെ ഇംഗിതവും വിപ്ലവസേനയോടുള്ള അവരുടെ മനോഭാവവും എന്താണെന്നറിഞ്ഞിരിക്കേണ്ടതുണ്ടെന്ന് അവർക്ക് തോന്നി. അതിനാൽ, സിയാദ് ബിൻ നള്ർ, അബ്ദുല്ലാഹ് ബിൻ അസ്വം എന്നീ രണ്ടുപേർ കൂഫക്കാരോടും ബസറക്കാരോടും ഉപദേശിച്ചു– അവർ ധിറുതിപിടിച്ച് ഒന്നും ചെയ്തുപോകരുതെന്നും അങ്ങനെ വല്ലതും ചെയ്താൽ ഈജിപ്തുകാർക്കും ബദ്ധപ്പെടേണ്ടിവരുമെന്നും അങ്ങനെ വന്നാൽ, എല്ലാ പരിപാടികളും താറുമാറായിപ്പോകുമെന്നും. മദീനത്തുകാർ തങ്ങളെ നേരിടുവാനായി സൈന്യസന്നാഹം ചെയ്തിട്ടുണ്ടെന്നാണ്

തങ്ങൾക്ക് കിട്ടിയ വിവരമെന്നും, തങ്ങളുടെ യഥാർത്ഥ നിലയറി യാതെ അവർ ഇപ്രകാരം ഒരുക്കം ചെയ്തിരിക്കെ ശരിയായ നില യറിയുമ്പോൾ കൂടുതൽ സജ്ജീകരണങ്ങൾ ചെയ്യുമെന്നത് ഊഹ മാണെന്നും ധിറുതിപ്പെട്ടാൽ തങ്ങളുടെ എല്ലാ ആശകളും തകരു വാനേ തരമുള്ളൂവെന്നും അതുകൊണ്ട് മദീനക്കാരുടെ ശരിയായ നിലയറിയാൻ സമർത്ഥമായ ഒരു ശ്രമം നടത്തേണ്ടതുണ്ടെന്നും അവരിരുവരും ഉണർത്തി. മദീനത്തുകാരുമായി സംസാരിച്ചശേഷം അവർ യുദ്ധത്തിന് തയ്യാറില്ലെന്നും തങ്ങൾക്ക് കിട്ടിയ വിവരങ്ങൾ അടിസ്ഥാനരഹിതമാണെന്നും തെളിയുന്നപക്ഷം അനന്തരനടപടി കൾ തീർച്ചപ്പെടുത്താമെന്നും അവർ വ്യക്തമാക്കി. ഈ അഭിപ്രായം പൊതുവെ അംഗീകരിക്കപ്പെടുകയും മുൻപറഞ്ഞ രണ്ടുപേരും നഗ രത്തിലേക്ക് പുറപ്പെടുകയും ചെയ്തു.

ഈ രണ്ട് ദൂതന്മാർ ആദ്യമായിത്തന്നെ തിരുനബിയുടെ പത്നി മാരെ സന്ദർശിക്കുകയും മദീനയിൽ പ്രവേശിക്കാനുള്ള അനുവാ ദത്തിന്നപേക്ഷിക്കുകയും ചെയ്തു. ചില ഗവർണ്ണർമാരെ സ്ഥലമാറ്റം ചെയ്യുന്നതിനുവേണ്ടി ഹദ്റത്ത് ഉസ്മാന് നിവേദനം സമർപ്പിക്കു വാനായിട്ടാണ് തങ്ങൾ വന്നിട്ടുള്ളതെന്നും മറ്റൊരുദ്ദേശ്യവുമി ല്ലെന്നും അവർ പറഞ്ഞു. തിരുപത്നിമാർ അവരുടെ വാക്കുകൾ ചെവിക്കൊള്ളാതെ വിസമ്മതം പ്രദർശിപ്പിക്കുകയാണുണ്ടായത്. പിന്നീട് അവർ യഥാക്രമം ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബൈർ(റ) എന്നിവരെ സന്ദർശിക്കുകയും മദീനയിൽ പ്രവേശിച്ചുകൊള്ളാനനുവദിക്കുന്നതിനപേക്ഷിക്കുകയുമുണ്ടായി. തങ്ങൾക്ക് യാതൊരു ദുരുദ്ദേശ്യവുമില്ലെന്ന് അവർ വ്യക്തമാക്കു കയും ഭക്തിവിനയങ്ങൾ കാട്ടുകയും ചെയ്യാതിരുന്നുമില്ല. എന്നാൽ, ഈ മൂന്ന് വിശിഷ്ട സഹാബിമാരും അവരുടെ ചതിയിലകപ്പെടാതി രിക്കയാണ് ചെയ്തത്. ഈ പ്രവർത്തനങ്ങളിൽ യാതൊരു നന്മയും തങ്ങൾ കാണുന്നില്ലെന്നും അവർ മൂവരും വെട്ടിത്തുറന്നു പറയുക യുമുണ്ടായി. (തബ്രി, ലണ്ടൻ, പേ-2956)

## ഹദ്റത്ത് അലിയുടെ താക്കീത്

ദൂതന്മാർ ഇരുവരും മദീനയിലെ സ്ഥിതിഗതികളെല്ലാം മനസ്സി ലാക്കിയശേഷം നിരാശയോടെ മടങ്ങുകയും വിവരം കൂട്ടുകാരെ ധരിപ്പിക്കുകയും ചെയ്തു. കൂഫയിലേയും ബസ്റയിലേയും ഈജിപ്തിലേയും ഖാഫിലകളിലെ മൂപ്പന്മാരടങ്ങിയ ഒരു പ്രതിനി

ധിസംഘത്തെ ഒരന്തിമ ശ്രമമെന്ന നിലയിൽ മദീനയിലേക്കയക്കാൻ അവർ തീർച്ചപ്പെടുത്തി. അബ്ദുല്ലാഹ് ബിൻ സബായുടെ പാഠമനുസരിച്ച് ഈജിപ്തുകാർ ഹദ്റത്ത് അലിയെ തിരുനബിയുടെ 'വസിവ്' ആയി കരുതിവരികയും അദ്ദേഹത്തിന്റെ കയ്യിൽ മാത്രമേ തങ്ങൾ ബയ്അത്ത് ചെയ്യുകയുള്ളൂവെന്ന് ഉറപ്പിക്കുകയും ചെയ്തിരുന്നു. കൂഫക്കാരും ബസ്റക്കാരും വിപ്ലവത്തിൽ അവരുടെ കൂട്ടാളികളായിരുന്നെങ്കിലും മതപരമായ ഈ വിശ്വാസത്തെ അനുകൂലിച്ചിരുന്നില്ല. കൂഫക്കാർ ഹദ്റത്ത് സുബൈറിന് ബയ്അത്ത് ചെയ്യുന്നതാണ് തങ്ങൾക്ക് ഗുണകരമെന്ന് കരുതിയിരുന്നു. ബസ്റക്കാരാകട്ടെ ഹദ്റത്ത് ത്വൽഹയെയാണ് ഇഷ്ടപ്പെട്ടിരുന്നത്. ഈ അഭിപ്രായവ്യത്യാസങ്ങളെ മുൻനിറുത്തി ഓരോ വിഭാഗത്തിന്റേയും പ്രതിനിധികൾ ഹദ്റത്ത് ഉസ്മാനുശേഷം തങ്ങൾ ഖലീഫയായി സ്വീകരിക്കാൻ മനസ്സിൽ കരുതിയ ആ പ്രത്യേകം പ്രത്യേകം വ്യക്തികളെ സമീപിക്കുവാൻ തീർച്ചയാക്കിക്കൊണ്ട് പുറപ്പെട്ടു. ഈജിപ്തുകാർ ഹദ്റത്ത് അലിയെയാണ് സമീപിച്ചത്. ആയവസരത്തിൽ അദ്ദേഹം മദീനക്ക് പുറത്ത് ഒരു സേനാവിഭാഗത്തെ നയിക്കുകയായിരുന്നു. വിപ്ലവസൈന്യത്തെ ചതയ്ക്കുവാൻ അദ്ദേഹം തയ്യാറെടുത്തുകഴിഞ്ഞിരുന്നു. ഹദ്റത്ത് ഉസ്മാന്റെ അസമർത്ഥമായ നേതൃത്വം കാരണം നിയമസമാധാനങ്ങൾ ആകപ്പാടെ തകർന്നിരിക്കുകയാൽ ഖിലാഫത്തിൽ തുടരാൻ അദ്ദേഹം അയോഗ്യനായിത്തീർന്നിരിക്കയാണെന്നും അതുകൊണ്ട് അദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് നീക്കാനാണ് തങ്ങൾ വന്നിരിക്കുന്നതെന്നും ആ മഹനീയപദവി താങ്കൾ ഏറ്റെടുക്കുമെന്ന് തങ്ങൾ വിശ്വസിക്കുന്നുവെന്നും അവർ ഹദ്റത്ത് അലിയോട് പറയാൻ ധൈര്യപ്പെട്ടു. ഹദ്റത്ത് അലിയെപ്പോലെയുള്ള ഒരു ധർമ്മാത്മാവ് ഇതുകേട്ടപ്പോൾത്തന്നെ ക്രുദ്ധനായിത്തീർന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. അദ്ദേഹം അവർക്ക് നല്ല താക്കീതുനൽകുകയും വളരെ പരുഷമായ തരത്തിൽ അവരോട് പെരുമാറുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: "റസൂൽകരീം(സ) തിരുമേനിയുടെ തിരുസവിധത്തിൽ ഇരിക്കാൻ ഭാഗ്യം സിദ്ധിച്ച എല്ലാ സദ്വൃത്തന്മാർക്കുമറിയാം ദുവിൽമർവത്തിലും ദൂഖശ്ബിലും പാളയമടിക്കുന്ന സൈന്യവിഭാഗങ്ങളെക്കുറിച്ച് തിരുമേനി(സ) പ്രവചനം ചെയ്തിട്ടുണ്ടെന്നും അവരുടെമേൽ ശാപവർഷം പൊഴിച്ചിട്ടുണ്ടെന്നും! ദൈവം നിങ്ങളെ ശപിക്കട്ടെ! ഉടൻതന്നെ മടങ്ങിക്കൊള്ളുന്നതാണ് നിങ്ങൾക്ക് നല്ലത്.

ഹദ്റത്ത് അലി(റ) യാതൊരു പ്രകാരത്തിലും തങ്ങൾക്കനുകൂലമല്ലെന്ന് കണ്ട് അവർ വേഗം മട്ടുമാറ്റുകയും തങ്ങൾ തിരിച്ചു പൊയ്ക്കൊള്ളാമെന്ന് പറയുകയും ചെയ്തു.

കൂഫക്കാർ ഹദ്റത്ത് സുബൈറിനെ സമീപിക്കുകയും ഖിലാഫത്ത് പദവി ഏറ്റെടുക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹവും അവരുടെനേരെ ഹദ്റത്ത് അലിയെപ്പോലെ തന്നെ കർശനമായാണ് പെരുമാറിയത്. തന്റെ മുമ്പിൽനിന്ന് ഉടൻ പൊയ്ക്കൊള്ളേണ്ടതാണെന്നും ദുവിൽമർവത്തിലും ദൂഖശ്ബിലും പാളയമടിക്കുന്നവർ ശപിക്കപ്പെട്ടവരായിരിക്കുമെന്ന് തിരുനബി(സ) അരുളിയിട്ടുണ്ടെന്നും അദ്ദേഹവും പറഞ്ഞു.

ഇപ്രകാരംതന്നെ ഹദ്റത്ത് ത്വൽഹായും തന്നെ സമീപിച്ച ബസ്റക്കാരോട് മറുത്തുപറയുകയുണ്ടായി. തിരുനബിയുടെ പ്രവചനത്തെക്കുറിച്ച് അദ്ദേഹവും അവരെ ഓർമ്മപ്പെടുത്തി. (തബ്രി, ലണ്ടൻ, പേ-2957)

## സിദ്ദീഖിന്റെ പുത്രൻ ഈജിപ്ത് ഗവർണ്ണർ

തങ്ങളുടെ എല്ലാ പ്രതീക്ഷകളും വിഫലമായിക്കാണുകയും ഹദ്റത്ത് അലിയും ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബൈറും ഒരുപ്രകാരത്തിലും തങ്ങളെ അനുകൂലിക്കുകയില്ലെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ ചില ഗവർണ്ണർമാരെ മാറ്റിക്കൊണ്ട് തങ്ങളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. ഖലീഫാതിരുമനസ്സുകൊണ്ട് ഈ അഭ്യർത്ഥനയെക്കുറിച്ചറിഞ്ഞപ്പോൾ അങ്ങേയറ്റത്തെ അനുഭാവപൂർവ്വം അത് പരിഗണിക്കുകയും അബ്ദുല്ലാഹ് ബിൻ അബീ സറഹിന് പകരം ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ പുത്രനായ മുഹമ്മദിനെ ഈജിപ്ത് ഗവർണ്ണരായി നിശ്ചയിച്ചുകൊണ്ട് ഉടൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ നിയമനത്തിൽ പൂർണ്ണമായ സംതൃപ്തിയും ആഹ്ലാദവും പുറമെ പ്രകടിപ്പിച്ചുകൊണ്ട് വിപ്ലവകാരികൾ വിജയഭാവത്തിൽ തിരിച്ചുപോയി. ഒരു വലിയ കുഴപ്പത്തിൽനിന്ന് അല്ലാഹു ഇസ്‌ലാമിനെ രക്ഷപ്പെടുത്തിയതിൽ മദീനാവാസികൾ സന്തോഷഭരിതരാവുകയും ചെയ്തു.

എന്നാൽ, മദീനാവാസികളുടെ ഈ ധാരണ വെറും തെറ്റുധാരണ മാത്രമായിരുന്നു. വിപ്ലവകാരികൾ പുറമെ നടിച്ചിരുന്നതു

പോലെ യഥാർത്ഥത്തിൽ സംതൃപ്തരായിരുന്നില്ല. അവരുടെ ഉദ്ദേശ്യംതന്നെ മറ്റൊന്നായിരുന്നു. വഞ്ചനാപരമായിരുന്നു അവരുടെ എല്ലാ നീക്കങ്ങളും!

## ചരിത്രത്തിൽ മായം!

ഈ ആദ്യത്തെ ഖിലാഫത്ത് വിപ്ലവം സംബന്ധിച്ച ചരിത്രവിവരണങ്ങളിൽ **ഇവിടംവെച്ചാണ് മായം കലർത്തിത്തുടങ്ങിയതെന്ന് മനസ്സിലാക്കേണ്ടതാണ്.** ഞാൻ വിവരിച്ചുകഴിഞ്ഞിട്ടുള്ള സംഭവങ്ങളെപറ്റി വ്യത്യസ്ത നിവേദകന്മാർ വിവിധരൂപങ്ങളിലാണ് വിവരിച്ചിട്ടുള്ളത്. സത്യവസ്തുതയാകട്ടെ അവയ്ക്കുള്ളിൽ ഒളിഞ്ഞു കിടക്കുകയും ചെയ്തു. തന്നിമിത്തം, ഖലീഫയ്ക്കെതിരായുള്ള ഈ എല്ലാ ചലനങ്ങളിലും സഹാബാക്കൾ പങ്കാളികളായിരുന്നുവെന്ന് അനേകമാളുകൾ ചിന്തിച്ചുതുടങ്ങുമാറ് തെറ്റുധാരണകൾ രൂപമെടുത്തു. കുറഞ്ഞപക്ഷം തിരുസഖാക്കളിൽ പലരും പ്രക്ഷോഭകാരികളോട് ഉള്ളാലെ അനുകൂലമുള്ളവരായിരുന്നുവെന്നു പലരും കരുതിപ്പോന്നിട്ടുണ്ട്. എന്നാൽ ഈ ധാരണ ഒട്ടും ശരിയല്ല. ഈ കാലഘട്ടത്തിലെ ചരിത്രം വളരെ കരുതലോടെ വേണം പഠിച്ചുമനസ്സിലാക്കാൻ. എന്തെന്നാൽ, മുസ്ലിംകൾ ഇതോടെ അനേകം കക്ഷികളായി വേർതിരിഞ്ഞു കഴിഞ്ഞിരുന്നു. വൈഭാഗിക ചിന്തകളിൽ നിന്ന് സുമുക്തമായ ഒരു കാലാവസ്ഥ പിന്നീടൊരിക്കലുംതന്നെ ഇസ്ലാമിക ചരിത്രത്തിൽ ഉണ്ടായിട്ടുമില്ല. ചരിത്രത്തെ സംബന്ധിച്ചേടത്തോളം എത്രയും ഹാനികരമാണിതെന്ന് പറയേണ്ടതായിട്ടില്ലല്ലോ. കഠിനമായ ശത്രുതയോ അന്ധമായ സ്നേഹമോ സംഭവനിവേദകരിൽ സ്വാധീനം ചെലുത്തിത്തുടങ്ങിയാൽ റിപ്പോർട്ടുകൾ ഒരിക്കലും നിഷ്പക്ഷമോ വസ്തുനിഷ്ഠമോ ആയിരിക്കുകയില്ല. വസ്തുതകൾ വളച്ചൊടിക്കപ്പെട്ടിട്ടില്ലെന്ന് വന്നാലും നിവേദകന്റെ വീക്ഷണംകൊണ്ട് നിറംപിടിപ്പിക്കപ്പെട്ടിരിക്കും. എല്ലാറ്റിനും പുറമെ തിരുനബിയുടെ തിരുവായ്മൊഴികൾ രേഖപ്പെടുത്താൻ പാടുപെട്ട റാവിമാരെപ്പോലെ ഈ നിവേദകന്മാർ അത്രയധികം സൂക്ഷ്മത പാലിച്ചിരിക്കുമെന്ന് വിശ്വസിക്കാനും നിവൃത്തിയില്ലല്ലോ. അതുകൊണ്ട് വളരെയേറെ കരുതലോടെയാവണം നാം ഇവിടെ ചരിത്ര വിശകലനത്തിനൊരുങ്ങുന്നത്.

ഈ ചരിത്രങ്ങളിൽനിന്ന് സത്യത്തെ നിർദ്ധാരണം ചെയ്യുക

തികച്ചും അസാധ്യമാണെന്നല്ല ഞാൻ ഇപ്പറഞ്ഞതിനർത്ഥം. നമ്മുടെ കർത്തവ്യത്തെ ലഘൂകരിക്കുന്ന പല വഴികളും ദൈവം തുറന്നുവച്ചിട്ടുണ്ട്. നിഷ്പക്ഷരായ നിവേദകന്മാരും തീരെ ഇല്ലാതില്ല. സുതുല്യങ്ങളായി കോർത്തിണക്കാവുന്ന ജപമണികളെപ്പോലെയത്രെ ചരിത്രവസ്തുതകൾ. ഒരു പ്രത്യേക സംഭവത്തിന്റെ വിശ്വസനീയത അത് മറ്റുള്ളവയോടൊപ്പം കോർത്തിണക്കാൻ പറ്റുന്നതാണോ എന്ന് നോക്കിയാവണം നിശ്ചയിക്കേണ്ടത്. സരൂപമാണെങ്കിൽ വിശ്വസനീയമാണെന്ന് കരുതാം. അല്ലെങ്കിൽ കറ്റുകെട്ടാണെന്നുവെച്ച് തള്ളുകയാണ് വേണ്ടത്.

ചുരുക്കത്തിൽ, ഈ കാലഘട്ടത്തിലെ ശരിയായ ചരിത്രസംഭവങ്ങൾ മനസ്സിലാക്കുന്നതിന് വർദ്ധിച്ച അവധാനത ആവശ്യമാണ്. കൊള്ളേണ്ടത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും ചെയ്യാൻ തയ്യാറാകണം. സംഭവങ്ങളുടെ അന്യോന്യബന്ധങ്ങളും അനുസ്യൂതത്വവും ലാക്കാക്കാതെ ഒരു കാലഘട്ടത്തിലെയും ചരിത്രം ശരിയായി ഗ്രഹിക്കാനാവുകയില്ല; വിശേഷിച്ചും ഈ പ്രത്യേക കാലഘട്ടത്തിലെ ചരിത്രം, ഈ അഭിപ്രായവ്യത്യാസങ്ങളേയും തർക്കങ്ങളേയും ആധാരമാക്കിയാണ് യൂറോപ്യന്മാരായ എഴുത്തുകാർ മുസ്ലിംചരിത്രത്തെ അലങ്കോലപ്പെടുത്തിക്കാണിച്ചിരിക്കുന്നത്. ആ ചരിത്രവിവരണങ്ങൾ അഭിമാനമുള്ള ഏതൊരു മുസൽമാന്റെയും ഹൃദയം നീറിപ്പുകയാൻ കാരണമാകും. ദുർബ്ബലരായ വിശ്വാസികൾക്ക് ഇസ്ലാമിന്റെനേരെ വെറുപ്പും നീരസവും ഉളവാക്കാൻ മാത്രമാണ് അത് സഹായകമായിരിക്കുന്നത്. എന്നാൽ, ചില മുസ്ലിംചരിത്രകാരന്മാർതന്നെയും ആലോചനക്കുറവ് കാരണം ഇവിടംവച്ചു അബദ്ധത്തിൽപെടുകയും തെറ്റുധാരണകൾക്ക് വഴിവെക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ആ തെറ്റുകളെക്കുറിച്ചെല്ലാം വിശദമായി ചർച്ചചെയ്യുവാൻ എനിക്കാവില്ല. എങ്കിലും, ചുരുക്കത്തിൽ ശരിയായ സംഗതികൾ വിവരിക്കാൻ ഞാൻ ശ്രമിക്കാം. ഹദ്റത്ത് ഉസ്മാനും മറ്റു സഹാബിമാരും എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും ദോഷബാധകളിൽനിന്നും തികച്ചും അതീതരായിരുന്നുവെന്ന് മാത്രമല്ല, അവർ അത്യുൽകൃഷ്ടമായ സ്വഭാവപ്രകടനങ്ങളാലും സദ്യത്തികളാലും തങ്ങളുടെ അതുല്യമായ വ്യക്തിമഹാത്മ്യം പ്രത്യക്ഷപ്പെടുത്തീട്ടുള്ളവരായിരുന്നുവെന്നും ആ വിവ

രണങ്ങളിൽനിന്ന് വ്യക്തമാകുന്നതാണ്.

## വിപ്ലവസേന തിരിച്ചുവരുന്നു!

വിപ്ലവക്കാർ പുറമെ സംതൃപ്തി നടിച്ചുകൊണ്ട് താന്താങ്ങളുടെ നാടുകളിലേക്ക് തിരിച്ചുപോയതായി ഞാൻ പറഞ്ഞുവല്ലോ; കൂഫക്കാർ കൂഫയിലേക്കും ബസ്റക്കാർ ബസ്റയിലേക്കും ഈജിപ്തുകാർ ഈജിപ്തിലേക്കും! മദീനക്കാരാകട്ടെ തികഞ്ഞ ആശ്വാസത്തോടെ സാധാരണഗതിയിലുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാവുകയും ചെയ്തു.

എന്നാൽ, ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ, മദീനാവാസികൾ സമാധാനപരമായി ദിനരാത്രങ്ങൾ കഴിച്ചുകൊണ്ടിരിക്കെ, ഓർക്കാപ്പുറത്ത് ഒരു ദിവസം ഈ വിപ്ലവസംഘം തിരിച്ചുവന്നു മദീനയിൽ പ്രവേശിക്കുകയുണ്ടായി. മുസ്‌ലിംകളെല്ലാം താന്താങ്ങളുടെ തൊഴിലുകളിൽ ഏർപ്പെടുകയോ വീടുകളിൽ വിശ്രമംകൊള്ളുകയോ പള്ളികളിൽ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുകയോ ചെയ്കയായിരുന്നു. ആയവസരത്തിൽ പുറമെനിന്നുള്ള ഒരാക്രമണത്തെക്കുറിച്ച് അവർക്കോർക്കാൻ കഴിയുമായിരുന്നില്ല. വിപ്ലവസേന പ്രധാന പള്ളിയും ഖലീഫാതിരുമനസ്സിലെ ഭവനവും ബന്ധിച്ചു വളഞ്ഞിടുകയും ജീവനിൽ കൊതിയുള്ളവരാരും പുറത്തിറങ്ങിപ്പോകരുതെന്ന് മദീനയിലെ തെരുവുകളിൽ വിളിച്ചറിയിക്കുകയും ചെയ്തു. മദീനാവാസികൾക്ക് എന്തെങ്കിലും ആലോചിക്കാനൊരവസരം ലഭിക്കാത്തവിധം അത്രയും നാടകീയവും അപ്രതീക്ഷിതമായുമാണ് അവർ നഗരത്തിൽ പ്രവേശിച്ചത്. ഹദ്റത്ത് ഇമാം ഹസൻ(റ) ഇപ്രകാരം പറയുന്നു: "ഞാൻ പള്ളിയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് 'അല്ലാഹു അക്ബർ' എന്ന ശബ്ദം ഘോരഘോരം മുഴങ്ങുന്നത് കേട്ടു. ഞങ്ങളിൽ പലരും അമ്പരന്നിരിക്കുകയായിരുന്നു. എന്താണ് സംഭവിച്ചതെന്നറിയാൻവേണ്ടി ഞാൻ മുട്ടുനിവർത്തി എഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കും പ്രക്ഷോഭക്കാർ പള്ളികളിൽ കടക്കുകയും അത് പിടിച്ചടക്കുകയും ചെയ്തുകഴിഞ്ഞിരുന്നു. അടുത്തുള്ള തെരുവുകളും അവർ ക്ഷണത്തിൽ നിയന്ത്രണത്തിലാക്കി.

ഈ അപ്രതീക്ഷിതമായ ആക്രമണം തിരുസഹാബാക്കളുടെയും മദീനാവാസികളുടെയും സേനാശക്തിയെ ഛിന്നഭിന്നമാക്കു

കയും അവരുടെ പ്രതിരോധത്തെ തടഞ്ഞുനിറുത്തുകയും ചെയ്തു. മദീനാവാസികൾക്ക് രണ്ടേരണ്ട് വഴികളേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ, പുറമെനിന്ന് എന്തെങ്കിലും സഹായം ഉടൻ ലഭിക്കുമാറാകണം. അല്ലെങ്കിൽ, എല്ലാവരും ഒരുമിച്ചുചേർന്ന് പ്രക്ഷോഭകാരികളെ എതിർക്കാൻ എന്തെങ്കിലും ഏർപ്പാട് ചെയ്യണം.

ആദ്യത്തെ കാര്യത്തിലാണെങ്കിൽ, തങ്ങളുടെ പ്രവർത്തനങ്ങളെ ഇത്രകാലവും പൊറുപ്പിച്ചുപോന്ന ദാക്ഷിണ്യമൂർത്തിയായ ഹദ്റത്ത് ഉസ്മാൻ(റ) ഒരു രക്തച്ചൊരിച്ചിലിന്നിട വരുത്തുമാറ് പുറമെനിന്നുള്ള സൈന്യസഹായം ആവശ്യപ്പെടുകയില്ലെന്ന് വിപ്ലവക്കാർക്ക് ഉറച്ചുവിശ്വാസമുണ്ടായിരുന്നു. അവർ നഗരത്തിന്റെ എല്ലാ കവാടങ്ങളിലും കാവൽക്കാരെ നിറുത്തുകയും ചെയ്തു. രണ്ടാമത്തെ സാധ്യതയെ തടയുന്നതിനായി, മദീനയിലൊരിടത്തും ആളുകൾ സംഘം ചേർന്ന് നിൽക്കരുതെന്ന് വിപ്ലവനേതാക്കൾ കല്പന പാസ്സാക്കിക്കഴിഞ്ഞിരുന്നു. ആളുകൾ കൂട്ടംകൂടിയേടങ്ങളിൽ വിപ്ലവസേനാംഗങ്ങൾ പ്രത്യക്ഷപ്പെട്ടു അവരെ പിരിച്ചുവിടുകതന്നെ ചെയ്തു. അന്യോന്യം സംസാരിക്കുന്നതും ഒറ്റയ്ക്കൊറ്റക്ക് ബന്ധപ്പെടുന്നതും മാത്രം തടഞ്ഞിരുന്നില്ല.

മദീനാവാസികളുടെ അമ്പരപ്പ് അല്പം കുറഞ്ഞപ്പോൾ അവരിൽ ചിലർ, വിപ്ലവകാരികൾ തങ്ങളുടെ കേന്ദ്രസ്ഥാനമാക്കിയിരുന്ന പള്ളിയിൽചെന്ന് അവരുമായി സംസാരിക്കാൻ ധൈര്യപ്പെട്ടു. പ്രക്ഷോഭക്കാരുടെ നടപടികളിൽ തങ്ങളുടെ പ്രതിഷേധവും അമർഷവും പ്രകടിപ്പിക്കുകയും അവരുടെ ആവശ്യങ്ങളന്വേഷിച്ചറിയുകയുമായിരുന്നു അവരുടെ ഉദ്ദേശ്യം. എന്നാൽ, യാതൊരുപദേശവും കേൾക്കാൻ തയ്യാറില്ലായിരുന്ന പ്രക്ഷോഭകാരികൾ അവരെ താക്കീത് ചെയ്യുകയും, തങ്ങളുടെ ചെയ്തികളിൽ എതിർപ്പ് പ്രകടിപ്പിക്കുന്നപക്ഷം മദീന തവിടുപൊടിയാക്കുന്നതാണെന്ന് ഭീഷണിപ്പെടുത്തുകയുമാണുണ്ടായത്. (തബ്‌രി, ലണ്ടൻ പതിപ്പ്, ഭാഗം– 2962)

## മദീനയിൽ ഭീകര ഭരണം!

മദീന ഇപ്പോൾ ഖിലാഫത്തിന്റെ തലസ്ഥാനമല്ലാതായിക്കഴിഞ്ഞിരിക്കുന്നു! ഖലീഫയുടെ ഭരണം ദുർബ്ബലപ്പെടുത്തപ്പെട്ടു. നഗരം വിപ്ലവക്കാരുടെ പരിപൂർണ്ണ നിയന്ത്രണത്തിലായിരുന്നു. അവർ തങ്ങൾക്ക് തോന്നിയതെല്ലാം കാട്ടിക്കൂട്ടി. തിരുസഹാബാക്കളും നഗ

രത്തിലെ മറ്റു പ്രധാനികളും താന്താങ്ങളുടെ മാനവും കുടുംബാം ഗങ്ങളുടെ ജീവനും രക്ഷിക്കുന്ന ശ്രമങ്ങളിൽപെട്ട് വിഷമിക്കുകയാ യിരുന്നു. പ്രക്ഷോഭത്തിന്റെ ഭീകരരൂപംകണ്ട് പലരും വീടുക ളിൽനിന്ന് പുറത്തിറങ്ങാൻ കൂട്ടാക്കിയില്ല. രാവുപകലായി ഭവന ങ്ങളിൽ തന്നെയാണവർ കഴിച്ചുകൂട്ടിയത്. എല്ലാവരും പരിഭ്രമിച്ചു വശായി. കഴിഞ്ഞതവണ ഇക്കൂട്ടർ സംതൃപ്തിയോടെ തിരിച്ചുപോ യിരുന്നതാണ്. അവർക്കാകട്ടെ, യാതൊരാവലാതിയും ബാക്കിയു ണ്ടായിരുന്നുമില്ല. ഇവർ പിന്നെ തിരിച്ചുവരാനെന്തായിരുന്നു കാരണം? സാധാരണക്കാർക്ക് ഒരെത്തുംപിടിയും കിട്ടിയതുമില്ല. വിപ്ലവകാരികളെ സമീപിക്കാനവർ പേടിച്ചിരുന്നു. തിരുസഹാബാ ക്കളിൽ ചിലർ- അവരിൽ ചിലരോട് ഇക്കൂട്ടർക്ക് വലിയ കൂറും ഭക്തിയുമുള്ളതായിട്ടാണല്ലോ പറഞ്ഞുകേട്ടിരുന്നത്!- ഇവരെ സമീ പിച്ച് കാര്യങ്ങളന്വേഷിക്കാൻ തീർച്ചപ്പെടുത്തി. ഹദ്റത്ത് അലി, ഹദ്റത്ത് സുബൈർ, ഹദ്റത്ത് ത്വൽഹാ(റ) ഇവർ മൂവരും അങ്ങനെ പ്രക്ഷോഭക്കാരെ സമീപിച്ച് സംഭാഷണമാരംഭിച്ചു. ആ വിപ്ലവകാ രികൾ ഏകസ്വരത്തിൽ അവർ മൂവരോടും പറഞ്ഞു:

## ഒരു കൃത്രിമക്കത്ത്

"ഞങ്ങളെല്ലാവരും തികഞ്ഞ സംതൃപ്തിയോടെ സ്വഭവനങ്ങ ളിലേക്ക് മടങ്ങുകയായിരുന്നു. അപ്പോൾ സർക്കാർ വകയായുള്ള ഒരു ഒട്ടകപ്പുറത്ത് യാത്രപോകുകയായിരുന്ന ഒരാളെ ഞങ്ങൾ വഴി ക്കുവെച്ച് കണ്ടു. അയാളുടെ ചലനങ്ങൾ ഞങ്ങളിൽ സംശയങ്ങളു ണ്ടാക്കി. അതുകൊണ്ട് ഞങ്ങളിൽ ചിലർ അയാളെ പിടികൂടി പരി ശോധന നടത്തിയപ്പോൾ അയാളിൽനിന്ന് ഈജിപ്ത് ഗവർണ്ണർക്കുള്ള ഖലീഫാ ഉസ്മാന്റെ ഒരു കത്ത് ഞങ്ങൾക്ക് കിട്ടി. 'വിപ്ലവകാരികൾ നാട്ടിൽ തിരിച്ചെത്തിയ ഉടൻതന്നെ അവരിൽ പ്രധാ നികളുടെ തലയെടുക്കുകയും മറ്റുചിലരെ ചാട്ടയടിക്കുകയും വേറെ ചിലരെ തലയും താടിയും മുണ്ഡനം ചെയ്ത് മാനം കെടുത്തു കയും വേണ്ടതാണെന്ന് ഉസ്മാൻ ആ കത്തിൽ നിർദ്ദേശിച്ചിരുന്നു.' ഗവർണ്ണർ സ്ഥാനത്തുനിന്നു നീക്കിക്കൊണ്ടുള്ള തന്റെ ഉത്തരവ് ദുർബ്ബലപ്പെടുത്തിയിരിക്കുന്നതായി കരുതണമെന്ന ഒരു കല്പനയും അതിലടങ്ങിയിരുന്നു. ഈ പുതിയ സംഭവവികാസം കാരണമായും ഖലീഫയുടെ കത്തു നേരിട്ട് കണ്ടതിനാലും തികച്ചും അസ്വസ്ഥ രായിട്ടാണ് ഞങ്ങൾ തിരിച്ചുവന്നിട്ടുള്ളത്."

വിപ്ലവകാരികളുടെ പ്രസ്താവനകളത്രയും കേട്ടശേഷം ഹദ്റത്ത് അലി(റ) ഇപ്രകാരം ചോദിച്ചു:

ഈ കഥ മുഴുവനുംതന്നെ മദീനയിൽവെച്ച് കെട്ടിയുണ്ടാക്കിയതാണ്. വിവിധ ഭാഗങ്ങളിലേക്ക് നീങ്ങിത്തുടങ്ങിയ ഖാഫിലകൾ വളരെ ദൂരത്തോളം എത്തിക്കഴിഞ്ഞിട്ടുണ്ടായിരിക്കെ ഈജിപ്തുകാർ പിടിച്ച ഈ കത്തിനെപ്പറ്റി ബസ്റക്കാരും കൂഫക്കാരും ഇത്ര ക്ഷണത്തിൽ അറിഞ്ഞതും ഇത്ര ധ്ധടിതിയിൽ എല്ലാവരും വീണ്ടും ഒരുമിച്ച് ചേർന്നതും എങ്ങനെ?

ഉത്തരക്ഷണം മറുപടി പറയാവുന്ന ഒരു ചോദ്യമായിരുന്നില്ല പ്രക്ഷോഭക്കാരുടെ മുമ്പിൽ ഹദ്റത്ത് അലി(റ) ഉന്നയിച്ചിരുന്നത്. ഉത്തരം മുട്ടിയ അവർ മറുപടി നൽകിയതിങ്ങനെയായിരുന്നു:

"അതെന്തുമായ്ക്കൊള്ളട്ടെ! ഇഷ്ടംപോലെ ചിന്തിച്ചുകൊള്ളുക. ഞങ്ങളെപ്പറ്റി എന്തു കരുതിയാലും കൊള്ളാം! ഉസ്മാന്റെ ഖിലാഫത്ത് ഞങ്ങൾക്ക് വേണ്ട. അദ്ദേഹം രാജിവെച്ചൊഴിയണം!"

സഹാബിവര്യന്മാരിൽ പ്രധാനിയും അൻസാർ നേതാവുമായിരുന്ന ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമ(റ)- റസൂൽകരീം(സ) തിരുമേനിയുടെ ഒരു കഠിനശത്രുവും കൊടുംദ്രോഹിയും യഹൂദികൾക്കിടയിൽ രാജകീയസ്ഥാനം നേടിയ ആളുമായിരുന്ന കഅ്ബ് ബിൻ അശ്റഫിനെ വധിച്ചതു ഇദ്ദേഹമായിരുന്നു- ഇതെല്ലാം കേട്ടപ്പോൾ തന്നെ ഹദ്റത്ത് അലിയുടെ ചിന്താഗതിയോടു യോജിക്കുകയും വിപ്ലവക്കാരുടേത് തികച്ചും വഞ്ചനാപരമായ നീക്കങ്ങളാണെന്ന് തുറന്നുപറയുകയും ചെയ്തു.

## ഖലീഫ നിഷേധിക്കുന്നു

സഹാബിമാർ പ്രക്ഷോഭക്കാരുടെ പ്രസ്താവനകളെ പ്രത്യക്ഷ ശ്രവണത്തിൽത്തന്നെ യുക്തിപരമായി ഖണ്ഡിച്ചുവെങ്കിലും, എത്രയും എളിമയിലായിക്കഴിഞ്ഞിട്ടും അക്കൂട്ടരുടെ ധാർഷ്ട്യം അതിരുകടന്നിരുന്നതിനാൽ, അവരുന്നയിച്ച ആരോപണങ്ങളെല്ലാം ഖലീഫാ തിരുമനസ്സിന്റെ മുമ്പിൽ സമർപ്പിക്കുവാൻതന്നെ തീർച്ചയാക്കി. ഖലീഫയുടെ തിരുമുഖത്തുനിന്നുതന്നെ മറുപടി കേൾക്കാൻ അവർ ആഗ്രഹിക്കുകയും പ്രസിദ്ധമായ സഹാബിവര്യന്മാർ സമ്മേളിച്ച സദസ്സിൽവച്ച് വിപ്ലവകാരികളുടെ ആരോപണ

ങ്ങൾ ഖലീഫയെ അറിയിക്കുകയും ചെയ്തു.

**ഖലീഫത്തുൽ മുസ്‌ലിമീൻ** ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ (റ) ഇപ്രകാരം മറുപടി നൽകി:

"ഒരു കാര്യത്തിൽ തീർപ്പുണ്ടാക്കുന്നതിന് ഇസ്‌ലാം ശരീഅത്തിൽ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ, അന്യായക്കാരൻ തന്റെ ആരോപണം തെളിയിക്കാൻ രണ്ട് സാക്ഷികളെ ഹാജരാക്കണം. അല്ലെങ്കിൽ പ്രതിക്ക് സത്യം ചെയ്ത് തന്റെ നിരപരാധിത്വം തെളിയിക്കാൻ അവസരം നൽകണം. അതുകൊണ്ട് നിങ്ങളുടെ ആരോപണം തെളിയിക്കാനായി രണ്ട് സാക്ഷികളെ കൊണ്ടുവരുവിൻ. അല്ലെങ്കിൽ, ഞാനിതാ ആ ഏകഇലാഹിനെ പിടിച്ച് സത്യം ചെയ്തുകൊണ്ട് പറയുന്നു. ഈ കത്ത് ഞാനെഴുതിയതല്ല; എന്റെ ഉപദേശപ്രകാരം എഴുതിയതുമല്ല, എഴുതിച്ചതുമല്ല. ആരാണിതെഴുതിയതെന്നും എനിക്കറിഞ്ഞുകൂടാ!"

അദ്ദേഹം തുടർന്നു: "ചിലപ്പോൾ കത്തുകൾ കൃത്രിമമായും നിർമ്മിക്കപ്പെടാറുണ്ടെന്നും സമാനരൂപങ്ങളായ മോതിരങ്ങളും ഉണ്ടാക്കാൻ കഴിയുമെന്നും ഒട്ടകത്തേയും കട്ടുകൊണ്ടുപോകാമെന്നും നിങ്ങൾക്കറിയാമല്ലോ!"

ഖലീഫാതിരുമനസ്സിലെ ഈ വിശദീകരണം കേട്ടപ്പോൾ സഹാബാക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ നിരപരാധിത്വത്തിൽ പരിപൂർണ്ണമായ വിശ്വാസം വന്നു. എന്നാൽ, ഹദ്റത്ത് ഉസ്മാന്റെ എതിരാളികളെ ബോധ്യപ്പെടുത്താൻ അതുപകരിച്ചില്ല. കത്ത് അവർതന്നെ കൃത്രിമമായി നിർമ്മിച്ചതായിരിക്കെ അവർക്കെങ്ങനെ വിശ്വാസം വരാനാണ്? ഉറങ്ങുന്നവനെ ഉണർത്താം. ഉറങ്ങുന്നതായി നടിക്കുന്നവനെ ആർക്കുണർത്താം? തങ്ങളുടെതന്നെ വഞ്ചനയാണിതെന്ന് പൂർണ്ണബോധ്യമുള്ള വിപ്ലവനേതാക്കൾക്ക് ഖലീഫാതിരുമനസ്സിലെ മറുപടിയുടെ ന്യായാന്യായത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ടായിരുന്നില്ല. അവരുടെ അനുയായികൾ അവരുടെ അടിമകളായിത്തീർന്നിരുന്നതിനാൽ അവർ പറയുന്നതെല്ലാം വിശ്വസിക്കാൻ തയ്യാറായിരുന്നുതാനും.

ഹദ്റത്ത് ഉസ്മാന്റെ മറുപടി ശിലാഹൃദയരായ വിപ്ലവകാരികളിൽ ഒരു സ്വാധീനവും ചെലുത്തിയില്ലെങ്കിലും അതിൽ ചിന്തിക്കുന്നവർക്ക് നല്ല പാഠമുണ്ടായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ മറുപടി

അദ്ദേഹത്തിന്റെ ലജ്ജാശീലവും വിനയഭാവവും പ്രതിഫലിപ്പിക്കുന്നതായിരുന്നു. പ്രക്ഷോഭക്കാരുടെ ലജ്ജയില്ലായ്മയും പാതകത്വവും അത് നല്ലവണ്ണം വെളിപ്പെടുത്തുകയും ചെയ്തു.

## കള്ളക്കത്ത് ആരെഴുതി?

പ്രക്ഷോഭക്കാർ ഒരു കൃത്രിമക്കത്തുണ്ടാക്കി ഹദ്റത്ത് ഉസ്മാനിൽ വഞ്ചനയും ചതിയും ആരോപിച്ചപ്പോൾ ഹദ്റത്ത് അലിയും ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമയും സംഭവങ്ങളുടെ യഥാർത്ഥ നിലയറിഞ്ഞുതന്നെ പ്രക്ഷോഭക്കാരുടെമേൽ എത്രയും വ്യക്തമായി ചതിയും വഞ്ചനയും ആരോപിക്കാൻ മടിച്ചില്ല. എന്നാൽ, ആർക്കെതിരായിട്ടാണോ ഈ ഗൂഢാലോചനകളെല്ലാം നടത്തപ്പെട്ടിരുന്നത്, ആ മഹാനായ ഖലീഫ ഈ ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായെങ്കിലും പ്രക്ഷോഭകാരികൾതന്നെ കത്ത് കൃത്രിമമായി നിർമ്മിച്ചതാണെന്ന് തുറന്നുപറയാതെ, 'കൃത്രിമക്കത്തുകളുണ്ടാക്കാമെന്നും സമാനരൂപങ്ങളായ മോതിരങ്ങളും നിർമ്മിക്കാമെന്നും ഒട്ടകത്തേയും കട്ടുകൊണ്ടുപോകാമെന്നും നിങ്ങൾക്കറിയാമല്ലോ' എന്നുമാത്രം പ്രസ്താവിച്ചുകൊണ്ട് അപ്പോഴും അവരുടെ തെറ്റുകളെ മറച്ചുകളയാനാണ് ശ്രമിച്ചിരുന്നത്!

ഈ ആരോപണങ്ങളിൽനിന്ന് ഹദ്റത്ത് ഉസ്മാനെ ഒഴിച്ചുനിറുത്തുന്നതോടൊപ്പം അക്കൂട്ടരുടെമേലും കുറ്റമാരോപിക്കാൻ ഉറക്കാത്ത ചിലർ പ്രസ്തുത ലിഖിതം മർവാൻ സ്വന്തത്തിൽ എഴുതി അയച്ചതായിരിക്കണമെന്നാണ് കരുതുന്നത്. എന്നാൽ, എന്റെ അഭിപ്രായം അത് അവർതന്നെ നിർമ്മിച്ചതാണെന്നത്രെ. സംഭവങ്ങളിൽനിന്ന് അതാണ് തെളിയുന്നത്. അവരാണ് ആ കത്ത് കൃത്രിമമായി നിർമ്മിച്ചതെങ്കിൽ ഹദ്റത്ത് ഉസ്മാന്റെ അടിമയേയും സർക്കാർവക ഒട്ടകത്തേയും അവർക്കെങ്ങനെ കിട്ടിയെന്നും ഖലീഫ തിരുമനസ്സിലെ എഴുത്തുകാരന്റെ കൈപ്പടയിൽ അവർക്കെങ്ങനെ എഴുതാൻ കഴിഞ്ഞുവെന്നും ഹദ്റത്ത് ഉസ്മാന്റെ മോതിരം ഉപയോഗിച്ചുള്ള സീൽ കത്തിൽ എങ്ങനെ മുദ്രിതമായെന്നും മറ്റുമുള്ള ചോദ്യങ്ങളും വിചാരങ്ങളും വ്യർത്ഥമാണ്. എന്തെന്നാൽ, കത്ത് അവർതന്നെ കൃത്രിമമായുണ്ടാക്കിയതാണെന്നതിലേക്ക് വേണ്ടത്ര തെളിവുകൾ നമ്മുടെ പക്കലുണ്ട്. എന്നാൽ, ഇത്

ഏതാനും മേലെക്കിടയിലുള്ള വിപ്ലവനേതാക്കളുടെ തിരിപ്പാണെന്നാണ് സംഭവങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഒരുപക്ഷേ, ഇത് അബ്ദുല്ലാഹ് ബിൻ സബായും അയാളുടെ ചില കൂട്ടാളികളും മാത്രം അറിയുന്ന ഒരു പ്രവൃത്തിയായിരിക്കണം. വിപ്ലവസേനയിലെ തലയാളികൾതന്നെയും ഇതറിഞ്ഞിരിക്കണമെന്നില്ല. കൃത്രിമക്കത്ത് ഇവരുടെ പണിയാണെന്നതിലേക്ക് ചില തെളിവുകൾ ഞാൻ പറഞ്ഞുകൊള്ളട്ടെ.

## ലക്ഷ്യവും മാർഗ്ഗവും

**(1)** ലക്ഷ്യം, മാർഗ്ഗത്തെ ന്യായീകരിക്കുന്നു എന്ന അടിസ്ഥാനത്തിൽ വിപ്ലവകാരികൾ തങ്ങളുടെ കാര്യസാധ്യത്തിനായി എന്തുകളവും കറ്റുകെട്ടും പ്രവർത്തിക്കാൻ സന്നദ്ധരാണെന്ന് മുമ്പേതന്നെ തെളിഞ്ഞുകഴിഞ്ഞതാണ്. ഗവർണ്ണർമാരായ വലീദ് ബിൻ ഉഖ്ബത്തിനും സയീദ് ബിൻ ആസ്വിനും എതിരിൽ അവർ ഭയങ്കരമായ കള്ളത്തരങ്ങളാണ് പ്രവർത്തിച്ചിരുന്നത്. ഇപ്രകാരംതന്നെ മറ്റു ഗവർണ്ണർമാരെപറ്റിയും അവർ കള്ളപ്രചാരവേലകൾ ചെയ്യുകയും ദുരാരോപണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. അതുസംബന്ധിച്ച് വന്ദ്യന്മാരായ സഹാബിനേതാക്കൾ അന്വേഷണം നടത്തുകയും ആരോപണങ്ങളെല്ലാം കള്ളമാണെന്ന് തെളിയുകയുമുണ്ടായി. ഇങ്ങനെ, അവർ എന്തു കള്ളവും പറയാനും ചെയ്യാനും മടിക്കാത്തവരാണെന്ന് സ്ഥാപിക്കപ്പെട്ടിരിക്കെ അവരെ കുറ്റമോചിതരാക്കുകയും അപ്രകാരം തെളിഞ്ഞിട്ടില്ലാത്തവരിൽ കുറ്റമാരോപിക്കുകയും ചെയ്യുന്നതിലർത്ഥമില്ല.

## പ്ലാനിട്ട നീക്കങ്ങൾ

**(2)** ഹദ്റത്ത് അലിയും ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയും ചോദ്യം ചെയ്തതിൻപ്രകാരം വിപ്ലവകാരികളുടെ ശീഘ്രപ്രത്യാഗമനവും സംയുക്തപ്രവേശനവും തെളിയിക്കുന്നത് ആ ചലനങ്ങളെല്ലാം ഒരു ഗൂഢാലോചനയുടെ ഫലമാണെന്നാണ്. ഈജിപ്ത് ഗവർണ്ണർക്കുള്ള ഖലീഫയുടെ കത്തുമായി യാത്രചെയ്ത രാജകീയദൂതനെ ബുവയ്ബ് എന്ന സ്ഥലത്തുവെച്ച് തങ്ങൾ പിടികൂടിയെന്നു ഈജിപ്തുകാരായ ഖാഫിലക്കാർ പറഞ്ഞതായിട്ടാണ് ചരിത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. ബുവയ്ബ് മദീനയിൽനിന്ന് ആറു താവളങ്ങൾ കഴിഞ്ഞു ഈജിപ്തിലേക്കുള്ള പാത ആരംഭി

ക്കുന്നേടത്തെ ഒരു സ്ഥലമാണ്. ഈജിപ്തുകാർ അവിടെ എത്തി യപ്പോഴേക്ക് ബസ്റയിലേക്കും കൂഫയിലേക്കുമുള്ള ഖാഫിലകളും അപ്രകാരംതന്നെ ആറാറു താവളങ്ങൾ തരണം ചെയ്തിട്ടുണ്ടായി രിക്കണം. ഇങ്ങനെയിരിക്കെ, ഈജിപ്തുകാർക്കിടയിൽ നടന്ന ഈ സംഭവത്തെപ്പറ്റി മറ്റ് രണ്ട് ഖാഫിലകൾക്കും കുറഞ്ഞപക്ഷം പന്ത്രണ്ടോ പതിമൂന്നോ ദിവസങ്ങൾക്കകം മാത്രമെ വിവരം കിട്ടാൻ നിവൃത്തിയുണ്ടായിരുന്നുള്ളൂ. അവർക്ക് പോകാനും വരാനുമുള്ള സമയം മുഴുവനും കണക്കുകൂട്ടിയാൽ ഏതാണ്ട് ഇരുപത്തിനാല് ദിവസത്തിനുള്ളിൽ മാത്രമെ മദീനയിലേക്ക് തിരിച്ചെത്താൻ കഴി യുമായിരുന്നുള്ളൂ. എന്നാൽ, എത്രയും ചുരുങ്ങിയ ദിവസ ങ്ങൾക്കകംതന്നെ വിപ്ലവസേന മദീനയിൽ മടങ്ങിയെത്തിയ തിൽനിന്നു തെളിയുന്നത് അവർ പുറപ്പെടുന്നതിനു മുമ്പേതന്നെ ചില പ്ലാനുകൾ വരച്ചിട്ടുണ്ടായിരുന്നുവെന്നത്രെ. ഇന്ന തിയ്യതിക്ക് മദീനയിൽ തിരിച്ചെത്തണമെന്നും ഇന്ന ക്രമത്തിൽ തലസ്ഥാനന ഗരി പിടിച്ചടക്കണമെന്നുമെല്ലാം അവർ മുൻകൂട്ടി നിശ്ചയിച്ചിരുന്നു. ഈജിപ്ത് വിഭാഗത്തോടൊപ്പം വിപ്ലവത്തിന്റെ ബുദ്ധികേന്ദ്രമായ ഇബ്നുസബാ തന്നെ ഉണ്ടായിരുന്നു. ഒരു കാരണവും കൂടാതെ മദീനയിലേക്ക് തിരിച്ചുവന്നതെന്തെന്ന് ജനങ്ങൾ ചോദിച്ചേക്കു മെന്നും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരിക്കെ വാഗ്ദത്തലംഘനം ചെയ്ത് വീണ്ടും മടങ്ങുന്നതിൽ സ്വന്തം അണികളിൽതന്നെ പ്രതി ഷേധമുണ്ടായേക്കുമെന്നും സൂത്രശാലിയായ ഇബ്നുസബാ ചിന്തി ച്ചിരിക്കണം. അക്കാരണത്താൽ, അയാൾതന്നെ ഒരു കൃത്രിമരേഖ യുണ്ടാക്കുകയും തന്റെ കൂട്ടാളികളുടെ മസ്തിഷ്കം കഴുകിത്തു ടച്ചു അവരുടെ മനസ്സിൽ പുത്തൻ ക്ഷോഭവികാരങ്ങൾ കത്തിച്ചു വിടുകയും ചെയ്തു. സർക്കാർവക ഒട്ടകത്തെ കട്ടെടുക്കുകയും ഒരു സർക്കാറുദ്യോഗസ്ഥനെ കൈക്കൂലി കൊടുത്ത് വശത്താക്കുകയും മറ്റും അത്രയേറെ പ്രയാസമുള്ള കാര്യങ്ങളല്ലല്ലോ!

## രാജദൂതന്റെ കള്ളക്കളി

(3) കത്ത് പിടിച്ച സംഭവത്തെ കുറിച്ചുള്ള വിവരണങ്ങൾ തികച്ചും സ്വാഭാവികമാണെന്ന് കാണാം. ഹദ്റത്ത് ഉസ്മാനോ, മർവാനോ അങ്ങനെയൊരു കത്ത് യഥാർത്ഥത്തിൽ എഴുതി അയ ച്ചതായിരുന്നുവെങ്കിൽ, പ്രസ്തുത ദൂതൻ യാത്രാവേളയിൽ ഇട യ്ക്കിടെ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്തുകൊണ്ട് ഒരൊ

ളിച്ചുകളി നടത്തേണ്ടതുണ്ടായിരുന്നില്ലല്ലോ! പിടികൊടുക്കാൻ തയ്യാറുള്ള ഒരാളല്ലാതെ അങ്ങനെ ചെയ്യുകയില്ല. ഖാഫില ഈജ്പിതിലെത്തുന്നതിനു മുമ്പേ ഗവർണ്ണർക്ക് കല്പനയെത്തിക്കണമെന്നായിരുന്നുവത്രെ ദൂതനു നൽകപ്പെട്ട ശാസന. എന്നിരിക്കെ, ഈജ്പിതിന്റെ പ്രവേശനസ്ഥാനമായ ബുവയ്ബിൽവച്ച് അയാളെ കണ്ടുമുട്ടുകയും ഒന്നിച്ചു യാത്ര ചെയ്യാനിടയാവുകയും ചെയ്തുവെന്ന് എങ്ങനെ കരുതാനാവും? ഒരു യാത്രികസംഘത്തിന്റെ സഞ്ചാരവും ഒരു രാജദൂതന്റെ ഒറ്റയ്ക്കുള്ള ശീഘ്രയാത്രയും തമ്മിൽ എത്ര വ്യത്യാസമുണ്ട്? ഖാഫിലയ്ക്ക് അവിടവിടെ തങ്ങേണ്ടിവന്നേക്കും. ഖാഫിലയിൽ എല്ലാവരും ഒരേവേഗത്തിൽ നടന്നെന്നും വരില്ല. ബുവയ്ബിൽ ഖാഫില എത്തുന്നതിന്നെത്രയോ മുമ്പേതന്നെ ദൂതൻ തന്റെ ലക്ഷ്യസ്ഥാനത്തെത്തിക്കഴിഞ്ഞിരിക്കണം. എന്നാൽ, ഒരു ചാരന്റെ മട്ടിലാണ് സർക്കാരുദ്യോഗസ്ഥൻ ചലിച്ചുകൊണ്ടിരുന്നതെന്നാണ് വിവരണത്തിൽനിന്ന് വ്യക്തമാകുന്നത്. അയാളുമായി നടന്ന ചോദ്യോത്തരങ്ങൾക്കും സ്വാഭാവികത ഇല്ല. താൻ സർക്കാർ ദൂതനാണെങ്കിലും തന്റെ പക്കൽ കത്തുകളൊന്നുമില്ലെന്നും വാചാ സന്ദേശവും തനിയ്ക്ക് നൽകപ്പെട്ടിട്ടില്ലെന്നും അയാളാദ്യം പറഞ്ഞുവത്രെ. ഒരു ഭ്രാന്തനോ, സ്വയം സംശയത്തിലകപ്പെടുത്താനിച്ഛിക്കുന്നവനോ അല്ലാതെ ഇങ്ങനെ പറയുമാറില്ല. അയാൾ ഒരു ദൂതനാണെങ്കിൽതന്നെ, താൻ ഖലീഫാ തിരുമനസ്സിലെ പ്രേഷിത ഉദ്യോഗസ്ഥനാണെന്ന് അയാൾ പറയേണ്ടതുണ്ടായിരുന്നുമില്ല. സത്യവ്രതനായതുകൊണ്ടാണെങ്കിൽ കത്തൊന്നും കയ്യിലില്ലെന്ന കളവ് പറഞ്ഞതെന്തേ? വിപ്ലവക്കാരുടെ ഖൗല് പ്രകാരംതന്നെ അയാൾ ഏതായാലും കളവ് പറഞ്ഞിട്ടുണ്ട്. എന്നാൽ, തന്നെ പിടികൂടാനിടയാകുന്ന തരത്തിൽ അയാൾ എന്തിനാണ് ആ കളവ് പറഞ്ഞത് എന്നാണ് പ്രശ്നം. പിടിത്തത്തിൽനിന്ന് സ്വയം രക്ഷപ്പെടാനിടയാക്കുന്ന ഒരു കളവ് പറയാൻ അയാൾ ഒരുങ്ങിയുമില്ലതാനും! ചുരുക്കത്തിൽ, ഈ സംഭവങ്ങളെല്ലാം മനസ്സിലാക്കിത്തരുന്നത് കത്തും കത്തുകൊണ്ടുപോകുമ്പോൾ സംഭവിച്ചതുമെല്ലാം തുടക്കം മുതൽ അവസാനംവരെ വഞ്ചനയും ചതിപ്രയോഗങ്ങളുമാണെന്നത്രെ. വിപ്ലവകാരികളിൽതന്നെ ഒരാൾ– മിക്കവാറും അത് ഇബ്നസബാ തന്നെയായിരിക്കാനാണ് വഴിയുള്ളത്– ഈ കൃത്രിമരേഖ നിർമ്മിക്കുകയും, ഒരാളെ ഏല്പിച്ചുകൊണ്ട് പൊതുവഴിയിലൂടെയല്ലാതെ യാത്രചെയ്ത് ഖാഫിലയിൽ സംശയം ജനിപ്പിക്കുമാറ് ഒളിഞ്ഞും

തെളിഞ്ഞും നീങ്ങിക്കൊണ്ട് അവരുടെ പിടിയിൽ പെട്ടുകൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്തുവെന്ന് കരുതേണ്ടിയിരിക്കുന്നു.

## ഇസ്‌ലാമിക ശിക്ഷാരീതികൾ

**(4)** കത്തിലെ ഉള്ളടക്കംതന്നെയും മനസ്സിലാക്കിത്തരുന്നത് അത് ഒരു കൃത്രിമരേഖയാണെന്നത്രെ. ഇസ്‌ലാംമതതത്ത്വങ്ങൾ ശരിക്കറിയുന്ന ഒരു മുസ്‌ലിം എഴുതിയതായിരിക്കാനിടയില്ല. ഇന്നയിന്ന ആളുകളെ മൊട്ടയടിച്ചു വിടണം എന്ന് അതിൽ നിർദ്ദേശിച്ചിരുന്നതായിട്ടാണ് ചില നിവേദനങ്ങളിൽകാണുന്നത്. ഇതാകട്ടെ, ഇസ്‌ലാംശരീഅത്തിന്നനുസരിച്ച് ഒരിക്കലും പാടില്ലാത്തതും മുസ്‌ലിംകളുടെ ഒരു ആത്മീയനേതാവോ ഭൗതിക ഭരണാധിപൻപോലുമോ കല്പിക്കുമെന്ന് വിചാരിച്ചുകൂടാത്തതുമത്രെ. ഒരു കുറ്റവാളിയെ മദ്യം കഴിപ്പിക്കുകയോ, പന്നിയിറച്ചി തീറ്റുകയോ, താടി വടിച്ചപമാനിക്കുകയോ ചെയ്യുന്നത് ഇസ്‌ലാമിൽ വിരോധിക്കപ്പെട്ടതാണ്. വധശിക്ഷ, അടിശിക്ഷ, പിഴ, നാടുകടത്തൽ, തടവിലാക്കൽ ഈ അഞ്ചുതരം ശിക്ഷകൾ മാത്രമേ ഇസ്‌ലാമിക ശിക്ഷാസമ്പ്രദായങ്ങളിൽ ഉൾപ്പെടുന്നുള്ളൂ. ഹദ്റത്ത് ഉസ്മാനോ മുസ്‌ലിംകളുടെ മറ്റേതെങ്കിലും ആത്മീയനേതാവോ ഗുരുവോ നബിതിരുമേനിയുടെ പാഠങ്ങൾക്കും വ്യക്തമായ കല്പനകൾക്കും എതിരായുള്ള എന്തെങ്കിലും ഒരു ശിക്ഷ ആർക്കെങ്കിലും നൽകിയതായി ഒരു തെളിവും ഇല്ലതാനും. അതുകൊണ്ട് അനിസ്‌ലാമികമായ ഒരു ശിക്ഷ നൽകാൻ നിർദ്ദേശിച്ചതിൽനിന്നുതന്നെ പ്രസ്തുതരേഖ ഇസ്‌ലാമിന്റെ അന്തസ്സത്തയുമായി ബന്ധമില്ലാത്ത ഒരാളുടെ കൈവേലയാണെന്ന് വ്യക്തമാകുന്നുണ്ട്.

## ഖലീഫയുടെ സിക്രട്ടറി

(5) കത്ത് പിടിക്കുന്നതിന് മുമ്പേയുണ്ടായ സംഭവഗതികൾ അസന്ദിഗ്ദ്ധമായി തെളിയിച്ചുതരുന്നത് ആ കത്ത് ഹദ്റത്ത് ഉസ്മാനോ അദ്ദേഹത്തിന്റെ സെക്രട്ടറിമാരിലാരെങ്കിലുമോ എഴുതിയതായിരുന്നില്ലെന്നാണ്. ശപ്തരായ ഈ വിപ്ലവകാരികളെ ശിക്ഷിക്കുന്ന കാര്യത്തിൽ ഔദാര്യനിധിയായ ഹദ്റത്ത് ഉസ്മാൻ(റ) അങ്ങേയറ്റത്തെ ദാക്ഷിണ്യമാണ് കാണിച്ചുപോന്നിരുന്നതെന്ന് എല്ലാ നിവേദനങ്ങളിൽനിന്നും സുവ്യക്തമായിരിക്കുന്നു. ഈ കുറ്റവാളികളെ, ഖലീഫയുടെ പിടിയിൽ അവർ ആദ്യം പെട്ടിരുന്ന

പ്പോൾതന്നെ, വേണമെങ്കിൽ അദ്ദേഹത്തിന് വധിച്ചുകളയാമായിരുന്നു. ഒരിക്കൽ അദ്ദേഹം അവർക്ക് മാപ്പുകൊടുത്തുവെങ്കിൽ, അവർ വീണ്ടും പിടിയിലകപ്പെട്ടപ്പോഴെങ്കിലും ഭരണകൂടത്തിന്നെതിരായി വിപ്ലവമുണ്ടാക്കാൻ ശ്രമിച്ച കുറ്റത്തിന് വധിച്ചുകളയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ഒരു പ്രത്യക്ഷശത്രുവെ പിടിയിൽ കിട്ടിയപ്പോൾ ശിക്ഷിക്കാതെ മാപ്പുകൊടുത്തു വിട്ടയച്ച ഖലീഫ ആ ശത്രുപിടിയിൽനിന്ന് തികച്ചും കുതറിച്ചാടിയപ്പോൾ അവനെ കൊന്നുകളയുവാൻ തന്റെ ഗവർണ്ണർക്ക് നിർദ്ദേശമയച്ചുവെന്ന് വിശ്വസിക്കാൻ പറ്റില്ല. ഖലീഫ മാപ്പ് നൽകിക്കഴിഞ്ഞ ഒരു കാര്യത്തിൽ അദ്ദേഹത്തോടന്വേഷിക്കാതെ അദ്ദേഹത്തിന്റെ സിക്രട്ടറിയായ മർവാൻ ഇപ്രകാരം ഒരു കത്തയച്ചുവെന്ന് കരുതുന്നതാണ് ഇതിനേക്കാളെല്ലാം ബുദ്ധിശൂന്യമായിരിക്കുന്നത്. നിയമം വരവണ്ണം അനുസരിക്കപ്പെടണമെന്ന കാര്യത്തിൽ ഖലീഫ വളരെ നിഷ്കർഷിച്ചുപോന്നയാളാണെന്ന് മർവാന് നല്ലപോലെ അറിയാമായിരുന്നു. എന്നിരിക്കെ, ഖലീഫയിൽനിന്ന് വാച്യമായോ സൂച്യമായോ ഒരു സമ്മതം ലഭിക്കാത്ത നിലയിൽ, അദ്ദേഹത്തിന്റെ പേരിലൊരു കൃത്രിമക്കത്തെഴുതി സ്വയം രക്ഷപ്പെട്ടുകളയാമെന്ന് മർവാൻ കരുതിയിരുന്നതായി എങ്ങനെ ചിന്തിക്കാം? ഇനി അതും സംഭാവ്യമെന്നു തന്നെ വെക്കുക. ഇക്കാര്യത്തിൽ, അദ്ദേഹം ഈജിപ്ത് ഗവർണ്ണർക്ക് മാത്രം ആ കത്തയക്കാൻ കാരണമെന്തായിരുന്നു? കൂഫക്കാരും ബസ്റക്കാരും പ്രക്ഷോഭത്തെ ഊതിവീർപ്പിക്കുന്നതിലും സ്ഥാപിതഗവർമ്മെന്റിന്നെതിരായി അട്ടിമറി നടത്തുന്നതിലും പിന്നിലായിരുന്നുവോ? ഇസ്‌ലാമിന്റെ ശത്രുക്കളെയെല്ലാം ഒരേ അവസരത്തിൽ നിഗ്രഹിക്കാൻ കഴിയുമാറ് അദ്ദേഹം കൂഫാഗവർണ്ണർക്കും ബസ്റാ ഗവർണ്ണർക്കും തത്തുല്യമായ കത്തുകൾ എന്തുകൊണ്ടെഴുതിയില്ല? ഇതിൽനിന്ന് തെളിയുന്നത്, ഒന്നുമാത്രമാണ്. കൂഫയിലും ബസ്റയിലും അബ്ദുല്ലാഹ് ബിൻ സബായെപ്പോലുള്ള സൂത്രജ്ഞനായ ഒരു വിപ്ലവഗൂഢാലോചനക്കാരൻ ഉണ്ടായിരുന്നില്ല. കൂഫയിലേയും ബസ്റയിലേയും ഗവർണ്ണർമാർക്കും ഇത്തരം കത്തകളയച്ചിരുന്നിരിക്കാമെന്നും അവർ പിടിക്കപ്പെട്ടിട്ടില്ലായിരിക്കുമെന്നും ആണ് ഇവിടെ പറയാവുന്ന എതിർന്യായമെങ്കിൽ, ആ കത്തുകൾ ഒരിക്കലും പൂഴ്ത്തിക്കളയുവാൻ സാധ്യമായിരുന്നില്ലെന്നാണ് എന്റെ മറുപടി. എന്തെന്നാൽ, ബസ്റാ ഗവർണ്ണറായിരുന്ന അബ്ദുല്ലാഹ് ബിൻ ആമിറിനെപറ്റി അദ്ദേഹം ഖലീഫ ഉസ്മാന്റെ ബന്ധുവായ

തിനാൽ മൗനംപാലിച്ചുവെന്ന ആരോപണമുന്നയിക്കാമെങ്കിൽത ന്നെ, കൂഫാഗവർണ്ണറായിരുന്ന ഹദ്റത്ത് അബൂമൂസാ അശ്അരിയെ പറ്റി എന്തുപറയും? അദ്ദേഹത്തിന്റെ സത്യവിശ്വാസപൂർണ്ണിമയെ പറ്റി ഖുർആൻതന്നെ എടുത്തുപറഞ്ഞതല്ലേ? മാത്രമല്ല കൂഫയിലെ അന്നത്തെ അന്തരീക്ഷത്തിൽ, അവിടുത്തെ ഗവർണ്ണർക്ക് യാഥാർത്ഥ്യങ്ങൾ ഒളിച്ചുവെക്കാൻ കഴിയുമായിരുന്നുമില്ല. ചുരുക്ക ത്തിൽ, പ്രസ്തുത കത്ത് ഒരു കൃത്രിമരേഖയാണെന്നതത്രെ സത്യം. അത് ഈജിപ്ത് ഖാഫിലയിൽപെട്ട ഏതോ കുബുദ്ധി കൃതിച്ചതാ യിരുന്നിരിക്കാനേ തരമുള്ളൂ!

## കള്ളദൂതൻ എവിടെ?

**(6)** ഈ കത്തിനെ സംബന്ധിച്ച യാഥാർത്ഥ്യങ്ങളിലേക്ക് ഏറെ വെളിച്ചം വീശാൻ കഴിയുക ആ കത്തുമായി സഞ്ചരിച്ച രാജദൂത നായിരുന്നുവല്ലൊ. എന്നാൽ, അത്ഭുതമെന്നു പറയട്ടെ, സാക്ഷികളെ ഹാജരാക്കാൻ ഹദ്റത്ത് ഉസ്മാൻ(റ) ആവശ്യപ്പെട്ടിരുന്നിട്ടും ആ അടിമയെ ഹാജരാക്കാൻ അവർ ധൈര്യപ്പെട്ടില്ല. എന്നല്ല, അനന്തര സംഭവ വിവരണങ്ങളിലെവിടെയുംതന്നെ അവനെപ്പറ്റി ഒന്നും പറ യപ്പെട്ടു കാണുന്നുമില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് ആ കള്ള ദൂതനെ ഹാജരാക്കിയാൽ തങ്ങളുടെ എല്ലാ കള്ളിയും വെളിച്ചത്താ വുമെന്ന് അവർ ഭയപ്പെട്ടിരുന്നു എന്നത്രെ. സഹാബാക്കളുടെ മുമ്പിൽ ആ രാജദൂതൻ ഹാജരാക്കപ്പെടാതിരിക്കുന്നതിന് അവർ മുന്നാലോചനയും ചെയ്തിരുന്നിരിക്കണം. ഇങ്ങനെ, വിപ്ലവകാരി കൾക്ക് ഏറ്റവും വലിയ സാക്ഷിയാകുമായിരുന്ന ദൂതനെ അവർ ഒളിപ്പിച്ചതും കത്ത് അവരുടെ കൃതിപ്പായിരുന്നുവെന്നതിലേക്ക് പ്രബലമായ ഒരു തെളിവാകുന്നു.

## ഹദ്റത്ത് അലിയുടെ പേരിലും!

**(7)** വിപ്ലവകാരികളായ 'സബായികൾ' കൃത്രിമമായി നിർമ്മിച്ച അനേകം കത്തുകളിൽ ഒന്നുമാത്രമാണിതെന്നതാണ് അതിപ്രധാ നമായ മറ്റൊരു തെളിവ്. പ്രക്ഷോഭത്തെ ഊതിവീർപ്പിക്കുന്നതിനു വേണ്ടി അനേകം കള്ളക്കത്തുകൾ നിർമ്മിച്ചുവിട്ടിരിക്കുന്ന അവർക്ക് ഈ കത്തുകൂടി കൃതിക്കുക ദുഷ്കരമായിരുന്നില്ല. എന്നിരിക്കെ, ഈ കത്ത് മറ്റാരെങ്കിലും നിർമ്മിച്ചതാണെന്ന് സംശയിക്കേണ്ടതി ല്ലല്ലൊ. ഇവർ മുമ്പേ നിർമ്മിച്ചുവിട്ടിരുന്ന കത്തുകൾ ഹദ്റത്ത് അലി

യുടെ പേരിലുള്ളതായിരുന്നു. ഹദ്റത്ത് ഉസ്മാന്നെതിരായി പ്രക്ഷോഭം കൂട്ടാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള അത്തരം കത്തുകൾ അവർ മുസ്‌ലിം സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ധാരാളമായി അയച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് അലിയുടെ പേരും മുദ്രയും കണ്ടതുകാരണം സാധാരണക്കാരായ ശുദ്ധഗതിക്കാരും ക്ഷണവിശ്വാസികളും 'സബായി'കളുടെ പ്രചാരവേലകളിൽ വിശ്വസിക്കുമാറാകയും അവർ ഇളകിപ്പുറപ്പെടുകയും ചെയ്തു. എന്നാൽ, ഈ സംഗതികൾ ഹദ്റത്ത് അലിയുടെ ശ്രദ്ധയിൽ പെട്ടാൽ അദ്ദേഹം ഉടൻ നിഷേധിച്ചുകളയുമെന്നതുകൊണ്ട് രഹസ്യമാക്കി സൂക്ഷിക്കണമെന്ന് പ്രത്യേകം നിർദ്ദേശവുമുണ്ടായിരുന്നു. അത് രഹസ്യമായിരിക്കണമെന്ന നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം ഗൂഢാലോചനക്കാർക്ക് പറയാനുണ്ടായിരുന്ന ന്യായം യുക്തിയുക്തമായിരുന്നു. ഖലീഫയ്ക്കെതിരായുള്ളതാകയാൽ കത്തുകൾ വെളിക്കു വരുന്നപക്ഷം ഹദ്റത്ത് അലി(റ) വലിയ പരുങ്ങലിലായിത്തീരുമെന്നാണവർ പറഞ്ഞത്. അതുകൊണ്ട് ഹദ്റത്ത് അലിയെ രക്ഷിക്കാനെന്നോണം ഈ കത്തുകളിലെ ഉള്ളടക്കം ആർക്കും വ്യക്തമാക്കിക്കൊടുത്തിരുന്നില്ലെന്നതിനാൽ, വിപ്ലവനേതാക്കളുടെ കള്ളത്തരം വെളിപ്പെടാൻ തരമില്ലായിരുന്നു. എന്നാൽ, കളവ് വളരെക്കാലം ഒളപ്പിച്ചുവെക്കാനാവില്ലല്ലോ. പ്രത്യേകിച്ചും അനേകം ആളുകൾക്കിടയിൽ അത് പരക്കാനിടയാകുമ്പോൾ! ഹദ്റത്ത് ഉസ്മാന്റെ പേരിൽ കറ്റുകെട്ടിയുണ്ടാക്കിയ കത്ത് പിടിക്കപ്പെടുകയും ഖാഫിലയിലെ സാമാന്യജനങ്ങൾ അത്യധികമായ രോഷത്തോടെ മടങ്ങുകയും ചെയ്തപ്പോൾ അവരിലൊരുവിഭാഗം ഹദ്റത്ത് അലിയെ സമീപിക്കുകയും അദ്ദേഹത്തോട് സഹായത്തിന് അഭ്യർത്ഥിക്കുകയുമുണ്ടായി. ഹദ്റത്ത് അലി(റ) വിപ്ലവകാരികളുടെ എല്ലാ സംസാരങ്ങളിൽനിന്നും അവരുടെ കാപട്യങ്ങളെല്ലാം മനസ്സിലാക്കിക്കഴിഞ്ഞിരുന്നതിനു പുറമെ, ദിവ്യദൃഷ്ടി മുഖേന ഈജിപ്തുകാരുടെ വഞ്ചനകൾ നല്ലവണ്ണം കണ്ടറിഞ്ഞതിനാലും തന്റെ സഹായം അവർക്ക് നിഷേധിച്ചു. അപ്പോൾ ഹദ്റത്ത് അലിക്കുവേണ്ടി വിപ്ലവത്തിന്നൊരുങ്ങിയ അവർ പറഞ്ഞത് ഇങ്ങനെയായിരുന്നു: "ഈ സന്ദിഗ്ദ്ധമായ ഘട്ടത്തിൽ ഞങ്ങളെ സഹായിക്കാനൊരുക്കമില്ലെങ്കിൽ, നിങ്ങൾ കത്തിടപാട് നടത്തിക്കൊണ്ടിരുന്നതെന്തിന്?" (തബ്‌രീ, ലണ്ടൻ, പേ-2965). ഇതുകേട്ടപ്പോൾ ഹദ്റത്ത് അലിയുടെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. താൻ അവരു

മായി കത്തിടപാട് നടത്തിപ്പോന്നിട്ടുണ്ടെന്ന പ്രസ്താവനയെ അദ്ദേഹം ശക്തിയായ ഭാഷയിൽ നിഷേധിച്ചു. അല്ലാഹുവാണ, 'ഞാൻ നിങ്ങളുമായി ഒരു കത്തിടപാടും നടത്തിയിട്ടില്ല.' ഇതുകേട്ടപ്പോൾ അക്കൂട്ടരുടേയും അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല! എന്തെന്നാൽ, അവരും വഞ്ചിതരായിരുന്നു. അവർ അന്യോന്യം മുഖത്തോടുമുഖം നോക്കി. അവർ ചോദിച്ചു: "ഇത്രയും ഭീരുവായ ഒരാൾക്കുവേണ്ടിയാണോ നാം ഇത്ര ആവേശത്തോടുകൂടി സമരത്തിനൊരുങ്ങിയത്? ഇയാളാണെങ്കിൽ സമയം വന്നപ്പോൾ ഒഴിഞ്ഞുമാറുകയാണല്ലോ."

വിപ്ലവകാരികളുടെ കൂട്ടത്തിൽ കൃത്രിമരേഖകൾ നിർമ്മിക്കുന്നതിൽ വിരുതന്മാരായ ആളുകളുണ്ടെന്നാണ് ഈ സംഭവങ്ങളെല്ലാം തെളിയിച്ചത്. ഹദ്റത്ത് അലിയോട് അത്യധികമായ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നതായി അവകാശപ്പെട്ട ഈജിപ്തുകാരുമായിട്ടുമാത്രമേ അദ്ദേഹവുമായുള്ള കത്തിടപാടുകൾ നടന്നിരിക്കാനിടയുണ്ടായിരുന്നുള്ളൂ. ചുരുക്കത്തിൽ, ഹദ്റത്ത് ഉസ്മാൻ(റ) എഴുതിയതായി ആരോപിക്കപ്പെടുന്ന കത്ത് ഈജിപ്തുകാരുടെ ഖാഫില പിടിച്ചെടുത്തതിൽനിന്ന് വ്യക്തമാകുന്നത് അത് എഴുതിയത് മദീനക്കാരാരുമല്ല, മറിച്ച് ഈജിപ്ത് ഖാഫിലയിൽപെട്ട ഏതോ തിരുടനായിരുന്നിരിക്കാനേ ഇടയുള്ളൂ എന്നത്രെ.

ഹദ്റത്ത് ഉസ്മാന്റെമേൽ കുറ്റമാരോപിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ കൃത്രിമക്കത്തിന് വളരെ പ്രാധാന്യമുള്ളതിനാലാണ് ഞാൻ ഇതുസംബന്ധിച്ച് സാമാന്യം ദീർഘിച്ചു സംസാരിച്ചത്. മാത്രമല്ല, പ്രസ്തുത കത്ത് ഒരു കൃത്രിമ രേഖ മാത്രമാണെന്നും അതിന്റെ അസ്സൽ നിർമ്മാതാക്കൾ അബ്ദുല്ലാഹ് ബിൻ സബായും കൂട്ടാളികളും തന്നെയായിരുന്നുവെന്നും അല്ലാതെ മർവാനോ അദ്ദേഹവുമായി ബന്ധപ്പെട്ട മറ്റാരെങ്കിലുമോ അതിനുമാത്രം സമർത്ഥരായിരുന്നില്ലെന്നും തെളിയിക്കുവാനുമായിട്ടത്രെ. ഹദ്റത്ത് ഉസ്മാനാകട്ടെ, അതുസംബന്ധിച്ച് സംശയിക്കപ്പെടാൻപോലും പാടില്ലാത്തവിധം സമുന്നതസ്ഥാനീയനായിരുന്നുതാനും.

## വിപ്ലവക്കാരുടെ വിക്രിയകൾ

ഞാൻ വീണ്ടും ചരിത്രസംഭവങ്ങളിലേക്കുതന്നെ തിരിയുകയാണ്. ഈ കൃത്രിമക്കത്ത് പിടിച്ചെടുത്തുവെന്ന ബലത്തിലും പെട്ടെന്ന്

മദീനയെ ആക്രമിച്ചു പിടിച്ചടക്കിയതിലുള്ള ദുരഭിമാനത്തിലും വിപ്ല വകാരികൾ പല അത്യാചാരങ്ങളും നടത്തിത്തുടങ്ങി. ഒരു ഭാഗത്ത് സ്ഥാനത്യാഗം ചെയ്യാൻ ഹദ്‌റത്ത് ഉസ്മാനെ നിർബന്ധിച്ചുകൊ ണ്ടിരുന്നു. മറുഭാഗത്താകട്ടെ, മദീനക്കാർക്ക് തങ്ങളുടെ വന്ദ്യവന്ദ്യനായ ഇമാമിനെ ദുർഭഗരായ വിപ്ലവക്കാരുടെ വിക്രിയകൾക്ക് വിട്ടുകൊ ടുക്കേണ്ടിയും വന്നു. സാധുക്കളായ മദീനാവാസികൾ നിസ്സഹായ തയിലും അരക്ഷിതാവസ്ഥയിലുമായി. വിപ്ലവകാരികൾ 3000 പേരോ ളമുണ്ടായിരുന്നു. അവർ നഗരത്തിന്റെ എല്ലാ കവാടങ്ങളിലും കാവൽ നിൽക്കുകയും ചെയ്തിരുന്നു. സുസംഘടിതവും സായു ധവുമായ ഒരു സൈന്യവ്യൂഹത്തെ നേരിടുക ബഹുജനങ്ങൾക്ക് എളുപ്പമായിരുന്നില്ല. നഗരവാസികൾ മുഴുവനുംതന്നെ ചിതറിപ്പോ യിരുന്നതിനാലും നാലോ അഞ്ചോ ആളിലധികം കൂടിച്ചേരുന്നത് നിരോധിച്ചിരുന്നതിനാലും അവരെ എതിർക്കുന്ന കാര്യത്തിൽ കൂടി യാലോചിക്കാൻപോലും സാധിക്കുമായിരുന്നില്ല. ധീരന്മാരായ മുസ്‌ലിം പുരുഷകേസരികളിൽ ചിലർ സമരത്തിന് തയ്യാറായെ ങ്കിൽത്തന്നെ അവർ നശിച്ചുപോകാനേ വഴിയുണ്ടായിരുന്നുള്ളൂ. മുസ്‌ലിംകൾക്ക് ഒരുമിച്ചുചേരാനുള്ള ഒരു സ്ഥാനമാണല്ലോ പള്ളി. എന്നാൽ, ഈ പ്രക്ഷോഭകാരികൾ അവിടെയും തടസ്സങ്ങൾ വലി ച്ചിടാതിരുന്നില്ല. നമസ്കാര സമയങ്ങളിൽ അവർ കാലേക്കൂട്ടി പള്ളി യിലെത്തിച്ചേരുകയും മദീനാമുസ്‌ലിംകളെ ഒന്നിച്ചുചേരാൻ അനു വദിക്കാതിരിക്കുകയുമാണ് ചെയ്തത്.

## ഖലീഫ താക്കീത് ചെയ്യുന്നു

നഗരത്തിൽ കലാപം നടന്നുകൊണ്ടിരിക്കുമ്പോൾ ഖലീഫ അഞ്ചുനേരത്തും പള്ളിയിൽ ഹാജരായി നമസ്കാരത്തിന് ഇമാ മത്ത് വഹിച്ചുപോന്നിരുന്നു. വിപ്ലവകാരികൾ ഇക്കാര്യത്തിൽ ഇട പെടാൻ ധൈര്യപ്പെട്ടില്ല. വിപ്ലവകാരികൾ മദീനായിൽ പ്രവേശിച്ച ശേഷം നടന്ന ആദ്യത്തെ ജുമുഅ കഴിഞ്ഞ ഉടനെ ഹദ്‌റത്ത് ഉസ്മാൻ അവരെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം ഒരു പ്രസംഗം ചെയ്തു.

“അല്ലയോ ഇസ്‌ലാംമതശത്രുക്കളേ! നിങ്ങൾ ദൈവത്തെ ഭയ പ്പെട്ടുകൊള്ളുവിൻ! പുണ്യനബിയുടെ തിരുനാവിനാൽ ശപിക്കപ്പെ ട്ടവരാണ് നിങ്ങളെന്ന് മദീനക്കാർക്കെല്ലാം നന്നായറിയാം. ഖലീഫ യ്ക്കെതിരായിട്ടാണ്, ഇമാമിന് നേരെയാണ് നിങ്ങളിപ്പോൾ പുറ

പ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, നിങ്ങൾ പശ്ചാത്തപിക്കുവിൻ. പുണ്യം കൊണ്ട് നിങ്ങൾ പാപത്തെ കഴുകിക്കളയുവിൻ. നന്മകൊണ്ടും സൽപ്രവൃത്തികൊണ്ടും മാത്രമേ പാപത്തെ ദൈവം മായ്ച്ചുകളയുകയുള്ളൂ."

ഖലീഫ ഉസ്മാൻ(റ)ന്റെ അരുളപ്പാടുകളെ പിന്താങ്ങുവാനായി ഹദ്റത്ത് മുഹമ്മദ് ബിൻ മസ്ലമ(റ) എഴുന്നേറ്റു നിന്നപ്പോൾതന്നെ, കുപ്രസിദ്ധനായ ഹക്കിം ബിൻ ജബലത്ത് (ഇയാളെപ്പറ്റി മുമ്പേ അല്പം വിവരിച്ചുകഴിഞ്ഞിട്ടുണ്ട്) അദ്ദേഹത്തിന്റെമേൽ രൂക്ഷമായി പാഞ്ഞുകയറി. ഖുർആന്റെ ക്രോഡീകരണം സംബന്ധിച്ച പുണ്യപ്രവൃത്തി കാരണം ചിരസ്മരണീയനായിത്തീർന്ന ഹദ്റത്ത് സൈദ് ബിൻ സാബിത്(റ) ആണ് പിന്നീട് സംസാരിക്കാനെഴുന്നേറ്റുനിന്നത്. അദ്ദേഹം ഏതാനും വാക്കുച്ചരിച്ചുതുടങ്ങുമ്പോഴേക്കും വിപ്ലവകാരികൾ അദ്ദേഹത്തേയും പിടിച്ചിരുത്തുകയാണ് ചെയ്തത്. ഖലീഫയെ ന്യായീകരിച്ചുകൊണ്ടുള്ള സംസാരം അങ്ങനെ അനിരുദ്ധമായി തുടർന്നാൽ, തിരുനബി(സ) തങ്ങളെപറ്റി പറഞ്ഞിട്ടുള്ളതെല്ലാം പുറത്തുവന്നുപോകുമെന്നും സഹയാത്രികർ അതെല്ലാം അറിയാനിടവന്നാൽ തങ്ങളെ കൈവെടിഞ്ഞുകളയുമെന്നും അവർ ഭയപ്പെട്ടിരുന്നു.

## തിരുനബിയുടെ ഊന്നുവടി

ശപ്തരായ ഈ അതിക്രമകാരികളിൽപെട്ട ഒരു ഹീനപാപി, ഇസ്ലാംമത സ്നേഹത്തിന്റെ വമ്പത്തരം നടിച്ചുകൊണ്ടുതന്നെ, ആ യോഗത്തിൽവച്ച് ഖലീഫത്തുൽ മുസ്ലിമീന്റെ കയ്യിൽനിന്ന് അദ്ദേഹത്തിന്റെ ഊന്നുവടി പിടിച്ചുപറ്റി! പുണ്യനബിയും മൂന്ന് ഖലീഫമാരും ഉപയോഗിച്ചിരുന്ന ഊന്നുവടി! തിരുനബിയുടെ വിശുദ്ധസ്മാരകമായിരുന്നതും മുസ്ലിംകളിൽ ബഹുവിധങ്ങളായ ദിവ്യാനുഗ്രഹങ്ങൾ കോരിച്ചൊരിയപ്പെടുന്നതിന് കാരണമായിത്തീർന്നിരുന്നതുമായ ആ ഊന്നുവടി ആൾക്കൂട്ടത്തിൽവച്ചുതന്നെ ആ ദുർഭഗൻ ഒടിച്ചു നുറുക്കിക്കളഞ്ഞു. ഖിലാഫത്തിനോടു അവർക്ക് അടിച്ചമർത്താനാവാത്ത അവജ്ഞയുണ്ടായിരുന്നെന്നു വന്നാലും, ഹദ്റത്ത് ഉസ്മാൻ, മേലിൽ തങ്ങളുടെ ഭരണാധികാരിയായിരിക്കരുതെന്ന് അവർ ആഗ്രഹിച്ചിരുന്നു എന്നു സമ്മതിക്കപ്പെട്ടാലും, ദൈവദൂതനെന്ന് അവർതന്നെ അവകാശപ്പെട്ടിരുന്ന ആ പുണ്യപാദരുടെ അതിപാവനമായ സ്മാരകചിഹ്നം തകർക്കുവാൻ അവർക്ക്

ധാർഷ്ട്യമുണ്ടായതെങ്ങനെ? യൂറോപ്പ് നിരീശ്വരത്വത്തിന്റെ ആത്യന്തികതയെ പ്രാപിച്ചിട്ടുണ്ടെങ്കിലും മതതത്ത്വത്തിലും ദിവ്യമായ എല്ലാറ്റിലും യൂറോപ്യന്മാർക്കുള്ള അവജ്ഞ അതിന്റെ പരമോച്ചിയിലെത്തിയിട്ടുണ്ടെന്നിരിക്കിലും, നാസ്തികതയും ഭൗതികവാദവും കൊണ്ടുനടക്കവെതന്നെ, അവർ തങ്ങളുടെ മഹാപുരുഷന്മാരുടെ സ്മാരകങ്ങളെ ഇന്നും അങ്ങേയറ്റം ആദരിച്ചുപോരുന്നുണ്ട്.* എന്നാൽ, ഈ പിശാചിന്റെ പടയാളികൾ ഇസ്ലാമിനോട് വലിയ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നുണ്ടായിരുന്നിട്ടും റസൂൽകരിം(സ) തിരുമേനിയുടെ തിരുവടി ഹാ, തകർത്തുകളഞ്ഞു! തങ്ങൾ ഇസ്ലാമിന്റെ മാനം കാക്കുന്നവരാണെന്ന് പറഞ്ഞുനടന്നിരുന്ന അവരും അവരുടെ നേതാക്കളും പരിശുദ്ധ ഇസ്ലാമിൽനിന്നു, അതിന്റെ ഇന്നുള്ള കൊടുംവൈരികളേക്കാളും എത്രയോ എത്രയോ അകലത്തായിരുന്നു എന്നാണിത് തെളിയിച്ചത്!

## ഖലീഫ മോഹാലസ്യപ്പെടുന്നു

പുണ്യനബിയുടെ തിരുവടി പൊട്ടിച്ചുനുറുക്കിയിട്ടും ഈ അതിക്രമക്കാരുടെ അരിശം അടങ്ങിയില്ല. അവർ തിരുസഹാബാക്കളുടെ നേർക്ക് കല്ലെടുത്തെറിയുകയും അവരെ പള്ളിയിൽനിന്ന് പിടിച്ചുവലിച്ചു പുറത്തിടുകയും ചെയ്തു. ഏത് പള്ളിയിൽനിന്ന്? പ്രവാചകശ്രേഷ്ഠൻ തന്റെ പുണ്യമേറിയ കൈകൾകൊണ്ട് തറക്കല്ല് വെച്ച മസ്ജിദുന്നബ്വിയിൽ നിന്ന്! ഹദ്റത്ത് ഉസ്മാന്റെ നേർക്കും അവർ ശിലാവർഷം ചെയ്യാൻ മടിച്ചില്ല. കല്ലേറുകൊണ്ട് ഖലീഫ മിമ്പറിൽനിന്നു വീണുപോവുകയും മോഹാലസ്യപ്പെടുകയും ചെയ്തു.

ഇസ്ലാമിനോടും ഇസ്ലാം ശരീഅത്തിന്റെ സംരക്ഷകരോടും അവർക്കുണ്ടായിരുന്ന മുഹബ്ബത്ത് അതായിരുന്നു! ഹദ്റത്ത് ഉസ്മാൻ(റ)നെ ഖിലാഫത്തിന്റെ അഗ്രാസനത്തിൽനിന്ന് തട്ടിത്താ

* 'റഷ്യൻ പനോരമ' എന്ന പുസ്തകത്തിൽ ശ്രീ കെ.പി.എസ്. മേനോൻ ഇപ്രകാരം എഴുതുന്നു: "ലെനിൻഗ്രാഡിലെ താമസക്കാലത്തിന്നിടയിൽ നടത്തിയ സന്ദർശനങ്ങളിൽ ഞങ്ങളുടെ താൽപര്യത്തെ ഏറ്റവുമധികം ഉദ്ദീപിപ്പിച്ചത് പുഷ്കിന്റെ ഭവനസന്ദർശനാർത്ഥമുള്ള യാത്രയായിരുന്നു..... പുഷ്കിന്റെ തലമുടിയുടെ ഒരംശം മുറിച്ചെടുത്തത് ഒരു കണ്ണാടിക്കൂട്ടിനകത്താക്കി അടുത്ത ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നു. കാന്റിയയിലെ ബുദ്ധദേവാലയത്തിൽ സൂക്ഷിച്ചുപോരുന്ന ബുദ്ധാവശിഷ്ടത്തെ അദ്ദേഹത്തിന്റെ ആരാധകർ എത്രയധികം ഭക്തിബഹുമാനങ്ങളോടെയാണോ പരിഗണിക്കുന്നത് അതുപോലെതന്നെയാണ് റഷ്യക്കാർ പുഷ്കിന്റെ ഈ മുടിയേയും ബഹുമാനിച്ചാചരിക്കുന്നത്. മഹാന്മാരെ ബഹുമാനിക്കുന്ന വിഷയത്തിൽ റഷ്യയിൽ ഒരു വിഗ്രഹാരാധനാ മനോഭാവത്തിന്റെ അംശംതന്നെ നിലവിലുണ്ടെന്ന് പറയാം." (ഭാഗം, 140. വിവ:)

ഴത്തിട്ടുകൊണ്ട് മുസ്‌ലിംലോകത്ത് നടപ്പാക്കാനിവരുദ്ദേശിച്ച 'സദാചാര'ത്തിന്റെ സാമ്പിൾ അതായിരുന്നു! ഹദ്‌റത്ത് ഉസ്മാന്നെതിരായി പ്രക്ഷോഭം കൂട്ടിയ വിഭാഗത്തിന് സഹാബത്തുമായി ബന്ധമുണ്ടായിരുന്നുവെന്നോ, ഹദ്‌റത്ത് ഉസ്മാന്റെ ചില നടപടികൾ കാരണമായിട്ടാണ് അവർ പ്രക്ഷോഭത്തിന് നിർബ്ബന്ധിതരായിത്തീർന്നതെന്നോ, ഖലീഫയുടെ ദുർന്നയവും ബന്ധുജനപക്ഷപാതവുമാണ് അവരുടെ രോഷപ്രകടനങ്ങൾക്കെല്ലാം അടിസ്ഥാനമായിരുന്നതെന്നോ ഇനി ആർക്കുപറയാം. അവർക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ലെന്നും മതത്തോട് ഒരാദരവും അവർ പുലർത്തിയിരുന്നില്ലെന്നും തിരുസഹാബികളോട് അവർക്ക് കൂറും സ്നേഹവും ഇല്ലായിരുന്നുവെന്നും ആണ് അവരുടെ തെമ്മാടിത്തരങ്ങൾ വിളിച്ചറിയിച്ചത്. ഈ വൃത്തികെട്ട സംരംഭങ്ങളും പൊറുത്തുകൂടാത്ത അക്രമങ്ങളും അവർ തുടങ്ങിയത് ഇസ്‌ലാമിന്റെ കോട്ട തകർക്കാൻ വേണ്ടി മാത്രമായിരുന്നുവെന്നതിലേക്ക് മറ്റെന്ത് തെളിവാണ് വേണ്ടത്?

## സഖാക്കൾ സമരത്തിന്നൊരുങ്ങുന്നു

നടുക്കമുളവാക്കുന്ന ഈ സംഭവത്തോടെ സഹാബാക്കൾക്ക് മനസ്സിലായി, പ്രക്ഷോഭകാരികളുടെ വൈരബുദ്ധി വിചാരിച്ചതിലുമധികം ആഴമേറിയതാണെന്നും, എങ്കിലും അവരുടെ ശ്രമങ്ങൾ ഇനിയും വിജയപ്രദമായിക്കഴിഞ്ഞിട്ടില്ലെന്നും. ഈ സന്ദിഗ്ദ്ധഘട്ടത്തിൽ അനന്തരഫലങ്ങൾ എന്തുതന്നെയായാലും മരണത്തിന് തയ്യാറെടുത്തുകൊണ്ട് രാജദ്രോഹികളോട് യുദ്ധം നടത്തുകതന്നെ വേണമെന്ന് ഏതാനും സഹാബികൾ അഭിപ്രായപ്പെടുകയും അതിന്നായി പുറപ്പെടുകയും ചെയ്തു. ആയുധകോപ്പില്ലാതെ കൈവിരൽകൊണ്ടെണ്ണാവുന്ന ഏതാനുംപേർ, വാളും കുന്തവും കയ്യിലേന്തിയ ഒരു സേനാവ്യൂഹത്തെ എതിരിടുകയെന്നത് ബുദ്ധിമാന്മാരുടെ കണ്ണിൽ വങ്കത്തവും ആലോചനാശൂന്യതയും ആയിരിക്കാമെങ്കിലും, ഇസ്‌ലാമിനുവേണ്ടി സർവ്വസ്വവും പരിത്യജിച്ച ആ സഹാബാക്കളെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ ഒരു കർത്തവ്യം മാത്രമായിരുന്നു. ദൈവമാർഗ്ഗത്തിൽ രക്തസാക്ഷിത്വം വരിക്കുന്നത് അവർക്ക് അത്യധികം ആമോദപ്രദമായിരുന്നുവല്ലോ. സഅ്ദ് ബിൻ മാലിക്ക്, ഹദ്‌റത്ത് അബൂഹുറയ്‌റ, സൈദ് ബിൻ സാബിത്, ഇമാം ഹസൻ(റ) എന്നിവരായിരുന്നു ആ സഹാബികൾ. ഇവരുടെ നീക്ക

ത്തെക്കുറിച്ചറിഞ്ഞപ്പോൾ ഹദ്റത്ത് ഉസ്മാൻ അവരോട് കല്പിച്ചു, വിപ്ലവകാരികളോടെതിർക്കാതെ വീട്ടിലേക്ക് മടങ്ങിക്കൊള്ളാൻ!

തിരുസഹാബാക്കളുടെയും, വിശുദ്ധ കുടുംബാംഗങ്ങളുടേയും പരിരക്ഷയിൽ അത്യധികമായ ഉൽകണ്ഠ പൂണ്ടിട്ടായിരുന്നു, ഒരു ഭയങ്കര സംഘട്ടനം ഖലീഫ ഇപ്രകാരം ഒഴിവാക്കിയത്. എന്നാൽ, പ്രക്ഷോഭകാരികളുടെ വിക്രിയകൾ കാരണം തിരുസഖാക്കൾ എത്ര മാത്രം പ്രകോപിതരായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ലജ്ജാവഹമായ ഒരു കീഴടങ്ങലിനേക്കാൾ അഭികാമ്യം മരണമാണെന്ന് വിശ്വസിച്ചുറച്ചവർക്കു മാത്രമെ ഒരു സുസംഘടിത സൈന്യത്തെ നിരായുധമായും എതിരുടുവാൻ കഴിയുമാറുള്ളൂ. ഹദ്റത്ത് അബൂഹുറയ്റ(റ) സൈന്യവുമായി തീരെ ബന്ധമില്ലാത്തയാളുമായിരുന്നു. ഹദ്റത്ത് ഇമാം ഹസനാകട്ടെ ശൂരനായ ഒരു പിതാവിന്റെ ശൂരനായ പുത്രൻ തന്നെയെങ്കിലും യുദ്ധത്തിന് വാഞ്ചയോ വാസനയോ ഇല്ലാതെ സൗമ്യനായി കഴിയുകയും സമാധാനത്തെ അത്യധികം ഇഷ്ടപ്പെടുകയും ചെയ്തുപോന്ന ഒരു പുണ്യവാനായിരുന്നു. തിരുനബിയുടെ ഒരു പ്രവചനമനുസരിച്ച് അദ്ദേഹം 'സമാധാനത്തിന്റെ രാജകുമാരൻ' എന്നു വിളിക്കപ്പെടുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള സൗമ്യപ്രകൃതികളായ ഭക്തജനങ്ങൾപോലും ആയുധം ധരിക്കാനൊരുങ്ങിയതിൽനിന്ന് സഹാബാക്കളെല്ലാംതന്നെ പ്രക്ഷോഭകാരികളുടെനേരെ കുപിതരായിക്കഴിഞ്ഞിരുന്നുവെന്നാണ് വ്യക്തമാകുന്നത്.

## മൂന്ന് അനുകൂലികൾ

മദീനയിൽ ഭിന്നവിഭാഗത്തിന് അനുഭാവികളായി മൂന്നുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുഹമ്മദ് ബിൻ അബൂബക്കറാണ് ഒരാൾ– മഹാനായ ഒരു പിതാവിന്റെ കൊള്ളരുതാത്ത പുത്രൻ! ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ പുത്രനെന്നനിലയിൽ തനിയ്ക്ക് ലഭിച്ചുപോന്നിരുന്ന അത്യധികമായ ആദരം കാരണം അദ്ദേഹത്തിന് സ്വയം ഒരു വലിമത്തരം തോന്നിയിരുന്നു. ഒന്നാം ഖലീഫയുടെ മകനാണെന്നതിലുപരിയായി അദ്ദേഹത്തിന് ഒരു പ്രത്യേകതയും പ്രാമാണികത്വവും ഇല്ലായിരുന്നു. തിരുനബിയുടെ വിശുദ്ധസവിധത്തിൽ കഴിയാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടായിരുന്നില്ല. മതപരമായ പ്രത്യേക ശിക്ഷണം പിന്നീട് അദ്ദേഹത്തിന് ലഭിച്ചതുമില്ല. 'ഹജ്ജത്തുൽ വിദാഅ്' (തിരുനബിയുടെ

അവസാനത്തെ ഹജ്ജ്) അവസരത്തിൽ ആണദ്ദേഹം ജനിച്ചതുത ന്നെ. തിരുനബിയുടെ വഫാത്തിന്റെ ഘട്ടത്തിൽ അദ്ദേഹം മുലകു ടിക്കുന്ന ഒരു കുട്ടിയായിരുന്നു. അദ്ദേഹത്തിന് നാല് വയസ്സായിരു ന്നപ്പോഴാണ് അബൂബക്കർ സിദ്ദീഖ്(റ) ചരമം പ്രാപിച്ചത്. അതു കൊണ്ട് ആ നിരുപമഭക്തശ്രേഷ്ഠന്റെ ശിക്ഷണനിയന്ത്രണങ്ങൾക്കു വിധേയനായി ജീവിക്കാൻ ഈ പുത്രന് ഭാഗ്യം സിദ്ധിച്ചിരുന്നില്ല. (താരീഖുസ്സഗീർ, ബുഖാരി, പേ-18).

രണ്ടാമത്തെ വ്യക്തിയായ മുഹമ്മദ് ബിൻ ഹുദൈഫയും സഹാ ബികളിൽ പെട്ടയാളായിരുന്നില്ല. ഇയാളുടെ പിതാവ് യമാമ യുദ്ധ ത്തിൽ രക്തസാക്ഷിയായതിനാൽ ഇയാളുടെ രക്ഷാകർതൃത്വവും ശിക്ഷണവും ഹദ്റത്ത് ഉസ്മാൻ(റ) ഏറ്റെടുത്തു. ചെറുപ്പന്നേ അവി ടന്നാണ് അദ്ദേഹത്തെ പോറ്റിവളർത്തിയത്. ഹദ്റത്ത് ഉസ്മാൻ(റ) ഖലീഫ ആയപ്പോൾ, തനിയ്ക്ക് എന്തെങ്കിലും ഉദ്യോഗം നൽകാൻ അയാൾ ഖലീഫയോടപേക്ഷിക്കുകയുണ്ടായി. ഹദ്റത്ത് ഉസ്മാൻ (റ) അത് നിഷേധിച്ചപ്പോൾ, പുറത്തെവിടെയെങ്കിലും പോയി ജോലി ചെയ്തുകൊള്ളാനനുവദിക്കണമെന്ന് അപേക്ഷിച്ചു. ആ അപേക്ഷ സ്വീകരിക്കപ്പെടുകയുമുണ്ടായി. ചെന്നെത്തിയത് ഈജിപ്തിലായി രുന്നു! അവിടെ എത്തിയശേഷം അബ്ദുല്ലാഹ് ബിൻ സബായുടെ കൂട്ടാളികളോടൊപ്പം ചേർന്ന് ഹദ്റത്ത് ഉസ്മാന്നെതിരിൽ ജനങ്ങളെ ഇളക്കിവിടുന്ന ജോലിയിലാണ് ഏർപ്പെട്ടത്. ഈജിപ്തുകാർ മദീ നയെ ആക്രമിക്കാൻ പുറപ്പെട്ടപ്പോൾ ഇയാളും അവരോടൊപ്പം ചേർന്നുവെങ്കിലും കുറേ ദൂരംവരെ അനുഗമിച്ചശേഷം പിന്തിരിഞ്ഞു കളഞ്ഞു. വിപ്ലവകാലത്ത് ഇയാൾ മദീനയിലുണ്ടായിരുന്നില്ല.

അമ്മാർ ബിൻ യാസിർ ആണ് മൂന്നാമത്തെ വ്യക്തി. ഇദ്ദേഹം ഒരു സഹാബി തന്നെയായിരുന്നു. രാഷ്ട്രീയത്തിൽ വേണ്ടത്ര വിവരം ഇല്ലാതിരുന്നതിനാൽ ഇദ്ദേഹം ചതിയിൽ പെട്ടുപോകയാണുണ്ടാ യത്. ഈജിപ്തിലെ ഗവർണ്ണരെപറ്റി ആവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹദ്റത്ത് ഉസ്മാൻ(റ) അദ്ദേ ഹത്തെ അവിടുത്തേക്കയച്ചപ്പോൾ, അബ്ദുല്ലാഹ് ബിൻ സബാ അദ്ദേ ഹത്തിന് ഗംഭീരമായ ഒരു വരവേല്പ് നൽകിക്കൊണ്ട് അദ്ദേഹ ത്തിന്റെ ചിന്താഗതികളെ അന്നത്തെ ഈജിപ്ത് ഗവർണ്ണർക്കെതി രായി തിരിച്ചുവിട്ടു. ഇസ്‌ലാംമതം സ്വീകരിക്കുന്നതിനു മുമ്പേ റസൂൽകരീം (സ) തിരുമേനിയുടെനേരെ കടുത്ത ശത്രുത പുലർത്തി

പ്പോന്നിരുന്ന ഒരാളുമായിരുന്നു അമ്മാർ ബിൻ യാസിർ. മക്കാവിജയാനന്തരമാണ് അദ്ദേഹം മുസ്‌ലിമായത്. അതുകൊണ്ട് എളുപ്പത്തിൽ വിപ്ലവക്കാരുടെ വലയിൽ അദ്ദേഹം കുടുങ്ങുമാറായി. ഈജിപ്ത് ഗവർണ്ണർക്കെതിരായിത്തിരിഞ്ഞ അദ്ദേഹം ക്രമത്തിൽ ഖലീഫയ്ക്കെതിരിലും പിറുപിറുപ്പ് തുടങ്ങി. എങ്കിലും ഇദ്ദേഹം വിപ്ലവത്തിൽ ഒരു പങ്കും വഹിച്ചിരുന്നില്ല. വിപ്ലവകാലത്ത് ഇദ്ദേഹം മദീനയിൽതന്നെ ഉണ്ടായിരുന്നെങ്കിലും സ്വഭവനത്തിൽ അടങ്ങിയൊതുങ്ങിക്കഴിയുകയോ വിപ്ലവകാരികളെ എതിർക്കാൻ മുമ്പോട്ടു വരാതിരിക്കുകയോ ചെയ്തുകൊണ്ട് വിപ്ലവത്തിൽനിന്നു അകന്നുനിന്നു. വിപ്ലവക്കാരുടെ ദുഷ്ചെയ്തികളെ സംബന്ധിച്ചിടത്തോളം അദ്ദേഹം തികച്ചും നിരപരാധിയായിരുന്നുതാനും.

ഇവർക്ക് പുറമെ മദീനയിൽ വിപ്ലവകാരികളുടെ അനുകൂലികളായി സഹാബിമാരിലോ സഹാബിമാരല്ലാത്തവരിലോ ആരുംതന്നെ ഉണ്ടായിരുന്നില്ല. മദീനക്കാരെല്ലാം അവരെ ശപിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തിരുന്നത്. വിപ്ലവകാരികളുടെ നിയന്ത്രണത്തിലായിരുന്നു എല്ലാം. അവരാകട്ടെ, ആരുടേയും ശാപശകാരങ്ങളെ വിലവെച്ചിരുന്നുമില്ല. ഖിലാഫത്ത് പദത്തിൽനിന്ന് ഒഴിയുന്നതിന് ഹദ്റത്ത് ഉസ്മാനെ അവർ ഇരുപത് ദിവസത്തോളം നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ, ഇതുവരെയും അവർ നാക്കിട്ടടിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. അതുകൊണ്ട് ഒരു ഫലവുമുണ്ടായതുമില്ല. എന്തെന്നാൽ, ഹദ്റത്ത് ഉസ്മാൻ(റ) അവരുടെ ആവശ്യങ്ങളെ ശ്രവണമാത്രയിൽ തള്ളിക്കളയുകയാണ് ചെയ്തിരുന്നത്. അല്ലാഹു എന്നെ ധരിപ്പിച്ച ഈ കുപ്പായം അഴിച്ചുകളയുവാൻ എനിയ്ക്ക് സാധ്യമേയല്ല! എന്ന് അദ്ദേഹം വെട്ടിത്തുറന്ന് പ്രസ്താവിക്കുകയും ചെയ്തു. ആർക്കും യഥേഷ്ടം എന്തക്രമവും നടത്താൻ സാധിക്കുമാറ് ഉമ്മത്തെ മുഹമ്മദിയ്യായെ നാഥനില്ലാതെ നിരാലംബം വിട്ടുകളയാൻ തനിയ്ക്കാവില്ലെന്ന് അദ്ദേഹം വ്യക്തമാക്കുകയും കുഴപ്പത്തിൽനിന്ന് പിന്മാറുവാൻ വിപ്ലവകാരികളെ പിന്നേയും പിന്നേയും ഉപദേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: “ഇന്നിവർ കുഴപ്പങ്ങളുണ്ടാക്കുകയും എന്നെ വലിയൊരു കീറാമുട്ടിയായി കരുതുകയും ചെയ്യുന്നു. എന്നാൽ, ഞാൻ പോയിക്കഴിഞ്ഞാൽ, ഹാ, ഉസ്മാന്റെ ജീവിതകാലത്തെ ഓരോ ദിവസവും ഓരോ കൊല്ലമായിരുന്നെങ്കിൽ! എന്ന് പറഞ്ഞ് ഇവർ വിലപിക്കും. അദ്ദേഹം ഇത്ര

വേഗം നമ്മിൽനിന്ന് വേർപെട്ടുപോയില്ലെങ്കിൽ എത്ര നന്നായിരുന്നു! എന്നും ഇവർ കേണുതുടങ്ങും. എന്തെന്നാൽ, എനിയ്ക്കുശേഷം തമ്മിൽതല്ലും രക്തച്ചൊരിച്ചലുമാണ് ഉണ്ടാകാൻ പോകുന്നത്. പൗരാവകാശങ്ങൾ ഹനിക്കപ്പെടുകയും നിയമരാഹിത്യം നടമാടുകയും ചെയ്യും. പഴയ വ്യവസ്ഥകളുടെ സ്ഥാനത്ത് പുതിയ ക്രമങ്ങൾ നിലവിൽവരും!" (ഉമയ്യാ ഖലീഫമാരുടെ കാലത്ത് അങ്ങനെ തന്നെയാണ് സംഭവിച്ചത്. ഖിലാഫത്ത് കേവലം ഭൗതിക ഭരണമായി മാറി. അതോടുകൂടി ഈ ശപ്തവിഭാഗം ഭയങ്കരശിക്ഷയ്ക്ക് ഇരയായിത്തീരുകയും തങ്ങളുടെ എല്ലാ കുസൃതികളും കുവേലകളും അവർക്ക് എന്നെന്നേയ്ക്കുമായി മറക്കേണ്ടിവരികയും ചെയ്തു.)

## ഖലീഫയുടെ വീട്ടിനു ഉപരോധം

20 ദിവസം കഴിഞ്ഞപ്പോൾ, ഉടനടി ഒരു തീരുമാനത്തിലെത്തേണ്ടതുണ്ടെന്ന് വിപ്ലവകാരികൾ കണ്ടു. വൈകിച്ചാൽ അടുത്ത പ്രവിശ്യകളിൽനിന്ന് സഹായസേനകൾ കുതിച്ചെത്തുകയും തങ്ങളുടെ എല്ലാ കുചെയ്തികൾക്കും കനത്ത ശിക്ഷ കിട്ടുമാറാകുമെന്നും അവർക്ക് നിശ്ചയമുണ്ടായിരുന്നു. ഖലീഫയുടെ ഭവനത്തിലേക്കുള്ള എല്ലാ പ്രവേശനദ്വാരങ്ങളും അവർ കെട്ടിമുട്ടിച്ചുകളഞ്ഞു. ആരേയും അകത്ത് കടക്കാനോ പുറത്തേക്ക് പോകാനോ അനുവദിച്ചില്ല. ഖലീഫയ്ക്ക് ആഹാരവും വെള്ളവുംപോലും മുടക്കപ്പെട്ടു. ഇത്തരം സമ്മർദ്ദതന്ത്രങ്ങൾ മുഖേന തങ്ങളുടെ ആവശ്യങ്ങൾ ഖലീഫയെ കൊണ്ടംഗീകരിപ്പിച്ചുകളയാമെന്നായിരുന്നു അവർ വ്യാമോഹിച്ചിരുന്നത്.

മദീന പൂർണ്ണമായും വിപ്ലവകാരികളുടെ കൈയ്യിലായിരുന്നു. മൂന്ന് സേനാവിഭാഗങ്ങളും ചേർന്നുകൊണ്ട് ഈജിപ്ഷ്യൻ സൈന്യവിഭാഗത്തിന്റെ തലവനായിരുന്ന ഗാഫ്ഖിയെ തങ്ങളുടെ സുപ്രീം കമാൻഡറായി എല്ലാവരും അംഗീകരിച്ചിരുന്നു. മദീനാ നഗരത്തിലെ മുസ്‌ലിം ജനസമൂഹം ഗാഫ്ഖിയുടെ കാരുണ്യത്തിന് തികച്ചും വിധേയമായിത്തീർന്നു. കൂഫാ സൈന്യത്തിന്റെ തലവനായിരുന്ന അശ്തറും ബസറ സൈന്യത്തിന്റെ നേതാവായിരുന്ന ഹക്കീം ബിൻ ജബലത്തും ഗാഫ്ഖിയുടെ കീഴിലായിരുന്നു. (സിമ്മികളുടെ മുതലുകൾ നിരന്തരം കൊള്ളനടത്തിക്കൊണ്ടിരുന്നതിനെ തുടർന്ന്

ഹക്കീം ബിൻ ജബലത്തിനെ കർശനമായ ബന്ധനത്തിൽ വെക്കുവാൻ ഖലീഫ ഉസ്മാൻ(റ) കുറച്ചുമുമ്പേ കല്പിച്ചിട്ടുണ്ടായിരുന്നു എന്നത് ഇവിടെ സ്മരണീയമത്രെ). ഗാഫ്ഖിയെ സർവ്വസൈന്യാധിപനായി നിശ്ചയിച്ചതും അത് പൊതുവെ അംഗീകരിക്കപ്പെട്ടതും ഈ കുഴപ്പത്തിന്റെയെല്ലാം വേര് ഈജിപ്തിലായിരുന്നുവെന്നാണ് ഒരിക്കൽകൂടി തെളിയിച്ചുകാട്ടിയത്. അവിടെ വെച്ചാണല്ലോ അബ്ദുല്ലാഹ് ബിൻ സബാ എല്ലാ ചരടുവലികളും നടത്തിക്കൊണ്ടിരുന്നത്. മസ്ജിദുന്നബ്‌വിയിൽ ഗാഫ്ഖി തന്നെയാണ് നമസ്കാരത്തിന് ഇമാമത്ത് വഹിച്ചുപോന്നതും. എന്നുവച്ചാൽ ഖലീഫയുടെ അധികാരങ്ങൾ അയാൾ സ്വയം കയ്യേറ്റം തുടങ്ങിയെന്നർത്ഥം. സഹാബാക്കൾ, തങ്ങളുടെ വീടുകളിൽ ഉപരോധിക്കപ്പെടുകയോ അഥവാ ഗാഫ്ഖിയുടെ പിന്നിൽനിന്ന് നമസ്കരിക്കാൻ നിർബന്ധിതരായിത്തീരുകയോ ചെയ്തിരുന്നു.

ഖലീഫ തിരുമനസ്സിലെ വീട്ടിന്നു ഉപരോധം ഏർപ്പെടുത്തുന്നതുവരേയും നിസ്സഹായരായ മദീനാ മുസ്‌ലിംകളുടെ നേരെ വിപ്ലവകാരികൾ കടുത്ത ദ്രോഹങ്ങൾ ആരംഭിച്ചിരുന്നില്ല. എന്നാൽ, ഖലീഫയുടെ ഭവനം ഉപരോധം ചെയ്യപ്പെട്ടതോടെ അത്യാചാരങ്ങൾ ദുസ്സഹമായിത്തീർന്നു. ഇപ്പോൾ മദീനാ 'ദാറുൽഅമൻ' അല്ല; മറിച്ച്, 'ദാറുൽഹർബ്' ആയി മാറിക്കഴിഞ്ഞിരുന്നു. മദീനാവാസികളുടെ മാനം അപകടത്തിലായി. ആയുധം ധരിക്കാതെ ആർക്കും വീട്ടിൽനിന്ന് പുറത്തിറങ്ങിക്കൂടായിരുന്നു. എതിർക്കുന്ന ഏതൊരാളേയും വിപ്ലവകാരികൾ നിർദ്ദയം നിഗ്രഹിച്ചുതുടങ്ങി.

## ഹദ്റത്ത് അലി(റ) ഇടപെടുന്നു

സ്ഥിതിഗതികൾ ഈ നിലയിലേക്കെത്തുകയും ഖലീഫാതിരുമനസ്സിലെ കുടുംബാംഗങ്ങൾ വെള്ളം പോലും ലഭിക്കാത്തനിലയിൽ ദാഹിച്ചുവലയുമാറാകുകയും ചെയ്തപ്പോൾ, ഹദ്റത്ത് ഉസ്മാൻ(റ) തന്റെ അയൽവാസിയായ ഒരു കുട്ടിയെ ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബൈർ(റ) എന്നിവരുടേയും തിരുപത്നിമാരുടേയും അടുക്കലേക്ക് വിവരം പറഞ്ഞയക്കുകയും സാധ്യമെങ്കിൽ സഹായമെത്തിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. പുരുഷന്മാരിൽ ആരേക്കാളുമാദ്യം സഹായത്തിനെത്തിച്ചേർന്നത് ഹദ്റത്ത് അലി(റ) ആയിരുന്നു. അദ്ദേഹം വിപ്ലവകാരികളെ ശാസിച്ചുപറഞ്ഞു: "നിങ്ങൾ എന്തുതരം ആൾക്കാരാണ്! നിങ്ങളുടെ വീക്ഷ

ണഗതികൾ ദുർഗ്രഹമായിരിക്കുന്നു. സത്യവിശ്വാസികൾക്ക് ചേർന്ന തല്ല നിങ്ങളുടെ പെരുമാറ്റം. അവിശ്വാസികൾ പോലും നിങ്ങളേക്കാൾ ഭേദം! ഹദ്റത്ത് ഉസ്മാന്റെ വീട്ടിലേക്കുള്ള ആഹാരപാനീയങ്ങൾ മുടക്കരുത്. റോമക്കാരും, പേർഷ്യക്കാരും അവിശ്വാസികളായിട്ടും തങ്ങളുടെ ശത്രുത്തടവുകാർക്ക് തീനും, വെള്ളവും മുടക്കിയിരുന്നില്ല. ഇസ്‌ലാമിക രീതിമുറകളനുസരിച്ചാകട്ടെ, നിങ്ങളുടെ പ്രവൃത്തികൾ ഒട്ടും ന്യായീകരിക്കാവുന്നതല്ല. ഹദ്റത്ത് ഉസ്മാൻ നിങ്ങൾക്ക് എന്ത് ദോഷമാണ് ചെയ്തിട്ടുള്ളത്? അദ്ദേഹത്തെ കൊല്ലുവാൻ നിങ്ങളൊരുങ്ങിയിരിക്കുകയാണോ?"

ഹദ്റത്ത് അലിയുടെ ഉപദേശങ്ങൾ അവരുടെ കാതുകളിൽ പതിഞ്ഞില്ല. ധിക്കാരികളായ അക്കൂട്ടർ വെട്ടിത്തുറന്ന് പറഞ്ഞത് ഇങ്ങനെയായിരുന്നു: "എന്തുവന്നാലും തരക്കേടില്ല. ഇയാൾക്ക് ഞങ്ങൾ ഒരുതുള്ളി വെള്ളമോ ഒരൊറ്റമണി ധാന്യമോ എത്തിക്കാൻ വിടില്ല."

റസൂൽകരീം(സ) തിരുമേനിയുടെ 'വസ്വീ' ആയി വിപ്ലവകാരികൾ കൊണ്ടാടുകയും തിരുനബിയുടെ പിൻഗാമിയായിരിക്കാൻ സർവ്വഥാ അവകാശിയും യോഗ്യനുമെന്ന് കൊട്ടിഘോഷിക്കുകയും ചെയ്തത് ആരെക്കുറിച്ചായിരുന്നുവോ ആ മഹാന് അവർ നൽകിയ മറുപടി അതായിരുന്നു! അപ്പോൾ, ഹദ്റത്ത് അലിയെ 'വസ്വീ'ഉം റസൂൽകരീം(സ) തിരുമേനിയുടെ പിന്തുടർച്ചാവകാശിയുമായി ഘോഷിച്ചുപോന്ന ഈ വിഭാഗം സത്യത്തിന്റെ രക്ഷയ്ക്കായിട്ടോ 'അഹലുൽ ബയ്ത്തി'നോടുള്ള മുഹബ്ബത്തുകൊണ്ടോ വീട്ടിൽനിന്ന് ഇറങ്ങിത്തിരിച്ചവരായിരുന്നില്ലെന്നും അവർക്ക് സ്വാർത്ഥപൂരണവും ഇസ്‌ലാമിന്റെ അടിത്തറമാന്തലും മാത്രമേ ഉദ്ദേശ്യമുണ്ടായിരുന്നുള്ളൂവെന്നും വ്യക്തമല്ലേ?

## ഉമ്മുൽമുഅ്മിനീൻ ഉമ്മുഹബീബ(റ)

തിരുപത്നിമാരിൽ ഖലീഫയുടെ സഹായാർത്ഥം ആദ്യമായി വന്നെത്തിയത് ഹദ്റത്ത് ഉമ്മുഹബീബ(റ) ആയിരുന്നു. ഒരു കോവർ കഴുതപ്പുറത്തേറിയാണ് അവർ അവിടെ വന്നത്. ഒരു തുരുത്തി വെള്ളവും അവർ കൂടെ കൊണ്ടുവന്നിരുന്നു. എന്നാൽ, അവർ വന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം ഹദ്റത്ത് ഉസ്മാന്റെ കയ്യിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഉമയ്യാ കുടുംബത്തിലെ യതീമീങ്ങളുടേയും വിധവമാരുടേയും വസിയ്യത്തുകൾ വിപ്ലവകാരികളുടെ കയ്യിൽപെട്ട് നശി

ച്ചുപോകുന്നതിനു മുമ്പേ ഭദ്രമായി സംരക്ഷിക്കുകയായിരുന്നു. വെള്ളം മുടക്കിയെന്നറിഞ്ഞപ്പോൾ എന്തും സംഭവിച്ചേക്കാമെന്ന് അവർ ഭയപ്പെട്ടു. അവർ ഹദ്റത്ത് ഉസ്മാന്റെ ഭവനത്തിന്റെ പ്രവേശദ്വാരത്തിലെത്തിയപ്പോൾ വിപ്ലവകാരികൾ തടഞ്ഞു. ആഗത ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബയാണെന്ന് ആളുകൾ വിളിച്ചുപറഞ്ഞുവെങ്കിലും വിപ്ലവകാരികൾ പിന്മാറിയില്ല. അവർ കോവർക്കഴുതയെ പ്രഹരിച്ചുതുടങ്ങി. ഉമ്മയ്യാ കുടുംബത്തിന്റെ വസിയ്യത്തുകളെല്ലാം നഷ്ടപ്പെട്ടുപോകുമെന്ന് താൻ ഭയപ്പെടുന്നുവെന്നും അത് സംബന്ധിച്ച് ഖലീഫാതിരുമനസ്സുമായി സംസാരിക്കാൻ, തന്നെ അകത്തേക്കു വിടണമെന്നും ഹദ്റത്ത് ഉമ്മു ഹബിബ(റ) അവരോട് പറഞ്ഞു. എന്നാൽ, പുണ്യനബിയുടെ ആ പവിത്ര സഹധർമ്മിണിയുടെനേരെ അവർ അട്ടഹസിച്ചത്: “കള്ളം! കള്ളം!!” എന്നായിരുന്നു.

ആ ദ്രോഹികൾ കഴുതയെ ആക്രമിക്കുകയും ഹദ്റത്ത് ഉമ്മു ഹബീബ(റ) ഇരുന്ന ജീനിമുറുക്കിയ കയർ അറുത്തുകളയുകയും ചെയ്തു. ഉമ്മുൽമുഅ്മിനീൻ കഴുതപ്പുറത്തുനിന്ന് താഴെ വീണ് പ്രക്ഷോഭകാരികളുടെ കാലുകൾക്കിടിയൽ പിടഞ്ഞുമരിക്കുമാറാകുമെന്നായപ്പോൾ അടുത്തുനിന്ന ചില മദീനക്കാർ പാഞ്ഞെത്തി അവരെ രക്ഷിക്കുകയും വീട്ടിലേക്ക് കൊണ്ടാക്കുകയും ചെയ്തു.

വരിഷ്ഠരിൽ വരിഷ്ഠനായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പവിത്രകളത്രങ്ങളുടെ നേരെ ഈ പ്രക്ഷോഭകാർക്കുണ്ടായിരുന്ന സ്നേഹാദരം അതാണ്! എന്നാൽ, ഹദ്റത്ത് ഉമ്മുഹബീബ(റ) നബിപുംഗുവനോട് പുലർത്തിയിരുന്ന പ്രേമവും ഭക്തിവിശ്വാസങ്ങളും എങ്ങനെയുള്ളതായിരുന്നു? 15 കൊല്ലത്തെ വേർപാടിനുശേഷം ആദ്യമായി, മക്കക്കാരുടെ നേതാവെന്ന നിലയിൽ ഒരു രാഷ്ട്രീയദൗത്യവുമായി മദീനയിൽ വന്ന സ്വന്തം പിതാവായ അബൂസുഫിയാൻ, തന്നെ സന്ദർശിച്ച അവസരത്തിൽ, അന്നദ്ദേഹം മക്കക്കാരുടെ മുടിചൂടാമന്നനായിരുന്നിട്ടും, തിരുനബിയുടെ ഇരിപ്പിടത്തിൽ ഇരിപ്പുറപ്പിച്ചത് കണ്ടപ്പോൾ മതാഭിമാനവിജ്രംഭിതയായ ആ സാധ്വീരത്നം* ഉടൻതന്നെ ആ വിരിപ്പ് സ്വപിതാവിന്റെ ചന്തിക്കടി

* നബിതിരുമേനി മദീനത്തേക്ക് ഹിജ്റ പുറപ്പെടുന്നതിന് 7 കൊല്ലം മുമ്പേതന്നെ, മറ്റു മുസ്‌ലികളോടൊപ്പം ഉമ്മു ഹബീബയും അബ്സീനിയയിലേക്ക് പോയിട്ടുണ്ടായിരുന്നു. തിരുമേനി മദീനയിൽ താമസമുറപ്പിച്ചശേഷം അവർ മദീനയിലേക്ക് മടങ്ങി. ഹിജ്റ 8ലാണ് അബൂസുഫിയാൻ തിരുമേനിയുമായി സന്ധി സംഭാ

യിൽനിന്ന് വിലിച്ചുനീക്കിക്കളഞ്ഞു! കാരണം, തിരുനബിയുടെ പാവനപ്പൂവുടൽ സ്പർശിച്ച ആ വിശുദ്ധവിരിപ്പ് പിതാവെങ്കിലും അപ്പോഴും അവിശ്വാസിയായ ഒരാളുടെ അപവിത്രഗാത്രത്തിലുരുമ്മുന്നതുപോലും അവർക്ക് സഹിക്കാവതായിരുന്നില്ല. നോക്കണം! തിരുനബിയുടെ അഭാവത്തിൽക്കൂടി, ആ വിശുദ്ധാത്മാവിന്റെ വസ്ത്രത്തോടുപോലും അനാദരം വന്നുപോവാതിരിപ്പാൻ ഹദ്റത്ത് ഉമ്മുഹബീബ(റ) കരുതൽ കാണിച്ചിരുന്നു. എന്നാൽ, ഈ ദ്രോഹികളോ? മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ അഭാവത്തിൽ ആ പുണ്യാത്മാവിന്റെ ഇഷ്ടസഖിയെതന്നെ അവഹേളിക്കുകയാണ് ചെയ്തത്! തിരുനബിയുടെ പത്നി കളവ് പറഞ്ഞെന്നവർ പുലമ്പിയെങ്കിലും ഉമ്മുൽമുഅ്മിനീൻ പറഞ്ഞത് കളവായിരുന്നില്ലെന്നത്രെ അനന്തരസംഭവഗതികൾ തെളിയിച്ചത്. ഹദ്റത്ത് ഉസ്മാൻ(റ) ഉമ്മയ്യാ കുടുംബത്തിലെ അനാഥകളുടേയും വിധവമാരുടേയും 'വലിയ്യ്'(രക്ഷാധികാരി) ആയിരുന്നു. ഇക്കൂട്ടരുടെ വർദ്ധിച്ചുവരുന്ന ശത്രുത കണ്ടിട്ട്, അനാഥരുടേയും വിധവകളുടേയും ആ മുതലുകൾ നഷ്ടപ്പെട്ടുപോകുമെന്ന് അവർക്ക് ആശങ്കയുണ്ടായെങ്കിൽ അത് ന്യായമായിരുന്നു. കള്ളം പറഞ്ഞത് ഹദ്റത്ത് ഉമ്മുഹബീബയായിരുന്നില്ല! മറിച്ച്, ആ വിപ്ലവകാരികൾതന്നെ. വളർന്നുപൊങ്ങുന്ന ഇസ്‌ലാംമതവൃക്ഷത്തിന്റെ കടയ്ക്കൽ പുണ്യനബിയോടുള്ള സ്നേഹാദരം ഭാവിച്ചുകൊണ്ട് കോടാലിവച്ച ഭക്തംമന്യരായ ആ കുലദ്രോഹികൾ!

## ഹദ്റത്ത് ആയിശാ(റ) മദീന വിടുന്നു

ഹദ്റത്ത് ഉമ്മുഹബീബയുടെ നേരെയുണ്ടായ പെരുമാറ്റത്തെക്കുറിച്ച് മദീനയിൽ പരക്കെ അറിയപ്പെട്ടതോടെ മുസ്‌ലിംകൾ ഞെട്ടിത്തെറിക്കുകയും ഈ വിപ്ലവകാരികളിൽനിന്ന് ഇനിയൊരു നന്മയും പ്രതീക്ഷിക്കാനില്ലെന്ന് ഉറപ്പിക്കുകയും ചെയ്തു. വിവരമറിഞ്ഞയുടനെ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശാ(റ) ഹജ്ജിന് പുറപ്പെടാനുള്ള സന്നാഹം ചെയ്തുതുടങ്ങി. ഹദ്റത്ത് ആയിശാ(റ) മദീനാ വിടുവാൻ പോകുകയാണെന്നറിഞ്ഞപ്പോൾ, അവർ മദീനയിൽതന്നെ ഉണ്ടായിരിക്കുന്നത് കുഴപ്പം മൂർച്ചിക്കാതിരിക്കാൻ സഹായകമായിരിക്കുമെന്ന് അഭിപ്രായമുള്ള ചില സഹാബിവര്യന്മാർ അവ

---

ഷണം നടത്തുന്നതിന് മദീനയിൽ വന്നത്. അബൂസുഫിയാന്റെ മകനായ അമീർ മുആവിയ ഹദ്റത്ത് ഉമ്മുഹബീബയുടെ സഹോദരനത്രെ.

രെചെന്ന് കാണുകയും പ്രസ്തുത ഘട്ടത്തിൽ മദീന വിടരുതെന്ന് അപേക്ഷിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് ആയിശാ(റ) അവരുടെ ആവശ്യത്തിന് വഴങ്ങിയില്ല. ഹദ്റത്ത് ഉമ്മുഹബീബയോടുണ്ടായ പെരുമാറ്റം തന്റെനേരേയും നടന്നുകാണാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് അവർ നിവേദകരോട് ചോദിക്കുകയുണ്ടായി. “അല്ലാഹുവാണ, എന്റെ മാനം അപകടപ്പെടുന്നതിന് ഞാനവസരം കൊടുക്കുകയില്ല” എന്ന് അവർ ദൃഢസ്വരത്തിൽ പറഞ്ഞു. (എന്തെന്നാൽ, തന്നോട് അപമര്യാദ കാണിക്കുന്നതിന് അവസരമുണ്ടാക്കുന്നത് തിരുനബിയെ കരുതിക്കൂട്ടി അപമാനിക്കുന്നതിന് തുല്യമാകുമെന്ന് ആ പുണ്യവതി മനസ്സിലാക്കിയിട്ടുണ്ടായിരുന്നു) തന്റെ നേരെയും വിപ്ലവകാരികൾ അതിക്രമം കാണിക്കുന്ന പക്ഷം അതിനെ തടയാൻ എന്ത് ഏർപ്പാടുകളാണുള്ളതെന്നും അവർ ചോദിച്ചു. ഇക്കൂട്ടർ ദ്രോഹപ്രവൃത്തികളിൽ എത്രത്തോളം അതിർകടന്നിട്ടുണ്ടെന്നും ഇതിന്റെയെല്ലാം ഒടുപുലർച്ച എന്തായിരിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ എന്നും അവർ തുടർന്നു പറഞ്ഞു. യാത്രയ്ക്കിടയിൽ കുഴപ്പമവസാനിപ്പിക്കാനുള്ള ചില നടപടികളും അവർ ആലോചിക്കാതിരുന്നില്ല. അങ്ങനെ തന്റെ കൂടെ ഹജ്ജിന് വരുന്നതിന് ക്ഷണിച്ചുകൊണ്ട് സ്വസഹദോരനായ മുഹമ്മദിന്റെ (മുഹമ്മദ് ബിൻ അബൂബക്കർ) അടുക്കൽ ഹദ്റത്ത് ആയിശാ ആളയച്ചു. അദ്ദേഹമാകട്ടെ, ആ നിർദ്ദേശം നിരസിച്ചുകളയുകയാണ് ചെയ്തത്. അപ്പോൾ ഹദ്റത്ത് ആയിശാ(റ) ഇപ്രകാരം പറഞ്ഞു: “ഞാനെന്തു ചെയ്യാനാണ്! എന്റെ കഴിവിൽപ്പെട്ടതാണെങ്കിൽ, അക്കൂട്ടരെ അവരുടെ ഉദ്ദേശ്യങ്ങളിൽ വിജയിക്കാൻ ഞാൻ ഒരിക്കലും അനുവദിക്കുകയില്ലായിരുന്നു.”

## ഗവർണ്ണർമാർക്ക് ഖലീഫയുടെ കത്ത്

ഹദ്റത്ത് ആയിശാ(റ) ഹജ്ജിന് യാത്രയായി. പുറത്തേക്ക് പോകാൻ കഴിയുമാറായ മറ്റുചില സഹാബാക്കളും മദീനയിൽനിന്ന് നീങ്ങിത്തുടങ്ങി. ഏതാനും പ്രധാന സഹാബിമാരൊഴിച്ച് ബാക്കി എല്ലാവരും വീടുകളിൽത്തന്നെ കഴിഞ്ഞുകൂടുകയാണ് ചെയ്തത്. ഒടുവിൽ, സൗമനസ്യവും ദയാദാക്ഷിണ്യവും കൊണ്ടൊന്നും ഇക്കൂട്ടരെ മെരുക്കിയെടുക്കാൻ സാധ്യമല്ലെന്ന് ഹദ്റത്ത് ഉസ്മാനും പരിപൂർണ്ണ ബോധ്യമായി. അതുകൊണ്ട് സംസ്ഥാന ഗവർണ്ണർമാർക്ക് അദ്ദേഹം ഒരു കത്ത് തയ്യാറാക്കി അയച്ചു. അതിന്റെ ഉള്ളടക്കം ഇപ്ര

കാരമായിരുന്നു.

“ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റേയും ശേഷം ഖിലാഫത്തിനെക്കുറിച്ച് കൂടിയാലോചന ചെയ്യാൻ നിയുക്തമായ കമ്മിറ്റിയിൽ, സ്വന്തത്തിൽ ആഗ്രഹിക്കുകയോ അപേക്ഷിക്കുകയോ ചെയ്യാതെതന്നെ ഞാനും ഉൾപ്പെടുമാറായിരുന്നു. പിന്നീട് ഞാനാഗ്രഹിക്കാതേയും എന്നോട് ചോദിക്കാതേയും ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി. അങ്ങനെ, എനിക്ക് മുമ്പേയുള്ള ഖലീഫമാർ ചെയ്തുവന്നതുപോലെ ഞാനും ആ കർത്തവ്യം നിർവ്വഹിച്ചുപോന്നു. ഞാൻ ഒരു അനാചാരവും നടപ്പാക്കിയിട്ടില്ല. എന്നാൽ, ചിലരുടെ ഹൃദയത്തിൽ തിന്മയുടെ ബീജം മുളച്ചുപൊന്തുകയും അവർ അക്രമത്തിലേക്കും ദ്രോഹപ്രവർത്തനങ്ങളിലേക്കും വഴുതിപ്പോവുകയും ചെയ്തിരിക്കുകയാണ്. അവർ എനിക്കെതിരായി ഗൂഢാലോചനകൾ നടത്തിത്തുടങ്ങിയിരിക്കുന്നു. അകത്ത് കത്തിയും പുറത്ത് പത്തിയും എന്ന തോതിലാണ് അവർ നീങ്ങുന്നത്. എനിക്ക് മുമ്പേയുള്ള ഖലീഫമാർക്കും കൊള്ളുന്നവിധം അവർ ആക്ഷേപാസ്ത്രങ്ങൾ എയ്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം അറിഞ്ഞും കണ്ടുംതന്നെ ഞാൻ മൗനമവലംബിച്ചുപോന്നു. എന്നാൽ, എന്റെ സൗമനസ്യത്തിൽനിന്നും ദയാദാക്ഷിണ്യത്തിൽനിന്നും മുതലെടുത്തുകൊണ്ട് അവർ അക്രമങ്ങളിലും ദ്രോഹങ്ങളിലും മുന്നേറുകയാണ് ചെയ്തത്. ഒടുവിൽ കൊടിയ കാഫിറുകളുടേതുമാതിരി അവരിതാ മദീനാമുനവ്വറയ്ക്ക് നേരേയും ആക്രമണം നടത്തിയിരിക്കുന്നു. നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും സഹായം നൽകാൻ ആവുമെങ്കിൽ സഹായത്തിനുള്ള ഏർപ്പാടുകൾ ചെയ്യുവിൻ!”

## ഹാജിമാർക്ക് ഖലീഫയുടെ കത്ത്

ഇപ്രകാരംതന്നെ, ഹജ്ജിന് ഒരുമിച്ചുചേരുന്ന മുസ്‌ലിംകളുടെ പേർക്ക് മറ്റൊരു കത്തും അദ്ദേഹം എഴുതുകയും കുറച്ചു ദിവസങ്ങൾക്കുശേഷം അത് അയക്കുകയുമുണ്ടായി. അതിന്റെ ഉള്ളടക്കം ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു.

“ഞാൻ നിങ്ങളെയെല്ലാം ദൈവമാർഗ്ഗത്തിലേക്ക് വിളിച്ചുകൊള്ളട്ടെ; ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഒരുവിഭാഗം ആളുകൾ ഇപ്പോൾ കുഴപ്പങ്ങൾ അഴി

ച്ചുവിടുകയും ഇസ്ലാമിൽ ഭിന്നിപ്പുകളുണ്ടാക്കുന്നതിൽ വ്യാപൃത രായിരിക്കുകയുമാണ്. ദൈവമാണ് ഖലീഫയെ ആക്കുന്നതെന്ന് ഇവർ ഓർക്കുന്നില്ല. അല്ലാഹു ഖുർആനിൽ പറയുന്നത് وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ ''നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവ രോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവരെ ഭൂമിയിൽ ഖലീഫമാരാക്കുമെന്ന്.... (24:56) ഈ ആളുകൾ യാദൃശ്ചിക സംഭ വങ്ങളെ വിലയിരുത്താൻ കൂട്ടാക്കാത്തവരുമത്രെ. എന്നാൽ, അല്ലാഹു കല്പിച്ചിരിക്കുന്നത് وَاعْتَصِمُوْا بِحَبْلِ اللّٰهِ جَمِيْعًا നിങ്ങൾ ദൈവപാശത്തെ മുറുകെപിടിച്ചുകൊൾവിൻ എന്നാകുന്നു (3:104). അവർ എന്റെ പേരിൽ ദുരാരോപണം ചെയ്യുന്നവരുടെ വാക്കു കൾകേട്ട് പൊറുക്കുകയും ഖുർആന്റെ കല്പനയെ പിൻപുറം തള്ളു കയുമാണ് ചെയ്യുന്നത്. ഖുർആൻ പറയുന്നത് يٰاَيُّهَا الَّذِيْنَ اٰمَنُوْٓا اِنْ جَآءَكُمْ فَاسِقٌۢ بِنَبَاٍ فَتَبَيَّنُوْٓا അല്ലയോ സത്യവിശ്വാസി കളേ! ആജ്ഞാലംഘകരായ ആരെങ്കിലും വാർത്തയുമായി വന്നാൽ, (അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച്) നിങ്ങൾ പൂർണ്ണ മായും ഉറപ്പുവരുത്തുവിൻ- അജ്ഞതയാൽ നിങ്ങൾ ഇതരന്മാരെ മുസീബത്തിൽ പെടുത്താതിരിക്കാൻ വേണ്ടി(49:7). അക്കൂട്ടർ എന്നോട് ചെയ്ത പ്രതിജ്ഞയെ വിലവെച്ചില്ല. തിരുനബിയെപറ്റി അല്ലാഹു പറഞ്ഞിട്ടുള്ള اِنَّ الَّذِيْنَ يُبَايِعُوْنَكَ اِنَّمَا يُبَايِعُوْنَ اللّٰهَ ۭ നിശ്ചയമായും നിനക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവർ അല്ലാഹുവിനാണ് ബയ് അത്ത് ചെയ്തിരിക്കുന്നത് (48:11) എന്നാണ്. ഞാൻ തിരുനബിയുടെ പ്രതിപുരുഷനത്രെ. നേതാവില്ലാത്ത ഒരു ജനതയും ഉന്നതി പ്രാപി ക്കുമാറില്ലതന്നെ. ഇമാമില്ലെങ്കിൽ ജമാഅത്തിന്റെ എല്ലാ കാര്യപരി പാടികളും താറുമാറായിപ്പോകും. ഇസ്ലാമിക സമുദായത്തെ നാശ ക്കുഴിയിലേക്ക് നയിക്കാനാണ് ഇവർ ആഗ്രഹിക്കുന്നത്. അതല്ലാതെ മറ്റൊന്നും ഇവർക്ക് ഉദ്ദേശ്യമില്ല. ഇവരുടെ ആവശ്യങ്ങളെ മാനിച്ച് ഞാൻ ഗവർണ്ണർമാരെ മാറ്റി. ചിലരെ മാറ്റാൻ ആലോചിക്കുന്നുമു ണ്ട്. ഇതുകൊണ്ടൊന്നുമവർ ദ്രോഹപ്രവർത്തനങ്ങളിൽനിന്ന് പിന്തി രിഞ്ഞില്ല. അവരിപ്പോൾ പറയുന്നത് മൂന്ന് ആവശ്യങ്ങളിൽ ഏതെ ങ്കിലുമൊന്ന് സ്വീകരിക്കണമെന്നാണ്. എന്റെ ഖിലാഫത്ത് കാലത്ത് ഞാൻ ശിക്ഷിച്ചിട്ടുള്ളവർക്കെല്ലാം വേണ്ടി എന്നോട് പ്രതിക്രിയ ചെയ്യാൻ അനുവദിക്കണമെന്നത്രെ ഒന്ന്. അല്ലെങ്കിൽ, ഞാൻ ഖലീ

ഫാപദം രാജിവെച്ചൊഴിയണം. എന്റെ സ്ഥാനത്ത് അവർ മറ്റാരെയെങ്കിലും വാഴിക്കുമത്രെ! ഇതും സ്വീകാര്യമല്ലെങ്കിൽ, എന്നോട് കൂറും അനുസരണവും കാണിക്കരുതെന്ന് ഇവർ തങ്ങളുടെ എല്ലാ കൂട്ടുകാരോടും ആവശ്യപ്പെടുമെന്ന് ഭീഷണിപ്പെടുത്തുകയാണ്.

"ഒന്നാമത്തെ കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഇത്രമാത്രമാണ്; എനിക്ക് മുമ്പേയുള്ള ഖലീഫമാർക്കും തീരുമാനങ്ങൾ കല്പിക്കുന്നതിൽ ചിലപ്പോൾ പിഴവുകൾ പിണഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ, അവർ അതിന് ശിക്ഷിക്കപ്പെട്ടിരുന്നില്ല. ഇത്തരം ഒരു ശിക്ഷ എന്റെമേൽ നടത്തുകയെന്നതിന്റെ അർത്ഥം എന്നെ കൊല്ലുകയെന്നതല്ലാതെ മറ്റെന്താണ്?

"രണ്ടാമത്തെ കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഇത്രമാത്രമാണ്: എന്റെ ശരീരം അവർ അരിഞ്ഞരിഞ്ഞ് വീഴ്ത്തുന്നതും കൊള്ളാം. എന്നാൽ, അവസാനത്തെതുള്ളി ചോരയൂർന്നുപോയാലും ഞാൻ ഖലീഫാസ്ഥാനം ഉപേക്ഷിക്കുന്നതല്ല!

"മൂന്നാമത്തെ കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഇതത്രെ: എന്നെ അനുസരിക്കരുതെന്ന് ഇവർ എല്ലായിടത്തും ആളയച്ച് പ്രചാരവേല ചെയ്യുമെന്നാണെങ്കിൽ, ഞാൻ ദൈവത്തിന്റെ മുമ്പിൽ അതിൽ കുറ്റക്കാരനല്ല. ശരീഅത്തിന്നെതിരായ ഒരു നീക്കം അവർ നടത്തുന്നുവെങ്കിൽ അവർ നടത്തിക്കൊള്ളട്ടെ. അതവരുടെ ഇഷ്ടം. മുമ്പേയും അവർ എനിക്ക് ബയ്അത്ത് ചെയ്തവരായിരുന്നു. അപ്പോഴും ഞാനവരെ അതിന് നിർബന്ധിച്ചിരുന്നില്ലല്ലോ. പ്രതിജ്ഞയെ ലംഘിക്കുന്നവരുടെനേരെ ഞാൻ തൃപ്തനല്ല. അല്ലാഹുവും അതിൽ തൃപ്തനാകുകയില്ല. അവർക്കിഷ്ടമുള്ളത് അവർ ചെയ്തുകൊള്ളട്ടെ!"

## ഖലീഫയുടെ വീട്ടിന് കല്ലേറ്!

ഹജ്ജിന്റെ സമയം ആസന്നമായതിനാൽ മുസ്‌ലിംകൾ നാനാഭാഗങ്ങളിൽനിന്നും മക്കയിൽ ഒരുമിച്ചുകൂടുമായിരുന്നു. അവിടെയും വിപ്ലവകാരികൾ ചെന്ന് കുഴപ്പമുണ്ടാക്കാതിരിക്കാനും ഹജ്ജിനായി ഒരുമിച്ചു ചേരുന്ന മുസ്‌ലിംകൾക്ക് മദീനക്കാരെ സഹായിക്കാനാവുമെന്നോർത്തും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസിനെ അമീറാക്കിക്കൊണ്ട് ഒരു സംഘത്തെ മക്കത്തേക്കയച്ചു. ഖലീഫയുടെ ആസ്ഥാനത്തിൽ നിലയുറച്ചുകൊണ്ട് ജിഹാദ് ചെയ്യാനാണ് താനി

ഷ്ടപ്പെടുന്നതെന്ന് പറഞ്ഞുകൊണ്ട് ഹദ്‌റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) തന്നെ ഒഴിവാക്കാൻ കേണപേക്ഷിച്ചു. ഹജ്ജിനായി പുറപ്പെടാനും ഖാഫിലയുടെ നേതാവാകാനും ഹദ്‌റത്ത് ഉസ്മാൻ (റ) അദ്ദേഹത്തെ നിർബ്ബന്ധിച്ചു. ഹജ്ജിന് വന്നവരെ കുസൃതിക്കാർ കുഴപ്പത്തിലേക്ക് ചാടിക്കാതിരിക്കാനും മദീനാമുസ്‌ലിംകളെ സഹായിക്കുന്നതിൽ അവരിൽ സ്വാധീനം ചെലുത്താനും വേണ്ടി ഹദ്‌റത്ത് ഇബ്നുഅബ്ബാസ്(റ) തന്നെ പോകേണ്ടതുണ്ടെന്ന് ഖലീഫ വിശദീകരിച്ചുകൊടുക്കുകയും ഹാജിമാർക്കുള്ള തന്റെ കത്ത് അദ്ദേഹത്തെ ഭരമേല്പിക്കുകയും ചെയ്തു. ഈ കത്തുകളെക്കുറിച്ച് വിപ്ലവകാരികൾക്ക് വിവരം കിട്ടിയപ്പോൾ അവർ കൂടുതൽ സമ്മർദ്ദതന്ത്രങ്ങളും അത്യാചാരങ്ങളും നടത്തിത്തുടങ്ങി. ഒരു കലാപം ഉണ്ടാക്കുന്നതിനുള്ള എന്തെങ്കിലും കാരണം സൃഷ്ടിക്കാൻ അവർ ബദ്ധപ്പെടുകയായിരുന്നു: ആ കലാപത്തിനിടയിൽ ഹദ്‌റത്ത് ഉസ്മാനെ കൊന്നുകളയാനും! എന്നാൽ, അവരുടെ ആ ശ്രമങ്ങളെല്ലാം വിഫലമാകുകയാണുണ്ടായത്. അവർക്ക് അക്രമം പ്രവർത്തിക്കുന്നതിന് ഹദ്‌റത്ത് ഉസ്മാൻ(റ) വഴിവെച്ചില്ല. രാത്രി ഇരുട്ടിക്കഴിഞ്ഞാൽ ഹദ്‌റത്ത് ഉസ്മാന്റെ വീട്ടിലേക്ക് കല്ലെറിയാൻ അവർ തീർച്ചയാക്കി. ഖലീഫയുടെ വീട്ടിൽനിന്ന് തിരിച്ച് കല്ലേറ് വന്നാൽ അപ്പേരിൽ തങ്ങളെ ആക്രമിച്ചതായി ബഹളംകൂട്ടി ഉള്ളിൽ കടക്കാമെന്നതായിരുന്നു അവരുടെ പദ്ധതി. എന്നാൽ, പ്രതികാരപരമായി ഒന്നും ചെയ്തുപോകരുതെന്ന് ഹദ്‌റത്ത് ഉസ്മാൻ(റ) തന്റെ ഗൃഹത്തിലെ അന്തേവാസികൾക്ക് നിർദ്ദേശം നൽകിയിരുന്നതിനാൽ അവരുടെ ആ പദ്ധതി വിജയിച്ചില്ല. സഹിക്കവയ്യാതായപ്പോൾ ഒരു ദിവസം ഖലീഫാതിരുമനസ്സുകൊണ്ട് പുറത്തുവന്ന് കുഴപ്പക്കാരോട് ഇപ്രകാരം പറഞ്ഞു: "അല്ലയോ ജനങ്ങളേ, ഞാനല്ലേ നിങ്ങളുടെ മുമ്പിൽ കുറ്റക്കാരൻ, വീട്ടിലിരിക്കുന്ന മറ്റുള്ളവർ എന്തു കുറ്റമാണ് ചെയ്തത്? നിങ്ങൾ കല്ലേറ് നടത്തുമ്പോൾ മറ്റുള്ളവർക്ക് അത് കൊള്ളാൻ ഇടവരില്ലേ?" "തങ്ങൾ കല്ലേറ് നടത്തിയിട്ടേയില്ലെന്ന്'' അവർ മറുത്തുപറഞ്ഞു. "നിങ്ങളല്ലെങ്കിൽ മറ്റാര്?" എന്നദ്ദേഹം തിരിച്ചുചോദിച്ചപ്പോൾ അവർ പറഞ്ഞത്: "പടച്ചോൻതന്നെ എറിഞ്ഞതായിരിക്കും" എന്നായിരുന്നു. (നഊദുബില്ലാഹ്). ഹദ്‌റത്ത് ഉസ്മാൻ(റ) ഇപ്രകാരം തുടർന്നു: "നിങ്ങൾ പച്ചക്കള്ളം പറയുകയാണല്ലേ? അല്ലാഹു എറിയുന്നതൊന്നും പിഴക്കാറില്ല! നിങ്ങളെറിയുന്നതെല്ലാം ലക്കുതെറ്റി അങ്ങുമിങ്ങും വീണ് ചിതറിക്കിടക്കുക

യാണല്ലോ?" ഇത്രയും പറഞ്ഞശേഷം ഖലീഫ അവിടെനിന്ന് മാറി അകത്തേക്ക് പോയി.

## ഹദ്റത്ത് അലിയുടെ മാന്യത

സഹാബാക്കളിലാരും ഖലീഫയുമായി അടുക്കുന്നതിന് വിപ്ലവകാരികൾ അവസരമുണ്ടാക്കിയില്ല. എന്നാലും, അവർ തങ്ങളുടെ കർത്തവ്യത്തെക്കുറിച്ച് ബോധമില്ലാത്തവരായിരുന്നില്ല. അവർ ഇരുഭാഗങ്ങളായി പിരിഞ്ഞു. സാമാന്യജനങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിയുമാറ് വിവരമുള്ളവരും വയസ്സുമൂത്തവരും ജനങ്ങളെ കാര്യങ്ങൾ ധരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ശരീരബലവും ആയോധനപാടവവും ഉള്ളവർ ഖലീഫയുടെ രക്ഷയ്ക്കുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

ആദ്യം പറഞ്ഞകൂട്ടത്തിൽ ഹദ്റത്ത് അലിയും പേർഷ്യാജേതാവായ സഅ്ദ് ബിൻ വഖാസ്വും ആണ് ആരേക്കാളും മുന്നിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. പ്രത്യേകിച്ചും ഹദ്റത്ത് അലി(റ). ഈ കുഴപ്പകാലത്ത് ഹദ്റത്ത് അലി(റ) തന്റെ എല്ലാ പ്രവൃത്തികളും മാറ്റിവെച്ച് ഫിത്നയെ അമർത്തുന്നതിലാണ് വ്യാപൃതനാകുന്നത്. അക്കാലത്തെ സംഭവങ്ങൾ വിവരിച്ചിട്ടുള്ള അബ്ദുർറഹ്മാൻ എന്നു പേരായ ഒരു നിവേദകൻ പറയുന്നത്, ഹദ്റത്ത് അലി(റ) തന്റെ എല്ലാ പ്രവൃത്തികളും ഉപേക്ഷിച്ചുകൊണ്ട് പ്രക്ഷോഭകാരികളെ തണുപ്പിക്കാനും ഖലീഫയുടെ ക്ലേശങ്ങളെ ദൂരീകരിക്കാനും വേണ്ടി രാവും പകലും പണിപ്പെട്ടുകൊണ്ടിരിക്കുന്നതായി കണ്ടു എന്നാണ്. ഒരുദിവസം ഖലീഫയുടെ വീട്ടിൽ വെള്ളമെത്താൻ വൈകിയതിനെ തുടർന്ന് അക്കാര്യം ഏറ്റിരുന്ന ഹദ്റത്ത് ത്വൽഹയുമായി ഹദ്റത്ത് അലി(റ) ഇടയേണ്ടിവരികപോലുമുണ്ടായി. ഹദ്റത്ത് ഉസ്മാന്റെ വീട്ടിൽ വെള്ളമെത്തിക്കുന്നതുവരെ അദ്ദേഹത്തിന് വിശ്രമിക്കാൻ കഴിഞ്ഞില്ല.

## യുവസിംഹങ്ങൾ രംഗത്ത്

മറ്റേ വിഭാഗം ഒന്നുംരണ്ടും പേരായി, അവസരം നോക്കി ഹദ്റത്ത് ഉസ്മാന്റെ ഭവനത്തിലും അയൽവീടുകളിലും ഒത്തുകൂടാൻ തുടങ്ങി. തങ്ങളുടെ ജീവൻ കളഞ്ഞിട്ടല്ലാതെ ഹദ്റത്ത് ഉസ്മാനെ തൊടുവാൻപോലും അനുവദിക്കില്ലെന്ന് അവരെല്ലാം

ദൃഢനിശ്ചയം ചെയ്തിട്ടുമുണ്ടായിരുന്നു. ഈ ഗണത്തിൽ ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബൈർ(റ) എന്നിവരുടെ മക്കൾക്കു പുറമേ, സഹാബികളിൽ ഒരുവിഭാഗവും ഉൾപ്പെട്ടിരുന്നു. ഇവർ രാപ്പകലെന്യേ ഖലീഫയുടെ വീട്ടിന് കാവൽനിന്നു. ഒരു ശത്രുവിനേയും അവർ വീട്ടിന്നരികെ വരാൻ അനുവദിച്ചില്ല. എന്നാൽ, ഒരു വലിയ സൈന്യത്തെ ഒരു ചെറിയവിഭാഗം ആളുകൾക്ക് എത്രവരെ ചെറുത്തുനില്ക്കാൻ കഴിയും? എന്തെങ്കിലും കാരണമുണ്ടാക്കി ഹദ്റത്ത് ഉസ്മാനെ കൊല്ലുവാനല്ലാതെ ശക്തി പ്രയോഗിച്ച് കൊന്നുകളയാൻ വിപ്ലവക്കാരും ഉദ്ദേശിച്ചിട്ടില്ലായിരുന്നു. ഈ സന്നിഗ്ദ്ധഘട്ടത്തിലും ഹദ്റത്ത് ഉസ്മാൻ(റ) പ്രദർശിപ്പിച്ച ഇസ്ലാമിക സന്മനോഭാവം അത്ഭുതകരമായിരുന്നു! മൂവായിരത്തോളം ശത്രുപടയാളികൾ തന്റെ വീട്ടുമുറ്റത്ത് വളഞ്ഞുകൂടീയിരിക്കുകയായിരുന്നു. അവരിൽനിന്ന് രക്ഷപ്പെടുവാൻ ഒരു വഴിയുമില്ലതാനും. ആ സന്ദിഗ്ദ്ധഘട്ടത്തിലും തന്നെ രക്ഷിക്കാൻവേണ്ടി ബദ്ധപ്പെട്ടെത്തിയവരോട് അവിടന്ന് പറഞ്ഞത്, ജീവൻ അപകടപ്പെടുത്താതെ എല്ലാവരും തിരിച്ചുപോകണമെന്നായിരുന്നു! വിപ്ലവകാരികൾക്ക് തന്നോടാണ്, തന്നോടുമാത്രമാണ്, ശത്രുതയുള്ളതെന്നും മറ്റാരോടുമില്ലെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നു. ഈ കുഴപ്പക്കാരുടെ കൈകളാൽ ഇസ്ലാം അതിഭയാനകമായൊരു ആപത്തിലകപ്പെടുമാറാകയും, ബാഹ്യമായ ഐക്യം പോയിട്ട് സ്വർഗ്ഗീയ സഹായങ്ങൾപോലും താറുമാറായിപ്പോകയും ചെയ്തുതുടങ്ങുന്ന ആ നിരാശാജനകമായ നാളുകളിലേക്കാണ് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടികൾ അപ്പോൾ പതിഞ്ഞിരുന്നത്. അന്നാളുകളിൽ ഇസ്ലാമിന്റെ രക്ഷയ്ക്കുവേണ്ടി ഓരോ സഹാബിയും മരിച്ചുവീഴേണ്ടത് ആവശ്യമായി വരുമെന്നും അതിനാൽ തന്റെ ജീവൻ രക്ഷിക്കുകയെന്ന പാഴ്വേലയ്ക്കായി സഹാബാക്കളുടെ അമൂല്യജീവിതങ്ങൾ ബലിയർപ്പിക്കപ്പെടേണ്ടതില്ലെന്നും ആണദ്ദേഹം ആഗ്രഹിച്ചത്. അതിനാൽ, ആരും സംഘട്ടനത്തിന് ഒരുങ്ങേണ്ടതില്ലെന്ന് അദ്ദേഹം ശാസിച്ചിരുന്നു. നബിതിരുമേനിയുടെ ദിവ്യസവിധത്തിൽ കഴിഞ്ഞുകൂടാൻ ഭാഗ്യം സിദ്ധിച്ച പുണ്യസഹാബിമാർ ആസന്നമായിരുന്ന കൊടുംഫിത്നയെ ഇല്ലാതാക്കുന്നതിനുവേണ്ടി പരിശ്രമിക്കുമാറാകാൻ സുരക്ഷിതരായിരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം വീണ്ടും വീണ്ടും ഉപദേശിച്ചുകൊണ്ടിരുന്നു. എന്നാൽ, ഖലീഫയുടെ ഉദ്ബോധനമുണ്ടായിട്ടും അദ്ദേഹത്തിന്റെ

വീട്ടിനടുത്തെത്താൻ കഴിഞ്ഞവർ തങ്ങളുടെ കർത്തവ്യനിർവ്വഹണ ത്തിൽ ഒരു വിലോപവും വരുത്തിയില്ല. വരാനിരുന്ന ആപത്തിനെ അവർ ആഗതവിപത്തിനുപരിയായി കാണാതിരുന്നുമില്ല. എന്നാൽ, അവരുടെ ജീവൻ അപ്പോൾ സുരക്ഷിതമായിത്തന്നെയിരുന്നത് വിപ്ല വകാരികൾ ഖലീഫയെ കൊല്ലാനുള്ള എന്തെങ്കിലും ഒരു കാരണം തിരക്കിക്കൊണ്ടിരുന്നതിനാൽ, മാത്രമായിരുന്നു. എന്നാൽ, അവർക്ക് അധികസമയം അതിനുവേണ്ടി കാത്തിരുന്നുകൂടെന്നായി. ഖലീഫാ തിരുമനസ്സുകൊണ്ട് ഹജ്ജാജികൾക്കെഴുതിയ മനമലിയിപ്പിക്കുന്ന ആ കത്ത് ഇതിനകം ഹജ്ജാജികളുടെ സമ്മേളനത്തിൽ വായിക്ക പ്പെട്ടുകഴിഞ്ഞിരുന്നു. ഹജ്ജ് കഴിഞ്ഞുടനെ ജിഹാദിനുള്ള മഹ ത്തായ അവസരം ലഭിക്കാൻ പോകുന്നതിൽ മുസ്‌ലിംകൾ ആക മാനം കുതൂഹലംകൊള്ളുമാറായിരുന്നുതാനും. ഈജിപ്തുകാരായ കുഴപ്പക്കാരുടെ കഥ കഴിക്കണമെന്ന് അവരെല്ലാം തീർച്ചപ്പെടുത്തി ക്കഴിഞ്ഞിരുന്നു. എന്നാൽ, മക്കത്തെ ഈ ചലനങ്ങളെല്ലാംതന്നെ വിപ്ലവക്കാരുടെ ചാരന്മാർ അപ്പപ്പോൾ അറിയിച്ചുകൊടുത്തുകൊ ണ്ടിരുന്നതിനാൽ അവരുടെ കേമ്പിൽ വലിയ പരിഭ്രമമുളവായി. അവർ ഇതികർത്തവ്യതാമൂഢരായിത്തീർന്നിരുന്നു. ഖലീഫയെ ഇനിയും വെച്ചിരുന്നാൽ തങ്ങൾക്ക് രക്ഷയില്ലെന്നും മുസ്‌ലിംകളുടെ കയ്യാൽ തങ്ങൾ പിച്ചിച്ചീന്തപ്പെടുമെന്നതിൽ സംശയലേശമില്ലെന്നും വിപ്ലവനേതാക്കൾ കണ്ടു.

## വിപ്ലവക്കാർക്ക് പരിഭ്രമം

ശാമിലും കൂഫയിലും ബസ്വറയിലും ഹദ്റത്ത് ഉസ്മാന്റെ കത്തു കൾ എത്തിക്കഴിഞ്ഞിട്ടുണ്ടെന്നും ഖലീഫയുടെ നിർദ്ദേശവും കാത്തിരിക്കുകയായിരുന്ന അവിടുത്തുകാരെല്ലാം രോഷാകുലരായി ഇളകിപ്പുറപ്പെട്ടിരിക്കയാണെന്നും ഉള്ള വിവരവും കൂടി കിട്ടിയപ്പോൾ വിപ്ലവകാരികളുടെ പരിഭ്രമം ശതഗുണീഭവിച്ചു. സഹാബാക്കൾ ഈ അവസരത്തിൽ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ തികച്ചും മനസ്സി ലാക്കിക്കൊണ്ടുതന്നെ എല്ലാ പള്ളികളിലും ആൾക്കൂട്ടങ്ങളിലും മുസ്‌ലിംകളുടെ കടമയെക്കുറിച്ച് ഉണർത്തിക്കൊണ്ടിരുന്നു. അവർ വിപ്ലവകാരികൾക്കെതിരായി ജിഹാദ് പ്രഖ്യാപിച്ചു. ഈയവസര ത്തിൽ ജിഹാദിനൊരുങ്ങാത്തവർ ഇസ്‌ലാമിനുവേണ്ടി ഒന്നും ചെയ്തിട്ടില്ലാത്തവരായിരിക്കുമെന്നും അവർ ഘോഷിച്ചു. കൂഫ യിൽ, ഉഖ്ബത്ത് ബിൻ അംറ്, അബ്ദുല്ലാഹ് ബിൻ അബീ ഔഫാ,

ഹൻസലത്ത് ബിൻ റബീഅ് തുടങ്ങിയവരും മറ്റു സഹാബികളും മദീനക്കാരെ സഹായിക്കുന്നതിനുവേണ്ടി ജനങ്ങളെ ആവേശംകൊള്ളിച്ചുകൊണ്ടിരുന്നു. ബസ്റയിൽ ഇംറാൻ ബിൻ ഹസ്വീൻ, അനസ് ബിൻ മാലിക്, ഹിശാം ബിൻ ആമിർ തുടങ്ങിയവരും മറ്റു സഹാബിമാരും(റ) ശാമിൽ ഉബാദത്ത് ബിൻ സ്വാമിത്ത്, അബൂഉമാമ തുടങ്ങിയ സഹാബിമാരും(റ) ഈജിപ്തിൽ ഖാർജയുടെ നേതൃത്വത്തിലുള്ള ഒരു വിഭാഗം ആളുകളും ഹദ്റത്ത് ഉസ്മാന്റെ വിളിക്കുത്തരം നൽകാൻ ജനങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ എല്ലാ ഭാഗങ്ങളിൽനിന്നുള്ള സേനകളും യോജിച്ച് മദീനയിലേക്ക് കുതിച്ചുതുടങ്ങി*.

## സഹോദരപ്പോർ ഒഴിവാക്കാൻ

ഖലീഫയ്ക്കുള്ള സഹായസേനകൾ ഉടൻ വന്നെത്തുമെന്ന ഭീതിയെത്തുടർന്ന് തങ്ങളുടെ ഗൂഢാലോചനകൾക്ക് അന്തിമരൂപം നൽകാൻ വിപ്ലവകാരികൾ ബദ്ധപ്പെട്ടുതുടങ്ങി. ഹദ്റത്ത് ഉസ്മാന്റെ ഗൃഹത്തിനുള്ളിൽ ബലം പ്രയോഗിച്ച് കടക്കാൻതന്നെ അവർ ധൃഷ്ടരായി. കാവൽഭടന്മാരായിരുന്ന തിരുസഹാബാക്കളുമായി അവർക്ക് മല്ലിടേണ്ടിവന്നു. കടുത്തൊരു സമരം തന്നെ നടന്നു. സഹാബിമാർ വളരെ കുറച്ചേയുണ്ടായിരുന്നുള്ളൂ. എന്നാൽ, അവരുടെ വിശ്വാസത്തിന്റെ ബലം കുഴപ്പക്കാരുടെ സംഖ്യാബലത്തെ കവച്ചുനിന്നു. ഹദ്റത്ത് ഉസ്മാന്റെ ഗൃഹത്തിന്റെ പ്രവേശദ്വാരത്തിൽ ഈ പോരാട്ടം നടന്ന സ്ഥലം വളരെ ഇടുങ്ങിയതായിരുന്നതിനാൽ വിപ്ലവകാരികളിൽ അധികംപേർക്ക് ഒരേ അവസരത്തിൽ കടന്നുവരാൻ കഴിയുമായിരുന്നില്ല. ഈ സമരത്തെപ്പറ്റി അറിവ് കിട്ടിയപ്പോൾത്തന്നെ തനിക്കുവേണ്ടി ജീവൻ അപകടപ്പെടുത്തരുതെന്ന് ഖലീഫ പിന്നേയും സഹാബാക്കളോട് ഉപദേശിച്ചു. ആ അവസരത്തിൽ, ഖലീഫയെ വിധിക്ക് വിടുന്നത് വിശ്വാസവഞ്ചനയും അനുസരണത്തിന്റെ പൊരു

---

* തബ്രിയുടെ അഭിപ്രായത്തിൽ വിപ്ലവകാരികൾക്കെതിരായി സിറിയക്കാരെ ഉദ്ബുദ്ധരാക്കുന്നതിൽ ഹദ്റത്ത് അബൂദർദാ അൻസാരിയും ഉണ്ടായിരുന്നു. എന്നാൽ, മറ്റുചില നിവേദനങ്ങൾ അനുസരിച്ച് ഹദ്റത്ത് ഉസ്മാന്റെ ചരമത്തിനു മുമ്പേ തന്നെ അദ്ദേഹം മരിച്ചുപോയിട്ടുണ്ടായിരുന്നു. ഈസാബയിൽ പറഞ്ഞത് (തിരുസഹാബാക്കളുടെ സംക്ഷിപ്തജീവിത വിവരണങ്ങളടങ്ങിയ ഒരു ഗ്രന്ഥം) അനുസരിച്ച് രണ്ടാമത്തെ അഭിപ്രായമാണ് ശരി. എന്നാൽ, ഖലീഫയ്ക്കെതിരായുള്ള പ്രക്ഷോഭത്തെ അദ്ദേഹം തന്റെ ജീവാവസാനംവരെ ചെറുത്തുപോന്നിട്ടുണ്ടായിരുന്നു. (തബ്രി, ലണ്ടൻ, ഭാ- 2960)

ളിന് നിരക്കാത്ത പ്രവൃത്തിയുമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. ഹദ്റത്ത് ഉസ്മാൻ(റ) ഉഹ്ദ് സംഭവത്തെ സാക്ഷിയാക്കിക്കൊണ്ട് സത്യപ്രതിജ്ഞ ചെയ്തിട്ടും സഹാബാക്കൾ തിരിച്ചുപോകാൻ കൂട്ടാക്കിയില്ല. ഒടുവിൽ, അദ്ദേഹംതന്നെ പരിചയും കയ്യിലെടുത്തുകൊണ്ട് പുറത്തിറങ്ങുകയും സഹാബാക്കളെ അകത്തേക്ക് വിളിച്ചുകൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. വാതിലുകളെല്ലാം ബന്ധിച്ചശേഷം ഖലീഫ അവരോട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"ഭൗതികമായ ഐശ്വര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് തന്നനുഗ്രഹിച്ചത്, നിങ്ങൾ അതിൽതന്നെ മതിമറന്ന് ജീവിക്കാനായിട്ടല്ല. മറിച്ച്, പരലോകജീവിതത്തിനുവേണ്ടി നിങ്ങൾ ഒരുക്കം കൂട്ടുന്നതിനായിട്ടത്രെ. ഈ ലോകം നശ്വരമാണ്. പരലോകമത്രെ ശാശ്വതമായിരിക്കുന്നത്. നിത്യമായിട്ടുള്ളതിനെ വിട്ട് നശ്വരമായതിനെ നിങ്ങൾ കൈക്കൊള്ളരുത്. ദൈവസായൂജ്യസംപ്രാപ്തിയെക്കുറിച്ച് നിങ്ങളോർത്തുകൊള്ളുവിൻ. മുസ്ലിംസമുദായത്തിൽ, ഛിദ്രവും അനൈക്യവും കടന്നുകൂടാൻ നിങ്ങൾ അനുവദിക്കരുത്. നിങ്ങൾ ശത്രുക്കളായിരുന്നു. അവൻ നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കിച്ചേർത്തു. അവന്റെ അനുഗ്രഹാതിരേകത്താൽ നിങ്ങൾ സഹോദരന്മാരായി മാറി. എന്നിങ്ങനെ അല്ലാഹു ഖുർആനിൽ പറഞ്ഞിട്ടുള്ളതിനെ നിങ്ങൾ ഓർക്കുന്നില്ലേ?"

ഇപ്രകാരം ഉദ്ബോധിപ്പിച്ചശേഷം ഖലീഫ അവരെ അല്ലാഹുവിന്റെ രക്ഷയിലേക്ക് ഏല്പിക്കുകയും, അതുവരേയും തന്നെ ചെന്നുകണ്ടിട്ടില്ലാത്ത സഹാബിമാരേയും ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബൈർ(റ) എന്നീ മുഖ്യന്മാരെ പ്രത്യേകിച്ചും ഉടനെ വിളിച്ചുകൂട്ടിക്കൊണ്ടുചെല്ലാൻ ചിലരോടാവശ്യപ്പെടുകയും ചെയ്തു. അവർ മറ്റു സഹാബാക്കളേയും കൂട്ടി ത്ധടുതിയിൽ ഖലീഫാതിരുമനസ്സന്റെ സന്നിധിയിൽ വീണ്ടും ഹാജരായി.

## ഖലീഫയുടെ ധീരോദാത്തത

ശാന്തഗംഭീരവും ശോകമൂകവുമായ ഒരന്തരീക്ഷം! ദുരന്തങ്ങളുടെ പേറ്റുനോവുകളനുഭവിക്കുകയായിരുന്ന ആ ഗൃഹാന്തർഭാഗത്ത് ഗൗരവം തളംകെട്ടിനിന്നു. പ്രക്ഷോഭകാരികളുടെ ഹൃദയത്തെപ്പോലും ആ മൂകഭീകരത ഒന്ന് ചലിപ്പിക്കാതിരുന്നില്ല. എന്തുകൊ

ണ്ടങ്ങനെയല്ലാതിരിക്കണം? പ്രവാചകവര്യൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനി പ്രകാശിപ്പിച്ച ഒരു മണിദീപം കാലപൂർത്തിയെത്തി കത്തിക്കെടാറായിരിക്കുകയല്ലേ?

ഈയവസരത്തിൽ ഇടപെടുവാൻ വിപ്ലവകാരികൾ ധൈര്യപ്പെട്ടില്ല. സഹാബാക്കളെല്ലാം ഒത്തുകൂടി. എല്ലാവരും സമ്മേളിച്ചപ്പോൾ ഹദ്റത്ത് ഉസ്മാൻ(റ) ഒരു ഭിത്തിയിന്മേൽ കയറിനിന്നുകൊണ്ട് എല്ലാവരോടും തന്റെ അടുത്തേക്കണയുവാൻ ആജ്ഞാപിച്ചു. പിന്നീടദ്ദേഹം അവരോട് ഉച്ചത്തിൽ പറഞ്ഞു: "ഇരിക്കുവിൻ. സഹാബാക്കളെല്ലാം ഇരുന്നു. സന്ദർഭത്തിന്റെ ഗൗരവത്താൽ പ്രഭാവിതരായിത്തീർന്ന പ്രക്ഷോഭകാരികളും ഇരുന്നുപോയി! പിന്നീടവരെ സംബോധനചെയ്തുകൊണ്ട് ഖലീഫാതിരുമനസ്സ് ഇപ്രകാരം പ്രസംഗിച്ചു:

"അല്ലയോ മദീനാവാസികളേ! ഞാൻ നിങ്ങളെ ദൈവത്തിന്റെ രക്ഷയിൽ ഇതാ, ഏല്പിച്ചുകൊള്ളട്ടെ! എനിക്കുശേഷം, അല്ലാഹു നിങ്ങൾക്കുവേണ്ടി ഖിലാഫത്തിന്റെ കാര്യത്തിൽ കൂടുതൽ ഭദ്രമായ വ്യവസ്ഥിതികൾ ഉണ്ടാക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇന്നു മുതൽ എന്നെ സംബന്ധിച്ചേടത്തോളം ദൈവം മറിച്ച് കല്പിക്കുവോളം ഞാനിവിടെനിന്ന് പുറത്തിറങ്ങുന്നതല്ല. ദീനിയായ കാര്യങ്ങളിലോ ലൗകികകാര്യങ്ങളിലോ നിങ്ങളുടെമേൽ അധികാരം നടത്തിക്കൊള്ളാൻ ഞാൻ ആർക്കും ഒരു തിട്ടൂരവും എഴുതിക്കൊടുക്കുന്നതല്ല. ഞാൻ അല്ലാഹുവിൽ അക്കാര്യം ഏല്പിക്കുന്നു. അവൻ ഇഷ്ടപ്പെടുന്ന ആളെ അതിനായി തിരഞ്ഞെടുത്തുകൊള്ളട്ടെ."

തന്നെ രക്ഷിക്കുന്നതിനുവേണ്ടി ആരും ജീവൻ അപകടത്തിലാക്കാൻ ഇടവരുത്തുകയില്ലെന്ന് അദ്ദേഹം അവിടെ കൂടിയവരെക്കൊണ്ടെല്ലാം പ്രതിജ്ഞ ചെയ്യിച്ചു. എല്ലാവരും തങ്ങളുടെ വീടുകളിലേക്ക് മടങ്ങിപൊയ്ക്കൊള്ളണമെന്ന് അദ്ദേഹം കല്പിക്കുകയുമുണ്ടായി.

## സഹാബാക്കളിൽ ഭിന്നിപ്പ്

ഈ കല്പന സഹാബാക്കൾക്കിടയിൽ വലുതായ അഭിപ്രായവ്യത്യാസം ഉണ്ടാക്കുകതന്നെ ചെയ്തു. അദൃഷ്ടപൂർവ്വമായിരുന്നു അവർക്കിടയിൽ അത്തരമൊരു അഭിപ്രായവ്യത്യാസവും തർക്കവും. ചോദ്യം ചെയ്യാത്ത അനുസരണമല്ലാതെ മറ്റൊന്നും സഹാബാ

ക്കൾക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ, ഖലീഫയുടെ ഈ കല്പന അനുസരിക്കാൻ അവരിൽ ചിലർക്ക് ഇഷ്ടമില്ല. വിപ്ലവത്തിന്റേയും ഒറ്റുവേലയുടേയും ദുർവാസന അടിച്ചുകയറുകയായി. ചില സഹാബിമാർ അനുസരണത്തിന്റെ വശത്തെ മുന്തിച്ചുകൊണ്ട് ശത്രുക്കളോട് പൊരുതാനുള്ള നിശ്ചയം ഉപേക്ഷിച്ചു, അവർ പറഞ്ഞതിതാണ്: "അനുസരണം മാത്രമാണ് നമ്മുടെ കർത്തവ്യം. ഈ കല്പന അനുവർത്തിക്കപ്പെടേണ്ടതിന്റെ ഫലം എന്തായിരിക്കുമെന്ന് നോക്കേണ്ട കാര്യം നമുക്കില്ല." എന്നാൽ, മറ്റുചില സഹാബിമുഖ്യന്മാർ ഇതിനോട് യോജിക്കുവാൻ കൂട്ടാക്കിയില്ല. അവർ പറഞ്ഞു: "നിശ്ചയമായും ഖലീഫയുടെ കല്പന അനുസരിക്കപ്പെടേണ്ടതു തന്നെ. എന്നെ വിട്ടു നിങ്ങൾ പൊയ്കൊൾക എന്ന് ഖലീഫ കല്പിച്ചാൽ അതിന്റെ അർത്ഥം ഖിലാഫത്തിനോടുള്ള ബന്ധം ഉപേക്ഷിക്കുവിൻ. എന്നല്ലാതെ മറ്റൊന്നുംതന്നെയല്ല. ഈ കല്പന അനുസരിച്ചാൽ വിപ്ലവവും രാജ്യദ്രോഹവും മാത്രമാണ് ഫലം. സഹാബാക്കളോട് വീടുകളിലേക്ക് മടങ്ങിപ്പൊയ്ക്കൊള്ളാൻ ഖലീഫാ തിരുമനസ്സുകൊണ്ട് കല്പിച്ചത് അവരുടെയെല്ലാം ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയാണ്. എന്നിരിക്കെ, സഹാബാക്കളുടെ നേരെ ഇത്രയും സ്നേഹം വഴിഞ്ഞൊഴുകുന്ന ഒരു ഹൃദയത്തിന്റെ ഉടമസ്ഥനെ ആപത്തിൽ വിട്ടേച്ചുകൊണ്ട് സ്വഭവനങ്ങളിലേക്ക് തിരിച്ചു പോകാൻ നമുക്കെങ്ങനെ കഴിയും?" എന്നാൽ, സഹാബാക്കളിൽ മുഖ്യന്മാരെല്ലാം ഈ വിഭാഗത്തിൽപ്പെട്ടിരുന്നുവെന്നതാണ് വിരോധാഭാസം! അങ്ങനെ ഖലീഫയുടെ കല്പനയുണ്ടായിട്ടും ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബൈർ(റ) എന്നിവരുടെ പുത്രന്മാർ താന്താങ്ങളുടെ പിതാക്കളുടെ കല്പനപ്രകാരം ഹദ്റത്ത് ഉസ്മാന് മെയ്കാവൽ നില്ക്കുകയായിരുന്നു. അവർ അല്പംപോലും പതറിയില്ല. ഊരിപ്പിടിച്ച വാളുകൾ ഉറയിലിട്ടതുമില്ല!

## ഹാജിമാർ തിരിച്ചെത്തിയപ്പോൾ

ഹജ്ജ് കഴിഞ്ഞ് തിരിച്ചുവരുന്നവർ ഒറ്റതെറ്റയായി മദീനയിലെത്താൻ തുടങ്ങിയതോടെ വിപ്ലവകാരികളുടെ പരിശ്രമങ്ങളും ദുരാവേശവും മൂർദ്ധന്യത്തിലെത്തി. തങ്ങളുടെ സമയം എണ്ണിത്തുടങ്ങിയെന്നു അവർക്കുറപ്പായി. ഹജ്ജ് കഴിഞ്ഞ് ജിഹാദിന്റെ പുണ്യം നേടാൻ സന്നദ്ധരായിക്കൊണ്ട് മദീനയിൽ ആദ്യമായി പ്രവേശിച്ച

മുഗീറത്ത് ബിൻ അഗ്നസ് മുഖേന വിപ്ലവകാരികൾക്കറിവ് കിട്ടി, ബസ്റാസൈന്യം മദീനയിലേക്ക് ഒരു ദിവസത്തെ വഴിദൂരം മാത്ര മുള്ള സറാർ എന്ന സ്ഥലത്തെത്തിക്കഴിഞ്ഞുവെന്ന്. അതുകൊണ്ട് തങ്ങളുടെ ലക്ഷ്യം എങ്ങനെയെങ്കിലും അതിശീഘ്രം കൈവരുത്തേ ണ്ടതുണ്ടെന്ന് അവർ തീർച്ചയാക്കി. ഹദ്റത്ത് ഉസ്മാൻ(റ) എത്ര തന്നെ വിലക്കിയിട്ടും ഖലീഫയ്ക്കുള്ള രക്ഷാപ്രവർത്തനങ്ങ ളിൽനിന്ന് ഒഴിഞ്ഞുമാറാൻ കൂട്ടാക്കാതിരുന്ന സഹാബികളും അവ രുടെ കൂട്ടുകാരും അവർ വളരെ കുറച്ചുപേർ മാത്രമായിരുന്നിട്ടും ഭവനത്തിനകത്ത് പോരിന്നു തയ്യാറെടുത്തുനിന്നു. ചെറുക്കാൻ ശക്തിയുണ്ടായിട്ടും എന്തുകൊണ്ട് ഖലീഫയെ രക്ഷിച്ചില്ല എന്ന ചോദ്യത്തിന് അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന് അവർ വ്യക്തമാക്കി (തബരി, ഭാ.3013). പ്രവേ ശദ്വാരത്തോളം എത്താൻ വിപ്ലവക്കാർക്ക് പ്രയാസമുണ്ടായിരുന്നി ല്ല. എന്നാൽ, അകത്ത് പ്രവേശിക്കാനാകാതെ വന്നപ്പോൾ അടച്ച വാതിലിനു പുറമെനിന്ന് തീ കൊടുക്കാനാണ് അവർ ഒരുങ്ങിയത്. ഇതുകണ്ടപ്പോൾ അകത്തിരിക്കുന്നത് പന്തിയല്ലെന്ന് സഹാബാ ക്കൾക്ക് തോന്നി. അവർ ഖഡ്കവും കൈയിലേന്തി പുറത്തിറങ്ങി. വീടിന് തീ വച്ചിരിക്കെ ഇനി, തന്നെ രക്ഷിക്കാൻ യാതൊരു വഴിയു മില്ലാത്തതിനാൽ സഹാബാക്കൾ തങ്ങളുടെ ജീവൻ അപകടപ്പെ ടുത്തരുതെന്നും സ്വയം രക്ഷപ്പെട്ടുകൊള്ളണമെന്നും ആ അന്തിമ ഘട്ടത്തിലും അഭ്യർത്ഥിക്കുകയായിരുന്നു ഖലീഫ ഉസ്മാൻ(റ). വിപ്ല വക്കാർക്ക് തന്നോടാണ് പകയെന്നും എന്നാൽ, അവർ വളരെ വേഗം പശ്ചാത്തപിച്ചു തുടങ്ങുന്നതാണെന്നും അദ്ദേഹം പറഞ്ഞു. തന്നോട് അനുസരണം കാട്ടാൻ ബാധ്യസ്ഥരായിട്ടുള്ളവരോടെല്ലാം തങ്ങളുടെ കർത്തവ്യത്തെക്കുറിച്ച് അദ്ദേഹം ഉദ്ബോധിപ്പിക്കുകയും തന്നോടുള്ള ബാധ്യതകൾ എല്ലാവർക്കും താൻ പൊറുത്തുകൊടു ത്തിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. (തബരി, ലണ്ടൻ, ഭാ. 3002). എന്നാൽ, ആ സഹാബാക്കൾ ഇതംഗീകരിച്ചില്ല. അവർ പടവാളേന്തി ഖലീഫയുടെ രക്ഷയ്ക്കായി പൊരുതാൻതന്നെ പുറ പ്പെട്ടു. ഇതിന്നിടയിൽ ഹദ്റത്ത് അബൂഹുറയ്റ(റ) ആഗതനായി. താൻ പട്ടാളപരിചയമില്ലാത്ത ഒരാളായിരുന്നിട്ടും അദ്ദേഹവും അവ രോടൊപ്പം ചേർന്നു. അന്നേതിലും മഹത്തായൊരു യുദ്ധം ഇനി നടക്കാനില്ലെന്നദ്ദേഹം പറഞ്ഞു. വിപ്ലവകാരികളുടെ നേരെ തിരി ഞ്ഞുകൊണ്ടദ്ദേഹം ഇപ്രകാരം ചോദിച്ചു: “അല്ലയോ എന്റെ ജന

ങ്ങളേ! ഞാൻ നിങ്ങളെ മുക്തിമാർഗ്ഗത്തിലേക്ക് ക്ഷണിക്കുമ്പോൾ നിങ്ങളെന്നെ തീക്കുണ്ടിലേക്ക് വിളിക്കുകയാണോ?"

## സഹാബാക്കൾ മരിച്ചുവീഴുന്നു

ഈ യുദ്ധം ഒരു അസാധാരണ യുദ്ധം തന്നെയായിരുന്നു. കൈവിരൽകൊണ്ടെണ്ണാവുന്ന ഏതാനും സഹാബിമാർ ഒരു വൻസൈന്യത്തെ നേരിട്ടുകൊണ്ട് ജീവന്മരണസമരംതന്നെ നടത്തി. തികച്ചും സമാധാനപ്രിയനായ എന്നല്ല, സമാധാനത്തിന്റെ രാജകുമാരൻതന്നെയായ ഹദ്റത്ത് ഇമാം ഹസൻ(റ)പോലും സമരഗാനം മുഴക്കിക്കൊണ്ടാണ് ശത്രുക്കളുമായി ഏറ്റുമുട്ടിയിരുന്നത്. അദ്ദേഹത്തിന്റേയും മുഹമ്മദ്ബിൻ ത്വൽഹയുടേയും അന്നത്തെ സമരഗാനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതുതന്നെയാണ്. എന്തെന്നാൽ, അതിൽനിന്ന് അവരുടെ ഹൃദയവികാരങ്ങളും വിചാരഗതികളും ശരിക്കും വെളിപ്പെടുമാറാകുന്നുണ്ട്.

ഹദ്റത്ത് ഇമാം ഹസൻ(റ) ഇപ്രകാരം പാടി:

അവരുടെ ദീൻ എന്റെ ദീനല്ല. അവരുമായി എനിയ്ക്കൊരു ബന്ധവുമില്ല. ശമാംകുന്നിന്മേലെയെത്തുവോളം ഞാനവരോട് പൊരുതും.

ഏറ്റവും ഉയർന്ന ഒരു സ്ഥാനത്തെ പ്രാപിക്കുകയോ, ലക്ഷ്യം സാധിക്കുകയോ ചെയ്യുന്നതിനെ സാദൃശ്യപ്പെടുത്താൻ അറബിഭാഷയിൽ ശമാം കുന്നിനെ സൂചിപ്പിച്ചു പറയാറുണ്ടായിരുന്നു. ലക്ഷ്യം നേടുന്നതുവരെ താൻ വിപ്ലവകാരികളോടു പൊരുതുമെന്നാണ് ഇമാം ഹസൻ(റ) പാടിയ പദ്യശകലത്തിന്റെ സാരാർത്ഥം. തങ്ങൾക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കാവുന്നതോ സന്ധിയാകാവുന്നതോ അല്ലെന്നാണദ്ദേഹം അതുവഴി സൂചിപ്പിച്ചത്. 'സമാധാനത്തിന്റെ രാജകുമാരൻ' ആയ ആ പുണ്യവാന്റെ ഹൃദയത്തിൽ അലയടിച്ച വികാരങ്ങൾ അതായിരുന്നു!

ഹദ്റത്ത് ത്വൽഹയുടെ പുത്രൻ മുഹമ്മദ് ഈ അവസരത്തിൽ പാടിയതിങ്ങനെയായിരുന്നു:

"ഉഹദ് മൈതാനിയിൽ റസൂൽകരീമിനെ രക്ഷിയ്ക്കുകയും അറബികളെല്ലാം ഒന്നുചേർന്നെതിർത്തിട്ടും അവരെയെല്ലാം തോല്പിച്ചുവിടുകയും ചെയ്ത ആളുടെ പുത്രനാണ് ഞാൻ. ഇന്ന് ഒരു

ജിഹാദ് ദിനമാണ്. തിരുനബിയുടെ മുഖാരവിന്ദത്തെ ശത്രുക്കളുടെ അമ്പുകളിൽനിന്ന് രക്ഷപ്പെടുത്താൻ ത്വൽഹ(റ) തന്റെ കൈകളുയർത്തിക്കാട്ടുകയും ഒടുവിൽ അത് തീരെ നഷ്ടപ്പെടേണ്ടിവരികയും ചെയ്തതെങ്ങനെയോ അപ്പോലെതന്നെ താനും ചെയ്യുന്നതാണെന്ന്" അദ്ദേഹം പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബൈറും ഈ യുദ്ധത്തിൽ പങ്കുചേർന്നു. അദ്ദേഹം ഭയങ്കരമായി മുറിവേറ്റുവീണു. മർവാൻ മാരകമായ മുറിവേറ്റുവെങ്കിലും അത്ഭുതകരമായി രക്ഷപ്പെടുകയാണുണ്ടായത്. മുഗീറത്ത് ബിൻ അഗ്നസും മരണപ്പെട്ടു. അദ്ദേഹത്തെ വധിച്ചയാൾ അദ്ദേഹം പരിക്കേറ്റു മരിച്ചുവീണതായി കണ്ടപ്പോൾ ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ എന്ന് പറഞ്ഞുപോയി! എന്നാൽ, ആയവസരത്തിൽ ആഹ്ലാദിക്കുന്നതിനുപകരം ദുഃഖസൂചകമായ വാക്കുച്ചരിച്ചതിന് സൈന്യാധിപൻ അയാളെ ശാസിക്കുകയാണ് ചെയ്തത്. മുഗീറത്തിനെ വധിച്ചയാൾക്ക് നരകത്തെ കുറിച്ച് അറിവ് നൽകുക എന്ന് ഒരാൾ വിളിച്ചുപറയുന്നതായി തലേന്നുരാത്രി താൻ സ്വപ്നത്തിൽ കേൾക്കുകയുണ്ടായെന്നും അതുകൊണ്ട് അദ്ദേഹത്തെ കൊന്നത് താനാണെന്നോർത്തപ്പോൾ തനിയ്ക്ക് നടുക്കമുണ്ടായത് സ്വാഭാവികം മാത്രമാണെന്നും അയാൾ മറുപടി നൽകി.

മേൽപറഞ്ഞവർക്ക് പുറമെ മറ്റു പലർക്കും പരിക്കേൽക്കുകയും ചിലർ മരിക്കുകയുമുണ്ടായി. അങ്ങനെ ഹദ്റത്ത് ഉസ്മാന്റെ അംഗരക്ഷകന്മാരുടെ അണി തകർന്നു. വിപ്ലവകാരികൾ ദൈവികശിക്ഷയെതൊട്ടു പേടി കാണിക്കാതെ ദൈവത്തിന്റെ ഇഷ്ടദാസരെ എതിർത്തുകൊണ്ടിരുന്നുവെങ്കിലും വിശ്വാസിഭക്തന്മാർ ത്യാഗോജ്ജ്വലങ്ങളായ മാതൃകകൾ സംഭാവന ചെയ്യുന്നതിൽ കുറവ് വരുത്തിയുമില്ല. ഖലീഫയുടെ അംഗരക്ഷകരിൽ അധികംപേരും മരിച്ചുവീണിട്ടും അവശേഷിച്ച ഒരു ചെറിയ വിഭാഗം കൂടുതൽ ഊർജ്ജസ്വലരായി പൊരുതിക്കൊണ്ടിരുന്നു.

## ഹദ്റത്ത് ഉസ്മാനു അന്ത്യശാസനം

പ്രത്യക്ഷത്തിൽത്തന്നെ വിപ്ലവകാരികൾ ജയം നേടിക്കഴിഞ്ഞിരുന്നു. ഈ അവസരത്തിൽ ഒരന്ത്യശാസനമെന്ന നിലയിൽ ഹദ്റത്ത് ഉസ്മാന്റെ അടുക്കൽ അവർ ഒരു ദൂതനെ അയച്ചുകൊണ്ട് ഖിലാ

ഫത്ത് പദം ഒഴിയുവാൻ അദ്ദേഹത്തോടാവശ്യപ്പെടുകയുണ്ടായി. ഖലീഫ സ്വേച്ഛയാ ഇപ്രകാരം സ്ഥാനമൊഴിയുകയാണെങ്കിൽ മുസ്ലിംകൾ തങ്ങൾക്കെതിരായി ഇളകിപ്പുറപ്പെടുന്നതിന് നീതീകരണമുണ്ടാകയില്ലെന്ന് അവർ കരുതിയിരുന്നു. അന്ത്യശാസനം ഹദ്റത്ത് ഉസ്മാന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് "താൻ ജാഹിലിയ്യത്തിന്റെ കാലത്തുപോലും തിന്മയെ പൊറുത്തിട്ടില്ലെന്നും ഇസ്ലാമിനെ പുണർന്നപ്പോഴാകട്ടെ അതിന്റെ പാഠങ്ങൾ അണുവും ലംഘിച്ചിട്ടില്ലെന്നും" ആയിരുന്നു. അല്ലാഹു തനിക്ക് നൽകിയനുഗ്രഹിച്ച പദവിയെ താനെന്തിനുപേക്ഷിക്കണമെന്നദ്ദേഹം ചോദിച്ചു. "അല്ലാഹു എന്നെ അണിയിച്ച ഈ കുപ്പായം ഞാനൊരിക്കലും അഴിക്കുകയില്ല" എന്നദ്ദേഹം വീറോടെ ഉച്ചസ്വരത്തിൽ പ്രഖ്യാപിച്ചു. പ്രേഷിതൻ ഈ പ്രത്യുത്തരം കേട്ടശേഷം തന്റെ കൂട്ടാളികളോടു ചെന്നുപറഞ്ഞത് ഇങ്ങനെയായിരുന്നു: "ദൈവത്താണ! ഉസ്മാനെ ഇപ്പോൾതന്നെ വധിച്ചില്ലെങ്കിൽ മുസൽമാന്മാരുടെ പിടിയിൽനിന്ന് നമുക്കൊരു രക്ഷയുമില്ല." (ആ അവസ്ഥയിൽ ഭരണകൂടം അടിമേൽ മറിയുകയും എല്ലാ വ്യവസ്ഥകളും താറുമാറാകയും ചോദിക്കാനാളില്ലാതകയും ചെയ്യുമല്ലോ) എന്നാൽ, അദ്ദേഹത്തെ വധിക്കുന്നത് ഒരുപ്രകാരത്തിലും വിഹിതവുമല്ല. ആ ദൂതന്റെ ഈ വാക്കുകൾ വിപ്ലവകാരികളുടെ പരിഭ്രാന്തിയെയാണ് സൂചിപ്പിച്ചത്. അതിനുപുറമെ, എന്തെങ്കിലും ഒരു കുറ്റം പടച്ചുണ്ടാക്കാൻ സഹായകമായ ഒരു തെറ്റും ഹദ്റത്ത് ഉസ്മാനിൽ അവർക്ക് അതുവരെയും കണ്ടുപിടിക്കാൻ സാധിച്ചിരുന്നില്ലെന്നും ആ നിലയ്ക്ക് തികച്ചും നിരപരാധിയായ അദ്ദേഹത്തെ കൊല്ലുന്നത് വിഹിതമല്ലെന്ന് അവർക്ക് മനസ്സാക്ഷിക്കുത്ത് അനുഭവപ്പെട്ടിരുന്നുവെന്നും അത് വ്യക്തമാക്കി.

## ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം(റ)

വിപ്ലവകാരികൾ ഹദ്റത്ത് ഉസ്മാനെ വധിക്കാൻ ഗൂഢാലോചനകൾ നടത്തിക്കൊണ്ടിരിക്കെ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം(റ) അവിടെ കടന്നുവന്നു. അദ്ദേഹം അവരെ ഗുണദോഷിക്കുകയും ഹദ്റത്ത് ഉസ്മാനെ വധിക്കുവാനുള്ള ദുരാലോചനയിൽനിന്നു പന്തിരിയാൻ അവരോടാവശ്യപ്പെടുകയുമുണ്ടായി. ഇസ്ലാം സ്വീകരിക്കുന്നതിന്നു മുമ്പേതന്നെ സ്വജനങ്ങളാൽ വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്ന ഒരു വന്ദ്യപുരുഷനായിരുന്നു

അദ്ദേഹം. അദ്ദേഹം പറഞ്ഞു: "ജനങ്ങളേ! നിങ്ങൾ ഒരിക്കൽ വാളൂരിക്കഴിഞ്ഞാൽ അത് പിന്നെ ഉറയിലിടാൻ വളരെ വിഷമമാണ്. മുസ്‌ലിംകൾക്കിടയിൽ പിന്നെ അവസാനിക്കാത്ത രക്തച്ചൊരിച്ചിലിന്നാണ് അത് വഴിവെക്കുക. ഇന്ന് ചമ്മട്ടികൊണ്ടാണ് ഭരണം നടത്തുന്നത് (ശരീഅത്ത് നിയമപ്രകാരം ചമ്മട്ടിപ്രഹരമാണ് അന്നത്തെ പൊതുശിക്ഷ). ഇന്ന് നിങ്ങൾ ഉസ്മാനെ കൊല്ലുന്നപക്ഷം പിന്നെ വാളിന്റെ ഭരണമാകും വരിക. ഇന്ന് മദീനയുടെ സംരക്ഷകന്മാർ മലക്കുകളാണ്. നിങ്ങളിന്ന് ഉസ്മാനെ വധിച്ചാൽ മലക്കുകൾ മദീനയെ കൈവിടും."

എന്നാൽ, അദ്ദേഹത്തിന്റെ ഉപദേശത്തെ അവർ ചെവിക്കൊണ്ടില്ല. അവർ ആ സഹാബിവര്യനെ ആട്ടിക്കളഞ്ഞു. അവർ പറഞ്ഞു: "ഹേ! ജൂതന്റെ മകനേ! നിനയ്ക്കതിലെന്തുകാര്യം?''

കഷ്ടം! അബ്ദുല്ലാഹ് ബിൻ സലാം യഹൂദന്റെ മകനാണെന്ന കാര്യം മാത്രമെ അവർ ഓർത്തുള്ളൂ. അദ്ദേഹം ഇസ്‌ലാംമതമാശ്ലേഷിച്ചപ്പോൾ തിരുനബി(സ) അളവറ്റ സന്തോഷിച്ചിരുന്നുവെന്നും തിരുമേനിയുടെ എല്ലാ തരത്തിലുള്ള സുഖദുഃഖങ്ങളിലും അദ്ദേഹം പങ്കാളിയായിരുന്നുവെന്നുമുള്ള കാര്യങ്ങളെല്ലാം അവർ മറന്നുകളഞ്ഞു. എന്നാൽ, ഹദ്റത്ത് അലിയെ തിരുനബിയുടെ 'വസ്വീ' ആയി ഉയർത്തിക്കാട്ടിക്കൊണ്ട് തങ്ങളെയെല്ലാം ഇളക്കിവിട്ട് തങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ സബായും ഒരു യഹൂദി തന്നെയാണെന്ന വസ്തുതയും അവർ വിസ്മരിക്കുകയാണുണ്ടായത്. അയാൾ അകത്തും പുറത്തും ഒരു യഹൂദി തന്നെയായിരുന്നു. പുറമെ മുസ്‌ലിം നടിച്ച അയാൾ ഒരു ജൂതഗൂഢാലോചനക്കാരനായിരുന്നു എന്നതത്രെ പരമാർത്ഥവും.

വിപ്ലവകാരികളെ തൊട്ടു നിരാശനായി അബ്ദുല്ലാഹ് ബിൻ സലാം അവിടെനിന്ന് മടങ്ങി. വാതിലിന്നരികെ എന്തിനും തയ്യാറുള്ള ഒരുവിഭാഗം വിശ്വാസികൾ കാവലുണ്ടെന്നറിഞ്ഞപ്പോൾ മറ്റൊരു വശത്തൂടെ നീങ്ങി ഖലീഫയെ കൊല്ലുവാനാണ് വിപ്ലവകാരികൾ ശ്രമിച്ചുകൊണ്ടിരുന്നത്. ആയവസരത്തിൽ ഹദ്റത്ത് ഉസ്മാൻ(റ) മുറിക്കകത്തിരുന്നുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്യുകയായിരുന്നു. വീട് വളഞ്ഞുവെച്ചപ്പോൾ തുടങ്ങി രാവുപകലെന്നില്ലാതെ അദ്ദേഹം ഖുർആൻ പാരായണത്തിലും നമ

സ്കാരത്തിലും മുഴുകിയിരിക്കുകയായിരുന്നു. മറ്റൊരു വിഷയത്തിലും അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നില്ല. വിപ്ലവകാരികൾ വീട്ടിന്നകത്തേക്ക് പ്രവേശിക്കുന്നതിനുമുമ്പേ, ഖജനാവ് രക്ഷിക്കാൻ ചിലരെ നിയോഗിക്കാൻ മാത്രമാണ് ഹദ്റത്ത് ഉസ്മാൻ(റ) ബദ്ധപ്പെട്ടത്. തലേന്നുരാത്രി അദ്ദേഹം ഒരു സ്വപ്നം കാണുകയുണ്ടായി. അതിൽ തിരുനബി(സ) പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറയുന്നതായി അദ്ദേഹം കണ്ടു. "ഉസ്മാൻ! ഇന്ന് സന്ധ്യയ്ക്ക് എന്റെ കൂടെ നോമ്പു തുറക്കാം!" ഈ സ്വപ്നം കാരണം അന്ന് സന്ധ്യയ്ക്കു തന്നെ തന്റെ രക്തസാക്ഷിത്വം ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പിച്ചു കഴിഞ്ഞിരുന്നു. അതിനാൽ ഖജനാവിന്റെ രക്ഷയ്ക്ക് പോരുന്ന രണ്ടാളെ അദ്ദേഹം നിയോഗിക്കുകയും തന്റെ ആ ഉത്തരവാദിത്വം പൂർത്തിയാക്കുകയും ചെയ്തു!

## അന്തിമരംഗങ്ങൾ

വിപ്ലവകാരികൾ അകത്ത് പ്രവേശിച്ചപ്പോൾ ഖലീഫ തിരുമനസ്സുകൊണ്ട് ഖുർആൻ ഓതുന്നതായി കണ്ടു. ആ വിപ്ലവസംഘത്തിൽ ഹദ്റത്ത് അബൂബക്കറിന്റെ മകൻ മുഹമ്മദും ഉണ്ടായിരുന്നു. തന്റെ സഹപ്രവർത്തകരിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രഭാവം കാരണം എല്ലാ രംഗങ്ങളിലും അവർക്ക് നേതൃത്വം നൽകേണ്ടത് തന്റെ കർത്തവ്യമാണെന്ന് അദ്ദേഹം കരുതിയിരുന്നു. അദ്ദേഹം മുമ്പോട്ടുവന്ന് വന്ദ്യവയോധികനായ ഖലീഫ തിരുമനസ്സിലെ ധവളാഭമായ താടി കയറിപ്പിടിച്ചു ശക്തിയായി വലിച്ചു. ഹദ്റത്ത് ഉസ്മാൻ(റ) അപ്പോൾ പറഞ്ഞതിങ്ങനെയായിരുന്നു: "എന്റെ സഹോദരന്റെ മകനേ, നിന്റെ പിതാവ് ജീവിച്ചിരിക്കുന്നുവെങ്കിൽ, നീ എന്നോടിങ്ങനെ പെരുമാറുകയില്ലായിരുന്നു! നിന്റെ മേൽ ശരീഅത്ത് ചുമത്തുന്ന നിർബ്ബന്ധങ്ങൾ പൂർത്തിയാക്കണമെന്ന് നിഷ്കർഷിക്കുന്നതാണോ എന്നോടിപ്രകാരം പ്രവർത്തിക്കാൻ കാരണം?"

ഈ വാക്കുകൾ ഹദ്റത്ത് അബൂബക്കറിന്റെ ആ അനർഹപുത്രനെ രംഗത്തുനിന്ന് പിന്തിരിപ്പിക്കാൻ പ്രയോജനപ്പെടാതിരുന്നില്ല. മറ്റുള്ളവർക്കാർക്കും അത്തരം അന്യചിന്തകൾ ആവശ്യമില്ലായിരുന്നതിനാൽ അവർ പിന്മാറിയില്ല. അന്നുരാത്രിതന്നെ ബസറ സൈന്യം മദീനയിലെത്തുമെന്ന വിവരം കിട്ടിയിരുന്നതിനാൽ

തങ്ങൾക്കുള്ള അവസാനത്തെ അവസരമാണിതെന്നുകണ്ട് ആ നിഷ്ഠൂരകൃത്യം അപ്പോൾതന്നെ നിർവ്വഹിക്കുവാൻ അവർ തീർച്ച യാക്കി. അവരിലൊരാൾ ഒരിരുമ്പുദണ്ഡുകൊണ്ട് ഖലീഫയുടെ തലയ്ക്കാഞ്ഞടിച്ചു. ഹദ്റത്ത് ഉസ്മാൻ(റ) അപ്പോൾ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. പരിശുദ്ധഖുർആൻ ആ ദുർഭഗൻ തട്ടിയിട്ടു കാലുകൊണ്ട് ചവിട്ടിത്തെറിപ്പിച്ചു. ദൈവവചനത്തെ ഒരി ക്കലുമാർക്കും അപമാനിക്കാനാവുകയില്ല. അതാരുടേയും ആദര ത്തിന്നപേക്ഷിക്കുന്നുമില്ല. എങ്കിലും, ഖുർആന്റെ നേരെ ഈ ഭിന്നവിഭാഗക്കാർ സ്വീകരിച്ചുകണ്ട നയം അവരുടെ ഉദ്ദേശ്യശുദ്ധിയും മതബോധവും ഭക്തിയും എത്തരത്തിലുള്ളതായിരുന്നുവെന്ന് വ്യക്തമാക്കാതിരുന്നില്ല. ഖലീഫയുടെ ശിരസ്സിൽനിന്ന് രക്തം തെറി ച്ചുവീണു. **അവർക്കെതിരിൽ അല്ലാഹു നിനയ്ക്ക് മതിയായവ നാകുന്നു** എന്നുള്ള ഖുർആനികവചനത്തിൽ ആണ് ആ രക്തക ണങ്ങൾ ചെന്നുപതിച്ചത്. കല്ലിച്ചുപോയ കരളിനെപ്പോലും അലി യിപ്പിക്കുമാറുള്ള ഈ ദുരന്തസംഭവങ്ങളെക്കുറിച്ചെല്ലാമുള്ള പ്രവ ചനങ്ങളടങ്ങിയ വിശുദ്ധവചനമായിരുന്നു അത്.

## ഹദ്റത്ത് ഉസ്മാൻ വധിക്കപ്പെടുന്നു

അതിൽപിന്നെ ഒരു കീചകൻകൂടി മുമ്പോട്ടുവന്ന് ഉസ്മാനെ വാളുകൊണ്ട് വെട്ടി. ആ പുണ്യപുരുഷൻ സ്വകരംകൊണ്ട് തടുക്കാൻ ശ്രമിച്ചു. ആ കൈ മുറിഞ്ഞ് ശരീരത്തിൽനിന്നും വേർപെട്ടു. അപ്പോൾ ഖലീഫ മൊഴിഞ്ഞത് ഇപ്രകാരമായിരുന്നു: “അല്ലാഹു വാണ! ഈ കൈകൊണ്ടാണ് ഖുർആൻ ആദ്യമായി എഴുതപ്പെട്ടത്. രണ്ടാമത്തെ വെട്ട് സ്വഭർത്താവിനെ രക്ഷിക്കാൻ വേണ്ടി മദ്ധ്യത്തിൽ ചാടിവീണ പത്നി നാഇലക്കാണ് കൊണ്ടത്. ആ സ്ത്രീ രത്ന ത്തിന്റെ ഇടപെടലിനെക്കൂടിയും ഹതഭാഗ്യർ ഗൗനിച്ചില്ല. അവരു ടെയും നേരെ വാൾ വീശുകയാണ് അവർ ചെയ്തത്. തൽഫല മായി ഹദ്റത്ത് ഉസ്മാന്റെ ഭാര്യയുടെ കൈവിരലുകൾ ഛേദിക്ക പ്പെട്ടുപോയി. മൂന്നാമത്തെ വെട്ട് ഖലീഫയ്ക്ക് മാരകമായ ഒരു മുറി വേൽപിച്ചു. അദ്ദേഹം മോഹാലസ്യപ്പെട്ടുവീണു. ഖലീഫ തിരുമന സ്സിലെ ദേഹം രക്തത്തിൽ കുതിർന്നു. അദ്ദേഹം മരണവേദനയാൽ കിടന്നുപിടയുകയായിരുന്നപ്പോഴും ആ തെമ്മാടി അദ്ദേഹത്തെ കഴുത്ത് ഞെക്കിക്കൊല്ലാനുള്ള ശ്രമത്തിലായിരുന്നു ഏർപ്പെട്ടിരുന്ന

ത്. അങ്ങനെ ആ മഹാപുരുഷന്റെ ആത്മാവ് സ്വരക്ഷിതാവിന്റെ ക്ഷണമനുസരിച്ച് ഭൗതികവിപഞ്ചരികവിട്ട് അജ്ഞാതമായ അനന്തതയിലേക്ക് പറന്നു പറന്നു പോയി! മനുഷ്യവർഗ്ഗത്തിന്റെ ചരിത്രമാകെ തിരഞ്ഞാലും ഇത്രയും ബീഭത്സമായ ഒരു കൊലപാതകം കണ്ടെത്താൻ പ്രയാസമത്രെ. "ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ''.

ഭീകരമായ ഈ സംഭവങ്ങൾ ഹദ്റത്ത് ഉസ്മാന്റെ ഭാര്യയെ പെട്ടെന്ന് നിരുദ്ധകണ്ഠയാക്കി. അവർ അല്പനേരംകൊണ്ട് ബോധവതിയായി സഹായാർത്ഥം നിലവിളിച്ചുതുടങ്ങി. നിലവിളികേട്ട് ഖലീഫയുടെ അംഗരക്ഷകന്മാർ അകത്തേയ്ക്കോടിയെത്തി. പക്ഷേ, വൈകിപ്പോയിരുന്നു! ഏറ്റവും ഭയാനകവും ഏറ്റവും നിർദ്ദാക്ഷിണ്യവും ഏറ്റവും ഹീനവുമായ ആ കൊലപാതകം നടന്നുകഴിഞ്ഞു. എല്ലാം തീർന്നു! ഹദ്റത്ത് ഉസ്മാനിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ച ഒരടിമ തന്റെ യജമാനന്റെ ഘാതകനെ തിരിച്ചറിഞ്ഞ് തൽക്ഷണം നിഗ്രഹിച്ചുകളഞ്ഞു. സൂദാന്റെ കൂട്ടാളി ഉടനെ അദ്ദേഹത്തിന്റെനേരെ വാൾ ചുഴറ്റി. ഈ ഭീകരസംഭവം അറിഞ്ഞ് നഗരമാകെ നടുങ്ങിക്കഴിഞ്ഞിരുന്നു. എല്ലാവരും വീടുകളിൽ അടച്ചിരുന്നു. പിന്നെ തെമ്മാടിക്കൂട്ടത്തിന്റെ വിക്രിയകളാണ് നടന്നത്. ഈ ദാരുണരംഗങ്ങൾ ഏറെനേരം നോക്കിനിൽക്കാനാകാതെ ഹദ്റത്ത് ഉസ്മാന്റെ ഭാര്യ തിരിഞ്ഞുനടന്നു. അവർ ദുഃഖിതയായി നടന്നുപോകയായിരുന്ന ആ ഘട്ടത്തിലും ദുർഭഗരായ തെമ്മാടികൾ ലജ്ജയില്ലാതെ അവരെ നോക്കിപ്പുലമ്പിയിരുന്നത് 'എന്തു കൊഴുത്ത ചന്തി' എന്നായിരുന്നുവത്രെ!

## നീചന്മാരുടെ അഴിഞ്ഞാട്ടം

ഏത് മതക്കാരനായാലും ലജ്ജയുള്ള യാതൊരാൾക്കും സഹിക്കാവുന്നതല്ല ആ നീചന്റെ അഭിപ്രായപ്രകടനമെന്നത് നിസ്സംശയമാണ്. റസൂൽകരീം(സ) തിരുമേനിയുടെ ആദ്യകാല സഹാബികളിലൊരാളും ജാമാതാവും മുസ്ലിം സാമ്രാജ്യത്തിന്റെ അധിപനും ഇസ്ലാമിന്റ ഖലീഫയുമായ ഹദ്റത്ത് ഉസ്മാനെ വധിച്ചുകഴിഞ്ഞ ശേഷവും ഇത്തരം നീചവികാരങ്ങൾ ഇക്കൂട്ടർ വച്ചുപുലർത്തുകയായിരുന്നു. അവരുടെ ലജ്ജയില്ലായ്മ എല്ലാ പരിധികളേയും കടന്നുകഴിഞ്ഞിരുന്നുവെന്നാണിത് തെളിയിച്ചത്. ഏതു നീചത്തരവും

അവരിൽനിന്ന് പുറപ്പെടുക അസംഭാവ്യമായിരുന്നില്ല. സദുദ്ദേശ്യത്തോടുകൂടിയല്ല ഇക്കൂട്ടർ പ്രക്ഷോഭത്തിന് ഇറങ്ങിത്തിരിച്ചതെന്നത് സ്പഷ്ടമായിരുന്നു. അവരുടേത് നല്ലവരുടെ സംഘവുമായിരുന്നില്ല. യഹൂദിയായ അബ്ദുല്ലാഹ് ബിൻ സബായുടെ വഞ്ചനയിലകപ്പെട്ടവരും, അയാളുടെ അനിസ്‌ലാമികതത്ത്വങ്ങളിൽ ആകൃഷ്ടരായവരും വൈരനിര്യാതനത്തിൽ കാത്തുനിന്ന ശിക്ഷിതവ്യക്തികളും, സോഷ്യലിസം ബൊൾഷവിസം പോലുള്ള വിപ്ലവതത്ത്വങ്ങൾ കൊണ്ടുനടന്നവരും കൊള്ളക്കാരും പിടിച്ചുപറിയന്മാരും മറ്റും മറ്റുമായിരുന്നു ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നത്. അവർ തങ്ങളുടെ പ്രവർത്തനങ്ങൾ നിർബാധം നടത്താമെന്ന് കണ്ടു. അവരുടെ ലജ്ജയില്ലായ്മയിൽ അത്ഭുതപ്പെടാനില്ല. അവർ ഇത്തരം കാര്യങ്ങൾക്കൊരുങ്ങിയിരുന്നില്ലെങ്കിലേ അത്ഭുതപ്പെടേണ്ടിയിരുന്നുള്ളൂ.

ഈ വിപ്ലവകാരികൾ ഖലീഫയുടെ ഭവനത്തിൽ കൊല്ലും കൊള്ളയും നടത്തിക്കൊണ്ടിരുന്നപ്പോൾ, ഹദ്റത്ത് ഉസ്മാൻ സ്വതന്ത്രനാക്കിയിരുന്ന മറ്റൊരടിമ അന്തേവാസികളുടെ നിലവിളികേട്ട് അടങ്ങിയിരിക്കാനാകാതെ, ആദ്യത്തെ അടിമയെ വധിച്ചയാളെ കണ്ട ഉടൻ കൊന്നുകളഞ്ഞു. അക്രമികൾ അദ്ദേഹത്തേയും വധിക്കാതിരുന്നില്ല. അവർ സ്ത്രീകളുടെ ആഭരണങ്ങളും മറ്റും പിടിച്ചുപറിക്കുകയും അവരെ നോക്കി കളിതമാശകൾ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തശേഷം പുറത്തേക്കുപോയി.

## ബൈത്തുൽമാൽ കൊള്ളയടിക്കുന്നു

തദനന്തരം, ബൈത്തുൽമാൽ (ഖജനാവ്) കൊള്ളയടിക്കാനാണ് അവർ ഒരുങ്ങിയത്. നാണയസഞ്ചികളല്ലാതെ അതിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. ഖലീഫ നിഗ്രഹിക്കപ്പെട്ടിരിക്കുകയാൽ ചെറുത്തുനിൽക്കുന്നതിലർത്ഥമില്ലെന്ന് മനസ്സിലാക്കിയ പാറാവുകാർ ഖജനാവിന്റെ താക്കോലുകൾ അവരുടെ മുമ്പിൽ എറിഞ്ഞുകൊടുത്തശേഷം സ്ഥലംവിട്ടു. അവർ ഖജനാവ് തുറന്ന് മുതലെല്ലാം കൊള്ള ചെയ്തു. ഇക്കൂട്ടർ കൊള്ളക്കാരും പിടിച്ചുപറിക്കാരുംതന്നെയെന്ന് ഇതുമുഖേന സ്ഥാപിതമായി. അവർക്ക് ഇസ്‌ലാമുമായും മുസ്‌ലിംകളുമായും ഒരു ബന്ധവുമില്ലെന്നും വ്യക്തമായി. ഹദ്റത്ത് ഉസ്മാൻ (റ) അനർഹരായവർക്ക് മാലും മുതലും നൽകുന്നുവെന്ന് പറഞ്ഞാക്ഷേപിച്ചിരുന്നവർതന്നെ ഹദ്റത്ത് ഉസ്മാനെ രക്തസാക്ഷിയാക്കി

യശേഷം ഒന്നാമതായി ചെയ്തത്, അദ്ദേഹത്തിന്റെ ഭവനവും ഖജാനയും കൊള്ളയടിക്കലായിരുന്നുവെന്നത് എത്രമേൽ ആശ്ച ര്യാവഹമല്ല!

## സഹാബാക്കളുടെ പ്രതികരണങ്ങൾ

എന്നാൽ, അല്ലാഹു അവരുടെ ആഗ്രഹം സാധിച്ചുകൊടുത്തി ല്ല. ഹദ്റത്ത് ഉസ്മാൻ രക്തസാക്ഷിയാണെന്നറിഞ്ഞ് സഹാബികൾ അതീവദുഃഖിതരായി. ഹദ്റത്ത് സുബൈർ(റ) ഈ വിവരമറിഞ്ഞ പ്പോൾ ഇപ്രകാരം പറഞ്ഞു: "ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. ഓ ദൈവമേ, നീ ഉസ്മാനിൽ കരുണ ചെയ്യേണമേ! ഇതിന്ന് നീ തന്നെ പ്രതികാരം ചെയ്താലും!" അക്രമികൾ ലജ്ജി തരായിട്ടുണ്ടെന്നും അവർ പശ്ചാത്തപിക്കുന്നുവെന്നും അറിയിച്ച പ്പോൾ അത് വെറും തന്ത്രമാണെന്നാണദ്ദേഹം പറഞ്ഞത്. പിന്നീട് അല്ലാഹു അവരുടെ ആഗ്രഹങ്ങൾ പൂർത്തിയാക്കുന്നതിൽ തടസ്സ മുണ്ടാക്കി എന്നർത്ഥം വരുന്ന ഖുർആൻ ആയത്ത് ഓതി. എന്തെ ന്നാൽ, അവർ ആഗ്രഹിച്ചവിധത്തിലല്ല കാര്യങ്ങൾ നീങ്ങിയത്. മുസ്ലിംലോകമാകമാനം രോഷാകുലരാകയും ഈ ദുഷ്ചെയ്തി യിൽ കഠിനമായ അമർഷം പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടി രുന്നു. ഹദ്റത്ത് ത്വൽഹാ(റ) വിവരമറിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു: "അല്ലാഹു ഹദ്റത്ത് ഉസ്മാനിൽ കരുണചെയ്യട്ടെ! അദ്ദേ ഹത്തിന്റെയും ഇസ്ലാമിന്റേയും നേരെ അക്രമം പ്രവർത്തിച്ചവരോട് ദൈവം പ്രതികാരം ചോദിക്കട്ടെ. അക്രമികൾ പരിഭ്രാന്തരായിട്ടു ണ്ടെന്നറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. അവർ തുലയട്ടെ എന്നായിരുന്നു. അവർക്ക് വസിയത്ത് പറയാൻപോലും അവസരം കിട്ടുകയില്ല. അവർ തങ്ങളുടെ ബന്ധുക്കളുടെ അടുക്കലേക്ക് മട ങ്ങുകയുമില്ല എന്നുള്ള ഖുർആൻ ആയത്തും അദ്ദേഹം ഓതുക യുണ്ടായി. വിവരമറിഞ്ഞപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞത് ഇപ്ര കാരമത്രെ. അല്ലാഹു ഹദ്റത്ത് ഉസ്മാനിൽ കരുണ ചെയ്യട്ടെ! അവൻ ഏറ്റവും നല്ല ഒരു ഖലീഫയെ നമുക്ക് തന്നരുളുകയും ചെയ്യ ട്ടെ. അക്രമികൾ പശ്ചാത്തപിക്കുന്നുണ്ടെന്നറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അവരുടെ നില ശൈത്താന്റേതുപോലെയാണ്. കുഫ്റ് സ്വീകരിക്കാൻ ശൈത്താൻ ആവശ്യപ്പെട്ടതനുസരിച്ച് കുഫ്റ് സ്വീക രിച്ച ആളോട് നിന്നെ തൊട്ട് ഞാൻ ദൈവത്തിൽ അഭയം തേടുന്നു

എന്നാണ് ശൈത്താൻ പറഞ്ഞത്!!

## ബസ്റ സൈന്യം പിൻമടങ്ങി

ഹദ്റത്ത് ഉസ്മാന്റെ രക്ഷയ്ക്കായി പുറപ്പെട്ട ബസ്റസൈന്യം ഖലീഫ രക്തസാക്ഷിയായെന്നറിഞ്ഞപ്പോൾ മദീനക്കടുത്തുവെച്ചു തന്നെ പിന്മടങ്ങി. മദീനക്കകത്ത് പ്രവേശിക്കാൻ അവർ പിന്നെ ഇഷ്ടപ്പെട്ടില്ല. ഹദ്റത്ത് ഉസ്മാനെ രക്ഷിക്കേണ്ട പ്രശ്നം അവശേഷിക്കുന്നുണ്ടായിരുന്നില്ല. കുഴപ്പം വർദ്ധിക്കാനും അത് കാരണമാകുമായിരുന്നു. ഇമാമിന്റെ അഭാവത്തിൽ യുദ്ധം ചെയ്യാൻ മുസ്‌ലിംകൾ ഇഷ്ടപ്പെട്ടിരുന്നില്ലതാനും. ഇപ്പോൾ മദീന വിപ്ലവകാരികളുടെ പരിപൂർണ്ണ നിയന്ത്രണത്തിലായി. അവർ കാട്ടിക്കൂട്ടിയ വിക്രിയകൾ അമ്പരപ്പിക്കുന്നവയായിരുന്നു. അവർ ഹദ്റത്ത് ഉസ്മാനെ രക്തസാക്ഷിയാക്കിയല്ലോ. ഇനി അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിക്കുകയെന്നതായിരുന്നു സഹാബാക്കളുടെ മുമ്പിലുണ്ടായിരുന്ന പ്രശ്നം. ഒരുവിഭാഗം സഹാബികൾ അത്ഭുതാവഹമായ ധൈര്യത്തോടുകൂടി ഈ കൃത്യം നിർവ്വഹിക്കാൻ മുമ്പോട്ടുവന്നു. രാത്രി നേരത്ത് അവർ മൃതദേഹം സംസ്കരിക്കുകയും ചെയ്തു. ഇക്കാര്യത്തിലും അക്രമികൾ തടസ്സങ്ങൾ വലിച്ചിടാതിരുന്നില്ല. എന്നാൽ, ചില സ്വാധീനമുള്ള വ്യക്തികൾ വളരെ കർശനമായി അവരോട് പെരുമാറുകയും കടുത്ത പോരിനെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോൾ അവർ പിന്മാറി. ഹദ്റത്ത് ഉസ്മാന്റെ സ്വതന്ത്രമാക്കപ്പെട്ട രണ്ട് അടിമകളുടെ മൃതദേഹങ്ങൾ സംസ്കരിക്കാൻ അവർ സൗകര്യമുണ്ടാക്കിയില്ല. ആ മൃതദേഹങ്ങളെ അവർ കാട്ടിൽ വലിച്ചെറിയുകയാണ് ചെയ്തത്. അവ നായ്ക്കളുടെ ഭക്ഷണമായി! (നഊദുബില്ലാഹ്!).

## ഖലീഫ ഉസ്മാൻ നിർദ്ദോഷി

ഇതാണ് ഹദ്റത്ത് ഉസ്മാന്റെ അന്ത്യഘട്ടങ്ങളിൽ ഖിലാഫത്തിന് സംഭവിച്ചത്. തികച്ചും സത്യമായ വസ്തുതകളത്രെ ഇതെല്ലാം. ഹദ്റത്ത് ഉസ്മാനോ തിരുനബിയുടെ സഹാബാക്കൾക്കോ ഈ വിപ്ലവത്തിൽ പങ്കുണ്ടായിരുന്നുവെന്ന്, മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും ഊഹിക്കാൻ കഴിയുമോ? ഹദ്റത്ത് ഉസ്മാൻ എത്രയേറെ സ്നേഹത്തോടും ഉദാരതയോടും

ഉള്ളറിഞ്ഞും ആണ് തന്റെ ഖിലാഫത്തിന്റെ അവസാനത്തെ 6 കൊല്ലക്കാലം സ്വകർത്തവ്യങ്ങൾ നിർവ്വഹിച്ചുപോന്നിരുന്നത്. അത് അദ്ദേഹത്തിന് മാത്രമുള്ള ഭാഗ്യമെന്നേ പറയാനുള്ളൂ. പരിശുദ്ധ ന്മാരായ ദൈവദാസന്മാരുടെ സംഘത്തിലല്ലാതെ ഇത്തരം ഉദാഹ രണം കാണാൻ സാധ്യമല്ലതന്നെ. അദ്ദേഹം ഒരു സ്വാർത്ഥവും കൂടാതെ ഖിലാഫത്തിന്റെ അഗ്രാസനത്തിൽ ഉപവിഷ്ടനായി. നിസ്വാർത്ഥനായിത്തന്നെ ആ പരമാശ്രയസ്ഥാനത്തിലേക്ക് പ്രയാണം ചെയ്യുകയും ചെയ്തു. എത്ര വലിയ സഹനശീലന്റേയും രക്തം പതച്ചുപൊങ്ങുന്ന ആ ഘട്ടങ്ങളിലും അദ്ദേഹം സ്നേഹാ ദാരമായ നയം സ്വീകരിക്കുകയാണുണ്ടായത്. രക്തദാഹികളായ ശത്രുക്കൾക്ക് അദ്ദേഹത്തെ വധിക്കാനുള്ള എന്തെങ്കിലും ഒരു കാരണം കണ്ടുപിടിക്കാൻ എത്രതന്നെ തിരഞ്ഞിട്ടും കഴിഞ്ഞിരു ന്നില്ല. ആ പുണ്യപുമാൻ നിരപരാധിയും, നിർദ്ദോഷിയുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടുതന്നെ അക്രമികൾ അദ്ദേഹത്തെ വധിക്കുക യാണുണ്ടായത്.

## തിരുസഹാബായും നിരപരാധികൾ

തിരുനബിയുടെ സഹചാരികൾക്ക് ഹദ്റത്ത് ഉസ്മാന്റെ ഖിലാ ഫത്തിനെ സംബന്ധിച്ചിടത്തോളം ഒരാക്ഷേപവും ഉണ്ടായിരുന്നി ല്ലെന്നും അവർ അന്ത്യനിമിഷംവരെയും ഖലീഫയോടു കൂറു പുലർത്തിപ്പോന്നിരുന്നുവെന്നും ഒരു സഹായവും നൽകാൻ സാധ്യ മല്ലാത്ത ഘട്ടത്തിലും സ്വയം അപകടത്തിൽ ചാടീട്ടുപോലും അദ്ദേ ഹത്തെ രക്ഷിക്കാൻ അവർ ശ്രമിച്ചിട്ടുണ്ടെന്നും ഞാൻ വിവരിച്ച സംഭവങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഉസ്മാൻ(റ) നിയമിച്ച ഗവർണ്ണർമാർക്ക് ആ വിപ്ലവത്തിൽ ഒരു കയ്യും ഉണ്ടായിരുന്നി ല്ലെന്നും ഗവർണ്ണർമാർ ജനങ്ങളെ ദ്രോഹിച്ചതുകൊണ്ടല്ല അവർ ഗവർണ്ണർമാർക്കെതിരായ പ്രക്ഷോഭങ്ങൾ നടത്തിയതെന്നും സ്പഷ്ട മായിരിക്കുന്നു. ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹാ(റ), ഹദ്റത്ത് സുബൈർ(റ) തുടങ്ങിയവർ ഗൂഢമായി ഖലീഫയ്ക്കെതിരായി പ്രവർത്തിച്ചിരുന്നുവെന്ന ആക്ഷേപവും അടിസ്ഥാനരഹിതമാ ണെന്നും അവർ മൂവരും അങ്ങേയറ്റം കൂറോടും ഭക്തിയോടുംകൂടി ഈ പ്രക്ഷോഭത്തെ അമർച്ച ചെയ്യുന്നതിനായി ഖലീഫയോടൊപ്പം പരിശ്രമിച്ചുകൊണ്ടിരുന്നിട്ടുണ്ടെന്നും സ്വന്തം സഹോദരന്മാർക്കു

ടിയും അത്രയും ഉള്ളറിഞ്ഞ് സഹായിക്കാൻ സന്നദ്ധരാകുമാറി ല്ലെന്നും വ്യക്തമായിരിക്കുകയാണ്. അൻസാറുകൾ (മദീനാമുസ്‌ലിം കൾ) ഖലീഫ ഉസ്മാനെ വെറുത്തിരുന്നുവെന്നുള്ള ആരോപണവും അടിസ്ഥാനരഹിതമായിരുന്നു. അൻസാർ നേതാക്കളെല്ലാംതന്നെ ഈ കുഴപ്പത്തെ അമർച്ച ചെയ്യാൻ അങ്ങേയറ്റം ശ്രമിച്ചുപോന്നിട്ടു ണ്ടെന്നു മേൽസംഭവങ്ങളിൽനിന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.

## ശത്രുക്കൾ നടത്തിയ ഗൂഢാലോചന

പ്രത്യക്ഷമായ നിലയിൽ ഇസ്‌ലാമിനെ നശിപ്പിക്കാനാവുകയി ല്ലെന്ന് കണ്ട ശത്രുക്കൾ ചില കച്ചിത്തുരുമ്പുകളിലേക്ക് ശ്രദ്ധിക്കു കയും ചില വലിയ സഹാബിമാരുടെ മറവിൽനിന്നുകൊണ്ട് മുസൽമാ ന്മാർക്കിടയിൽ ഛിദ്രമുണ്ടാക്കാൻ പരിശ്രമിക്കുകയുമുണ്ടായി എന്ന താണ് യഥാർത്ഥത്തിൽ ഈ വിപ്ലവത്തിന്റെ മൂലകാരണം. അവർ എപ്രകാരമെല്ലാമാണ് പ്രവർത്തിച്ചതെന്നത് ഇപ്പോൾ എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞിട്ടുണ്ടല്ലോ. ശിക്ഷിക്കപ്പെട്ട കുറ്റവാളികളേയും കൊള്ളക്കാരേയും കൂട്ടുപിടിച്ചു, അസമത്വത്തെക്കുറിച്ചുള്ള കള്ള ക്കഥകൾ പടച്ചുവിട്ട്, ഗവർമ്മെന്റ് വ്യവസ്ഥിതികളെ താറുമാറാക്കി, മതത്തിന്റെ മറവിൽനിന്നുകൊണ്ട് മുസ്‌ലിംകളുടെ വിശ്വാസത്തെ ബലഹീനമാക്കി. ഇത്തരക്കാരെയെല്ലാം അണിനിരത്തിക്കൊണ്ട് അവർ ഒരു സംഘടന കെട്ടിപ്പടുത്തു. പിന്നെ കളവും വഞ്ചനയും ആയുധമാക്കിക്കൊണ്ട് പ്രവർത്തനമാരംഭിച്ചു. അങ്ങനെയവർ ഹദ്റത്ത് ഉസ്മാനും മറ്റു സഹാബാക്കൾക്കും നേരിടാൻ കഴിയാത്ത തരത്തിൽ സ്ഥിതിഗതികൾ നിയന്ത്രണാതീതമാക്കിത്തീർത്തു.

ഇതിന്റെയൊക്കെ ഒടുപുലർച്ചയെന്താണെന്ന് നമുക്ക് മനസ്സി ലാക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ, സംഭവഗതികൾകൊണ്ട് വ്യക്തമാകുന്നത് അന്ന് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്താണുണ്ടാ യിരുന്നതെന്നുവന്നാലും ഈ വിപ്ലവം നടക്കുമായിരുന്നുവെന്നത്രെ. ഉസ്മാന്റെമേൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെല്ലാം ഹദ്റത്ത് ഉമ റിന്റെമേലും അവർ ഉന്നയിക്കുമായിരുന്നു. എന്തെന്നാൽ, ഹദ്റത്ത് ഉമറോ അബൂബക്കറോ ചെയ്തിട്ടില്ലാത്ത ഒന്നുംതന്നെ ഹദ്റത്ത് ഉസ്മാൻ ചെയ്തിട്ടുണ്ടായിരുന്നില്ല.

വിനീതൻ

മിർസാ മഹ്മൂദ് അഹ്മദ്